

# സമരവും
# വിജയവും

248.4
EI

# സമരവും വിജയവും

ഫാദർ എഫ്. എക്സ്. വൈസർ എസ്. ജെ.

H 36
W 43

വിവർത്തകർ

മൂന്നാംവർഷ തത്വശാസ്ത്രവിദ്യാർത്ഥികൾ
സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി
കോട്ടയം.

SACRED HEART PROVINCIAL LIBRARY
No. 7734

പ്രസാധകൻ

ഫാദർ ജോസഫ് കോയിക്കക്കുടി

സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി
കോട്ടയം-686010
സെപ്റ്റംബർ 1974.

BOOK STALL
ST. THOMAS AP. SEMINARY
KOTTAYAM-10, KERALA.

# SAMARAVUM VIJAYAVUM

(Malayalam)

A Translation
of **Fr. F.X. Weiser S· J's** Book

M/248-4
P

Das Licht der Berge
(The Light on the Mountains)

By **The Students of III Year Philosophy**,
St. Thomas Apostolic Seminary,
Kottayam 686010.

Edited
**By Fr. Joseph Koikakudy**
September 1974.

Printed at
The K. P. Press
Kottayam.

Price **Rs. 3.00**

With Ecclesiastical Approbation

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| മുഖവുര | | | |
| അദ്ധ്യായം | ഒന്ന് | എൻെറ ഗ്രാമീണസഹോദരൻ | 1 |
| അദ്ധ്യായം | രണ്ട് | കൊള്ളാം മോറം; നന്നായിരിക്കുന്നു | 11 |
| അദ്ധ്യായം | മൂന്ന് | കെണി വയ്ക്കുന്നു | 27 |
| അദ്ധ്യായം | നാല് | ടൈറോളിലെ ക്രിസ്മസ് | 35 |
| അദ്ധ്യായം | അഞ്ച് | പിടുത്തം മുറുകുന്നു | 61 |
| അദ്ധ്യായം | ആറ് | അഗാധഗർത്തത്തിൻെറ വക്കിൽ | 84 |
| അദ്ധ്യായം | ഏഴ് | വിജയവും ബലിയും | 98 |

# മുഖവുര

എന്നെ വളരെയധികം ആകർഷിച്ചിട്ടുള്ള പുസ്തകങ്ങളിലൊന്നാണ് ഫാദർ വൈസറിൻെറ The Light on the Mountains. ജർമ്മൻഭാഷയിലാണതിൻെറ മൂലം. പ്രസ്തുത പുസ്തകം ഞാൻ പല പ്രാവശ്യം വായിച്ചിട്ടുണ്ട്. കൗമാരപ്രായത്തിലുള്ള നമ്മുടെ വിദ്യാത്ഥിനീവിദ്യാത്ഥികൾക്ക പ്രത്യേകിച്ച് അതുപകരിക്കും. അതുകൊണ്ടതു തർജ്ജമ ചെയ്യണം എന്നു പലപ്പോഴും വിചാരിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം ഈ സെമിനാരിയിലെ രണ്ടാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികളോട്ട പുസ്തകത്തേയും അതു തർജ്ജമ ചെയ്യുന്ന കാര്യത്തേയും പററി പറഞ്ഞു. അവർ ആ ആശയം സന്തോഷത്തോട്ട കൂടി സ്വീകരിച്ചു. അവർ തന്നെ പുസ്തകത്തിൻെറ ഒരു തർജ്ജമ തയ്യാറാക്കുകയും ചെയ്തു. പലർ ചേൎന്നു ചെയ്തതുകൊണ്ട് വിവർത്തനം താരതമ്യേന വേഗം തീർന്നു. അടിസ്ഥാനപരമായി ഇതവരുടെ പ്രയത്നഫലമാണ്. അവർ ഹൃദയംഗമമായ അനുമോദനമർഹിക്കുന്നു. സംഘാതമായ പ്രവർത്തനത്തിൻെറ ശക്തിയും അവർ തെളിയിക്കുന്നു.

എന്നാൽ ഐകരൂപ്യം, ഭാഷ, ശൈലി എന്നീ കാര്യങ്ങളിൽ പലർ കൂടിയുള്ള പ്രവത്തനം അല്പം ബുദ്ധിമുട്ടും ഉളവാക്കി; അതു മനസ്സിലാക്കാവുന്നതാണ്. സമഗ്രമായ ഒരാവത്തനം വേണ്ടിവന്നു. തർജ്ജമ ചെയ്ത സെമിനാരിക്കാർതന്നെ അതു വീണ്ടും പകത്തി എഴുതി. എങ്കിലും മേൽപ്പറഞ്ഞ കുറവ് അവസാനത്തെ ടെക്സ്റ്റിലും കാണാതിരിക്കയില്ല. അത് കഴിയുന്നിടത്തോളം പരിഹരിക്കുവാൻ സഹായിച്ചത് കോട്ടയം B. C. M. College ലെ മലയാളം പ്രൊഫസറായ സിസ്റ്റർ ഹെലൻ ആണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൈയെഴുത്തുപ്രതി മുഴുവൻ വായിച്ചു പരിശോധിച്ചു തിരുത്തുവാൻ സിസ്റ്റർ കാണിച്ച സന്മനസ്സും ഔദാര്യവും പ്രശംസാർഹമാകുന്നു. ആ സഹോദരിയോട്ട് എനിക്കു വളരെയധികം കൃതജ്ഞതയുണ്ട്. ഇതിവൃത്തത്തോടും മൂലത്തോടും നീതി പുലത്തുവാൻ വിവത്തനത്തിനു സാധിച്ചിട്ടുണ്ട് എന്നാണെൻെറ ബോധ്യം.

ആസ്ട്രിയയാണ് സംഭവത്തിൻെറ പശ്ചാത്തലം. ടൈറോൾ മലകളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കുമാരനായ ഹാൻസ് വിയന്നായിൽ അവൻെറ അമ്മാവൻെറ വീട്ടിലേക്കു വരുന്നു. മതം പഠിക്കുമെന്നും നല്ലവനായി ജീവിക്കുമെന്നും തീരുമാനിച്ചവനാണ് ഹാൻസ്. വിയന്നായിലെ ചുററുപാടുകൾ അതിനനുകൂലമല്ല. ഈ രണ്ടു തീരുമാനങ്ങളിലും അവനെ പരാജയപ്പെടുത്തുവാനാണ്, ചില സഹപാഠികളെ കരുക്കളാക്കി കർട്ടു ബർണർ പരിശ്രമിക്കുന്നത്. അതിനു ഏതു മാർഗ്ഗവുമവലംബിക്കുവാൻ ബർണർ തയാറാണ്–അവൻെറ സഹോദരിയെപ്പോലും ബലികഴിക്കുവാൻ. അപകടത്തിൻെറ വക്കിലെത്തിയ ഹാൻസ് ദൈവപരിപാലനയിലുള്ള ആശ്രയവും നിശ്ചയദാർഢ്യവുംകൊണ്ടു് വിജയം വരിക്കുന്നു. പക്ഷേ, ഒരത്യാഹിതമാണ് ആ വിജയത്തിനു മുദ്ര വയ്ക്കുന്നത്: ഹാൻസു മരിക്കുന്നു. ഇതാണ് കഥ.

യുവത്വം നിറഞ്ഞ ജീവിതത്തിലെ സംഘട്ടനവും മൽപ്പിടുത്തവുമാണീ പുസ്തകത്തിലെ പ്രതിപാദ്യം. ഹൃദയഹാരിയാണിതിലെ ഇതിവൃത്തം. ചിന്തോദ്ദീപകമാണിതിലെ ഗുണപാഠം: മാതാപിതാക്കന്മാർക്കും അദ്ധ്യാപകാദ്ധ്യേതാക്കൾക്കും ഒരുപോലെ. ആയിരങ്ങളെ അതാകർഷിച്ചിട്ടുണ്ടു്. അതുകൊണ്ടാണ് ഇതിനകം 20 ഭാഷകളിലേക്കു പുസ്തകം തർജ്ജമ ചെയ്തിട്ടുള്ളത്. ആ വസ്തുതതന്നെ പുസ്തകത്തിനൊരു സർട്ടിഫിക്കററാണല്ലൊ.

ഗ്രന്ഥകർത്താവായ ഫാദർ വൈസർ 1901–ൽ വിയന്നായിൽ ജനിച്ചു. മ്യൂണിച്ചിലും ഇൻസ്ബ്രൂക്കിലും വിദ്യാഭ്യാസം ചെയ്തു. യുവാക്കന്മാരുമായി ഇടപഴകി അദ്ദേഹം വളരെക്കാലം ചെലവഴിച്ചിട്ടുണ്ടു്. പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ടെങ്കിലും ഏററമധികം ജനസമ്മതിയാർജ്ജിച്ചതു് ഈ പുസ്തകമാണ്.

1960–ൽ പൂനയിൽനിന്നുമാണ് ഇംഗ്ലീഷ്‌വിവർത്തനം പ്രസിദ്ധം ചെയ്തതു്. അതു മലയാളത്തിലേക്കു തർജ്ജമ ചെയ്യുവാൻ ആരുടെ അനുവാദമാണ് വേണ്ടതെന്നു തിരക്കിയപ്പോൾ ജർമ്മനിയിൽ റേഗൻസ്ബുർഗിലുള്ള ഡോക്ടർ ജോസഫ് ഹാബ്ബെലിൻേറതാണെന്നു മനസ്സിലായി. അതനുസരിച്ച് അദ്ദേഹത്തിനെഴുതി. സാധാരണയായി ഇങ്ങനെയുള്ള കാര്യങ്ങളിൽ പാലിക്കേണ്ട ധനപരമായ വ്യവസ്ഥകളൊന്നും കൂടാതെതന്നെ അദ്ദേഹം മഹാമനസ്കതയോടെ അനുവാദം തന്നു. അദ്ദേഹത്തോടുള്ള നന്ദി പരസ്യമായി രേഖപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു.

കോട്ടയത്തെ കെ. പി. പ്രസ്സുകാർ അവരുടെ സഹജമായ ശ്രദ്ധയും സഹകരണവും പുസ്തകം വേഗം അടിച്ചുതീർക്കുന്നതിൽ കാണിച്ചിട്ടുണ്ടു്. അവർക്കും ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണ

ത്തിനു പ്രചോദനവും പ്രോത്സാഹനവും നൽകി സഹായിച്ച എല്ലാ വർക്കും എൻെറ ആദരപൂർവ്വമായ കൃതജ്ഞത.

കൗമാരത്തിലെ പ്രലോഭനങ്ങളേയും സംഘട്ടനങ്ങളേയും വിജയപൂർവ്വം തരണം ചെയ്യുക സ്വഭാവത്തിൻെറ ശ്രേഷ്ഠതയാണ്. ദൈവത്തിലാശ്രയിച്ചുകൊണ്ടു പരിശ്രമിക്കുന്നവക്ക് അതു സാധിക്കും എന്ന് ഈ പുസ്തകം നമ്മെ മനസ്സിലാക്കുന്നു. ഉന്നതമായ ആശയങ്ങളോടെ നിർമ്മലമായ ജീവിതം നയിക്കുവാൻ കഥാനായകനായ ഹാൻസിൻെറ മാതൃക നമ്മുടെ ചെറുപ്പക്കാർക്കു പ്രചോദനം നൽകട്ടെ എന്നു പ്രാത്ഥിക്കുന്നു.

പ്രസാധകൻ.

സെൻറ് തോമസ് അപ്പസ്തോലിക് സെമിനാരി,

കോട്ടയം,

സെപ്ററംബർ 1974.

## അദ്ധ്യായം ഒന്നു്

# എന്റെ ഗ്രാമീണസഹോദരൻ

ഞാനന്നു് പതിവിലേറെ ആവേശഭരിതനായിരുന്നു, കാലത്തെ എഴുന്നേററതു മുതൽ. അതസാധാരണമെങ്കിലും സ്കൂൾ തുറക്കുന്നതിന്റെ തലേദിവസമായതുകൊണ്ടു് സെപ്തംബർ 16—ാം തീയതിയെ സംബന്ധിച്ചിടത്തോളം ആ ആവേശം സ്വാഭാവികമെന്നേ പറയാനുള്ളൂ. പുസ്തകങ്ങൾ പൊതിയുവാൻ തവിട്ടുനിറത്തിലുള്ള കടലാസു് ഞാൻ വാങ്ങി. അപ്പച്ചനു് ആ കാര്യത്തിൽ വലിയ നിർബ്ബന്ധമാണു്. പൊതിയാത്ത പുസ്തകവുമായി സ്കൂളിൽ പോകാൻ അദ്ദേഹം എന്നെ അനുവദിക്കില്ല. എന്നാൽ ബാലിശമായ ഇത്തരം കോലാഹലങ്ങളുമായി നടക്കുക പത്താം സ്റ്റാൻഡാർഡിൽ പഠിക്കുന്ന എന്നേപ്പോലെയുള്ള ഒരു പതിനാറുകാരനു് വലിയ ബുദ്ധിമുട്ടാണു്. ചുരുട്ടിയ കടലാസും കക്ഷത്തിലാക്കി ഷോട്ടറിംഗ് തെരുവിലൂടെ നടന്നു് ഞാൻ വൽഗാസയിലേക്കു തിരിഞ്ഞു. വീടിന്റെ മുമ്പിൽ ചെന്നുനിന്നു ചുററുപാടും നോക്കി. വേനൽക്കാല സൂര്യന്റെ പ്രകാശത്തിൽ റൊസ്സൂർ മിലിട്ടറികാർട്ടേഴ്സും ലിബർട്ടി സ്ക്വയറും വെട്ടിത്തിളങ്ങുന്നു. എന്തു മനോഹരമായ കാലാവസ്ഥ! രണ്ടാഴ്ചയായി മേഘാവൃതമായ ആകാശവും

തോരാത്ത മഴയുമായിരുന്നു. അതു തുടർന്നാൽ ഞങ്ങൾക്കു ക്ലാസുമുറികളിൽത്തന്നെ കഴിച്ചുകൂട്ടേണ്ടിവന്നേനെ. ഇപ്പോഴിതാ വിയന്നായ്ക്കു മുകളിൽ സുന്ദരമായ നീലാകാശം! നാളെ പുസ്തകക്കെട്ടുമായി കഴിഞ്ഞുകൂടേണ്ടതു് അക്കാണുന്ന സ്ഥാപനത്തിലാണ്. അതിനെ നോക്കി സൂര്യൻ കുസൃതിയോടെ ചിരിക്കുന്നെന്നു തോന്നും.

വിഷാദമൂകനായി വീട്ടിലെത്തിയപ്പോൾ പടിക്കൽ ആവേശഭരിതനായി നിൽക്കുന്ന എന്റെ അനുജൻ ഓട്ടോയെ കണ്ടു.

''ഫ്രിററ്സ്, ടിറോളുകാർ ഇതാ എത്തിയിരിക്കുന്നു'' എന്റെ കൈകൾ പിടിച്ചു് അവനിങ്ങനെ മന്ത്രിച്ചു.

''അമ്മാവൻ അൻഡ്രേയാസ് ഹോഫറിനെപ്പോലെതന്നെയിരിക്കുന്നു. കരടി മുരളുന്നതുപോലെ എല്ലാററിനോടും 'വളരെ നന്നു'' എന്നു പറയും''. ഇതു പറഞ്ഞശേഷം മിന്നൽവേഗത്തിൽ അവൻ ഗോവണിയിറങ്ങി പാഞ്ഞുപോയി.

''ഹാൻസോ?'' ഞാൻ ഉച്ചത്തിൽ ചോദിച്ചു.

''ഓ, അവനും വന്നിട്ടുണ്ടു്.''

''പാവം കഴുത!'' ഞാൻ മനസ്സിൽ വിചാരിച്ചു. അവൻ വന്നിട്ടുണ്ടെന്നുള്ളതു തീർച്ച. പക്ഷെ അവൻ എങ്ങനെയിരിക്കുന്നുവെന്നാണു് എനിക്കറിയേണ്ടതു്.

നടകൾ പകുതി കയറി ഞാൻ മുകളിലേക്കു നോക്കി. അവിടെ, ഞങ്ങളുടെ വീട്ടിൽ സ്സൂബൈററാളിൽനിന്നുള്ള അമ്മാവനും—കൃത്യമായി പറഞ്ഞാൽ അമ്മയുടെ ഒരകന്ന സഹോദരനാണദ്ദേഹം—അദ്ദേഹത്തിന്റെ മകൻ ഹാൻസും ഉണ്ടായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അവനായിരുന്നു ആ കൂട്ടത്തിൽ പ്രധാനസ്ഥാനം. എന്നെപ്പോലെ 16 വയസ്സുണ്ടവനു്. ഒരുമിച്ചു് ഒരു മുറിയിൽ കഴിഞ്ഞുകൂടുകയും സ്കൂളിൽ പോവുകയും ചെയ്യേണ്ടവരാണു് ഞങ്ങൾ. ''മാന്യനായ'' ആ ചെറുപ്പക്കാരനെപ്പററി എനിക്കു ജിജ്ഞാസ തോന്നിയതിൽ അത്ഭുതമില്ല. ഞങ്ങൾ പരസ്പരം പരിചയപ്പെട്ടിട്ടില്ല. കുറച്ചാഴ്ചകൾക്കു മുമ്പാണു് ഹാൻസിനുംകൂടി വിയന്നായിൽ ഞങ്ങളുടെ വീട്ടിൽ താമസിക്കുവാൻ സാധിക്കുമോ എന്നു് അമ്മാവൻ അപ്പച്ചനോടു ചോദിച്ചതു്. ഹാൻസ് 9—ാം സ്റ്റാൻഡാർഡു വരെ ഇൻസ്ബ്രുക്കിലാണു പഠിച്ചതു്. അവൻ മലമ്പ്രദേശം വിടണമെന്നു അമ്മാവനാഗ്രഹിച്ചു. അതു് അവന്റെ വീക്ഷണകോണം വികസിക്കുന്നതിനും സ്ഥലങ്ങളും ആളുകളുമായി ഇടപഴകുന്നതിനും അവനു് അവസരം ലഭിക്കുവാനാണു്. ഹാൻസ് പൊതുവെ സൽസ്വഭാവിയും അരോഗദൃഢഗാത്രനുമാണെന്നു് അമ്മാവൻ പറയുകയുണ്ടായി.

എന്റെ അപ്പച്ചൻ ഉടനെ അതു സമ്മതിച്ചു. ഹാൻസ് ഞങ്ങളുടെ മുറിയിൽ താമസിക്കും. അക്കാര്യത്തിൽ എന്റെ അഭിപ്രായം

ആരും ചോദിച്ചതേയില്ല. ഞാൻ അസുഖം പ്രദർശിപ്പിച്ചപ്പോൾ, അപ്പച്ചൻ പെട്ടെന്ന് അതിനു വിരാമമിട്ടു. എനിക്ക് നിശ്ശബ്ദനായി പ്രതിഷേധം കടിച്ചിറക്കേണ്ടി വന്നു. എങ്ങനെയാണ് മണ്ടനായ ഒരു ടിറോൾകാരനോടുകൂടെ ഒരു മുറിയിൽ താമസിക്കുക? വിയന്നായിലെ തെരുവിലൂടെ ആ സംസ്കാരശൂന്യനേയുംകൊണ്ട് എനിക്ക് നടക്കേണ്ടി വരും. സഹപാഠികൾ എൻെറ നേരെ നോക്കി പരിഹസിക്കുന്നത് എനിക്കിപ്പോഴേ കേൾക്കാമായിരുന്നു.

എന്നാൽ ക്രമേണ എൻെറ ജിജ്ഞാസയും പ്രതീക്ഷയും വർദ്ധിച്ചതോടെ എൻെറ അമർഷം തണുത്തു. ഹാൻസ് നല്ലവനാണെന്നാണ് അവൻെറ അപ്പച്ചൻ പറഞ്ഞത്. ശരിയാണ്; ഞാനും അങ്ങനെതന്നെ വിചാരിക്കുന്നു. പരിഷ്കാരമില്ലാത്ത, അജ്ഞനായ ഒരു നാട്ടുമ്പുറത്തുകാരനാണവൻ. എന്നാൽ അവനൊരു തണുപ്പനല്ലെങ്കിൽ ഇപ്പോൾ യഥാർത്ഥ ജീവിതം അല്പമെങ്കിലും അനുഭവിക്കും. ഞങ്ങളുടെ സഹപാഠികൾ അതിനു വേണ്ടതെല്ലാം ചെയ്യും. ഞാനും അതിനു പിന്തുണ നൽകും. ആവശ്യമുള്ളിടത്ത് ഇടയ്ക്ക് ബ്രേക്ക് ഇട്ടുകൊണ്ട്. ഒന്നുമല്ലെങ്കിൽ ഞാനവൻെറ സഹോദരനല്ലേ? ഒന്നും ഒരിക്കലും തീർത്തു പറയുവാൻ പാടില്ല......ഇങ്ങനെയൊക്കെയാണെങ്കിലും ജീവിതമെന്തെന്നറിയാത്ത ഒരു ചെറുപ്പക്കാരനെ നഗരജീവിതവുമായി അല്പാല്പം പരിചയപ്പെടുത്തുന്നത് ഒരു വലിയ രസമായിരിക്കും.

അപ്പോൾ അതാണ് ഹാൻസ്. പടികൾ കയറി ഞാൻ വീട്ടിലേക്കു പ്രവേശിച്ചു. ഹാളിലുള്ള ഹാങ്ങറിൽ (Hanger) ചാരനിറത്തിലുള്ള രണ്ടു തൊപ്പികളും കനമുള്ള രണ്ടുമേൽകുപ്പായങ്ങളും തൂക്കിയിട്ടിരുന്നു. വീട്ടിനുള്ളിൽനിന്നും മാതാപിതാക്കളും പരുപരുത്ത ഒരു പുരുഷസ്വരവും തമ്മിലുള്ള സജീവമായ സംഭാഷണം കേൾക്കാമായിരുന്നു.

ഞാൻ അല്പനേരം അതു ശ്രദ്ധിച്ചു. അപ്പോൾ അപ്പച്ചൻ പുറത്തേക്കു വരുന്നതു കണ്ടു. എന്നെ കണ്ട മാത്രയിൽ അദ്ദേഹം വാതിൽ മുഴുവൻ തുറന്ന് എന്നെ ഉള്ളിലേക്കു വിളിച്ചു. എൻെറ അമ്മാവൻ മേശയ്ക്കരുകിൽ പുകവലിച്ചുകൊണ്ടിരിക്കുന്നു. സൂക്ഷ്മവും അഗാധവുമായ മുഖഭാവങ്ങൾക്ക് വളരെ യോജിച്ചതായിരുന്നു കറുത്തതും തഴച്ചു വളർന്നതുമായ അദ്ദേഹത്തിൻെറ മീശ. എഴുന്നേററ് ചിരിച്ചുകൊണ്ട് അദ്ദേഹം എന്നെ അഭിവാദനം ചെയ്യുവാൻ മുന്നോട്ടു വന്നു.

ഞങ്ങൾ പരസ്പരം കൈ കൊടുത്തു. അദ്ദേഹം മുഴങ്ങുന്ന സ്വരത്തിൽ ഇങ്ങനെ പറഞ്ഞു: ''ഫ്രിററ്സ്, ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ഒരു നല്ല കുട്ടിയായിരിക്കുക. ഹാൻസിനെപ്പററി ശ്രദ്ധയുള്ളവനുമായിരിക്കുക''.

കൊള്ളാം, പക്ഷേ നമ്മുടെ ഹാൻസെവിടെ? ഞാൻ ചുററും നോക്കി. അമ്മ ഞങ്ങളുടെ മുറിയുടെ നേരേ വിരൽ ചൂണ്ടി അങ്ങോട്ടു

വഴി കാണിച്ചു ഞാൻ അമ്മയെ അനുഗമിച്ചു. ഹാൻസ് കിടക്കയ്ക്കു സമീപമുണ്ടായിരുന്നു. വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കിയശേഷം ഷർട്ടിൻെറ കൈ മടക്കി വയ്ക്കുന്നു. ഞാൻ അടി മുതൽ മുട വരെ അവനെയൊന്നു നോക്കി. ഒന്നളക്കുവാൻ ശ്രമിച്ചു വിജൃംഭിതവായ ഒരു നിമിഷമായിരുന്നു അതു്. അവസാനം ഞാൻ ആശ്വസിച്ചൊന്നു നെടുവീർപ്പിട്ടു ഭാഗ്യവശാൽ ഹാൻസ് നിർജ്ജീവനായ, അപരിഷ്കൃതനായ ഒരു ഗ്രാമീണനെപ്പോലെ കാണപ്പെട്ടില്ല. എൻെറ ഉയരം. ഒതുങ്ങിയ ശരീരം. നല്ലൊരു ചുണക്കുട്ടി തന്നെയാണു് ഹാൻസ്. വിശേഷാവസരങ്ങളിലേക്കുള്ള വസ്ത്രം വളരെ മോടിയായി ധരിച്ചിരിക്കുന്നു. ഞാൻ അല്പം അസ്വസ്ഥനായി. ഔപചാരികമായി അവനു കൈ കൊടുത്തുകൊണ്ടു് സ്വയം പരിചയപ്പെടുത്തി പറഞ്ഞു:

"ഫ്രിററ്സ് എഗ്ഗർ". പെട്ടെന്നു തൊണ്ടയിൽ എന്തോ തടയുന്നതുപോലെ. എനിക്കു വാക്കു മുട്ടി.

"സുഖമാണോ ഫ്രിററ്സ്?" എന്നു ചോദിച്ചുകൊണ്ടു് ഹാൻസ് ഉപചാരപൂർവ്വം മുമ്പോട്ടു വന്നു.

"ഈ മലനാട്ടുകാരുടെ കണ്ണുകൾ എത്ര മനോഹരങ്ങളാണു്" എന്നു ഞാൻ ചിന്തിച്ചു. തണുത്ത വെള്ളത്തിൽ കഴുകിയപ്പോൾ ഹാൻസിൻെറ മുഖം നന്നായി തുടുത്തിരുന്നു. അവൻെറ നനഞ്ഞ തലമുടി നെററിത്തടത്തിൽ അലസമായി കിടക്കുന്നു. പുഞ്ചിരിച്ചുകൊണ്ടു് അവൻ അവയെ പിന്നോട്ടൊതുക്കി വച്ചു. പർവ്വതപ്രദേശത്തിലെ പുതുമയുള്ള കുളിർകാററിൻെറ സുഖം അല്പം എനിക്കനുഭവപ്പെട്ടു. ഉടനെ എൻെറ ഹൃദയം തരളിതമായി: വൈരാഗ്യചിന്ത അതോടെ അപ്രത്യക്ഷമായി. ഞങ്ങൾ നല്ല സ്നേഹിതന്മാരായി ജീവിക്കുവാൻ പോകുകയാണെന്ന വിചാരം എന്നിലുണ്ടാവുകയും ചെയ്തു. അവനു സമ്മതമാണെങ്കിൽ വരുന്ന വർഷം വളരെ രസമായി ചെലവഴിക്കാം. ഹാൻസ് അത്ര ബോധമില്ലാത്തവനല്ല എന്നെനിക്കു ബോദ്ധ്യപ്പെട്ടു. അവനെ ഞാൻ തന്നെയാണല്ലൊ ആ സ്ഥാപനത്തിൻെറ രസകരമായ (frivolous) രീതികളുമായി പരിചയപ്പെടുത്തേണ്ടതു് എന്നോർത്തു് എനിക്കു വളരെ സന്തോഷം തോന്നി. ഒരുപക്ഷേ അങ്ങനെയൊരു പരിചയപ്പെടുത്തലിൻെറ ആവശ്യമില്ലായിരിക്കാം. ഹാൻസ് മിടുക്കനും അരോഗദൃഢഗാത്രനുമാണെന്നു് അവൻെറ അപ്പച്ചൻ പറഞ്ഞിട്ടുമുണ്ടു്. തീർച്ചയായും അതിൽക്കൂടുതലെന്താണു് അദ്ദേഹം പറയുക? എൻെറ മാതാപിതാക്കളും എന്നെപ്പററി ഏതാണ്ടിതുപോലെയാണു വിചാരിച്ചിരുന്നതു്. എന്നാൽ മാതാപിതാക്കൾക്കു് യഥാർത്ഥ സ്ഥിതിയെക്കുറിച്ചെന്തറിയാം!

ഹെയിൻറിക്കമ്മാവൻ ആ രാത്രി ഞങ്ങളുടെകൂടെ താമസിച്ചു. രാത്രിയിൽ വളരെനേരം അദ്ദേഹം അപ്പച്ചനും അമ്മയുമായി സംഭാ

ഷണത്തിൽ ഏർപ്പെട്ടു. ഞങ്ങൾ കുട്ടികൾ, നേരത്തെതന്നെ ഉറങ്ങുവാൻ പൊയ്ക്കൊള്ളണമെന്നു പറഞ്ഞിരുന്നു. പക്ഷെ, ആർക്കാണ് ഉറക്കത്തെപ്പററി ചിന്തിക്കുവാൻ കഴിയുക? ഉറങ്ങാൻ പററിയ ചുററുപാടല്ലായിരുന്നു ഞങ്ങളുടേതു്. ഹാൻസിനെക്കുറിച്ചു കൂടുതൽ അറിയണമെന്നായിരുന്നു എൻെറ ആഗ്രഹം.

മുറിയിൽ പ്രവേശിച്ച ഉടനെ ഞാൻ പുസ്തകം പൊതിഞ്ഞുകൊണ്ടിരുന്നു. ഹാൻസ് പെട്ടി തുറന്നു് എല്ലാം അടുക്കി വയ്ക്കുകയും. ഓട്ടോ അവനെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരുന്നു. ഹാൻസ് അവൻെറ വസ്ത്രങ്ങളെല്ലാം കിടക്കയിൽ കുന്നുപോലെ കൂട്ടിയശേഷം അവ അലമാരിയിൽ പെറുക്കിവെച്ചു. എണ്ണ പിടിച്ച തുകൽകൊണ്ടുള്ള പഴയ പാൻറ്സും കളിക്കുന്നതിനുപയോഗിക്കുന്ന പഴഞ്ചൻ കാലുറകളും ഒരു കറുത്ത കോട്ടും അക്കൂട്ടത്തിലുണ്ടായിരുന്നു. ചിന്താധീനങ്ങളായ കണ്ണുകളോടെ അവനവയെ നോക്കി ''പർവ്വതത്തിൽ പോകുമ്പോഴൊക്കെ ഞാനിതു ധരിക്കും'' അവൻ പറഞ്ഞു ''ചിലപ്പോൾ ജീവൻെറയും മരണത്തിൻെറയും മദ്ധ്യത്തിൽ അവിടെ തൂങ്ങിക്കിടക്കേണ്ടി വരും''. അതു് ഒട്ടും വിശ്വസനീയമല്ലാത്ത വിധം ഞാൻ അവനെ തുറിച്ചുനോക്കി. അത്രയ്ക്കൊന്നും ആപല്ക്കരമാകാൻ തരമില്ലെന്നു ഞാൻ വിചാരിച്ചു. വാസ്തവത്തിൽ പർവ്വതങ്ങൾ എങ്ങനെയെന്നുള്ളതിനെക്കുറിച്ചു് എനിക്കപ്പോൾ യാതൊരു ഗ്രാഹ്യവുമില്ലായിരുന്നു.

ഹാൻസ് സൂട്ട്കെയ്സിൽനിന്നു് ഒരു ആൽബമെടുത്തു് അതിലെ രണ്ടു ഫോട്ടോകൾ എൻെറ നേർക്കു നീട്ടി. ''ഇതു നോക്കു'' എന്നവൻ പറഞ്ഞു. ഞാൻ നോക്കി. തൽക്ഷണം ഒരു മരവിപ്പ് എൻെറ നട്ടെല്ലിൽകൂടി പാഞ്ഞുപോയി. ഹാൻസ് ഒരു ടൈറലീസ് സൂട്ടും ധരിച്ചു് ഒരു പാറക്കെട്ടിൻെറ അത്യുച്ചിയിൽ നിൽക്കുന്ന ഫോട്ടോ ആയിരുന്നു അതു്. മഞ്ഞു മൂടിക്കിടന്നിരുന്ന കൊടുമുടികൾ പിന്നണിയിൽ കാണാനുണ്ടു്. താഴ്‌വരയിൽ ഒരു മേഘസമുദ്രം പാറകളെ വട്ടമിട്ടിരുന്നു. തലയ്ക്കുമീതെ ശൂന്യാകാശം. ഏതൊരു നിമിഷത്തിലും കാലു വഴുതിപ്പോകാം ..... എന്നാൽ ഹാൻസ് സന്തോഷവാനായി പുഞ്ചിരിച്ചുകൊണ്ടു് അവിടെ ഉച്ചിയിൽ നിന്നിരുന്നു.

രണ്ടാമത്തെ ഫോട്ടോയിൽ ഹാൻസ് കിഴുക്കാംതൂക്കായ ഒരു പാറയിൽ ഞാന്നുകിടക്കുന്നു. കൈവിരലുകളിലാണോ ജീവൻ തൂങ്ങിക്കിടക്കുന്നതെന്നു തോന്നുമാറു് വിസ്മയജനകമായി അവൻ ആ പാറയിൽ അള്ളിപ്പിടിച്ചിരുന്നു. കീഴെ ഒരഗാധഗർത്തം. ഏററവും താഴെയായി കറുത്ത ബോർഡിൽ വെളുത്ത ചോക്കുകൊണ്ടു വരച്ചതുപോലെ എന്തോ ഒന്നു കാണാം. അതൊരു കാട്ടരുവി ആകാനേ തരമുള്ളു. പിൻഭാഗത്തു് മൂടൽമഞ്ഞിൻെറ കഷണങ്ങൾ ഒഴുകി നടന്നിരുന്നു. ആൽപ്സിലെ ഏററവും അപകടകരമായ ഒരു ചുരത്തിനിടയിൽ വച്ചു് ആരോ ഒരാൾ അവൻെറ പടം പിടിച്ചതാണു്.

ഓട്ടോ ആശ്ചര്യത്തോടെ ''ഹോ!'' എന്നു പറഞ്ഞു. തുടർന്നു് ഹാൻസ് മേശപ്പുറത്തുവച്ചിരുന്ന പുസ്തകം എടുത്തു് മറിച്ചു നോക്കുവാൻ തുടങ്ങി.

''ഇങ്ങു തരൂ!'' ഹാൻസ് ലജ്ജയോടെ, അതേസമയം അക്ഷമനായി പറഞ്ഞു. ഓട്ടോ അതു കൊടുക്കുവാൻ വിസമ്മതിച്ചു. യാചനാസൂചകമായ കണ്ണുകളോടെ അവൻ ഹാൻസിനെ നോക്കി.

''അതെന്തെന്നു പറയൂ ഹാൻസ്. അത്ര രസപ്രദമാണോ അതു്?''

''ഇതു് എൻെറ വിനോദയാത്രകളുടെ ഒരു ഡയറിക്കുറിപ്പാണു്. മററുള്ളവരെ പർവ്വതാരോഹണത്തിനു കൊണ്ടുപോകുമ്പോഴാം എന്താന്നും വാചകങ്ങളെഴുതുവാൻ അവരോടു പറയും. അതു അവരുടെ ഓർമ്മയ്ക്കായി ഞാൻ സൂക്ഷിക്കുന്നു''.

''നമുക്കൊന്നു കാണാം'' ഓട്ടോ അപേക്ഷിച്ചു ഹാൻസ് അവസാനം അതു സമ്മതിച്ചു. ഞാനും എൻെറ അനുജനുംകൂടി ഓരോ പേജ് മറിച്ചുനോക്കുവാൻ തുടങ്ങി. കൊച്ചുകൊച്ചു കുറിപ്പുകളും കവിതകളും ഞങ്ങൾ അതിൽ കണ്ടു. മിക്ക പേജുകളിലും എന്തെങ്കിലുമൊക്കെ പടങ്ങളുണ്ടായിരുന്നു. ആൽപ്സ്പർവ്വതത്തിൻെറ വിവിധ ദൃശ്യങ്ങളായിരുന്നു അവ. ഓട്ടോ പദ്യങ്ങൾ ഉച്ചസ്വരത്തിൽ വായിച്ചുതുടങ്ങി ഗൗരവമുള്ളവ ധൃതിയിലും ശബ്ദം താഴ്ത്തിയും; ആസ്വാദ്യവും തമാശ നിറഞ്ഞതുമായ ഭാഗങ്ങൾ ശ്രദ്ധാപൂർവ്വവും സാവകാശമായും.

''തൻെറ പർവ്വതങ്ങൾ ആകാശം മുട്ടത്തക്കവണ്ണം സൃഷ്ടിക്കയും
അവയെ മലിനമാകാതെ സൂക്ഷിക്കയും ചെയ്ത
ഉന്നതങ്ങളിലുള്ള കർത്താവിനും
അവിടുത്തെ വിജ്ഞാനത്തിനും പരിപൂർണ്ണതയും
മഹത്വമുണ്ടായിരിക്കട്ടെ.
ഈ കൊടുമുടി കയറിയവരുടെ ധീരപ്രവൃത്തികളെ
രാത്രിപോലെ അന്ധശൂന്യമായ ജീവിതം നയിക്കുന്ന
പട്ടണവാസികളുടെ ശ്വാസത്തിൽനിന്നും
അവിടുന്നു് കാത്തുസൂക്ഷിച്ചു.''

ഡോക്ടർ മേയർ

ചിരിച്ചു ചിരിച്ചു്, എൻെറ അനുജൻെറ വയറു വേദനിച്ചു. മലകൾ മലിനമാകാതെ സൂക്ഷിക്കുന്ന ഭാഗം അവനെ ഇക്കിളിപ്പെടുത്തി. ഹാൻസും ചിരിക്കുകയായിരുന്നു. എന്നാൽ, ആ ചെറിയ പദ്യം ഒരു ഡോക്ടർ മേയറും ഉണ്ടാക്കിയതായിരുന്നില്ല. റൂമർ സ്റ്റിററ്സിൻെറ ഓട്ടോഗ്രാഫ് ആൽബത്തിൽ ഞാൻ അതുതന്നെ പിന്നീടു വായിക്കയുണ്ടായി. അതു മററാരോ എഴുതിയതാണെന്നു് എനിക്കുറപ്പുണ്ടു്.

ഞങ്ങൾ പേജുകൾ ഓരോന്നായി മറിച്ചുകൊണ്ടിരുന്നു.

"ഹെ! ഇതാ തമാശുള്ള വേറൊരെണ്ണം" ഓട്ടോ വിളിച്ചു പറഞ്ഞു.

"രാജാവ് കിരീടം ഇല്ലാത്ത തലയേയും തൂപിയുള്ള ഹാം സ്റ്റീക്കിനേയും വിയന്നാരോൾ ഏററം നല്ല റൊട്ടിയേയും അതിശയിക്കുന്നതുപോലെ, ഫയിൽ സ്റ്റിററ്സ് കൊടുമുടി മറെറല്ലാ കൊടുമുടികളെയും അതിശയിക്കുന്നു."

പിന്നീടുള്ള എല്ലാ വരികളും ഗൗരവമുള്ളതും അന്തസ്സററവയും ആയിരുന്നു. തമാശകളെല്ലാം തീർന്നു. ഞങ്ങൾ അവസാനത്തെ പേജിൽ എത്തി. ഓട്ടോ അതും മറിക്കുവാൻ ഭാവിച്ചു. എന്നാൽ ഹാൻസവനെ തടഞ്ഞു.

"അതു വേണ്ടാ" അവൻ പറഞ്ഞു.

"എന്തുകൊണ്ട്? ഞാനതൊന്നു കാണട്ടെ" ഓട്ടോ യാചിച്ചു.

"അതു് തമാശുള്ളതാണോ?"

ഓട്ടോയുടെ കൈയിൽനിന്നും ഹാൻസ് പുസ്തകം വലിച്ചെടുത്തു.

"അതെന്താണ് ഹാൻസ്?" വലിയ ജിജ്ഞാസയോടുകൂടി ഓട്ടോ ചോദിച്ചു.

"ഒന്നുമില്ല. ഞാൻ പശ്ചത്തിൽ ഏകനായിരുന്നപ്പോൾ എഴുതിയ കുറെ വരികൾ മാത്രം."

"നീ എഴുതിയതോ? എങ്കിൽ അവ നന്നായിരിക്കണം. എനിക്കതു കാണണം. അല്ലെങ്കിൽ നിൻെറ കൈയിൽ നിന്നു് എപ്പോഴെങ്കിലും ഞാനാപ്പുസ്തകം എടുക്കും.

"സാദ്ധ്യമല്ലെന്നു പറഞ്ഞില്ലേ?" ഹാൻസ് പരുഷസ്വരത്തിൽ മറുപടി പറഞ്ഞു അവൻ പുസ്തകം പെട്ടിയിലിട്ടു പൂട്ടി. "നീ അതു് ഒരിക്കലും വായിക്കയില്ല" എന്നുപറഞ്ഞു് താക്കോൽ അവൻെറ ട്രൌസറിൻെറ പോക്കററിൽ ഇട്ടു.

അതുകഴിഞ്ഞു് ഞങ്ങൾ ഉറങ്ങുവാൻ പോയി. എനിക്കുറക്കം വന്നില്ല. ഹാൻസിൻെറ ബുക്കിൽ അവൻ എഴുതിയിരിക്കുന്നതു് എന്താണെന്നു് എനിക്കു കാണേണ്ടിയിരുന്നു.

ഞാനെഴുന്നേററു് ശ്രദ്ധിച്ചു മററു രണ്ടുപേരും ശാന്തമായി, സുഖമായി ഉറങ്ങുകയായിരുന്നു , വത്ര, ഇതാണ് പററിയ അവസരം .. ഇല്ല .....തീരുമാനിക്കാൻ എനിക്കു ബുദ്ധിമുട്ടുണ്ടായി. അതു തികച്ചും ഹീനമായ പ്രവൃത്തി ആയിരിക്കും എന്നു ഞാൻ സ്പഷ്ടമായി കണ്ടു.

ഹാൻസ് ഗാഢമായ ഉറക്കത്തിലാണ്. അതെനിക്കുറപ്പു നല്കി. ആ രഹസ്യം എനിക്കു് അവനിൽനിന്നും പിടിച്ചെടുക്കണം.

ഇപ്രകാരം ഏകദേശം അരമണിക്കൂർ നേരത്തോളു് എന്നിൽ ത്തന്നെ ഒരു സംഘട്ടനമുണ്ടായി. അവസാനം ഞാൻ അതു ചെയ്തു

വാൻതന്നെ തീരുമാനിച്ചു. ടോർച്ചുലൈററ് കൈയിൽ പിടിച്ച് ഞാൻ എൻെറ കസിൻെറ കിടക്കയ്ക്കരികിലേയ്ക്കു നീങ്ങി. അവൻെറ ട്രൗസറിൻെറ പോക്കററിൽനിന്ന് ധൃതിയോടും വിറയ്ക്കുന്ന കൈകളോടും കൂടി താക്കോൽ എടുത്ത് ശ്രദ്ധാപൂർവ്വം പെട്ടി തുറന്നു. അതായിരുന്നു എൻെറ ജീവിതത്തിലാദ്യമായി ഞാൻ ചെയ്ത കളവ്. എന്നാൽ ആ നിമിഷത്തിൽ ആ ചിന്ത എൻെറ മനസ്സിൽ ഉണ്ടായില്ല.

ഞാൻ കുറേശ്ശെ വിറച്ചുകൊണ്ട് ബുക്ക് കൈയിലെടുത്തു. ഏററവും അവസാനത്തെ പേജ്! അതിൽ ആകാശം മുട്ടത്തക്കവണ്ണം ഗംഭീരമായ പിരമിഡുപോലുള്ള ഒരു വലിയ കൊടുമുടിയുടെ പടം ഒട്ടിച്ചിരിക്കുന്നു. അതിൻെറ മുൻവശത്ത് ആയിരക്കണക്കിനുള്ള ചെറിയ പൂക്കളാൽ അലംകൃതമായ ഒരു ആൽപയിൻ മൈതാനവും കാണാം. മൈതാനത്തിൻെറ പിറകിലായിട്ടാണ് ഭീമാകാരമായ ഈ കൊടുമുടി സ്ഥിതിചെയ്യുന്നത്. പടത്തിൻെറ അടിയിലായി ഒരു യുവാവ് എഴുതിയ സ്പുടമായ ഏതാനും വരികളും ഉണ്ട്. ''ഇന്ന്, ഏപ്രിൽ 22, എൻെറ പതിനാറാമത്തെ ജന്മദിനമാണ്. സെർലസിൻെറ മുകളിൽ ഞാൻ ഏകനാണ്. ഇന്നു രാവിലെ ഞാൻ വാൽഡ്റാസ്റ്റിൽ വി. കർബ്ബാന സ്വീകരിച്ചു.

''എൻെറ ദൈവമേ! മേന്മയുള്ള ഹൃദയവും
അതിൻെറ അഗാധതയിൽ
വേദന സഹിക്കാനുള്ള ധൈര്യവും
സന്തോഷമന്വേഷിക്കുമ്പോൾ പരിശുദ്ധിയും
എനിക്കുതന്നാലും.
ഉന്നതമായ ഗിരിശൃംഗങ്ങളിൽ സ്ഫടികസമാനമായി
ശോഭയുള്ള മഞ്ഞു പ്രകാശിക്കുന്നതുപോലെ
കർത്താവേ! എൻെറ കണ്ണുകളിൽ
പരിശുദ്ധിയുടെ സന്തോഷം പ്രകാശിക്കട്ടെ.''

എങ്ങനെയാണ് ബുക്ക് പെട്ടിയിൽ തിരികെ വെച്ചിട്ട് കിടക്കയിലേയ്ക്കു പോയതെന്നു പറയുവാൻ എനിക്കു സാദ്ധ്യമല്ല. അപ്പോൾ എനിക്കുണ്ടായ ലജ്ജാബോധം ഇന്നും എനിക്കുണ്ട്.

അടുത്ത പ്രഭാതത്തിൽ പുതിയ സ്കൂൾവർഷം ആരംഭിച്ചു. സാധാരണ പോകാറുള്ള റോഡിൽക്കൂടിത്തന്നെ ഞങ്ങൾ ഇൻസ്റ്റിററ്യൂട്ടിലേക്കു പോയി. അതൊരു നല്ലദിവസമായിരുന്നു. വിയെന്നാ അതിൻെറ വീഥികളെ പ്രഭാപൂരമായ സൂര്യരശ്മികൾകൊണ്ട് അലങ്കരിച്ചു.

എന്നാൽ ആ ദിവസംതന്നെ ഞങ്ങളുടെ വേനൽക്കാലം അവസാനിച്ചു. ശേഷിച്ചിട്ടുള്ള സമയത്ത് പല രസകരമായ ദിവസങ്ങളും സംഭവങ്ങളും ഉണ്ടാകും. പക്ഷേ ആദ്യ സ്കൂൾദിവസം തന്നെ തനിക്കു നഷ്ടപ്പെട്ട സ്വാതന്ത്ര്യത്തെ ഓർത്തു ദുഃഖിക്കുകയാണു പതിവ്. ഞാൻ വിഷണ്ണനും എന്നോടുതന്നെ വെറുപ്പുള്ളവനും ആയിരുന്നു.

ഹാൻസിൻെറ സാന്നിദ്ധ്യം എൻെറ സ്ഥിതിക്ക് യാതൊരു മാററവും വരുത്തിയില്ല. അവൻ തൻെറ ചുററുപാടിലുമുള്ള ഒന്നിനേയും ശ്രദ്ധിക്കാതെ എൻെറകൂടെ നടക്കുകയായിരുന്നു. എൻെറ മനസ്സ് തലേ രാത്രിയിലെ സംഭവത്തിലേക്ക് തുടർച്ചയായി പൊയ്ക്കൊണ്ടിരുന്നു. ബാഹ്യമായി ഒന്നുംതന്നെ സംഭവിക്കാത്ത മട്ടിൽ കാണപ്പെടുവാൻ ഞാൻ ശ്രമിച്ചു. ഞാൻ എന്നോടുതന്നെ ആവർത്തിച്ചു പറഞ്ഞിരുന്നു, അവനും മററുള്ളവരെപ്പോലെ ഒരു ചങ്ങാതിയാണെന്നും അതുകൊണ്ട് ഇത്തരത്തിലുള്ള യാതൊരു ക്ഷോഭങ്ങൾക്കും കാരണമില്ലെന്നും. പക്ഷേ ഫലമുണ്ടായില്ല. അന്യായമായി അവൻെറ ഹൃദയത്തിലെ രഹസ്യം ഞാൻ കണ്ടുപിടിച്ചു. ഇതു് എൻെറ മനസ്സാക്ഷിക്ക് വലിയ ഭാരമായി. ഹാൻസിൻെറ മുഖത്തു നോക്കാൻ ധൈര്യം കിട്ടാതെ, ലജ്ജാധീനനായി കഴിഞ്ഞ രാത്രിയിൽ ഞാൻ എൻെറ മുഖം തലയിണയിൽ മറച്ചുവച്ചതാണ്. ഇന്ന് എനിക്കു ലജ്ജയോ മനസ്സാക്ഷിക്കടിയോ ഒന്നും തോന്നിയില്ല. നീരസമാണ് എന്നെ കരണ്ടുതിന്നുകൊണ്ടിരുന്നതു്.

എന്നെ ലജ്ജിപ്പിക്കുന്ന ഒരു പടം ഹാൻസ് അതിരാവിലെ അവൻെറ മേശപ്പുറത്തു വച്ചിരുന്നു. ആ പടത്തെ പരാമർശിച്ചായിരുന്നു അവൻ തൻെറ ചെറിയ കവിത എഴുതിയിരുന്നതു്. ആ ചിത്രം നിശ്ശബ്ദവും എന്നാൽ സുശക്തവുമായ ഭാഷയിൽ എന്നോടുള്ള ശകാരവർഷമാണ് എന്ന് എങ്ങനെ അവനറിയാൻ കഴിയും? തൻെറ ഗ്രാമത്തിൽ സാധാരണ ചെയ്യാറുണ്ടായിരുന്നതുപോലെ ഇപ്പോഴിതാ, അവൻ ആ പട്ടണത്തിൻെറ തെരുവീഥികളിൽക്കൂടി നിസ്സംഗനായി നടക്കുന്നു. ബഹുമാനപൂർവ്വം ഞാൻ ആചാരംചെയ്യേണ്ടിയിരുന്ന ഒരു പ്രകാശം അവൻ തൻെറ ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. അവൻെറ ഒപ്പം എത്താൻ എനിക്കു സാധിക്കുകയില്ലെന്ന് എനിക്കു തോന്നി. പക്ഷേ, എന്തുകൊണ്ടു്? എല്ലാകാര്യങ്ങളിലും ഈ ടൈറോളിസ്സിനെക്കാളും ഞാൻ അധമനാണെന്നു വരുമോ?

എല്ലാ അധമവാസനകളും എൻെറ ഹൃദയത്തിൽ ഇളകിമറിഞ്ഞുകൊണ്ടിരുന്നു. എന്നാൽ ഒരുകാര്യം. ആ മലയിൽ പരിശുദ്ധനും ഭക്തനുമായ ഒരു കുട്ടി ജീവിക്കുക വളരെ എളുപ്പമാണ്. എന്തുതരം പദ്യമാണ് ഏതാനും മാസത്തെ വിയന്നായിലെ ജീവിതത്തിനു ശേഷം അവൻ എഴുതുന്നതെന്നു നമുക്കു കാണാം.

ഞാൻ പരിഹാസരൂപേണ അന്വേഷിച്ചു. ''ഹാൻസ്, എന്തു ചിത്രമാണ് നിൻെറ മേശപ്പുറത്തിരിക്കുന്നതു്?'' ''ഓ, വെറുമൊരു ചിത്രം'' അല്പം പരുങ്ങലോടുകൂടി അവൻ മറുപടി പറഞ്ഞു.

''പക്ഷേ എന്തുകൊണ്ടാണ് പ്രത്യേകമായി ഒരു മലയുടെ ചിത്രം നീ തിരഞ്ഞെടുക്കുന്നതു്?''

സ്വരത്തിൻെറ പ്രത്യേകത അവനെ സ്തബ്ധനാക്കി. സംശയത്തോടെ അവനെന്നെ നോക്കി.

എൻെറ നോട്ടത്തിൻെറ രീതി അവനു് ഉറപ്പുവരുത്തിയതായി തോന്നിയില്ല. അവൻ എന്തെങ്കിലും സംശയിച്ചിട്ടുണ്ടോ? പക്ഷേ അവൻ എങ്ങിനെ അറിയാനാണു്? ഇല്ല, അതാ അവൻ വീണ്ടും ചിരിക്കുന്നു. "അതേ ഇതു് സെർലസാണു്'' അവൻ പറഞ്ഞു. ''ഡോക്ടർ ഡെഫ്നർ എടുത്ത പടം. ഇൻസ്ബ്രൂക്കിലെ പ്രസിദ്ധമായ ഒരു മലയാണു്.''

"ഇതിനെന്തെങ്കിലും പ്രത്യേകതയുണ്ടോ'' ഞാൻ പരിഹാസത്തോടെ വീണ്ടും ചോദിച്ചു. എന്നാൽ ഇത്തവണ അവൻ എൻെറ ഭാവം ശ്രദ്ധിച്ചില്ല. എത്ര തവണ, ഏതെല്ലാം മാർഗ്ഗങ്ങളിൽ കൂടി അവൻ സെർലസാരോഹണം ചെയ്തിട്ടുണ്ടെന്നു് താത്പര്യപൂർവ്വം എന്നോടു പറയുവാൻ തുടങ്ങി. ആദ്യത്തെ കൂടിക്കാഴ്ചയിൽ കണ്ടതുപോലെ അവൻെറ ഇരുണ്ട മിഴികളിലാകെ പ്രകാശം വെട്ടിത്തിളങ്ങി. മലകളിൽനിന്നകന്നു് ഒരു വലിയ പട്ടണത്തിലാണു് താനെന്ന കാര്യം അവൻ മറന്നു. പക്ഷേ അവൻെറ പതിനാറാമത്തു ജന്മദിനത്തിൽ എന്താണു സംഭവിച്ചതെന്നു് ഒന്നുംതന്നെ പറഞ്ഞില്ല. എന്തുകൊണ്ടാണു് അവൻ പർവ്വതത്തിനു മുകളിൽവച്ചു് ആ കവിത എഴുതിയതെന്നു് എനിക്കു മനസ്സിലാകാൻ തുടങ്ങി. നഗരവാസികളായ ആളുകൾക്കു് ഊഹിക്കാൻപോലും സാധിക്കാത്ത ഏതോ ഒരു നിഗൂഢശക്തി മലകളിൽ താമസിക്കുന്നവർക്കു് അനുഭവപ്പെടുന്നു. ആൽപ്സ് കൊടുമുടികളുടേയും അവയുടെ താഴ്വരകളുടേയും നിർമ്മലവും സ്പഷ്ടവുമായ പ്രകാശധോരണി അവയുടെ സ്വച്ഛവും ശാന്തവുമായ മാന്ത്രികശക്തി ആസ്വദിക്കുന്ന എല്ലാവരേയും ആലിംഗനം ചെയ്യുന്നു. സർവ്വാത്മനാ സൂക്ഷിക്കുവാനും വളർത്തുവാനും ഹാൻസ് ആഗ്രഹിച്ച നിധി ആ പ്രകാശമാണെന്നു് എനിക്കു മനസ്സിലായി. പർവ്വതാരാമത്തിൽ നിന്നും നഗരജീവിതത്തിൻെറ നീർച്ചുഴിയിലേയ്ക്കു വലിച്ചെറിയപ്പെട്ട ഉജ്ജ്വലമായ ഈ ചെറിയ വിളക്കു് അണയാതെ സൂക്ഷിക്കുവാൻ അവനു കഴിയുമോ? ഹാൻസിൻെറ കൈകളിൽ ഇരുന്നു് അതിൻെറ അവസാനത്തെ മിന്നൽ നിലയ്ക്കുന്നതു് എനിക്കു (ഭാവനയിൽ) കാണാൻ കഴിഞ്ഞു.

അപ്പോഴേയ്ക്കും മറെറാരു തെരുവിലേയ്ക്കു് ഞങ്ങൾ തിരിഞ്ഞു. "അതാ, ആ ഇൻസ്റ്റിററ്യൂട്ട്.'' തെരുവിൻെറ അങ്ങേയററത്തുള്ള ഒരു കെട്ടിടം ചൂണ്ടിക്കാണിച്ചുകൊണ്ടു് വിരസമായി ഞാൻ പറഞ്ഞു. ഗൗരവമുള്ളതും എന്നാൽ പ്രൗഢവുമായ ആ കെട്ടിടത്തെ മററു കെട്ടിടങ്ങളിൽ നിന്നു് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. അതിൻെറ ജനാലകളുടെ നീണ്ട നിര എന്നെ അസ്വസ്ഥനാക്കി. ഹാൻസും അത്ര ഉത്സാഹഭരിതനായി കാണപ്പെട്ടില്ല.

അക്ഷമനായി തൻെറ പുസ്തകങ്ങൾ കക്ഷത്തിലമർത്തിക്കൊണ്ടു് അവൻ അഭിപ്രായപ്പെട്ടു, ''അങ്ങനെ വീണ്ടും പഴയ പരിപാടിയിലേയ്ക്കു്.''

ഒരു നവവത്സരത്തെ അഭിമുഖീകരിക്കാൻ തയ്യാറെടുത്തു് തെരുവു കടന്നു് നിശ്ശബ്ദമായി ഞങ്ങൾ നടകൾ കയറി.

## അദ്ധ്യായം രണ്ട്

# കൊള്ളാം മോൾ, നന്നായിരിക്കുന്നു

ഹാൻസ് ആയിരുന്നു ഞങ്ങളുടെ ക്ലാസ്സിലെ ഏക പുതുമുഖം. ബാക്കി ചുററുപാടുകളെല്ലാം അവധിക്കു മുമ്പുണ്ടായിരുന്നതുപോലെ തന്നെ. ചെമപ്പന്മാർ (Reds), കറുപ്പന്മാർ (Blacks), യഹൂദർ (Jews), കുറുവടിക്കാർ (Clubs) എന്നിങ്ങനെ നാലു വിഭാഗക്കാരുണ്ടായിരുന്നു ഞങ്ങളുടെ ക്ലാസ്സിൽ. അഞ്ചുപേർ–മൂന്നു സോഷ്യലിസ്റ്റുകാരും രണ്ടു കമ്മ്യൂണിസ്റ്റുകാരും–റെഡ് പാർട്ടിയിൽ പേരു കൊടുത്തിരുന്നു. അതിൽ മൂന്നുപേർ—രണ്ടു കമ്മ്യൂണിസ്റ്റുകാരും ഒരു സോഷ്യലിസ്ററുകാരനും—മതവിശ്വാസം ഉള്ളവരായിരുന്നില്ല. എന്നാൽ ഇവർ അഞ്ചുപേരും വിപ്ളവാശയത്തിനുവേണ്ടിയുള്ള ശുഷ്ക്കാന്തികൊണ്ടു ജ്വലിച്ചിരുന്നു. ദിവസേന വൈകുന്നേരവും, പലപ്പോഴും രാത്രിയിലും, അവരുടെ സമയവും സേവനവും പാർട്ടിപ്രവർത്തനത്തിനായി അർപ്പിച്ചിരുന്നു. 'ചെങ്കഴുകന്മാർ' (Red Eagles) എന്ന ഒരു സംഘത്തിന്റെ ലീഡറായിരുന്നു അവരിലൊരാൾ. പത്താംക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കു സോഷ്യലിസത്തെപ്പററി ക്ലാസ്സുകളെടുക്കുകയെന്നതായിരുന്നു വേറൊരുവൻ ഏറെറടുത്ത ചുമതല. കമ്മ്യൂണിസ്റ്റുകാരനായിരുന്ന ചാൾസ് ഷാവറായി

ഷന്ന (Charles Schauer) ഏററവും ഊർജ്ജസ്വലനും അദ്ധ്യാപകകാരി യും. ആദർശത്തെപ്പററിയുള്ള തീക്ഷ്ണതകൊണ്ട് അവൻ ജ്വലി ച്ചിരുന്നു. കമ്മ്യൂണിസത്തിൻെറ തത്ത്വസംഹിതകളെ വിശദീകരി ക്കുന്ന ലഘുലേഖകൾ ക്ലാസ്സ് സമയത്ത് എഴുതുകയും ക്ലാസ്സു ന ശേഷം ഞങ്ങളുടെയിടയിൽ വിതരണം ചെയ്യുകയുമാണ് അവൻ ചെയ്തിരുന്നത്. ഇതിൻെറ ഫലമായി ചുരുങ്ങിയ മാസങ്ങൾക്ക ള്ളിൽ നാലു യഹൂദന്മാരേയും മൂന്ന് കുറുവടിക്കാരേയും കമ്മ്യൂണിസ ത്തിലേക്കാകർഷിക്കുവാൻ അയാൾക്ക കഴിഞ്ഞു. ആശ്ചര്യാഭിനന്ദന ങ്ങളോടും അന്തസ്സമയം അല്പം ഉത്കണ്ഠയോടും കൂടിയാണ് ചെമ പ്പന്മാരുടെ, ക്ലാസ്സിലെ പ്രവർത്തനങ്ങൾ ഞങ്ങൾ വീക്ഷിച്ചി രുന്നത്.

ഞങ്ങളുടെ ക്ലാസ്സിലെ യഹൂദന്മാരുടെ അംഗസംഖ്യ പന്ത്രണ്ടായി രുന്നു. എന്നാൽ എടുത്തുപറയത്തക്കതായി ഒന്നും അവരിൽ കാ ണാൻ കഴിഞ്ഞിരുന്നില്ല. അവരിൽ കുറേപ്പേർ ചെമപ്പന്മാരിലും (Reds) മററുള്ളവർ കുറുവടിക്കാരിലും (Club) അംഗങ്ങളായി ചേർന്നു. മററുള്ളവരിൽ നിന്നും ഒട്ടും വ്യത്യസ്തരായി പ്രത്യക്ഷപ്പെടാതിരിക്ക വാൻ അവർ വളരെയധികം ശ്രദ്ധിച്ചിരുന്നതിനാൽ, വളരെ വിരള മായിട്ടേ ഒരു പ്രത്യേകവിഭാഗമായി അവർ മുമ്പോട്ടു വന്നിരുന്നുള്ളു.

ബ്ളാക്ക്സ് (Blacks) അതായത് തങ്ങൾ കത്തോലിക്കരാ ണെന്ന് പരസ്യമായി പറഞ്ഞിരുന്നവർ വാസ്തവത്തിൽ മൂന്നുപേരേ ഉണ്ടായിരുന്നുള്ളു. അവരിൽ രണ്ടുപേർ സൊഡാലിററിയിൻ അംഗ ങ്ങളായിരുന്നു മൂന്നാമൻ ഇടവകപ്പള്ളിയിൽ കർബാനയിൽ ശുശ്രൂ ഷകനായി ദിവസേന പങ്കെടുത്തിരുന്നു. അവർക്ക് "ഹന്നാൻവെള്ള സഹോദരന്മാർ" (Holy Water Brothers) അല്ലെങ്കിൽ "തിരു ഹൃദയത്തിൻെറ വ്യാളങ്ങൾ" (Dragons of the Sacred Heart) എന്നായിരുന്നു പേരു കൊടുത്തിരുന്നത്. എങ്കിലും ഞങ്ങളുടെ കാര്യങ്ങളിൽ ഒരിക്കലും ഇടപെടാതിരുന്നതിനാൽ, സമാധാ നത്തിൽ കഴിയുവാൻ ഞങ്ങൾ അവരെ അനുവദിച്ചു. കൂടാതെ, അവർ വളരെ നല്ലവരായിരുന്നു. പ്രത്യേകിച്ച് സൊഡാലിററിക്കാരി ലൊരുത്തൻ. എന്നാൽ ക്ലാസ്സിനെതിരായി അവർക്കൊന്നും ചെ യ്യാൻ കഴിഞ്ഞില്ല. മററുള്ളവരുടെ സഹിഷ്ണുതയിൽ അവർ തൃപ്തി യടയേണ്ടിവന്നു.

ഏററവും കൂടുതൽ അംഗങ്ങളുണ്ടായിരുന്നത് ക്ലബ്ബ് ഗ്രൂപ്പിലാ ണ്. "സ്വതന്ത്ര പൗരന്മാ"രെന്ന് തങ്ങളെത്തന്നെ വിശേഷിപ്പി ച്ചിരുന്ന ഇരുപതോളം പേരുണ്ടായിരുന്നു അതിൽ. അവരെ സംബ ന്ധിച്ചിടത്തോളം മതം തികച്ചും സ്വകാര്യമായ ഒരു പ്രശ്നം മാത്രം. അതിനേപ്പററി അന്വേഷിക്കുകയോ സംസാരിക്കുകയോ ചെയ്യു ന്നത് മോശമായിട്ടാണു കരുതപ്പെട്ടിരുന്നത്. ഒരാൾ നിരീശ്വര നോ, വിശ്വദേവതാവാദിയോ, പ്രോട്ടസ്റ്റാൻറുകാരനോ, കത്തോലി

ക്കണോ ആയിക്കൊള്ളട്ടെ. . . .അതിനൊരു പ്രാധാന്യവുമില്ല. ഒരു പ്രത്യേകവിഭാഗത്തോടും ദാക്ഷിണ്യം പ്രദർശിപ്പിക്കാതിരിക്കുവാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടിയിരുന്നു. ഒരുവൻ മതത്തേയോ, വി. കർബ്ബാനയേയോ, കൂദാശകളേയോ, മാർപ്പാപ്പായേയോ അധിക്ഷേപിക്കുന്നുവെങ്കിൽ അത്രയും നന്നു്. അതായിരുന്നു "പുതുമയുള്ള" പ്രവൃത്തി. അല്ലെങ്കിൽ ആരു് ഇക്കാലത്തു് ഇത്തരം കുഴപ്പം പിടിച്ച കാര്യങ്ങളേപ്പററി ചിന്തിക്കുന്നു?

ക്ലബ്ബ് അംഗങ്ങൾ പരിഷ്ക്കാരികൾ ആയിരുന്നുവെന്നു വ്യക്തം. സദാചാരസംബന്ധമായ കാര്യങ്ങളെപ്പററിയുള്ള ചിന്തകളെല്ലാം അവർ നേരത്തേതന്നെ ഉപേക്ഷിച്ചിരുന്നു. അവരുടെ ''സമൂഹജീവിതം'' തഴച്ചുവളന്നു. അവരിൽ പണക്കാരായവർ വൈകുന്നേരം ഏതെങ്കിലുമൊരു ഭക്ഷണശാലയിൽ (Cafe) സമ്മേളിക്കും. വലിയ ജനൽപ്പാളികൾക്കു സമീപമിരുന്നു്, തങ്ങളുടെ സിഗററുകളിൽ നിന്നു് പുകച്ചുരുളുകൾ ഊതിവിട്ടുകൊണ്ടു്, സജീവമായ സംഭാഷണത്തിൽ അവർ സമയം ചിലവഴിക്കും. താണതരം തമാശകളും അശ്ലീലകഥകളുമായിരുന്നു അവക്കു് ഏററവും പ്രിയപ്പെട്ടവ.

മററുള്ളവർ ഒരു വിദ്യാത്ഥിയൂണിയനിൽ (Student Union) ചേന്നു. അവർ രഹസ്യസങ്കേതങ്ങളിൽ ചൂതുകളിക്കുകയും, അധിക്ഷേപങ്ങൾക്കോ ചൂതുകളിയിലുണ്ടായ നഷ്ടങ്ങൾക്കോ പ്രതികാരം ചെയ്യുന്നതിനു് ക്രൂരമായ സംഘട്ടനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇപ്രകാരമുള്ള പരാക്രമങ്ങൾക്കു ശേഷം വൈകുന്നേരം ഇൻസ്റ്റിററ്യൂട്ടിലെ ചില പെൺകുട്ടികളുമായി പ്രേമചാപല്യം കാട്ടിക്കൊണ്ടു വിഹരിക്കുകയോ അല്ലെങ്കിൽ വിഷയാസക്തിയാൽ പ്രേരിതരായി 'ഹെലിയോട്രോപ് സിനിമാ' (Heliotrope Cinema) യിലുള്ള ചിത്രങ്ങളിൽ മുഴുകുകയോ ചെയ്തിരുന്നു.

ക്ലബ്ബ്സ് ആയിരുന്നു ഞങ്ങളുടെ ക്ളാസ്സിൽ നയങ്ങൾ പ്രഖ്യാപിച്ചിരുന്നതു്. ആശയഭ്രാന്തന്മാരായ 'റെഡ്സ്' മാത്രമായിരുന്നു, തങ്ങൾക്കു് ഇഷ്ടപ്പെടാത്തതായി അവയിലെന്തെങ്കിലുമുണ്ടെങ്കിൽ എതിർക്കുവാൻ മുമ്പോട്ടു വന്നിരുന്നതു്.

അവരുടെ പെരുമാററരീതി മററുള്ളവരെ സംശയിപ്പിച്ചിരുന്നുവെങ്കിലും ക്ലബ്ബിൽ നല്ലവരുമുണ്ടായിരുന്നുവെന്നുള്ളതു് ഒരു വസ്തുതയാണു്. ക്ലാസ്സിൻെറ സ്വാതന്ത്ര്യരൂപിയെ ചോദ്യംചെയ്യുന്നവനു് ദൗർഭാഗ്യമെന്നേ പറയാവൂ. അവനു് ബർണ്ണറെ അഭിമുഖീകരിക്കേണ്ടിവരും.

ക്ലബ്ബ് ലീഡറായിരുന്ന കർട്ട് ബർണർ (Kurt Burner). അയാളെ എതിർക്കുക അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. ഞാൻ ആരേയും ഒരിക്കലും അതിനായി പ്രേരിപ്പിക്കുമായിരുന്നുമില്ല. നിർഭാഗ്യമെന്നു പറയട്ടെ, അയാൾ അസാമാന്യവും ഉന്ന

ത്ഭുതമായ പല കഴിവുകളോടും കൂടിയ ഒരു വ്യക്തി ആയിരുന്നു സമ്പന്നനായ ഒരു ബാങ്കുടമയുടെ പുത്രനായിരുന്ന ആ ചെറുപ്പക്കാരൻ, സമർത്ഥനും കുലീനനും എല്ലാവിധത്തിലും സുഭഗനുമായിരുന്നു. അവന്റെ ഭയാനകമായ സാന്മാർഗ്ഗികത്തകർച്ചയുടെ ഒരു മറയാകുവാൻ മാത്രമാണ് മനോഹരമായ മുഖം സഹായിച്ചതു് എന്നുമാത്രം. ബാഹ്യമായി കണ്ടിരുന്നതു് വെറുമൊരു പൊയ്മുഖം മാത്രമായിരുന്നു. അവന്റെ അന്തരാത്മാവിൽ എന്തെല്ലാമാണു സംഭവിച്ചുകൊണ്ടിരുന്നതു് എന്നതിനെപ്പററി ക്ലബ്ബിലെ ചുരുക്കം ചിലർക്കു മാത്രമേ അറിവുണ്ടായിരുന്നുള്ളു. തുറന്നു പറഞ്ഞാൽ, കഴിഞ്ഞ വർഷാവസാനത്തോടുകൂടി ബർണറുടെ വിശ്വസ്തസുഹൃത്തുക്കളുടെ കൂട്ടത്തിലേക്കു് എന്നെ അവൻ ആകർഷിക്കുവാൻ തുടങ്ങിയിരുന്നു.

ക്ലാസ്സുകൾ ആരംഭിച്ചു് ഒരാഴ്ചയ്ക്കു ശേഷം കർട്ടു് ബർണർ എന്റെ വീട്ടിൽ വന്നു. എന്നോടു സംസാരിക്കുവാൻ അവൻ ആഗ്രഹം പ്രകടിപ്പിച്ചു. അവന്റെ ശൈലിയിൽ അതു് ഒരു സമ്മേളനമാണ്. ഇതിന്റെയെല്ലാം പിന്നിൽ എന്താണ് എന്നു ഞാൻ നന്നായി ഗ്രഹിച്ചിരുന്നു. 'ഹാൻസ്! പ്രദർശനം ആരംഭിക്കാറായിരിക്കുന്നു, അതുകൊണ്ടു് ഒരുങ്ങിക്കൊള്ളു'' ഞാൻ എന്നോടു തന്നെ പറഞ്ഞു.

''കേമംകള്ള ഫ്രിററ്സ് (Fritz)'' ആകർഷകമായവിധം സിഗററ് കത്തിച്ചുകൊണ്ടു് ബർണർ പറഞ്ഞു. ''നിന്റെ കസിൻ ആ മോറം നല്ലവനാണെന്നു തോന്നുന്നു. നീ എന്തു വിചാരിക്കുന്നു? അവൻ മിക്കവാറും ബ്ലാക്സിൽ ചേരും ഇല്ലേ?''

തലകുലുക്കിക്കൊണ്ടു് ഞാൻ അതിനോടു യോജിച്ചു. ബർണർ പുഞ്ചിരിച്ചു.

''എന്തൊരു കഷ്ടം! വരൂ, സംഗതി അത്ര മോശമല്ലെന്നു് ഞാൻ വിശ്വസിക്കുന്നു. നിനക്കു മോളിനെ തിരുഹൃദയത്തിന്റെ ഒരു വ്യാളമായി സങ്കല്പിക്കുവാൻ കഴിയുമോ? ഈ രണ്ടു കാര്യങ്ങളും ഒന്നിച്ചു പോകില്ല. തീർച്ച. ടൈറലീസുകാർ (Tyrolese) സ്വാഭാവികമായി പഴഞ്ചന്മാരാണ്. ടൈറോളാകുന്ന പുണ്യഭൂമി! ഹാ! ഹാ!....എന്നാൽ മോളിനെപ്പോലെയുള്ള ഒരുവനിൽനിന്നു് അതെല്ലാം തുടച്ചു മാററാം. അവനത്ര മണ്ടനൊന്നുമല്ല. ആണോ?

''എനിക്കറിയില്ല. എങ്കിലും അങ്ങനെയാണെന്നു തോന്നുന്നില്ല'' എന്നു് ഒരു തണുപ്പൻമട്ടിൽ ഞാൻ മറുപടി പറഞ്ഞു.

യൂദാസിന്റെ ഭാഗം അഭിനയിക്കുകയാണെന്ന ഒരു തോന്നൽ എനിക്കുണ്ടായി; എന്നാൽ ഞാനതു നിയന്ത്രിച്ചു നിർത്തി. ബർണറിനു് കോപം മറച്ചുവയ്ക്കാൻ സാധിച്ചില്ല.

''ഇവിടെ നോക്കു. ഈ കാര്യത്തിൽ തന്ത്രപരമായ ഒരു വളഞ്ഞ വഴി നാം സ്വീകരിക്കണം.'' തന്റെ കൗശലമെന്നു് ആ വൃത്തിഹീനമായ ഉല്ലാസത്തിനു് അവൻ പേരിട്ടു. ''നമുക്കു് അവനെ

ക്ലബ്ബിലേക്കു് ആകർഷിക്കണം. ഞാൻ എന്താണർത്ഥമാക്കുന്നതെന്നു നിനക്കറിയാം—അവനെ ചൂണ്ടയിടണം. അവൻ ബ്ലാക്കിനോടു കൂടി പോവുകയാണെങ്കിൽ അതൊരു അപകീർത്തിയായിരിക്കും. ഇന്നു കാലത്തു് കായികാഭ്യാസ സമയത്തു് അവനു വലിയ കൈയടി കിട്ടി—കീഴ്പോട്ടു തൂങ്ങികിടന്നപ്പോൾ. അതു് മനോഹരമായിരുന്നു. ഇനി, ഈ കാര്യത്തിൻെറ ചുമതല വഹിക്കുവാൻ നിനക്കിഷ്ടമാണോ? അവൻ നിൻെറ ബന്ധുവായ സ്ഥിതിക്കു് അതു് എളുപ്പമായിരിക്കും.''

ഞാൻ ഹാൻസിൻെറ ആൽബത്തെക്കുറിച്ചു ചിന്തിക്കുകയായിരുന്നു. ബർണർ വിചാരിക്കുന്നതുപോലെ അതത്ര എളുപ്പമായിരിക്കയില്ല ഈ അറിവെല്ലാമുണ്ടെങ്കിലും, ബർണർ പോലും ഹാൻസിൻെറ കാര്യത്തിൽ വിജയിക്കുമോ എന്നു തോന്നുന്നില്ല.

''അതിനു പരിശ്രമിക്കാം. ഞാൻ ഉറപ്പില്ലാതെ പറഞ്ഞു. പക്ഷെ എനിക്കുതന്നെ അതു പൂർത്തിയാക്കാൻ സാധിക്കയില്ല. നിനക്കറിഞ്ഞുകൂടേ, ഈ ടൈറലിസ് വളരെ കഷ്ടംപിടിത്തക്കാരനാണു്. മാത്രമല്ല അവൻ എൻെറ കസിൻ ആയതുകൊണ്ടു് . . ഞാൻ സൂക്ഷിക്കയും വേണം.''

''അങ്ങനെയെങ്കിൽ അതെനിക്കു വിട്ടേക്കു. നീ ഇരയിട്ടുകൊടുത്താൽ മാത്രം മതി, ബാക്കി കാര്യം ഞാനേററു. ഇവിടെ നോക്കു, ഒരു മാസത്തിനുള്ളിൽ അവൻ പൂർണ്ണമായും കുരുക്കിലകപ്പെട്ടിരിക്കണം. സമ്മതിച്ചോ?''

ഞങ്ങൾ പരസ്പരം കൈ കൊടുത്തു. ചുണ്ടുകളിൽ ഒരു നേരിയ പുഞ്ചിരിയോടെ അവൻ സ്ഥലംവിട്ടു.

ഹാൻസിൻെറ മനസ്ഥിതി വളരെ നാളത്തേയ്ക്കു അറിയപ്പെടാതെ പോവുക സാദ്ധ്യമായിരുന്നില്ല ആ കൂടിക്കാഴ്ചക്കു ശേഷം താമസം യാതെ തന്നെ വിജൃംഭിച്ച ഒരു അന്തരീക്ഷം ക്ലാസ്സിൽ അനുഭവപ്പെടാൻ തുടങ്ങി: ഹാൻസും ക്ലാസ്സിലെ ഒരു വിഭാഗവും തമ്മിലുള്ള ഒരു ഭീകരസമരത്തിൻെറ മുന്നറിയിപ്പ്. ആ സാഹചര്യത്തിൻെറ സമ്മർദ്ദം അവനു് അനുഭവപ്പെട്ടു. എന്നാൽ അതിനു് അവൻ വഴങ്ങിയില്ല. തീക്ഷ്ണമായ പ്രകൃതിയോടും സഹജമായ ധൈര്യത്തോടും കൂടെ ക്ലാസ്സിലെ സ്വേച്ഛാപരമായ നിയമത്തിനു് അവൻ എതിരായി നിന്നു. അതുപോലൊരു തിരസ്കരണത്തെപ്പററി കേട്ടുകേൾവി പോലുമുണ്ടായിട്ടില്ല. അതുപോലൊരു ധൈര്യം മുമ്പൊരിക്കലും കണ്ടിട്ടുമില്ലായിരുന്നു.

നിഷ്പക്ഷരായ വിദ്യാർത്ഥികൾ ഈ സമരം അമ്പരപ്പോടെ ശ്രദ്ധിച്ചു. ഇതുവരെ, ക്ലാസ്സിലെ നിയമങ്ങൾക്കു വിധേയരാകുവാൻ കൂട്ടാക്കാത്തവർ, ഏററവും നിന്ദ്യവും ഭീരുത്വപരവുമായ മാർഗ്ഗങ്ങളുടെ പ്രയോഗത്താൽ തോൽവി സമ്മതിക്കുവാൻ നിർബ്ബന്ധിതരായിരുന്നു.

ക്ലാസ്സു തുടങ്ങി രണ്ടാഴ്ചയ്ക്കു ശേഷം ഒരു ചൊവ്വാഴ്ച കഥ ആരംഭിച്ചു. ഞങ്ങളുടെ മതാദ്ധ്യാപകൻ പ്രായംചെന്ന ഒരച്ചനായിരുന്നു; ഡോ: ഷ്ളിററ്സർ. ദയയും സ്നേഹവുമുള്ള ഒരു മനുഷ്യൻ. പക്ഷേ ഞങ്ങളുടെ പ്രായത്തിലുള്ള വിദ്യാത്ഥികളെ നയിക്കുവാൻ അദ്ദേഹത്തിനു കഴിവില്ലാതെ പോയി. മാത്രമല്ല, ഞങ്ങളുടെ ബഹുമാനം ആജ്ജിക്കുവാൻ അദ്ദേഹത്തിനു ബാഹ്യമായ മററു ഗുണങ്ങളൊന്നുമില്ലായിരുന്നുതാനും. ക്ലാസ്സ് സമയത്തു് കൈയിലൊരു പുസ്തകവുമായി മേശയ്ക്കു സമീപം അദ്ദേഹം നില്ക്കുകയോ ഇരിക്കുകയോ ചെയ്യും. ആ പുസ്തകം പദാനുപദം വായിക്കയാണദ്ദേഹത്തിൻെറ പതിവ്. ഇടയ്ക്കിടയ്ക്കു് ചെറിയൊരു വിവരണവും കൂട്ടിച്ചേർക്കും. പിന്നീട് വിരസവും സാവധാനവുമായ മുമ്പിലത്തെ വായനയിലേയ്ക്കുതന്നെ പിന്തിരിയും.

വളരെ കുറച്ചുപേർ മാത്രമേ നോട്ടെഴുതി എടുക്കുന്നതിൽ ശ്രദ്ധിച്ചിരുന്നുള്ളു. ചിലർ ചീട്ടുകളിക്കും. മററു ചിലർ കണക്കിൻെറ ഗൃഹപാഠം സഹപാഠികളിൽനിന്നും പകർത്തി എഴുതും. ബാക്കിയുള്ളവർ നോവലോ ദിനപ്പത്രമോ വായിക്കും.

മാർക്കു കൊടുക്കുന്നതിൽ ഡോ. ഷ്ളിററ്സറിന് അദ്ദേഹത്തിൻെറതായ പ്രത്യേകതകൾ ഉണ്ടായിരുന്നു. ''മോശം'' എന്നു് ഒരിക്കലും അദ്ദേഹം എഴുതുകയില്ല. അതിനദ്ദേഹത്തിൻെറ കാരുണ്യം അനുവദിച്ചിരുന്നില്ല. ''തരക്കേടില്ല'' എന്നുപോലും എഴുതിയിരുന്നതു് മനസ്സില്ലാമനസ്സോടെയാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളായി, ആരും പാഠം പഠിക്കരുതെന്നു് ക്ലാസ്സിൽ ഒരു നിയമമായിക്കഴിഞ്ഞിരുന്നു ക്ലാസ്സിൽ ഉത്തരം പറയേണ്ട ആൾ കഴിഞ്ഞ ക്ലാസ്സിലെ വിവരണത്തിൽ നിന്നും പെട്ടെന്നു് ഓർത്തതെന്തെങ്കിലും മറുപടി പറയും അല്ലെങ്കിൽസഹപാഠികൾപറഞ്ഞുകൊടുത്തിരുന്നതു ഏററു പറയും. കുറച്ചുകൂടി നന്നായി പഠിക്കുവാൻ ഡോ: ഷ്ളിററ്സർ ഞങ്ങളെ ഉപദേശിച്ചിരുന്നു. എന്നാൽ അതു് ചന്ദ്രനിലെ മനുഷ്യരോടു സംസാരിക്കുന്നതുപോലെ നിഷ്ഫലമായിരുന്നു. അദ്ധ്യാപകരുടെ മീററിംഗിൽ ഒരു ചീത്ത റിപ്പോർട്ടു കൊടുക്കുവാൻ അദ്ദേഹത്തിൻെറ ദയയുള്ള ഹൃദയം സമ്മതിച്ചില്ല. അങ്ങനെ സന്തോഷത്തോടുകൂടി ഞങ്ങൾ ''നല്ലതോ'', ''വളരെ നല്ലതോ'' മാക്കുകൾ കരസ്ഥമാക്കി.

ഡോക്ടർ ഷ്ളിററ്സറിൻെറ മറെറാരു പ്രത്യേകത റിപ്പോർട്ടു കൊടുക്കുവാനുള്ള സമയം വരുമ്പോൾ ഇൻസ്റ്റിററ്യൂട്ടിലെ പൊതു ദിവ്യകാരുണ്യ സ്വീകരണത്തിൽ ഒരുവൻ സംബന്ധിച്ചിട്ടുണ്ടോ എന്ന കാര്യം കണക്കിലെടുത്തിരുന്നു എന്നതാണ്. അതിൻെറ ഫലമായി എല്ലാവരുംതന്നെ കളബ്ബിലെ അംഗങ്ങൾ പോലും, അതിൽ സംബന്ധിച്ചു. എന്നാൽ......ഏതു വിധത്തിൽ!

ഞങ്ങളുടെ മതാദ്ധ്യാപകനും ക്ലാസ്സിനും ഒരുപോലെ ആശ്ചര്യകരമായ ഒരനുഭവമാണ് ആ പൊവ്വാഴ്ച ഉണ്ടായത്. ആരംഭത്തിൽ പതിവുപോലെ പലരോടും പാഠത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. ഹാൻസിൻെറ തവണ വരുന്നതുവരെ ഉത്തരങ്ങൾ മിക്കവാറും വെറും ''ചപ്പാ''യിരുന്നു. ഡോക്ടർ ഷ്ളിററ്സ്സറിനെ സംബന്ധിച്ചിടത്തോളം അത്യാശ്ചര്യജനകമായിരുന്നു പുതിയ വിദ്യാർത്ഥിയുടെ ഉത്തരം. അവൻ സുവിശേഷങ്ങളുടെ ഏകതയേയും ആധാരികതയേയും പററി സരളമായും യാതൊരു സംശയവും കൂടാതെയും പറയുന്നതു കേട്ടപ്പോൾ. ഡോക്ടർ ഷ്ളിററ്സ്സർ സ്തംഭിച്ചുപോയി. ഹാൻസ് ഏകദേശം പത്തു മിനിട്ടു സമയം യാതൊരു സങ്കോചവുംകൂടാതെ സംസാരിച്ചു; കുറിപ്പുകൾപോലും അവൻ വിട്ടുകളഞ്ഞില്ല. സാധാരണ ഉപയോഗിക്കാറുള്ള ''നന്നു'', ''വളരെ നന്നു'' എല്ലാം പറയുവാൻ ഇതികർത്തവ്യതാമൂഢനായ അച്ചൻ വിട്ടുപോയി. ഹാൻസിൻെറ ഉത്തരം തീർന്നശേഷമാണ് അദ്ദേഹത്തിനു പരിസരബോധമുണ്ടായത്. അതിനുശേഷം അദ്ദേഹം ക്ലാസ്സിനോടായി ഇപ്രകാരം പറഞ്ഞു: ''മതപാഠം എപ്രകാരം നടത്തണമെന്നു് ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി. മോളിനു ചെയ്യാൻ കഴിയുന്നതു് നിങ്ങൾക്കും ചെയ്യാൻ കഴിയും. ഭാവിയിൽ ആരെങ്കിലും ''വളരെ നന്നു'' ആഗ്രഹിക്കുന്നെങ്കിൽ അവർ മോളിനെ അനുകരിക്കണം.''

ക്ലാസ്സു കഴിഞ്ഞയുടനെ ബർണർ ചിരിച്ചുകൊണ്ടു് എൻെറ അടുക്കൽ വന്നുപറഞ്ഞു: ''ആ പയ്യൻ നിർബന്ധബുദ്ധിക്കാരനാവുകയാണെങ്കിൽ നീ അവനെ ഗൗരവമായി ഭയപ്പെടുത്തണം. ഇതു പററില്ല. നമ്മളതനുവദിക്കാനും പോകുന്നില്ല. ഞാൻ രംഗത്തു വരുന്നില്ല. ഞാൻ ഇതിൻെറ പിന്നിലുണ്ടെന്ന കാര്യവും അവൻ അറിയരുതു്. മനസ്സിലായോ?'' വാസ്തവത്തിൽ ഹാൻസിൻെറ നേക്കു് എനിക്കു ദയ തോന്നി. എങ്കിലും ധീരതയോടുകൂടി ക്ലാസ്സിൻെറ ഒത്തൊരുമിച്ചുള്ള ആക്രമത്തെ അവൻ ചെറുക്കുന്നതിനെപ്പററി ചിന്തിച്ചപ്പോൾ എനിക്കു് ഒരു ക്രൂരമായ ആനന്ദം അനുഭവപ്പെട്ടു.

ഉച്ചഭക്ഷണത്തിനുശേഷം എൻെറ ഭാഗ്യം ഞാനൊന്നു പരീക്ഷിച്ചുനോക്കി. ഓട്ടോ സിനിമക്കു പോയിരുന്നതിനാൽ ഞങ്ങൾക്കു സ്വതന്ത്രമായി സംസാരിക്കാൻ സാധിച്ചു. ഞാൻ ആരംഭമിട്ടു. ''ഹാൻസ്, കേൾക്കൂ; വാസ്തവത്തിൽ നീ ഇന്നു ചെയ്തതു് വെറും മണ്ടത്തരമാണ്. പക്ഷെ നീ അതു മനസ്സിലാക്കിയില്ല.''

''എന്തു്, മണ്ടത്തരമോ?'' വായിച്ചുകൊണ്ടിരുന്ന പുസ്തകം കൊട്ടിയടച്ചു് കിടക്കയിൽ നിവർന്നിരുന്നു് എന്നെ തുറിച്ചുനോക്കിക്കൊണ്ടു് ഹാൻസ് ചോദിച്ചു.

എങ്ങനെ ക്ലാസ്സു മുഴുവൻ, മതപാഠം നടത്താതിരിക്കുവാൻ സമ്മതിച്ചിരിക്കുന്നുവെന്നു് ഞാൻ ഹാൻസിനോടു പറഞ്ഞു. ശാന്ത

നായിരുന്നു് അവൻ എല്ലാം മൂളികേട്ടു. കുറച്ചുസമയം ചിന്തിച്ചിരുന്നശേഷം ഇപ്രകാരം പറഞ്ഞു:

''ഈ ഡോക്ടർ ഷ്ളിററ്സർ നിങ്ങൾക്കു് കാര്യങ്ങൾ വളരെ എളുപ്പമാക്കുന്നു. അതുകൊണ്ടു് പഠനത്തിൽ അശേഷം താല്പര്യമില്ലാത്തവരാണു് നിങ്ങളെന്നുള്ളതു് എനിക്കു മനസ്സിലാകുന്നുണ്ടു്. അനുകരണയോഗ്യനായി എന്നെ കാണിക്കുന്നതു് ഞാനൊട്ടും ഇഷ്ടപ്പെടുന്നില്ലെന്നു് നിനക്കറിയാം. എന്നാൽ എന്തുതന്നെ സംഭവിച്ചാലും ഞാൻ മതപഠനം നടത്തും. ഞങ്ങളുടെ പ്രൊഫസർ ഇൻസ്ബ്രൂക്കിലെ ഡോക്ടർ ഹൈഡറിനെ ഞാനോർക്കുന്നു. അദ്ദേഹം ശരിക്കും ഒരു മതാദ്ധ്യാപകനായിരുന്നു. അദ്ദേഹം നമ്മുടെ ക്ലാസ്സിൽ ഒരു പ്രസംഗം നടത്തിയാൽ കാണാം ആ ''സ്വതന്ത്ര്യവാക്ക''ളെല്ലാം എത്ര ചെറുതാണെന്നു് അവർക്കു തോന്നുമെന്നു്. അവർക്കു മതത്തെപ്പററി യാതൊരു ഗ്രാഹ്യവുമില്ല. അതുകൊണ്ടു്, ഫ്രിററ്സ്, ഇക്കാര്യത്തിൽ ഒരുതരത്തിലുമുള്ള നിർദ്ദേശങ്ങളും ക്ലാസ്സിൽനിന്നു ഞാൻ സ്വീകരിക്കുകയില്ല.''

''ഹാൻസ്, ഇത്ര അവിവേകമായി പെരുമാററരുതു്.'' അവനെ ബോദ്ധ്യപ്പെടുത്താനായി ഞാൻ പറഞ്ഞു: ''അല്ലെങ്കിൽ ക്ലാസ്സിൽ സംഘട്ടനമുണ്ടാകും. ക്ലാസ്സു് ഇത്തരം കാര്യങ്ങൾ ഇഷ്ടപ്പെടുന്നില്ല.''

''ഞാൻ എന്തു പഠിക്കണം എന്തു പഠിക്കേണ്ട എന്നു നിർദ്ദേശിക്കുവാൻ അവരാരാണു്? പറയൂ. ഇതു് വിഡ്ഢിത്തമാണു്. ഇവിടെ തലയിടുവാൻ അവർക്കെന്തു കാര്യം?''

"അങ്ങനെയെങ്കിൽ, ഹാൻസ്, നിനക്കു് പി. യു. ജി. ഐ. യെ നേരിടേണ്ടി വരും. അപ്പോളറിയാം എന്തു സംഭവിക്കുമെന്നു്."

ജിജ്ഞാസയോടുകൂടി എന്നെ നോക്കിക്കൊണ്ടു് ഹാൻസ് ചോദിച്ചു: ''എന്താണീ പി. യു. ജി. ഐ.?''

''ക്ലബ്ബിൽ നിന്നുള്ള പത്തു വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന പോപ്പുലർ യൂണിയൻ ഓഫ് ജർമ്മൻ ഇൻസ്റ്റിററ്യൂട്ട്സ് എന്നാണു് പി. യു. ജി. ഐ യുടെ മുഴുവൻ പേരു്. ഇൻസ്ബ്രൂക്കിൽവച്ച് ഇതേപ്പററി നീ കേട്ടിട്ടില്ലേ? ക്ലബ്ബിലെ പത്തു പേർ ഇതിലെ അംഗങ്ങളാണു്.''

ഹാൻസ് പൊട്ടിച്ചിരിച്ചു: ''അവരുടെ നീണ്ട പേരുപോലെ അവർ ധൈര്യശാലികളാണെങ്കിൽ അവർ തീർച്ചയായും ഭയങ്കരന്മാരായിരിക്കണം''.

എൻെറ ക്ഷമ നശിച്ചുതുടങ്ങിയിരുന്നു "ഇതു കളിയൊന്നുമല്ല ഹാൻസ്; വഴങ്ങുകയാണു് നിനക്കു നല്ലതു്. നിനക്കു വേണ്ടിടത്തോളം മതപഠനം നടത്തിക്കോ. അതു് ക്ലാസ്സിൽ കാണിക്കരുതു്''.

രോഷാകുലനായിട്ടാണു് ഹാൻസ് ഇപ്പോൾ എന്നെ നോക്കിയതു്. "അതുതന്നെയാണു് ഞാൻ സമ്മതിക്കാത്തതു്. ഒന്നും എന്നെ

അടിച്ചേല്പിക്കുവാൻ ആരേയും ഞാൻ അനുവദിക്കുകയില്ല നിനക്കു റിയാം മാർക്കിൻെറ കാര്യമല്ല ഞാൻ നോക്കുന്നതു്. ഇതു് പി. യു. ജി. ഐ. ക്കാരുടെ കാര്യമൊന്നുമല്ലെന്നു് ഞാൻ അവരെ മനസ്സിലാക്കികൊടുക്കും.''

''നീ അതു സമ്മതിച്ചുകൊടുക്കില്ല അല്ലേ?''

''ഇല്ല''

''നല്ല കാര്യം'' ഞാൻ പെട്ടെന്നു പറഞ്ഞു. ഞാൻ നിനക്കൊരു മുന്നറിയിപ്പു നൽകണമെന്നേ ആഗ്രഹിച്ചുള്ളൂ. നീ തെററിദ്ധരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വ്യക്തിപരമായി പറഞ്ഞാൽ ഞാൻ പി. യു. ജി. ഐ ക്കനുകൂലമല്ല എന്നാലും സംഗതികൾ ചൂടായാൽ എനിക്കു നിന്നെ സഹായിക്കാൻ കഴിയുകയില്ല.

''ഞാൻ തീർച്ചയായും തെററിദ്ധരിക്കുകയില്ല ഫ്രിററ്സ്. മാത്രമല്ല അവർ എന്നെ അത്ര എളുപ്പത്തിൽ വളയ്ക്കുമെന്നു് നീ ആകുലനാവുകയും വേണ്ട.''

പിറേറദിവസം രാവിലെ കർട്ട് ബർണർ എന്നെ കാത്തിരിക്കുകയായിരുന്നു.

''എശ്ഗർ, സംഗതികൾ എങ്ങനെ പോകുന്നു?''

''ഒരു രക്ഷയുമില്ല. അവൻ സമ്മതിക്കില്ല; ഒരുതരത്തിലും വഴങ്ങാത്തവനാണു്. തനി ടൈറൊളീസ് ''ഉരുപ്പടി''.

ബെർണർ തോൾ കുലുക്കിക്കൊണ്ടു് പരിഹാസദ്യോതകമായി പറഞ്ഞു ''അവനതു് അപകടമാണു്. അവനതു കാണും......''

ആ നിമിഷത്തിൽ ഡോ. ഷ്ലിററ്സർ ക്ലാസ്സിലേക്കു വന്നു. അദ്ദേഹം ഇരുന്നു് പുസ്തകം തുറന്നശേഷം തൻെറ കണ്ണടയുടെ മുകളിൽക്കൂടി ചുററുപാടുമൊന്നു നോക്കി.

''കേൾക്കട്ടെ, മോശ, സുവിശേഷങ്ങളുടെ വിശ്വാസയോഗ്യതയെപ്പററി നിനക്കെന്തോണു പറയാനുള്ളതു്.''

വിജൃംഭിച്ച പ്രതീക്ഷ ക്ലാസ്സിനെ ഗ്രസിച്ചു. എല്ലാവർക്കുമറിയാമായിരുന്നു ഹാൻസിനു് താക്കീതു നൽകപ്പെട്ടിരുന്നുവെന്നു്. എന്നിട്ടും അവൻ കഴിഞ്ഞ ദിവസത്തെ വിവരണം പരിപൂർണ്ണമായ ആത്മവിശ്വാസത്തോടെ, കൃത്യമായും സ്വസ്ഥമായും ആവർത്തിച്ചു പറഞ്ഞു.

''വളരെ നല്ലതു്. ഉത്തമം'' അവസാനം പ്രൊഫസർ പറഞ്ഞു. ''മടിയന്മാരല്ലായിരുന്നെങ്കിൽ നിങ്ങൾക്കു് എന്തു ചെയ്യുവാൻ കഴിയുമെന്നാണു് ഇവിടെ കാണുന്നതു്''.

ക്ലാസ്സ് കഴിച്ചു് കഴിഞ്ഞതേയുള്ളു, പി. യു. ജി. ഐ. യുടെ നേതാവായ എറിക്ക് റൂട്ട്മെയർ ഹാൻസിനെ സമീപിച്ചു.

ഹാൻസിന്ന് തൻെറ അസ്വസ്ഥത മറച്ചുപിടിക്കുക സാദ്ധ്യമല്ലായിരുന്നു. എങ്കിലും സ്വയം നിയന്ത്രിക്കുവാൻ അവൻ പരിശ്രമിച്ചു.

''ശ്രദ്ധിക്കു, മോശം'' റൂട്ട്മേയർ തുറന്ന പരിഹാസസ്വരത്തിൽ പറഞ്ഞു. ''നമ്മുടെ ക്ലാസിൽ മതത്തെ സംബന്ധിച്ചു പഠിക്കേണ്ട എന്നു് എഗ്ഗെർ നിന്നെ നേരത്തെ അറിയിച്ചിരുന്നില്ലേ?''

ഹാൻസ്സ് പുച്ഛത്തോടെ അയാളെ നോക്കി.

''തീർച്ചയായും. ആവശ്യമെങ്കിൽ അങ്ങനെ ചെയ്യുന്നു ഞാൻ എഴുതി തെളിവു തരാം''

''മിടുക്കൻ പയ്യൻ......ങ്ഹാ'' അവൻ തന്നെ കടത്തി വെട്ടിയെന്ന വിചാരത്തോടെ പരിഹാസസ്വരത്തിൽ റൂട്ടുമേയർ പറഞ്ഞു: ''ഒരു കാര്യം ഞാൻ പറഞ്ഞേക്കാം. ഇനി ഇത്തരം വേണ്ടാതിനവും കൊണ്ടു ക്ലാസ്സിലേക്കു വന്നാൽ നീ നിന്നെത്തന്നെ അപകടത്തിലാക്കുകയാവും. ഇതു് ഒരു താക്കീതായി എടുത്തുകൊള്ളൂ.''

ഹാൻസിൻെറ മുഖത്തുനിന്നും പുഞ്ചിരി മാഞ്ഞു. അവൻെറ മുഖഭാവം ഉറച്ചതും ഇരുമ്പുപോലെ ശക്തവുമായി. തൻെറ എതിരാളിയുടെ നേരേ നോക്കിയപ്പോൾ അവൻെറ കണ്ണുകൾ ആൽപൈൻ കൊടുമുടികളിലെ മഞ്ഞുകട്ടികൾപോലെ പ്രകാശത്താൽ ഉജ്ജ്വലമായി തിളങ്ങി. അവൻ നിവർന്നുനിന്നു. അവൻെറ നോട്ടം റൂട്ട്മേയറിനെ വെല്ലുവിളിച്ചു. മഹത്തരമായ ഒരു കാഴ്ചയായിരുന്നു അതു്.

റൂട്ട്മേയറിനെ സംബന്ധിച്ചിടത്തോളം ആ നോട്ടത്തെ നേരിടുക അസാദ്ധ്യമായിരുന്നു. ഒരു നിമിഷത്തേക്കു് കണ്ണുകളിൽ വിദ്വേഷം ഉണ്ടായിരുന്നുവെങ്കിലും അടുത്ത നിമിഷത്തിൽ അവൻ ചഞ്ചലിച്ചു് ദൃഷ്ടി തിരിച്ചു. ഹാൻസ് ഒരക്ഷരം പറഞ്ഞില്ല. പരിപൂർണ്ണമായ ആത്മനിയന്ത്രണത്തോടെ തിരിഞ്ഞു്, തൻെറ പുസ്തകവുമെടുത്തു് അവൻ നടന്നുപോയി.

മൂന്നു ദിവസം കഴിഞ്ഞു് മതപഠനക്ലാസ്സിനു മുമ്പു്, തൻെറ ഡസ്ക്കിൽ ടൈപ്പു ചെയ്തു മടക്കിയ ഒരു കുറിപ്പു് അവൻ കണ്ടു.

മേൽവിലാസം: ഹാൻസ്മോളിന്—പത്താംസ്റ്റാൻഡാർഡ്.

എന്തായിരിക്കുമതെന്ന ആകാംക്ഷയോടെ അവൻ അതു പരിശോധിച്ചു. ക്ലാസ്സിലെ മററംഗങ്ങൾ ഇതുമായി യാതൊരുവിധത്തിലും ബന്ധപ്പെടാത്തവരെന്നു് നടിച്ചുവെങ്കിലും അവർ തങ്ങളുടെ കൺകോണുകളിലൂടെ അവനെമാത്രം ശ്രദ്ധിക്കുകയായിരുന്നു കുറിപ്പു് വായിച്ചുകഴിഞ്ഞപ്പോൾ ഹാൻസ് അല്പം ലജ്ജിതനായി. അവൻ അതു വീണ്ടും വായിച്ചു. പിന്നീടു് അതു രണ്ടായി കീറി പോക്കററിലിട്ടു. ക്ലാസ്സിൻെറ അവസാനം അവൻ അതു് എന്നെ കാണിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. ''അടുത്ത പ്രാവശ്യം മതപഠനക്ലാസ്സിൽ നിന്നോടു ചോദിക്കുന്നതു് നിൻെറ അവസാന

ത്തെ അവസരമായിരിക്കും. നിനക്കു മുന്നറിവു നൽകിയിട്ടുള്ളതാണ്. ക്ലാസ്സിൻെറ നിയമവും നിനക്കറിയാം. അതിനു വഴങ്ങാൻ വിസമ്മതിക്കുന്നപക്ഷം ഭവിഷ്യത്ഫലങ്ങൾ അനുഭവിക്കേണ്ടതായി വരും.—പി. യൂ. ജി. ഐ. 10–ാം സ്റ്റാൻഡാർഡ്".

അടുത്ത മതപഠനക്ലാസ്സിനു വന്നപ്പോഴേയ്ക്കും ഹാൻസ് ഒരു തീരുമാനമെടുത്തുകഴിഞ്ഞിരുന്നു. പാഠങ്ങൾ വീണ്ടും ആവർത്തിക്കുവാൻ സ്വമേധയാ തയ്യാറായിക്കൊണ്ട് സംഗതികൾ അതിൻെറ ഗൗരവാവഹമായ ഭാഗത്തേക്ക് അവൻ കൊണ്ടുവന്നു. കഴിഞ്ഞ രണ്ടു കൊല്ലമായി ആരും അങ്ങനെ ചെയ്തിട്ടില്ല. ഹാൻസിൻെറ ഉത്സാഹം പ്രൊഫസറെ വളരെ സന്തുഷ്ടനാക്കി. അദ്ദേഹം അവനെ പ്രശംസിക്കുകയും കഴിഞ്ഞദിവസത്തെ വിശദീകരണം ഒരിക്കൽക്കൂടി ആവർത്തിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഹാൻസ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ക്ലാസ്സിൽ ഒരു കുറിപ്പ് കൈമാററം ചെയ്യപ്പെട്ടു. "മോസം എന്ന ആ ദ്രോഹിയെ ബഹിഷ്ക്കരിക്കണം. ഇതിൽ സഹകരിക്കാത്തവരെല്ലാം ശിക്ഷിക്കപ്പെടും". പി. യൂ. ജി. ഐയ്ക്കു വേണ്ടി, റൂട്ട്മെയർ.

ക്ലാസ്സിൻെറ ഈ തീരുമാനത്തെക്കുറിച്ച് ഹാൻസ് അറിഞ്ഞതേയില്ല. വിശ്രമസമയത്തുപോലും ആരും അവനോടു സംസാരിക്കാതിരുന്നത് അവനെ ആശ്ചര്യപ്പെടുത്തി. ഞാൻ അവനെ ഒഴിഞ്ഞുമാറി. ക്ലബ്ബിലെ ഒരംഗത്തോട് ഹാൻസ് ഒരു ചോദ്യം ചോദിച്ചുവെങ്കിലും അയാൾ ഉത്തരം കേൾക്കാതെ പുറംതിരിഞ്ഞുകളഞ്ഞു. അപ്പോഴാണ് മരിയസഖ്യാംഗമായ ഹെർബെർട്ട് അതുവഴി കടന്നുപോയത്. ഹാൻസ് അവനോടു സംസാരിച്ചു. ഹെർബെർട്ട് ഒരു ധൈര്യശാലിയായിരുന്നതിനാൽ ഈ അവസരത്തിലും നിരോധനത്തെ പുച്ഛിച്ച് ഹാൻസുമായി സംസാരിക്കാൻ തുടങ്ങി. അതു കഴിഞ്ഞു ക്ലാസ്സാരംഭത്തിൽ പെട്ടെന്നു് ഞങ്ങൾ ഒരു കരച്ചിൽ കേട്ടു. അതു് ഹെർബെർട്ടിൻേറതായിരുന്നു. അവനിരുന്നതു് മനപ്പൂർവ്വം ബഞ്ചിന്മേൽ കുത്തിനിറുത്തിയിരുന്ന മൂന്നു മൊട്ടുസൂചികളിന്മേലാണ്. ക്ലാസ്സ് സന്തോഷത്തിൽ ഇളകിമറിഞ്ഞു. ഇതായിരുന്നു ആദ്യത്തെ ശിക്ഷ. അത്ര വലുതല്ലായിരുന്ന ആ വേദന ഹെർബെർട്ട് കടിച്ചമർത്തി. എന്നാൽ അതുപോലെ തരംതാണ ഒരു പ്രവൃത്തിയിലുള്ള ലജ്ജയുടെയും അമർഷത്തിൻെറയും കണ്ണുനീർ നിയന്ത്രിക്കുക അവനു വിഷമമായിരുന്നു.

ക്ലാസ്സിൻെറ സമയത്തു് അവൻ ഒരു ചെറിയ കുറിപ്പെഴുതി തൻെറ മുമ്പിലിരുന്ന ഹാൻസിനു കൊടുത്തു. "പ്രിയ മോസം, അവസാനംവരെ ഞാൻ നിൻെറകൂടെയുണ്ട്. ഇന്നു മുതൽ ഞാനും മതപഠനം നടത്താം. എൻെറ നിശ്ചയം വൈൻമാനേയും ഗില്ലിനേയും ഞാനറിയിക്കാം. ഒന്നിച്ചു നിന്നാൽ നമുക്ക് ബാക്കിയുള്ളവരെക്കൂടി നമ്മുടെ ചൊല്പടിയിലാക്കാം. എന്താ ശരിയല്ലേ?"

അതു വായിച്ചശേഷം അംഗീകാരമെന്നോണം ഹാൻസ് തല കലുക്കി.

ഈ പുതിയ ആശയവിനിമയത്തിന് ഹെർബെർട്ട് ശിക്ഷിക്കപ്പെട്ടു. അവൻ കൈകഴുകിക്കൊണ്ടിരിക്കുമ്പോൾ റൂട്ട്മെയർ അവൻെറ നേരെ തിരിഞ്ഞു് പെട്ടെന്ന് മുഖത്തൊരടി. ഹെർബർട്ട് തന്നാലാവുന്ന വിധത്തിൽ അതിനെ ചെറുത്തു. അതിൻെറ ഫലം ഒരു മൽപിടുത്തംതന്നെയായിരുന്നു.

ഇത്തരത്തിലുള്ള സംഘട്ടനങ്ങൾ സാധാരണസംഭവങ്ങളായി ത്തീർന്നു, പിന്നീടുള്ള ആഴ്ചകളിൽ. ഹാൻസ് മാത്രമല്ല അവരുടെ എതിരാളിയെന്നും, 'ബ്ളാക്കുകൾ' എന്നറിയപ്പെടുന്ന മൂന്നുപേരും അവനോടൊപ്പം ചേർന്നിട്ടുണ്ടെന്നുമുള്ള വിവരം പി. യു. ജി ഐ ക്കാരെ തികച്ചും അസംതൃപ്തരാക്കി. ഈ മൂന്നുപേരും പി. യു. ജി. ഐ. ക്കാരുടെ ബഹിഷ്ക്കരണപരിപാടിയെ അവഗണിച്ചുവെന്നു മാത്രമല്ല അതുകൊണ്ടുതന്നെ ഹാൻസിനോടു കൂടുതൽ സമ്പർക്കം പുലർത്തുകയും ചെയ്തു. മതപരമായ കാര്യങ്ങളിൽ അവർ ഹാൻസിൻെറ മാതൃക അനുകരിച്ചു. ഈ ചെറിയ സമൂഹം എല്ലാ കാര്യത്തിലും യോജിച്ചും ഉറച്ചും നിന്നു. പ്രത്യേകിച്ച്, എതിരാളികളുടെ പൊട്ടിത്തെറിക്കലുകളിൽ. ബർണറിൻെറ രഹസ്യമായ പ്രേരണമൂലം റൂട്ട്മെയർ ഏററം നീചമായ മാർഗ്ഗങ്ങൾ പ്രയോഗിക്കുകയായിരുന്നു, അവരെ ഭയപ്പെടുത്താൻ.

ഒരു ദിവസം ഞങ്ങൾ വിനോദയാത്രയ്ക്കു പുറപ്പെട്ടു, കാൾട്ടൺ ലെൻറ്ഗേഹനിലേയ്ക്കു്. ആ അവസരത്തിൽ ഹാൻസ് തനിയെ, വളരെ പിന്നിൽ, സാവധാനം നടന്നുവരുമ്പോൾ ഒരു കററിക്കാടിനരികെ വച്ച് റൂട്ട്മെയറും കിങ്കരന്മാരുംകൂടി അവനെ ആക്രമിച്ചു. അവർ അവനെ മൃഗീയമായി മർദ്ദിച്ചു. ഹാൻസ് തന്നാലാവും വിധത്തിൽ എതിരിത്തെങ്കിലും നാലുപേരുടെ മുമ്പിൽ ശക്തിഹീനനായിരുന്നു.

കുറച്ചുസമയം ഹാൻസിനെ ആക്രമിച്ചുപദ്രവിച്ച ശേഷം അവർ ഓടി മറഞ്ഞു. അവൻെറ ശരീരത്തിൽ നിന്നും ചോര ഒഴുകി. ഒരു കാലിനല്പം ഉളുക്കും പററി. വിനോദയാത്രാസംഘത്തെ കുറെ അകലെയായി കുറച്ചിട അവൻ പിൻതുടർന്നു, വേദനയോടെ വേച്ച് വേച്ച്. ഒരരുവിയുടെ തീരത്തെത്തിയപ്പോൾ അവൻ തൻെറ മുറിവുകൾ കഴുകിത്തുടച്ച് വെച്ചുകെട്ടി. ആ ദിവസം രാത്രി, ഉറങ്ങുന്നതിനു മുമ്പ് ആരുമാരും ശ്രദ്ധിക്കാതിരുന്ന ആ സംഭവം ഹാൻസ് എന്നോടു പറഞ്ഞു എന്നെ മാത്രമേ അവൻ വിശ്വസിച്ചിരുന്നുള്ളു. അവൻെറ മൂന്നു കൂട്ടുകാർപോലും ഈ കാര്യമറിഞ്ഞില്ല.

ഇതും ഇതുപോലുള്ള ഹീനവും ലജ്ജാകരവുമായ പ്രവൃത്തികൾ വഴി പി. യു. ജി. ഐ. ക്കാർ മതത്തെ ആവുംവിധം അപഹസിച്ചുകൊണ്ടിരുന്നു. ഹാൻസിനെയും കൂട്ടുകാരേയും എങ്ങനെയെങ്കിലും

വേദനിപ്പിക്കുന്നതിൽ അവർ ഉത്സുകരായി. ഇന്നും അമർഷത്തോടു കൂടി മാത്രമേ കഴിഞ്ഞ സംഭവങ്ങളെ എനിക്കു സ്മരിക്കാനാവൂ. ഹീനങ്ങളായ ആഭാസപ്രകടനങ്ങളും സഭ്യേതരങ്ങളായ തമാശകളും വഴി മതത്തെയും, ഒരു ചെറുപ്പക്കാരൻ ഏററം ഹൃദ്യവും പരിശുദ്ധവു മായി കരുതുന്നതിനേയും അപഹസിക്കുവാൻ അവർ ശ്രമിച്ചു.

ഹാൻസിനു് ആ റൗഡിസംഘത്തിൽനിന്നു് ഒട്ടേറെ സഹി ക്കേണ്ടിവന്നു. ദ്വേഷ്യം അവൻെറ ഹൃദയത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. കേവലം നിസ്സാരമായ ഒരു സംഗതി മതിയായിരുന്നു ആ അമർഷത്തെ ഒരു കൊടുങ്കാററായി രൂപപ്പെ ടുത്താൻ. ഹാൻസിനിങ്ങനെ കൂടുതൽ നാരം തുടരുക വിഷമമാണെ ന്നെനിക്കു മനസ്സിലായി.

എൻെറ നിഗമനം ശരിയായിരുന്നുതാനും. ഈ മൽപ്പിടുത്തം ആരംഭിച്ചതിനു ശേഷം മൂന്നാഴ്ചകരം പ്രത്യേകസംഭവങ്ങളൊന്നും കൂടാതെ കടന്നുപോയി. പക്ഷേ ഒടുവിൽ ആ വലിയ പൊട്ടിത്തെറി നടന്നു. ആ സംഭവം ഒരിക്കലും വിസ്മരിക്കുക സാദ്ധ്യമല്ല.

ഒരുദിവസം രാവിലെ പതിനൊന്നുമണിക്കുള്ള വിശ്രമസമയം റൂട്ട്മെയർ പ്ലാററുഫോറത്തിൽ കയറി. അവൻെറ "ഉപഗ്രഹങ്ങരം" ചുററും നിന്നു. അവനൊരു പ്ലാക്കാർഡ് പിടിച്ചിരുന്നു. അതി ന്മേൽ മാതാവിൻെറ ലുത്തിനിയായുടെ ഹാസ്യമായ അനുകരണമാ യിട്ടു കുറെ പ്രാത്ഥനകരം അവൻ എഴുതാൻ തുടങ്ങി. ഓരോ പ്രാത്ഥ നയും വലിയ കൂക്കുവിളികളോടെയാണു് സ്വീകരിക്കപ്പെട്ടതു്. കുറേപ്പേർ ''ഞങ്ങരംക്കുവേണ്ടി പ്രാത്ഥിക്കണമേ'' എന്നുപോലും വിളിച്ചുപറഞ്ഞു. ഭൂരിഭാഗം പേരും വെറും പ്രേക്ഷകരെപ്പോലെ അവരവരുടെ സ്ഥലങ്ങളിൽ അടങ്ങിയിരുന്നു. ഹാൻസ് കുനിഞ്ഞു് 'ഇവയൊന്നും എന്നെ സംബന്ധിക്കുന്നവയല്ല' എന്ന ഭാവത്തോടെ അലക്ഷ്യമായി ഒരു പുസ്തകം നിവർത്തി അതിലേക്കു കണ്ണുംനട്ടി രുന്നു. പ്രത്യേകം അവഹേളനാപരമായ ഒരു സൂചന പ്രാത്ഥനയിൽ കേട്ടപ്പോരം പെട്ടെന്നു് തൻെറ ബഞ്ചിൽനിന്നും അവൻ ചാടിയെ ണീററു. മൂന്നുനാലു ചുവടുകരം വെച്ചു് അവൻ പ്ലാററുഫോറത്തിനഭി മുഖം ചെന്നുനിന്നു, കോപത്തോടെ.

''ഉം, മാറിത്തരണം'' ഹാൻസ് ഉറക്കെ ആക്രോശിച്ചു.

റൂട്ട്മെയറിനെ ചുററി നിന്നിരുന്നവർ ഇടത്തും വലത്തുമായി ചിതറി മാറി. മദ്ധ്യഭാഗത്തു് ആ നവാഗതൻ തനിച്ചു്, നിവന്നു്, തൻേറടത്തോടെ നിലകൊണ്ടു. അവൻെറ കണ്ണുകരം ജ്വലിച്ചു. അമർത്തപ്പെട്ട കോപത്താൽ മുഖം വെളുത്തു വിളറി. ക്ലാസ്സിൽ ശ്മശാനമൂകത വ്യാപിച്ചു.

''നിങ്ങരം തെമ്മാടികരം,...ഇതു മതി'' എന്നു പറഞ്ഞുകൊ ണ്ടു് ഹാൻസ് റൂട്ട്മെയറിൻെറ മുഖമടച്ചു് ആഞ്ഞടിച്ചു രണ്ടുതവണ. പെട്ടെന്നു പിറകോട്ടു മാറി റൂട്ട്മെയറിൻെറ കിങ്കരന്മാരോടായി അലറി:

''നിങ്ങൾ ഭീരുക്കൾ......ഒരാൾക്കെതിരെ പത്തുപേർ .....''

"പിടിക്കവനെ" കോപത്താൽ കിതച്ചുകൊണ്ടു് റൂട്ട്മെയർ ആക്രോശിച്ചു.

പക്ഷേ ആ നിമിഷം സ്ഥിതിഗതികൾ അപ്രതീക്ഷിതമായിട്ടെന്നവണ്ണം വ്യത്യാസപ്പെട്ടു. പി. യു. ജി. ഐ. ക്കാരൊഴിച്ചുള്ള ക്ലാസ്സു മുഴുവനും തന്നെ ഹാൻസിനെ അനുകൂലിച്ചു.

''ഹാൻസ് പറഞ്ഞതു ശരി......നിങ്ങൾ ഭീരുക്കളുടെ ഒരു പററമാണു്. അവനെ റൂട്ട്മെയറോടുകൂടി തനിയെ വിടുക''. അവർ പറഞ്ഞു. എല്ലാവരും ബെഞ്ചുകളിൽനിന്നു് എണീററു് എതിരാളികൾ രണ്ടുപേക്കും ചുററുംകൂടി. ഇതു പിള്ളേരുകളിയല്ലെന്നു റൂട്ടുമേയറിനു് മനസ്സിലായി. ചഞ്ചലമനസ്സോടെ അവൻ ഏതാനും ചുവടുകൾ മുന്നോട്ടു വച്ചു. അടുത്ത ക്ഷണത്തിൽ കൂട്ടുകാർ അവനെ തനിയെ വിട്ടു പിന്മാറി. നിഷ്പക്ഷരായ ഒരുസംഘം കാണികൾ റൂട്ട്മേയറിനു പിന്നിൽ നിരന്നു, അനുചിതങ്ങളായ ഇടപെടലുകൾ തടയുന്നതിനായി.

നിമിഷത്തിനകം ഹാൻസ് നേരേ മുന്നോട്ടു കുതിച്ചു് അവനെ തൻെറ കൈകളിൽ വരിഞ്ഞുപിടിച്ചു. ജീവിതത്തിലാദ്യമായി ശത്രുവിനെ ഒററയ്ക്കു നേരിടേണ്ടിവന്ന ആ പി. യു. ജി. ഐ. നേതാവു്, അന്ധമായി പൊരുതി......കടിക്കുകയും മാന്തുകയും അടിക്കുകയും ചെയ്തുകൊണ്ടു്. പക്ഷേ ഹാൻസ് പിടി ഒട്ടും അയച്ചുകൊടുത്തില്ല. ശാന്തമായി, ദീർഘമായി ശ്വസിച്ചുകൊണ്ടു് നേരേ മുമ്പിൽ നിൽക്കുന്ന റൂട്ടുമേയറിന്മേലുള്ള തൻെറ പിടി ഒന്നുകൂടെ മുറുക്കി. റൂട്ട്മേയർ കുനിയുന്നതിനു ശ്രമിച്ചു. പക്ഷേ ശക്തിയായ ഒരു തള്ളൽ അവൻെറ ബാലൻസു തെററിച്ചു. അവൻ നിലത്തുവീണു. ഒപ്പം ഹാൻസും. നിലത്തു കിടന്നുകൊണ്ടു് അവർ കുറേ നേരംകൂടി മൽപിടുത്തം തുടർന്നു. അവരുടെ കിതയ്ക്കുന്ന ശ്വാസോച്ഛ്വാസങ്ങൾ ഞങ്ങൾക്കു കേൾക്കാമായിരുന്നു. ഏതാനും നിമിഷങ്ങൾക്കകം റൂട്ട്മേയർ നിലംപരിശായി മലർന്നു കിടക്കുന്ന കാഴ്ചയാണു് ഞങ്ങൾ കണ്ടതു്.

ഷൗവർ സാവധാനത്തിൽ ഉയർന്ന സ്വരത്തിൽ എണ്ണി, "ഒന്നു്, രണ്ടു്, മൂന്നു്—പത്തു്'' ഹാൻസ് ജയിച്ചുകഴിഞ്ഞു. ക്ലാസ്സിൽ ഒരു ഗംഭീരമായ വിജയാഭിനന്ദനം പ്രതിദ്ധ്വനിച്ചു. ''കൊള്ളാം മോൾ! എന്തൊരു മൽപ്പിടുത്തം. നന്നായിരിക്കുന്നു.''

ഹാൻസ് അവൻെറ പിടി അയച്ചുകൊണ്ടു് പിറകോട്ടു മാറി. അവൻെറ കൈകളിലും ചുണ്ടുകളിലുംനിന്നു രക്തം ഒലിച്ചുകൊണ്ടിരുന്നു. മുഖം വിയർപ്പുകൊണ്ടു നിറഞ്ഞിരുന്നു. ഗില്ലും ഹെർബർട്ടും വസ്ത്രത്തിലെ പൊടി തട്ടിക്കളയുവാൻ അവനെ സഹായിച്ചു.

റൂട്ട്മേയറിൽ മുറിവൊന്നും കാണ്മാനില്ലായിരുന്നു. എങ്കിലും അവൻ തീരെ കഷ്ടപ്പെട്ടുപോയി. അവനു നിവർന്നു നിൽക്കുക തന്നെ വിഷമമായി തോന്നി. വെറുപ്പും കോപവും ആ മുഖത്തു് കാണപ്പെട്ടിരുന്നു.

ഹാൻസ് മുന്നോട്ടു വന്നു് കൈയ് നീട്ടി "എന്നെ സമാധാന മായി വിടുമോ?" എന്നു് കുലീനത്വം നിറഞ്ഞ ശാലീനതയോടെ ചോദിച്ചു.

"എടാ പന്നീ" റൂട്ടുമയർ പുറംതിരിഞ്ഞുകൊണ്ടു് കോപിച്ചു ലറി.

"നീയാണു പന്നി" ഷൗവർ വിളിച്ചുപറഞ്ഞു.

ഹാൻസിനനുകൂലമായ ഉച്ചത്തിലുള്ള ഹർഷാരവങ്ങളാൽ ക്ളാസ് വീണ്ടും മുഖരിതമായി.

ആ നിമിഷം അടുത്ത ക്ളാസിനുള്ള മണിയടിച്ചു.

ഹാൻസ് തിടുക്കത്തിൽ (ബ്ളാക്ക്)ബോർഡിനടുത്തുള്ള പാത്ര ത്തിൽ കൈകഴം കഴകി; തുവാല കൊണ്ടു മുഖം തുടച്ചു; കിതച്ചു കൊണ്ടു് അവന്റെ സ്ഥാനത്തേയ്ക്കു പോയി.

ആ ദിവസം മുതൽ ഹാൻസ് ഒരു പുതുപ്പുള്ളി ആയിരുന്നില്ല. മററുള്ളവരെപ്പോലെ അവൻ അംഗീകരിക്കപ്പെട്ടു. അതിനുശേഷം മതപ്രശ്നത്തെപ്പററി ആരും ഒരു വാക്കുപോലും സംസാരിച്ചില്ല. ഹാൻസിനും കൂട്ടുകാർക്കും യഥാർത്ഥ കത്തോലിക്കരായി ജീവി ക്കുന്നതിനും അങ്ങനെ സ്വയം വെളിപ്പെടുത്തുന്നതിനും സ്വാതന്ത്ര്യം ലഭിച്ചു.

## അദ്ധ്യായം മൂന്ന്

# കെണി വയ്ക്കുന്നു

ഹാൻസും പി. യു. ജി. ഐ.യും തമ്മിലുള്ള വഴക്കിൻെറ സമയം ബർണർ വളരെ സൂക്ഷിച്ച പിന്നിൽ നിൽക്കുകയാണു ചെയ്തതു്. അതു് അവൻെറ ഭാഗത്തുനിന്നുമുള്ള തന്ത്രപൂർവ്വമായ ഒരു നീക്കമായിരുന്നു. ഹാൻസിനെ 'തയ്യാറാ'ക്കുന്നതിനും അവൻെറ മേൽ വിജയം വരിക്കുന്നതിനും വേണ്ട പുതിയ പദ്ധതികളുമായി രംഗത്തു വരുവാൻ ഇപ്പോൾ അവനു കഴിയുന്ന നിലയിലായി.

ക്ലാസ്സിൽ വച്ചുള്ള ലഹള കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കു ശേഷം ഒരു നീണ്ട കൂടിയാലോചനയ്ക്കായി, തൻെറ വീട്ടിലേക്കു ചെല്ലുന്നതിനു് ബർണർ എന്നെ ക്ഷണിച്ചു. അവനെ ഞാനാദ്യമായി സന്ദർശിക്കുവാൻ പോകുകയായിരുന്നു അന്നു്. അവൻെറ അപ്പച്ചൻെറ ഗംഭീരമായ വേനൽക്കാല വസതി പട്ടണത്തിൻെറ സമ്പന്നമായ ഭാഗത്താണു് സ്ഥിതി ചെയ്തിരുന്നതു്.

ബർണർ ജനലിൽക്കൂടെ എന്നെ കണ്ടു. എന്നെ സ്വീകരിക്കുവാൻ അവൻ താഴേക്കിറങ്ങി വന്നു. മര്യാദ നടിച്ചുകൊണ്ടു് എൻെറ ഓവർ കോട്ടു് എടുത്തുമാററുന്നതിൽ അവൻ എന്നെ സഹായിക്കുകയും

സ്വീകരണമുറിയിലേക്കു് എന്നെ ആനയിക്കുകയും ചെയ്തു. അവിടെവച്ച് അവൻ എന്നെ അവൻെറ അമ്മയ്ക്കു പരിചയപ്പെടുത്തി. ''അമ്മേ, എൻെറ സ്നേഹിതൻ എഗ്ഗ്രറിനെ പരിചയപ്പെടുത്തട്ടെ''.

''മിസ്സിസ് ബർണർ പുഞ്ചിരിക്കുകയും മനോഹരങ്ങളായ രത്നങ്ങൾ കൊണ്ടലങ്കരിച്ച അവരുടെ കൈ നീട്ടി ഹസ്തദാനം ചെയ്യുകയുംചെയ്തു. ''എൻെറ കർട്ടിനെ ചിലപ്പോഴൊക്കെ സന്ദർശിക്കുന്നതു് വലിയ ഔദാര്യമാണു്. നിങ്ങളെക്കുറിച്ച് അവൻ എന്നോടു പറഞ്ഞിട്ടുണ്ടു്. ഇനി മുതൽ കൂടുതലായി ഞങ്ങളെ സന്ദർശിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.''

''ഭവതി അനുവദിക്കുമെങ്കിൽ'' മര്യാദയോടെ ആചാരം ചെയ്തുകൊണ്ടു് ഞാൻ പറഞ്ഞു.

''തീർച്ചയായും മി. ഫ്രീററ്സ്! പരസ്പരധാരണയും പ്രോത്സാഹനവും ലഭിക്കുന്ന നല്ല സ്നേഹിതർ കർട്ടിനുണ്ടാകണമെന്നാണെൻെറ ആഗ്രഹം. കൂടുതലായി ഇനി നിങ്ങളെ താമസിപ്പിക്കുന്നില്ല. നിങ്ങൾ ഒന്നിച്ചു പഠിക്കാൻ ആഗ്രഹിക്കുന്നെന്നു് കർട്ടു് എന്നോടു പറഞ്ഞു. ഇക്കാലത്തു് വിദ്യാർത്ഥികൾക്കു വലിയ ഭാരമാണു്. അവർക്കു വളരെയധികം പഠിക്കാനുണ്ടു്''.

''ലില്ലീ'' വാതിൽക്കൽ നിന്നുകൊണ്ടു് അവർ വിളിച്ചു. ''രണ്ടുപേർക്കു ചായ കർട്ടിൻെറ മുറിയിലേക്കു കൊണ്ടുവരിക''.

ഞങ്ങൾ മിസ്സിസ് ബർണറിനോടു യാത്ര പറഞ്ഞു് കർട്ടിൻെറ മുറിയിലേക്കു പോയി. മുറി എന്ന പേരു് അത്ര യോജിച്ചതല്ലെന്നു പറയാം. ഒരു ഹാളായിരുന്നു അതു്. മനോഹരമായ കയററുമെത്തയും കറുത്ത തട്ടുമുട്ടുസാമാനങ്ങളുമുള്ള ഒരു ഹാൾ.

ബർണർ സോഫായിലിരുന്നു് കാലിന്മേൽ കാലുകൾ കയററിവച്ചു. അവൻ പുഞ്ചിരിച്ചുകൊണ്ടു് വെള്ളികൊണ്ടുള്ള സിഗററുപെട്ടി എനിക്കു വച്ചുനീട്ടി.

''നീ കേട്ടായിരുന്നോ നമുക്കൊത്തിരി പഠിക്കാനുണ്ടെന്നു് എൻെറ നല്ല അമ്മ പരാതിപ്പെടുന്നതു്? ഹ! ഹ! ഇപ്പോഴും അമ്മ എന്നെ ഒരു കുഞ്ഞായിട്ടാണു് കണക്കാക്കുന്നതു്. അത്രയും നന്നു്. ഈ വയസ്സായ മനുഷ്യർ നമ്മളെപ്പററി എത്ര കുറച്ച് അറിയുന്നുവോ അത്രയ്ക്കു നല്ലതു്.''

അവൻ കരുതിക്കൂട്ടിയുള്ള പ്രൗഢിയോടെ സോഫായിൽ ചാരിക്കിടന്നു. കുറച്ചുനേരം, സിഗററിൻെറ പുകയുടെ നേരേ നോക്കിക്കൊണ്ടു്, മിണ്ടാതിരുന്നു. പെട്ടെന്നു് എൻെറ നേരേ തിരിഞ്ഞു്, അക്ഷമതയോടെ ചോദിച്ചു: ''മോളിൻെറ കാര്യം എങ്ങനെ പോകുന്നു?''

''മുമ്പിലത്തേതുപോലെ തന്നെ.''

''അവനെ പൈകത്താൻ കെട്ടിയെടുക്കട്ടെ!'' അവൻ പിറുപിറുത്തു. ആ മതപരിപാടി ഒരു തികഞ്ഞ പരാജയമായിപ്പോയി. നമ്മരം അതു് കുറേക്കൂടി നന്നായി ശരിപ്പെടുത്തേണ്ടതായിരുന്നു ഈ കൗശലങ്ങരംകൊണ്ടൊന്നും നമുക്കവനെ വളച്ചെടുക്കുവാൻ പററുകയില്ല. അവനെ വേറൊരുവശത്തുകൂടി കൈകാര്യം ചെയ്യേണം. എനിക്കൊരു പദ്ധതിയുണ്ടു്. നീ അവനെ വിളിച്ചു് കക്ഷിക്കു് എന്തുമാത്രം ''അറിയാ''മെന്നു് കണ്ടുപിടിക്കണം. നിനക്കു് മനസ്സിലാകുന്നുണ്ടോ? അവൻ അവൻെറ കണ്ണു തുറന്നിട്ടുണ്ടോയെന്നും അതുപോലുള്ള മററു കാര്യങ്ങളും കണ്ടുപിടിയ്ക്കു്. അവൻ ഇപ്പോഴും നിഷ്കളങ്കനായിരിക്കണം. എങ്കിൽ നിനക്കു് അവൻെറ ജിജ്ഞാസയെ അല്പമൊന്നു് ഉണർത്താം. പിന്നെ അവൻ കാര്യങ്ങരം നന്നായിട്ടു് പഠിക്കാൻ പോകയാണു്. അവൻ എങ്ങനെ കെണിയിൽ വീഴുമെന്നു് നിനക്കു കാണുവാൻ സാധിക്കും. ഇക്കാര്യത്തിൽ ആക്രം പിടിച്ചുനില്ക്കുവാൻ സാധിക്കുകയില്ല. എന്നാൽ നമ്മരം അവനെ കൈയ്ക്കു പിടിച്ചു്, സൂക്ഷിച്ചു്, വഴിയറിഞ്ഞു പോകണം. ഒന്നും ഒററയടിയ്ക്കു ചെയ്യരുതു്. ആദ്യം അവൻെറ കണ്ണു തുറക്കണം. പിന്നെ തീ കത്തി പടരട്ടെ. ബാക്കിയുള്ളവയെല്ലാം താനേ വന്നുകൊള്ളും.''

വേലക്കാരി ചായ കൊണ്ടുവന്നു അവരം ഞങ്ങരംക്കു് അഭിവാദനം ചെയ്തുകൊണ്ടു്, തട്ടം മേശപ്പുറത്തു വച്ചു; പ്ലേററുകരം തിരിച്ചുവെച്ച ശേഷം ഉപചാരപൂർവ്വം തല കുനിച്ചിട്ടു് തിരിച്ചു പോകുകയും ചെയ്തു.

പ്രതീക്ഷിക്കാവുന്നതുപോലെ, അവരം മുറിയിലായിരുന്നപ്പോരം ബർണർ സംഭാഷണവിഷയം മാററി. അവരം പോയപ്പോരം ഹാൻസിൻെറ കാര്യത്തിലേയ്ക്കു് തിരിച്ചു വന്നു. സ്വന്തം പദ്ധതികരം അവൻ വിശദമായി അവതരിപ്പിച്ചു. ഞാൻ അടുത്ത ദിവസങ്ങളിൽ ഹാൻസിനോടു സൗഹാർദ്ദപൂർവ്വം സംസാരിച്ചു് അവനെ മനസ്സിലാക്കണം. അതിൽ യാതൊരു അപകടവും ഇല്ലാതിരുന്നതുകൊണ്ടു് അതു ചെയ്യുവാൻ ഞാൻ സമ്മതിച്ചു. അതൊരു രസകരമായ വീരകൃത്യമായിരിക്കുമെന്നു് ഞാൻ സങ്കല്പിച്ചു.

ഞാൻ മടങ്ങിയപ്പോരം ഞങ്ങരം കർട്ടിൻെറ സഹോദരി ഹെൽമയെ കണ്ടു.

''ഹല്ലോ എഗ്ഗർ'' അവരം എന്നെ അഭിവാദ്യംചെയ്തു. ഞങ്ങരംക്കു് പരസ്പരം അറിയാമായിരുന്നു. പതിനഞ്ചു വയസ്സുള്ള, സന്തോഷപ്രകൃതത്തോടു കൂടിയ അവരം ഇൻസ്റ്റിററ്യൂട്ടിൽ 9--ാം സ്റ്റാൻഡാർഡിലാണു പഠിച്ചിരുന്നതു്.

''ഹല്ലോ ഹെൽമാ'' ഹസ്തദാനം ചെയ്തപ്പോരം ഞാൻ പറഞ്ഞു.

''ഞങ്ങളെ ചിലപ്പോഴൊക്കെ കാണുവാൻ വരുന്നതു് വളരെ അഭികാമ്യമാണു്. എനിക്കു് ഇക്കാര്യം എത്സാ ലാങ്ങ്ഗറിനോടു പറയണം'' ഒരു കസൃതി പുഞ്ചിരിയോടുകൂടി അവരം പറഞ്ഞു. എത്സ എന്റെ കൂട്ടുകാരിയായിട്ടാണു് അറിയപ്പെട്ടിരുന്നതു്.

''മിണ്ടാതെ കടന്നു പോടീ, മണ്ടിപ്പെണ്ണേ,'' കർട്ട് ഉറക്കെപ്പറഞ്ഞു. ''പെൺകുട്ടികളുടെ ചുററും കറങ്ങിനടക്കകയല്ലാതെ വേറൊന്നും ഞങ്ങരംക്ക ചെയ്യുവാനില്ലെന്നാണൊ നിങ്ങളുടെ വിചാരം? അതാണു് ഞങ്ങരം ചെയ്യണമെന്നു് മണ്ടികളായ നിങ്ങരം ആഗ്രഹിക്കുന്നതു്.''

''വലിയ നടനമൊന്നും വേണ്ടാ,'' അവരം അവജ്ഞയോടെ ഉത്തരം പറഞ്ഞു. ''എല്ലി ഷോബറുമായി ദിവസവും സൊള്ളുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എനിക്കു് അതിനേപ്പററി ഒന്നും അറിയാമ്മേലാത്തപോലെ.''

''പോടീ,'' അലസമായി അവൻ പറഞ്ഞു. ഗോവണി കയറിയപ്പോഴും മുകളിൽ നിന്നു് ഞങ്ങളെ അഭിവാദനം ചെയ്തപ്പോഴും അവരംക്കു് ചിരിയടക്കാൻ കഴിഞ്ഞില്ല.

''ഹെൽമ ഒരു തമാശക്കാരിയാണു്'' ഞാൻ അഭിപ്രായപ്പെട്ടു.

''അവരം അവളുടെ പാട്ടിനു പോകട്ടെ'' എന്നു പറഞ്ഞുകൊണ്ടു്, ''നമ്മരം അവളെ ഗൗനിക്കേണ്ടതില്ല'' എന്നു് അത്ഥം വരത്തക്കവിധം ബർണർ ഒരാംഗ്യം കാണിച്ചു. എന്നിട്ടു് ഗംഭീരഭാവത്തോടെ ഇങ്ങനെ കൂട്ടിച്ചേർത്തു: ''അവരം ഇപ്പോഴും ഒരു കുട്ടിയാണു്.''

''ദൈവത്തിനു സ്തുതി'' ഞാൻ എന്നോടുതന്നെ പറഞ്ഞു.

മൂന്നു ദിവസം കഴിഞ്ഞു് എന്റെ ഭാഗ്യദിവസം വന്നു. ഹാൻസും ഞാനും മുഖാഭിമുഖമായി ഞങ്ങളുടെ മുറിയിൽ ഇരിക്കുകയായിരുന്നു. കുടുംബത്തിനു് ഒരാളേക്കൂടി, ഒരു ആൺകുഞ്ഞിനേക്കൂടി, കിട്ടിയെന്ന വാത്തയോടുകൂടിയ ഒരു എഴുത്തു് വീട്ടിൽനിന്നും അവനു കിട്ടി. അതു് അഞ്ചാമത്തെ കുട്ടിയായിരുന്നു. മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരും. നിറഞ്ഞ സന്തോഷത്തോടെ ഹാൻസ് എഴുത്തു് എന്നെ കാണിച്ചു.

''അവൻ എങ്ങനെയിരിക്കുന്നുവെന്നു കാണാൻ എനിക്കു് വലിയ ആഗ്രഹമാണു്. അവക്കു് അവന്റെ പേരു് എന്നോടു പറയാൻ മേലായിരുന്നോ? അക്കാര്യം അവർ മറന്നുപോയിക്കാണും.''

ഞാൻ എഴുത്തു വായിച്ചു് അവനെ അഭിനന്ദിച്ചു. ആ മറയിൽ, ബർണർ എന്നോടു നിർദ്ദേശിച്ചിരുന്നതുപോലെ, ഞാനവനോടു ചോദ്യങ്ങരം ചോദിക്കുവാൻ തുടങ്ങി. ആദ്യം അവൻ പരിപൂർണ്ണ ലാളിത്യത്തോടുകൂടി ഉത്തരം പറഞ്ഞു. ചില ചോദ്യങ്ങരം ചോദിച്ചപ്പോരം അവൻ അല്പമൊന്നു നാണിച്ചു. എന്നാൽ ഞാൻ പ്രധാന

വിഷയത്തിലേയ്ക്കു വന്നപ്പോഠം അവൻ കീഴ്പോട്ടു നോക്കി ചിന്തിച്ചുകൊണ്ട് സ്വല്പസമയത്തേയ്ക്ക് നിശബ്ദനായിരുന്നു. എന്നിട്ട് ഉറച്ച സ്വരത്തിൽ ഇങ്ങനെ പറഞ്ഞു:

''മതി, ഫ്റിററ്സ്. ദൈവം ഇക്കാര്യങ്ങളെല്ലാം എത്ര ബുദ്ധിപൂർവ്വമായും ലോലമായും സജ്ജീകരിച്ചിരിക്കുന്നുവെന്ന് എൻെറ മതാദ്ധ്യാപകൻ എനിക്കു വിവരിച്ചു തന്നിട്ടുണ്ട്. ഈ വിഷയത്തിൽ എനിക്ക് കൂടുതൽ വിശദീകരണമൊന്നും ആവശ്യമില്ല. എനിക്കു കിട്ടിയവിധം ഓരോ കുട്ടിക്കും ഇക്കാര്യങ്ങഠം വിശദീകരിച്ചു കിട്ടിയിരുന്നെങ്കിൽ ചിലർ ചെയ്യുന്നതുപോലെ ഇവയേപ്പററി ആരും സംസാരിക്കുകയില്ലായിരുന്നു. കേട്ടോ ഫ്രിററ്സ്, ഞാൻ ഒരു കാര്യം പറയാം: എൻെറയടുത്ത് ആ വൃത്തികെട്ട വർത്തമാനവുമായി ആരെങ്കിലും വരുകയാണെങ്കിൽ മൂന്നു ദിവസത്തേയ്ക്ക് അവൻ കട്ടിലിൽ കഴിഞ്ഞുകൂടത്തക്ക ഒരു പ്രഹരമായിരിക്കും അവനു കിട്ടുന്നത്.''

ആ രാത്രി കിടക്കാൻപോയപ്പോഠം വളരെനേരത്തേയ്ക്ക് എനിക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല. ഒരു പുതിയ ലോകം എൻെറ മുമ്പിൽ വിരിഞ്ഞുകഴിഞ്ഞിരുന്നു. ആദ്യമായിട്ടാണ് ഇക്കാര്യങ്ങളേപ്പററി നിർമ്മലവും അന്തസ്സുററതുമായ രീതിയിൽ ആരെങ്കിലും സംസാരിക്കുന്നതു ഞാൻ കേട്ടത്. ഇന്നുവരെ എനിക്കു കിട്ടിയ അറിവുകളെല്ലാം അശ്ലീല സ്രോതസ്സുകളിൽനിന്നുമായിരുന്നു.

ബർണറിനോടും അവൻെറ സകല പദ്ധതികളോടും എനിക്ക് അങ്ങേയററം വെറുപ്പു തോന്നി. ഹോ! എത്ര ഉന്നതനായിട്ടാണ് ഹാൻസ്, അവനുമായി താരതമ്യപ്പെടുത്തുമ്പോഠം, പ്രത്യക്ഷപ്പെടുന്നത്. കൂടാതെ, ഞാൻ യൂദാസിൻെറ ഭാഗം അഭിനയിക്കണം. ഞാൻ ലജ്ജിച്ചു തല താഴ്ത്തി.

അർദ്ധരാത്രിയോടുകൂടി ഞാൻ ഉറങ്ങി. എന്നാൽ അതിനുമുമ്പു തന്നെ ഞാൻ ഒരു ദൃഢനിശ്ചയം ചെയ്തിരുന്നു. ആ ചീഞ്ഞഴിഞ്ഞവൻ, ബർണർ, ആവശ്യമുണ്ടെങ്കിൽ അവൻെറ ഭാഗ്യം പരീക്ഷിക്കട്ടെ. പക്ഷേ, ഞാൻ അതിൽ പങ്കെടുക്കുന്ന പ്രശ്നമേയില്ല.

എൻെറ തീരുമാനം ബർണറിനെ അറിയിക്കുന്നതിനു രണ്ടു ദിവസം ഞാൻ കാത്തിരുന്നു. അവൻ തന്നെ എൻെറ പ്രാഥമികാന്വേഷണങ്ങളേപ്പററി ചോദിച്ചുകൊണ്ടുവന്നു.

''മോളിൻെറ കാര്യം എന്തായി?'' അവൻ ചോദിച്ചു.

''വളരെ കേമം'' പുഞ്ചിരിച്ചുകൊണ്ട് ഞാൻ മറുപടി പറഞ്ഞു അവൻെറ നോട്ടത്തിൽ ആശ്ചര്യം തിങ്ങിനിന്നു. ''അതെങ്ങനെ? അതിനു നീ എന്തു ചെയ്തു?''

''ഞാനൊന്നും ചെയ്തില്ല. അവനെ പരിശീലിപ്പിക്കേണ്ട ആവശ്യമേ ഇല്ല. അവനു് സകലതും അറിയാം.''

അത്ഭുത പരതന്ത്രനായി ബർണർ എന്നെ സൂക്ഷിച്ചുനോക്കി. ''അസാദ്ധ്യം! പൂച്ചസന്യാസി! ഇതു വിശ്വസിക്കാനാവില്ല അക്കാര്യത്തെക്കുറിച്ചു പറയൂ.''

''പ്രത്യേകിച്ച് ഒന്നും പറയുവാനില്ല. ഒരച്ചൻ എല്ലാക്കാര്യവും അവനു വിശദീകരിച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വളരെ പരിശുദ്ധമായിട്ടാണു് ഹാൻസ് പരിഗണിക്കുന്നതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഇടപെടാൻ അവൻ ആരെയും അനുവദിക്കില്ല.''

''അതു ശരി! അപ്പോൾ അതാണു കഥ. ആ പുണ്യവാളനു് അതെല്ലാം അറിയാം.''

ഞാൻ തല കുലുക്കി. ഒരു ശാപം അവന്റെ ചുണ്ടുകളിൽനിന്നു പുറപ്പെട്ടു.

''ഇനി എന്താണു നമ്മൾ ചെയ്യേണ്ടതു്?''

''അവനെ സ്വതന്ത്രനായി വിടുന്നതാണു് ബുദ്ധി''. ഞാൻ മുന്നറിയിപ്പു നൽകി.

''നീയൊരു ഭീരുവാണു്'' കോപാക്രാന്തനായി അവൻ പറഞ്ഞു. ''ആക്രമണം പുനരാരംഭിക്കേണ്ടതു് ഇപ്പോൾ കൂടുതൽ ആവശ്യമാണു്. എന്താണു് ചെയ്യേണ്ടതു് എന്നെനിക്കറിയാം. നല്ല വിശദീകരണങ്ങളും മററുമുള്ള വിലയേറിയ ഒരു പുസ്തകം എന്റെ കൈവശമുണ്ടു്. വായിക്കാനായി നീ അതു് അവനു കൊടുക്കണം. എന്നാൽ എന്നെപ്പററി ഒരു വാക്കുപോലും മിണ്ടരുതു്.''

''ഇല്ല. ഈ സംരംഭത്തിൽ എനിക്കു പങ്കില്ല''. ഞാൻ അവനോടു തീർത്തു പറഞ്ഞു.

''എന്തു്, എന്റെ കൈ പൊള്ളിക്കാനാണോ നീ ആഗ്രഹിക്കുന്നതു്?'' ചിന്തിക്കാനായി അവനല്പം നിറുത്തി. ''ശരി. ഇതു ഞാൻ തന്നെ ചെയ്യാം. പോസ്റ്റ് വഴി അതയയ്ക്കാം. ഇതെവിടെനിന്നു് വരുന്നെന്നു് അവൻ അറിയുകയില്ല. ഒരു കാരണത്താലും ഞാൻ ഈ രസംപിടിച്ച കളിയിൽനിന്നും പിന്മാറുകയില്ല. ഞാനവനെ എങ്ങനെ എന്റെ പോക്കററിലാക്കുമെന്നു കണ്ടോ.''

ഞാൻ അലക്ഷ്യമായി തോളിളക്കി അവന്റെ ചെകിട്ടത്തടിക്കാൻ എനിക്കു തോന്നിയെങ്കിലും പരസ്യമായി അവനുമായി ഭിന്നിക്കാൻ എനിക്കു സാദ്ധ്യമല്ലായിരുന്നു. ബർണറെ തന്റെ ശത്രുവാക്കുവാൻ ഞാൻ ആരെയും ഉപദേശിക്കയില്ല.

അടുത്ത പ്രഭാതത്തിൽത്തന്നെ ഹാൻസിനു് പുസ്തകം കിട്ടി. മുറിയിൽ മേശയ്ക്കരുകിൽ ഞങ്ങൾ ഇരിക്കുകയായിരുന്നു. ''മിസ്റ്റർ ഹാൻസ്മോസ്, C/o ഡോ. എഗ്ഗർ, വിയന്നാ IX, വാംഗാസ്സേ 126'' എന്ന അഡ്രസ്സ് അതിൽ ടൈപ്പു ചെയ്തിരുന്നു.

ഹാൻസ് പാഴ്സൽ തുറന്ന് പുസ്തകത്തിൻെറ തലക്കെട്ടു വായിച്ചു. അവൻ ആശ്ചര്യഭരിതനായി അതയച്ചതാരു എന്ന് നോക്കി. അതു കാണായ്കയാൽ പുസ്തകം തുറന്ന് പേജുകൾ മറിച്ചു നോക്കി. അതിലെ ചിത്രങ്ങൾ കണ്ട് അവൻെറ മുഖം വിളറുന്നതു ഞാൻ കണ്ടു. പെട്ടെന്ന് കസേരയിൽനിന്ന് ചാടി എണീററ് അവൻ ചോദിച്ചു. "കേംബ്ലു ഫ്രീററ്സ്, ആരായിരിക്കും ഇതയച്ചതു്?"

"എന്താണു കുഴപ്പം?" പുസ്തകമെടുത്തു് പരിശോധിക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു. എനിക്കു് ആ ചിത്രങ്ങൾ വളരെ പരിചിതങ്ങളായിരുന്നു. എങ്കിലും ഞാൻ വിദ്വേഷവും വെറുപ്പും പ്രകടിപ്പിച്ചു.

"ആരാണ് ഇതെനിക്കയച്ചതു്?" ഹാൻസ് വീണ്ടും ആക്രോശിച്ചു. ആ ചോദ്യത്തിൽ ഭീഷണിയുടെ സ്വരം ഉണ്ടായിരുന്നു. അവൻ രോഷാകുലനായി.

"എനിക്കറിയാൻ പാടില്ല ഹാൻസ്, പക്ഷേ ശ്രദ്ധിക്കു. ഇതു മിക്കവാറും പി. യു. ജി. ഐ.യിൽനിന്ന് ആരെങ്കിലും നിന്നെ ശല്യപ്പെടുത്താൻ അയച്ചതായിരിക്കും".

"ശരിയാണ് ഫ്രീററ്സ്. ഇങ്ങനെ ഒന്ന് അവരെപ്പോലെ താണ വര്ഗ്ഗങ്ങളിൽനിന്നേ വരികയുള്ളു. എന്നാൽ ഇതിനി തിരിച്ചു കിട്ടുമെന്ന് അവൻ പ്രതീക്ഷിക്കുന്നെങ്കിൽ വിധിദിവസം വരെ കാത്തിരിക്കണം."

എന്നിട്ട് അവനാപ്പുസ്തകമെടുത്തു്, തുറന്നു നോക്കുകപോലും ചെയ്യാതെ, തീയിലേക്കെറിഞ്ഞു. അപ്പോൾ തീയുടെ ചൂടു കൊണ്ടെന്നതിനേക്കാളേറെ വികാരോഗ്രത മൂലം അവൻെറ മുഖം ചുവന്നു തുടുത്തിരുന്നു.

"ഫ്രീററ്സ്, ആരെങ്കിലും ഈ പുസ്തകത്തെപ്പററി ചോദിച്ചാൽ നീ ഇതെല്ലാം പറഞ്ഞേക്കു."

"എങ്കിലും ഹാൻസ്, എന്താണ് നീയിത്ര വീണ്ടുവിചാരമില്ലാതെ പ്രവര്ത്തിക്കുന്നതു്? അത്തരമൊരു പുസ്തകം ഒരു കാരണവും കൂടാതെ കത്തിക്കേണ്ടിയിരുന്നില്ല."

"ഞാൻ എന്തു ചെയ്യണമെന്നാണ് നീ പ്രതീക്ഷിക്കുന്നതു്? ചീത്തപ്പുസ്തകങ്ങൾ യുവാക്കളെ വഴിതെററിക്കുന്നു എന്നതിനെപ്പററി ഒരു നാടകം 'ഫ്രാംപ്ടെസിൽ' വച്ച് ഞാൻ കണ്ടു. നമ്മുടെ ഇൻസ്റ്റിററ്യൂട്ടിൽ അത്തരമൊരു നാടകം അഭിനയിക്കേണ്ടതാണ്. നീ അതു കണ്ടിരുന്നെങ്കിൽ ഞാൻ ചെയ്തതുപോലെതന്നെ നീയും ചെയ്യുമായിരുന്നെന്ന് എനിക്കുറപ്പുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും പുസ്തകം എൻെറ കൈയിൽ കിട്ടിയാൽ അതു കത്തിച്ചുകളയു

മെന്നു് അന്നു ഞാൻ ഒരു തീരുമാനമെടുത്തു. ഓട്ടോ ആ ബുക്കെങ്ങാൻ കണ്ടായിരുന്നെങ്കിൽ, ഒന്നു ചിന്തിക്കു......എന്തൊരു കഷ്ടം......''

അവനോട്ട് യോജിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. ബർണ്ണറെപ്പററി ചിന്തിച്ചപ്പോറം അവൻ സന്നിഹിതനായിരുന്നെങ്കിൽ എന്നു് ഞാൻ ആശിച്ചു. അവനു് അതു് എന്തു നല്ല ഒരു പാഠമായിത്തീരുമായിരുന്നു!

ഹാൻസിനു് ആ ബുക്കു് കിട്ടുകയും അവൻ അതു് വായിക്കുകയും ചെയ്യുകയുണ്ടായോ എന്നു് കർട്ടു് ബർണർ എന്നോടു ചോദിച്ചപ്പോറം, ഞാൻ അവനോടു കള്ളം പറഞ്ഞു. ഞാൻ അതിനെപ്പററി പ്രത്യേകം ഒന്നും ശ്രദ്ധിച്ചിട്ടില്ലെന്നു്. ഞാൻ വീട്ടിലില്ലായിരുന്ന സമയത്തു് അവനു് അതു് ലഭിച്ചിട്ടുണ്ടാകുമെന്നും, അവൻ അതു് എന്തു ചെയ്തുവെന്നു് അറിയാൻ പാടില്ലെന്നും ഞാൻ പറഞ്ഞു.

''എങ്ങനെയായാലും അവൻ അതു വായിച്ചിട്ടുണ്ടാകും ''ബർണർ തറപ്പിച്ചു പറഞ്ഞു.

''ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. ഞാൻ അവനെ അറിയുന്നിടത്തോളം, അവൻ അതു് തീയിലിടാനാണു് സാദ്ധ്യത'' ഞാൻ മറുപടി പറഞ്ഞു.

നവംബർമാസം അവസാനിക്കാൻ പോവുകയായിരുന്നു. ഹാൻസിൻെറ കാര്യങ്ങളെല്ലാം തുടർന്നുള്ള ആഴ്ചകളിൽ ഭംഗിയായി നടന്നു. ബർണർ കുറച്ചുനാളത്തേക്കു് അവനെ തനിയെ വിട്ടു. എങ്കിലും അവൻെറ പ്ലാനുകറം ഒന്നും ഉപേക്ഷിച്ചിരുന്നില്ല. ''നമുക്കു് ഒരു പുതിയ സംരംഭം തുടങ്ങാം''. ക്രിസ്മസ്സു് അവധിക്കു മുൻപു് അവൻ എന്നോടു പറഞ്ഞു.

ഹാൻസിൻെറ മനോഭാവത്തെപ്പററി ക്ലാസിൽ പിന്നീടു് ആരും തന്നെ ബദ്ധപ്പെട്ടിരുന്നില്ല. ഇഷ്ടമുള്ളതുപോലെ പ്രവത്തിക്കുവാൻ അവനു സ്വാതന്ത്ര്യമുണ്ടായിരുന്നു. പി. യു. ജി. ഐ. ഒഴിച്ചു് ബാക്കി എല്ലാ കുട്ടികളോടും അവൻ വളരെ സൗഹാർദ്ദപൂവ്വം പെരുമാറി. ഒരു റെഡ്സുകാരൻ പോലും ഹാൻസുമായി സഖിത്വത്തിലേർപ്പെടുകയും അതുവഴി മതകാര്യങ്ങളിൽ തല്പരനാകുകയും ചെയ്തു.

ബ്ളാക്സുമായി ഹാൻസ് വളരെ അടുത്ത ബന്ധം തുടർന്നു. അവൻ അവരുടെ നേതാവും പ്രായോഗികമായി, സവ്വസൈന്യാധിപനുമായി പരിഗണിക്കപ്പെട്ടുപോന്നു. ആ ചെറിയ ഗ്രൂപ്പ് ക്ളാസ്സിൽ നിർണ്ണായകമായ ഒരു ശക്തിയായി വളരുകയും ക്ലബ്ബ്സ്പോലും അതംഗീകരിക്കേണ്ടി വരുകയും ചെയ്തു. ഞങ്ങളുടെ ചരിത്രാദ്ധ്യാപകൻ കത്തോലിക്കാസഭയെ പുച്ഛിച്ചു തരംതാഴ്ത്താൻ ശ്രമിച്ചപ്പോഴൊക്കെ ആ നാലുപേരും അതിനെ ധൈര്യസമേതം എതിർത്തു. മുമ്പൊക്കെ ആരും അദ്ദേഹത്തിൻെറ അഭിപ്രായത്തെ

പ്പററി ഗൗനിച്ചിരുന്നില്ല. എന്നാൽ ഇപ്പോഠം അങ്ങനെയല്ലായിരുന്നു. ബ്ളാക്സ് അദ്ദേഹത്തിൻെറ ആക്രമണങ്ങളെ എണീററു നിന്നു് പ്രതിഷേധിക്കുകയും ഖണ്ഡിക്കുകയും ചെയ്തു. ഒരവസരത്തിൽ ഡയറക്ടറുടെ പക്കൽ ആവലാതിപ്പെടുമെന്നു് ഹാൻസ് അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകപോലും ചെയ്തു. പ്രൊഫസ്സർ അപ്പോഠം ഉഗ്രമായ കോപം കാണിച്ചു. എന്നാൽ അവസാനം പരാജയം സമ്മതിച്ച് തെററായ അഭിപ്രായങ്ങഠംക്കു് അദ്ദേഹത്തിനു മാപ്പു ചോദിക്കേണ്ടതായി വന്നു. ആ സമയം മുതൽ തനിക്കു കിട്ടിയ മുന്നറിയിപ്പു് അദ്ദേഹം കാര്യമായിട്ടെടുക്കുകയും ചെയ്തു.

## അദ്ധ്യായം നാല്

# ടൈറോളിലെ ക്രിസ്മസ്സ്

ഹാൻസിൻെറ കൂടെ ഫ്രാംപ്മെസിൽ ക്രിസ്തുമസ്സ് അവധി ചിലവഴിക്കാൻ ഓട്ടോയേയും എന്നെയും ക്ഷണിച്ചുകൊണ്ട് ഡിസം ബർ 18–ാം തീയതി എനിക്ക് അമ്മാവൻെറ ഒരു എഴുത്തുകിട്ടി. ഒട്ടോ ഈ വിവരം അറിഞ്ഞപ്പോഠം യഥാർത്ഥത്തിൽ സന്തോഷിച്ചു തുള്ളിച്ചാടി. എൻെറ മനോഭാവവും വ്യത്യസ്തമായിരുന്നില്ല. ആദ്യ മായി പർവ്വതസാനുക്കളിലേക്കു പോകുവാൻ ക്ഷണിക്കപ്പെട്ടപ്പോഠം ആരാണു സന്തോഷിക്കാത്തതു്?

മാതാപിതാക്കന്മാരിൽനിന്നു് അത്യാവശ്യമായ അനുമതി ലഭിക്കുവാനായി ഞങ്ങഠം ഒന്നിച്ചു ചേന്നു. ഹാൻസ് ഞങ്ങളെ സ ഹായിച്ചു. അവസാനം അവരനുവദിച്ചു. ഡിസംബർ 22–ാം തീ യതി കാലത്തു പുറപ്പെടുവാനാണു് ഞങ്ങഠം തീരുമാനിച്ചതു്. അമ്മ ഒരു നിർദ്ദേശം വച്ചു: ''അങ്ങനെയെങ്കിൽ ക്രിസ്മസ് ആഘോഷം അല്പം നേരത്തേയാക്കണം. അല്ലെങ്കിൽ അപ്പച്ചനും ഞാനും തനി ച്ചായിരിക്കും. അതത്ര ഭംഗിയല്ല. അന്നു നാമെല്ലാവരും ഒന്നിച്ചാ യിരിക്കണം.''

ഞങ്ങൾ ആ നിർദ്ദേശം വളരെ ആവേശപൂർവ്വം സ്വാഗതംചെയ്തു. അങ്ങനെ ക്രിസ്മസ് രണ്ടുപ്രാവശ്യം ആഘോഷിക്കുവാൻ ഞങ്ങൾക്കു് അവസരം ലഭിക്കും.

അടുത്ത മൂന്നു ദിവസങ്ങൾ പെട്ടെന്നു പോയി. ലഗ്ഗേജുകൾ ശരിയാക്കാനും തയാറെടുപ്പുകൾക്കുമായി ആ ദിവസങ്ങൾ ചിലവഴിച്ചു. തൻെറ സ്ഥലത്തുതന്നെ, തൻെറ പർവ്വതങ്ങളുടെമധ്യേ, വീണ്ടും ആയിരിക്കുക എന്ന ചിന്ത ഹാൻസിനെയാകെ ഹർഷപുളകിതനാക്കി.

ഡിസംബർ 21-ാം തീയതി ഞങ്ങൾ ക്രിസ്മസ് ആഘോഷിച്ചു. അടുത്തുതന്നെ വരാൻപോകുന്ന യാത്രയുടെ ഓർമ്മ, സാധാരണ ആഘോഷങ്ങളിലുണ്ടാകുന്നതിൽക്കൂടുതൽ സന്തോഷം ഞങ്ങൾക്കു പ്രദാനംചെയ്തു. ക്രിസ്മസ് സമ്മാനങ്ങളായി പുസ്തകങ്ങളും ഉടുപ്പുകളും ഞങ്ങൾക്കു ലഭിച്ചു. ഞാനും ഓട്ടോയും പ്രതീക്ഷിച്ചിരുന്ന സ്കികൾ (Ski) ഇല്ലാതിരുന്നതു് ഞങ്ങൾക്കു് അല്പം ഇച്ഛാഭംഗം ഉളവാക്കി. എങ്കിലും മാതാപിതാക്കന്മാരുടെ ഭാഗത്തുനിന്നുള്ള മറവിയാണതു് എന്നു് എനിക്കു തോന്നിയില്ല. ഞങ്ങൾക്കു് ചെറിയ ഒരാശ്ചര്യം അവർ തയാറാക്കിയതായിരിക്കണം. ഡോ: ഡെഫ്നരുടെ ചിത്രങ്ങളടങ്ങിയ മനോഹരമായ ഒരാൽബവും പർവ്വതാരോഹണങ്ങളെ സംബന്ധിക്കുന്ന ചില പുസ്തകങ്ങളുമാണു് ഹാൻസിനു കിട്ടിയതു്. അതു് അവനെ വളരെ സന്തോഷിപ്പിച്ചു. അവൻെറ ക്രിസ്മസ് സമ്മാനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ അപ്പച്ചൻ കൃത്യമായ ശ്രദ്ധ ചെലുത്തിയിരുന്നു.

പ്രകാശപൂർണ്ണവും സുന്ദരവുമായ ഒരു പ്രഭാതം പ്രതീക്ഷിച്ചുകൊണ്ടു് അന്നു്, പരിശുദ്ധമായ അന്തരീക്ഷത്തിൽ, ഞങ്ങൾ ഉറങ്ങാൻ കിടന്നപ്പോൾ സമയം അർദ്ധരാത്രി കഴിഞ്ഞിരുന്നു.

22-ാംതീയതി രാവിലെ 7 മണിയോടുകൂടിത്തന്നെ അപ്പച്ചൻ ഞങ്ങളെ വെസ്റ്റേൺ സ്റ്റേഷനിലേയ്ക്കു് കാറിൽ കൊണ്ടുപോയി. ഞങ്ങൾ ആനന്ദതുന്ദിലരും ആകാംക്ഷാനിർഭരരുമായിരുന്നു. പ്രത്യേകിച്ചും ഓട്ടോ. സന്തോഷത്താൽ മതിമറന്നു് തൻെറ കൈയിലുണ്ടായിരുന്ന ക്യാൻവാസ് ബാഗുകൊണ്ടു് അവൻ ഫുട്ട്ബാൾ കളിക്കുവാൻ തുടങ്ങി: ആനന്ദത്തിമിർപ്പു് പ്രകടിപ്പിക്കുവാൻ അവൻ കണ്ടുപിടിച്ച മാർഗ്ഗമാണതു്. കാറുകളും തീവണ്ടികളും മലകളും മഞ്ഞുവണ്ടികളും എല്ലാംകൂടി ഒന്നിച്ചപ്പോൾ അവൻെറ സന്തോഷം അതിരുകവിഞ്ഞു.

അര മണിക്കൂറിനു ശേഷം ഞങ്ങൾ 'വിയന്നാ-ലിണ്ടെൻ' എക്സ്പ്രസ്സിൽ കയറി. ട്രെയിനിലിരുന്നുകൊണ്ടു് ഞങ്ങൾ പുറത്തു നിന്നിരുന്ന അപ്പച്ചനു കൈ കൊടുത്തു. ഗാർഡ്, ട്രെയിൻ പോകുവാനുള്ള അടയാളം കാണിച്ചു.

''അപ്പച്ചാ, ഇതു കരയുന്നതിനുള്ള അടയാളമാണ്'' ഓട്ടോ വിളിച്ചുപറഞ്ഞു:

മററുള്ള യാത്രക്കാർ ചിരിച്ചു. അപ്പച്ചൻ പ്ലാററ്ഫോമിൽ നിന്ന് പുഞ്ചിരിച്ചുകൊണ്ട് ഭീഷണിപ്പെടുത്തുന്ന വിധത്തിൽ ഓട്ടോയ്ക്കു നേരേ വിരൽ ചൂണ്ടി.

ഒടുവിൽ ട്രെയിൻ പുറപ്പെട്ടു. അവസാനമായി ഒന്നുകൂടി കൈകൊട്ടലും മംഗളാശംസകളും വിടവാങ്ങുന്ന കൈവീശലും നടത്തിയതോടെ തീവണ്ടി സ്റ്റേഷൻ വിട്ടു.

മഞ്ഞുകാലത്തെ തുളച്ചുകയറുന്ന തണുപ്പ് ഞങ്ങളെ മരവിപ്പിച്ചുകളഞ്ഞു. ഹാൻസ് ജനാല അടച്ചു. അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്ന് ഞങ്ങൾ ആ ദീർഘയാത്രയുടെ സന്തോഷം അനുഭവിക്കാൻ തുടങ്ങി. അങ്ങനെ ഒടുവിൽ ആ യാത്ര ഒരു യാഥാർത്ഥ്യമായി. തീവണ്ടിയുടെ വേഗത വർദ്ധിച്ചു. ഒരിടത്തും നിറുത്താതെ പല സ്റ്റേഷനുകളും അതു കടന്നുപോയി.

കുറെ മണിക്കൂറുകൾക്കു ശേഷം ഇൻസ്ബ്രൂക്കിൽനിന്നും പ്രകാശിക്കുന്ന വിളക്കുകൾ ജനാലയുടെ ചില്ലിന്മേൽ നക്ഷത്രങ്ങൾ കണക്കെ പതിക്കുവാൻ തുടങ്ങി. അവ ഞങ്ങൾക്കുള്ള സ്വാഗതത്തിൻെറ സന്ദേശമായിരുന്നു കൊണ്ടുവന്നതു്. കാരണം ഞങ്ങൾ ലക്ഷ്യത്തോടടുക്കുകയായിരുന്നു.

കുറെ സമയം ഞങ്ങൾ കമ്പാർട്ടുമെൻറിൽ തനിച്ചു കഴിച്ചുകൂട്ടി. ഓട്ടോ ബെഞ്ചിൽ കിടന്നുറങ്ങി. ആ വലിയ യാത്രയും കഴിഞ്ഞ ദിവസങ്ങളിലെ സന്തോഷവും അവനെ ക്ഷീണിതനാക്കിയിരുന്നു. പ്രത്യേകിച്ചും തലേരാത്രി, സന്തോഷാധിക്യംകൊണ്ട് കഷ്ടിച്ച് ഒരു മണിക്കൂർ മാത്രമേ ഉറങ്ങിയിരുന്നുള്ളു.

സന്ധ്യയ്ക്കു സാൽഫെൽഡനിൽ എത്തിയപ്പോൾ ഉറങ്ങുവാൻ ഓട്ടോയെ ഹാൻസ് ഉപദേശിച്ചതാണ്; പക്ഷേ അവൻ അതു നിരസിച്ചു. ഒരു ചെറിയ കുട്ടിയേപ്പോലെ, തീവണ്ടിയിൽ കിടന്നുറങ്ങുവാൻ തന്നോടാവശ്യപ്പെട്ടതു് അവനത്ര രസിച്ചില്ല. ഹാൻസ് എൻെറ നേരേ ആംഗ്യം കാണിച്ച ശേഷം ഓട്ടോയെ പിടിച്ച് ബെഞ്ചിൽ നെടുകെ കിടത്തി. അവന് തലയിണയായി ഞാൻ ആ ക്യാൻവാസ് സഞ്ചി വച്ചുകൊടുത്തു ഒരു പുതപ്പെടുത്തു പുതപ്പിച്ച ശേഷം ലൈററ് അണച്ചു. ഓട്ടോ പകുതി ദേഷ്യത്തോടും പകുതി പുഞ്ചിരിയോടുംകൂടെ ചെറുത്തെങ്കിലും അവസാനം സമ്മതിച്ച് ശാന്തനായി കിടന്നു. അഞ്ചു മിനിട്ടു കഴിഞ്ഞപ്പോഴേയ്ക്കും അവൻ ഗാഢനിദ്രയിലാണ്ടു. ഒടുവിൽ അവനെ ഉണർത്തേണ്ട സമയമായി. പതുക്കെ പുതപ്പിനുള്ളിൽ നിന്നു തല പുറത്തേക്കിട്ട് കോട്ടുവാ ഇട്ടുകൊണ്ട് അവൻ ചോദിച്ചു.

''എന്താണ് സംഗതി?''

‘‘ഇൻസ്ബ്രൂക്ക്’’ ഞാൻ മറുപടി പറഞ്ഞു.

ചാടിയെണീക്കാൻ ശ്രമിച്ചപ്പോഴ് അവൻ ബെഞ്ചിൽനിന്നും വീഴേണ്ടതായിരുന്നു. അവൻ ജനലിൽക്കൂടി പുറത്തേയ്ക്കു നോക്കി. അകലെ, നക്ഷത്രങ്ങൾ കണക്കെ പ്രകാശിക്കുന്ന കുറെ വിളക്കുകളല്ലാതെ മററു യാതൊന്നും കാണുവാനുണ്ടായിരുന്നില്ല. അവൻ ഹാൻസിൻെറ നേരേ തിരിഞ്ഞു. പുറമെ അന്ധകാരത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു:

‘‘അവിടെ എന്താണ്?’’

ചുററുമുള്ള ഇരുട്ടിൽ നിന്നും വ്യത്യസ്തമായി നിറപ്പകിട്ടാർന്ന വെള്ളിവെളിച്ചത്താൽ അലങ്കരിക്കപ്പെട്ട ഒരു കെട്ടിടം അവരുടെ തൊട്ടു മുമ്പിൽ കാണപ്പെട്ടു.

‘‘പാററ്ഷെർ കോഫ് എന്ന സ്റ്റേഷനാണത്.’’ ഹാൻസ് മറുപടി പറഞ്ഞു. ‘‘പിറകിൽ വലതുഭാഗത്തായി സെർലസ്സും ഫ്ളംപ്മെസും. പകൽ ഇവിടെനിന്നു നോക്കിയാൽ സെർലസ്സ് കാണുവാൻ വളരെ മനോഹരമാണ്’’.

ഞങ്ങൾ ഓവർകോട്ടെടുത്തു ധരിച്ചു; ക്യാൻവാസ് സഞ്ചി തോളിൽ തൂക്കിയിട്ടുകൊണ്ട് വരാന്തയിലേയ്ക്കു നടന്നു. പുറത്തേയ്ക്കിറങ്ങുവാനായി വളരെയധികം ആളുകൾ തയാറായിരുന്നു. ട്രെയിൻ ഒരു വളവുതിരിഞ്ഞ് ഒരു പാലത്തിലൂടെ സാവധാനം നീങ്ങി.

‘‘ഇൻ നദി’’ താഴെ മമ്മരശബ്ദത്തോടെ ഒഴുകിയിരുന്ന പുഴ കാണിച്ചുകൊണ്ട് ഹാൻസ് ഓട്ടോയോടു പറഞ്ഞു.

അപ്പോഴേയ്ക്കും ഞങ്ങൾ നഗരത്തിലെ പ്രകാശങ്ങളുടെ മദ്ധ്യേ എത്തിക്കഴിഞ്ഞിരുന്നു. റെയിൽപാളങ്ങളുടെ ഇരുവശങ്ങളിലുമുള്ള തെരുവുകളും കെട്ടിടങ്ങളും നന്നായി കാണാം. ചുവപ്പ്, പച്ച, വെള്ള എന്നീ നിറങ്ങളിലുള്ള അടയാളങ്ങൾ മാറിമാറി വരുന്നത് ജനാലയിൽക്കൂടി ഞങ്ങൾ കണ്ടു. ചക്രങ്ങളുടെ ‘ടക്’’ ‘ടക്’’ ശബ്ദം വളരെ സാവധാനത്തിലായി. ബ്രേക്കിടുന്നതുപോലെ ഞങ്ങൾക്കനുഭവപ്പെട്ടു. കൃത്യം ആറുമണിക്ക് ട്രെയിൻ ഇൻസ്ബ്രൂക്ക് സ്റ്റേഷനിലെത്തി. യാത്രയ്ക്ക് ഏകദേശം പതിനൊന്നു മണിക്കൂറുകൾ എടുത്തു.

ഓട്ടോ അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. മററു യാത്രക്കാർ ഇറങ്ങിക്കഴിയുന്നതുവരെ കാത്തുനിൽക്കുക അവനു് സാദ്ധ്യമായിരുന്നില്ല. സർവ്വശക്തിയുമെടുത്ത് അവൻ അവരെ തള്ളുകയും ഇടയ്ക്കു കയറുകയും ചെയ്തു. ഇറങ്ങേണ്ട സമയം വന്നപ്പോൾ പ്ലാററ്ഫോമിലേയ്ക്ക് എടുത്തുചാടി. എന്നിട്ട് ഞങ്ങളുടെനേരെ തിരിഞ്ഞ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

"മഹതീമഹാന്മാരേ, പ്രധാന സ്റ്റേഷൻ ഇൻസ്ബ്രുക്ക്."

ഹാൻസ് ചിരിച്ചുകൊണ്ട് ഓട്ടോയുടെ തോളിൽ കൈ വെച്ച് അവനെ തിരക്കേറിയ യാത്രക്കാരുടെ ഇടയിൽക്കൂടി നയിച്ചുകൊണ്ടു പോയി.

ഞങ്ങൾ ഹാൻസിന്റെ അപ്പച്ചനെ തിരക്കി നടക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം ഞങ്ങളുടെ നേരേ മുമ്പിൽ ആൾത്തിരക്കിനിടയിൽ, അരുവിയുടെ നടുക്കു നിൽക്കുന്ന പാറപോലെ, പ്രത്യക്ഷപ്പെട്ടു. കറുത്ത് ഇടതൂർന്ന താടി അദ്ദേഹത്തിന് പക്വതയുടെ പരിവേഷം ചാർത്തി.

"ദൈവം നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ. കുട്ടികളേ, യാത്ര എങ്ങനെയിരുന്നു?" അദ്ദേഹം തന്റെ കൈ ഓട്ടോയ്ക്കും എനിക്കും തന്നുകൊണ്ട് ഞങ്ങളെ അഭിവാദ്യം ചെയ്തു. പ്ലാററ്ഫോമിൽക്കൂടി ഞങ്ങളെ കൊണ്ടുപോയപ്പോൾ പിതൃസഹജമായ ഒരു പുഞ്ചിരി അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നു. "കുട്ടികളേ ഇനി നമുക്ക് വയറൊന്നു ചൂടാക്കണം. അതാണ് ആദ്യം ചെയ്യേണ്ടത്. അതിനു ശേഷം ഉടനെ ഫ്ളാംപ്മെസിലേക്കു പോകാം. എല്ലാവരും നിങ്ങളെ കാത്തിരിക്കുകയാണ്".

റസ്റ്ററൻറിൽവച്ച് അദ്ദേഹം ഞങ്ങളുടെ മാതാപിതാക്കളെക്കുറിച്ചന്വേഷിച്ചു. യാത്രയേപ്പററി കേൾക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു: ഇടയ്ക്കിടയ്ക്ക് സ്നേഹപൂർവ്വം, മുഴങ്ങുന്ന സ്വരത്തിൽ ചിരിച്ചിരുന്നു. അവസാനം വീണ്ടും ആ തണുത്ത രാത്രിയിലേക്ക് ഞങ്ങളിറങ്ങി. ഒരു ടാക്സി എടുത്തുകൊണ്ട് കുറച്ചു സമയത്തിനുള്ളിൽ ഞങ്ങൾ സ്റ്റു ബായ്ററാൽ സ്റ്റേഷനിലെത്തി. ഹാൻസ് ഈസൽമല ചൂണ്ടിക്കാണിച്ചു. വനങ്ങൾകൊണ്ട് മൂടിയ ആ കറുത്ത മലയുടെ ഏകദേശരൂപം ഞങ്ങൾ കണ്ടു. ചെറുപ്പകാലം മുതൽ ഞങ്ങൾക്കതു് സുപരിചിതമായിരുന്നു. പരിശുദ്ധമായ മല. കാരണം സ്വാതന്ത്ര്യത്തിന്റെ അജയ്യനേതാക്കളായ ആൻഡ്ര്യയസ്സ് ഹോഫറിന്േറയും അദ്ദേഹത്തിന്റെ ധീരരായ ടൈറൊളീസ് സുഹൃത്തുക്കളുടേയും മഹനീയ വ്യക്തിത്വം തന്നെ.

7.30–ന് തീവണ്ടി പുറപ്പെട്ടു. താമസിയാതെ താഴെ ഇൻസ്ബ്രുക്കിന്റെ പ്രകാശം ഞങ്ങളിൽനിന്നു മറഞ്ഞു. പടിഞ്ഞാറെ സ്റ്റേഷനിലെ (Western station) ചുവന്ന അടയാളങ്ങൾ ഞങ്ങൾക്കു കാണാമായിരുന്നു. ഞങ്ങളുടെ വണ്ടി സാവധാനം ഇഴഞ്ഞിഴഞ്ഞ് ആ വലിയ കയററം കയറുന്നു. ഇരുളിനേയും മഞ്ഞുനിറഞ്ഞ വനങ്ങളേയും ഭേദിച്ചുകൊണ്ട് തീവണ്ടി മുകളിലേക്കുതന്നെ കയറിക്കൊണ്ടിരുന്നു. ഏകാന്തമായ മലഞ്ചെരുവിന്റെ അരികിലുള്ള ചെറിയ ഗ്രാമങ്ങൾ—മുട്ടേഴ്സ്, നാറേറഴ്സ്, ക്രെയ്ററ്, ടെൽഫസ്സ്... എന്നിവയും പിന്നിട്ടു. ഹാൻസ് ഉത്സാഹപൂർവ്വം നടപ്പാതകളുടേയും മലകളുടേയും റോഡുകളുടേയും സ്ഥാനങ്ങൾ വിവരിച്ചുതന്നു...എല്ലാ

സ്ഥലവും അവനു സുപരിചിതവും പ്രിയങ്കരവുമായിരുന്നു. രാത്രിയായപ്പോളത്തെ പ്രകൃതിയുടെ മനോഹരമായ ദൃശ്യങ്ങൾ അവൻ ഞങ്ങൾക്കു വിവരിച്ചു. അസംഖ്യം വർണ്ണശബളമായ മുത്തുകളെപ്പോലെ ആ ഗ്രാമങ്ങളിലെ പ്രകാശം ഞങ്ങൾ കണ്ടു.

ടെൽഫസ് കടന്നപ്പോൾ ഹാൻസ് പെട്ടെന്നു് മൂകനായി. അവൻ വരാന്തയിലേക്കു പോയി, ഫുൾപ്മെസിലെ മൂടൽമഞ്ഞിലൂടെ ഞങ്ങളുടെ അടുത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്ന പ്രകാശരശ്മിയെ നോക്കിനിന്നു ഞാനവനെ അനുഗമിക്കുകയും നിശ്ശബ്ദനായി അവന്റെ അരികിൽ നിൽക്കുകയും ചെയ്തു. എന്തോ പാവനമായ ശക്തി മലയിൽ നിന്നു് താഴേയ്ക്കു വരുന്നതായും എന്റെ ഹൃദയത്തെത്തന്നെ തുളച്ചിറങ്ങുന്നതായും എനിക്കു തോന്നി. വശ്യശക്തിയുള്ള ആ മലകൾ അവയുടെ അദൃശ്യമെങ്കിലും ശക്തമായ മായാവിദ്യയാൽ എന്നെ വശീകരിച്ചു.

കമ്പാർട്ടുമെന്റിനകത്തിരുന്നു് അമ്മാവൻ ഓട്ടോയുടെ ഫലിതങ്ങൾ കേട്ടു് ഹൃദയം തുറന്നു ചിരിക്കുന്നു. ആ ചെറുക്കൻ ഇപ്പോഴത്തെ സന്തോഷത്തിൽനിന്നും സംതൃപ്തിയിൽനിന്നും ഉണ്ടായ ഉന്മേഷത്തോടെ അവന്റെ കുസൃതികളെക്കുറിച്ചു് അമ്മാവനോടു പറയുകയായിരുന്നു.

കുറെ ആളുകൾ ഫുൾപ്മെസ് സ്റ്റേഷനിൽ ഞങ്ങളെ കാത്തുനിന്നിരുന്നു. ഞങ്ങളവരെ അഭിവാദനം ചെയ്തു. ഞങ്ങൾ താഴെയിറങ്ങിയപ്പോൾ ഹാൻസിന്റെ സ്നേഹിതരും ബന്ധുജനങ്ങളും അവന്റെ ചുററും കൂടി. വലിയ സ്നേഹത്തോടെ അവൻ ഇളയ സഹോദരനേയും സഹോദരികളേയും ആലിംഗനം ചെയ്തു. അവിടെയുണ്ടായിരുന്ന ചില സ്നേഹിതർ അവനെ അഭിവാദനം ചെയ്യുന്നതിന് മുന്നോട്ടു വന്നു. വളരെ സജീവവും സന്തോ കരവുമായ ഒരു ബഹളമായിരുന്നു അതു്. ഞാൻ കണ്ടിട്ടുള്ള ഏതിനോടും കിട പിടിക്കത്തക്കതു്. ഓട്ടോയും ഞാനും അല്പം അകലെയാണു് നിന്നിരുന്നതു്. ആരംഭത്തിൽ അവർ ഞങ്ങളെ അത്ര ശ്രദ്ധിച്ചില്ല. അമ്മാവൻ ഞങ്ങളെ ബന്ധുക്കൾക്കു പരിചയപ്പെടുത്തിക്കൊടുത്തു. പതിന്നാലു വയസ്സുള്ള റൂഡി ഇൻസ്ബ്രൂക്കിൽ പഠിക്കുന്നു. മാർഗ്ഗററിന് പന്ത്രണ്ടു വയസ്സും ലൂയീസിന് ഏഴു വയസ്സും.........എല്ലാവർക്കും ഞങ്ങൾ കൈ കൊടുത്തു. പരിചയപ്പെടുത്തലിനുശേഷം എല്ലാവരും വീട്ടിലേക്കു തിരിച്ചു. ഹാൻസ് ഇളയ സഹോദരങ്ങളോടുകൂടി മുമ്പേപോയി. ഓട്ടോയോടും എന്നോടുംകൂടെ അമ്മാവൻ പിറകേയും.

അതൊരു നല്ല തണുപ്പുള്ള രാത്രിയായിരുന്നു. ഞങ്ങളുടെ നിശ്വാസം അന്തരീക്ഷത്തിൽ വെളുത്ത നീരാവിച്ചുരുളുകളായി. ഘനമുള്ള മരച്ചെരിപ്പുകളുടെ അടിയിൽ മഞ്ഞുകട്ടകൾ പൊടിഞ്ഞു ശബ്ദമുണ്ടാക്കി. മുമ്പിൽ വഴികളിലും വയലുകളിലും കട്ടിയായ മൂടൽമഞ്ഞു് ഉണ്ടായിരുന്നതു മാത്രമേ ഞങ്ങൾക്കു കാണാൻ കഴിഞ്ഞുള്ളു.

എന്നാൽ ആ ഗ്രാമത്തിലെ വിളക്കുകളിൽനിന്നു് ഉതിർന്നിരുന്ന പ്രകാശരശ്മി ഞങ്ങളെ സ്വാഗതം ചെയ്യാനെന്നപോലെ മഞ്ഞിനെ ഭേദിച്ചുവന്നു. ഈ രംഗവും ഹൃദയഹാരിയായ ഗ്രാമപ്രദേശത്തിന്റെ നിശ്ശബ്ദതയും ഒത്തൊരുമിച്ചു് ഗാംഭീര്യത്തിന്റേയും പരിശുദ്ധിയുടേയും ഒരന്തരീക്ഷം സൃഷ്ടിച്ചു.

''ഞാൻ പറയട്ടെ, വിയന്നായിൽനിന്നു് എത്ര വ്യത്യസ്തമായിരിക്കുന്നു ഇവയെല്ലാം'' ദീർഘനേരത്തെ മൗനത്തിനുശേഷം ഓട്ടോ ആശ്ചര്യത്തോടെ പറഞ്ഞു.

ഹെയ്ൻറിക്കമ്മാവൻ സംതൃപ്തിയോടെ പുഞ്ചിരിച്ചു. ''തീർച്ചയായും'' എന്നു് അവന്റെ പുറത്തു തലോടിക്കൊണ്ടു് അദ്ദേഹം പറഞ്ഞു. വിയന്നായിലേതിനേക്കാരം തികച്ചും വ്യത്യസ്തമാണു് ഇവിടെ സ്റ്റുബായിലെ കാററു്. സ്ഥലവും. നാളെ നിങ്ങരംക്കു് ചുററുമുള്ള മനോഹരമായ പർവ്വതങ്ങരം കാണാം.

ഇരുഭാഗങ്ങളിലും ചെറിയ വീടുകരം അവിടവിടെ ഉണ്ടായിരുന്നു. മഞ്ഞു വിരിച്ച മലമ്പാതയിലൂടെ ഞങ്ങരം നടന്നു. എല്ലാ ദിക്കുകളിലേക്കും വളഞ്ഞുതിരിഞ്ഞുപോകുന്ന ചെറിയ വീടുകരം പ്രധാനപ്പെട്ട പാതയുമായി വീടുകളെ യോജിപ്പിച്ചിരിക്കുന്നു. ഒരു വശത്തു് മർമ്മരശബ്ദം പുറപ്പെടുവിക്കുന്ന ''കൊല്ലന്റെ കൊച്ചരുവി'' താഴ്‌വരയിലേക്കു് ഒഴുകുന്നു. അതിന്റെ തീരങ്ങളിൽ പ്രകാശരശ്മികരം തട്ടി ശോഭിച്ച മഞ്ഞുകട്ടകരം പ്രകാശിച്ചിരുന്നു.

ഞങ്ങരം ഒരു പള്ളിയിലെത്തിച്ചേർന്നു. അതിന്റെ ഉള്ളിൽ ഒരു പ്രകാശമുണ്ടായിരുന്നു. ദീർഘവും വീതി കുറഞ്ഞതുമായ ജനലുകരം മൂടൽമഞ്ഞിൽ പൊങ്ങിക്കിടക്കുന്ന പ്രകാശരശ്മികളെപ്പോലെ കാണപ്പെട്ടു. ഹാൻസും അവന്റെ സഹോദരങ്ങളും ഞങ്ങളെ കാത്തുനിന്നിരുന്നു.

''നമുക്കു് അകത്തു കടക്കാം'' അവൻ അമ്മാവനോടു പറഞ്ഞു.

പള്ളിയിൽ ആരുമുണ്ടായിരുന്നില്ല. കപ്യാരു മാത്രം അവിടെ അരംത്താര അലങ്കരിക്കുന്നു. അവർ മുട്ടുകുത്തി ഒരു ചെറിയ പ്രാർത്ഥന ചൊല്ലി. ഓട്ടോയും ഞാനും പുറകെനിന്നു. ആ ഗ്രാമപ്രദേശത്തുള്ള ആ പള്ളി അത്ര വൃത്തിയും മനോഹരവും പ്രൗഢിയുമുള്ളതായി കണ്ടതിൽ ഞാനാശ്ചര്യപ്പെട്ടു.

ഓട്ടോ ചുററുപാടും നോക്കി. അവൻ കുമ്പസാരക്കൂടു് കണ്ടപ്പോരം എന്റെ കൈക്കു പിടിച്ചു ചെവിയിൽ മന്ത്രിച്ചു, ''ഈ കുമ്പസാരക്കൂടു കണ്ടിട്ടു് ഷോൺബ്രൂണിലുള്ള കൈസറിന്റെ അലമാര പോലെയിരിക്കുന്നു, അല്ലേ ഫ്രിററ്സ്?''

ഈ സമയത്തു് മററുള്ളവരെല്ലാം എഴുന്നേററു. അമ്മാവൻ പല അരംത്താരകളും ഞങ്ങളെ കാണിക്കാൻ തുടങ്ങി. ആ സമയത്തു് ഹാൻസു് തനിയെ പള്ളിയെല്ലാം ചുററി നടന്നു. അവന്റെ കണ്ണുകരം

സന്തോഷത്താൽ തിളങ്ങി. ഈ സ്ഥലത്തുനിന്നുള്ള അവൻെറ ആദ്യത്തെ അസാന്നിദ്ധ്യത്തിനുശേഷം, തനിക്ക് നല്ല പരിചയവും സ്നേഹവുമുള്ള എന്തോപോലെ ആ പള്ളിയുടെ ഓരോ മൂലയും അവൻ സൂക്ഷിച്ചുനോക്കി. അവിടെയുണ്ടായിരുന്ന ഓരോ പടവും ആ വിശുദ്ധസ്ഥലത്തിൻെറ ഓരോ ഭാഗവും സന്തോഷകരമായ, സജീവമായ ഓർമ്മകൾ അവനിൽ ഉണർത്തി.

ഹാൻസിന് കൈ കൊടുക്കുന്നതിനായി മദ്ബഹായിൽനിന്നും കപ്യാർ ഇറങ്ങി വന്നു.

അതിനുശേഷം ഗ്രാമത്തിലെ ഇടുങ്ങിയ പാതകളിലൂടെ ഞങ്ങളുടെ വഴി തുടർന്നു. ഞങ്ങൾ ഗ്രാമത്തിൻെറ മറുഭാഗത്തേയ്ക്കു മാറി കുറേക്കൂടി മുമ്പോട്ടു നടന്നു. ചുററുപാടും വീടുകളൊന്നും ഇല്ലായിരുന്നു. ഒരു വേലിയും അതിനു പിറകിലായി മഞ്ഞു മൂടി കിടന്ന ഒരു മേച്ചിൽസ്ഥലവും മാത്രമേ കാണുവാൻ കഴിഞ്ഞുള്ളു. കുറേക്കൂടി മുന്നിലായി, അന്ധകാരത്തിൽ കുറെ വൈദ്യുതദീപങ്ങൾ പ്രകാശിക്കുന്നുണ്ടായിരുന്നു. ''അതു് (ഞങ്ങളുടെ) വീട്ടിലെ ലൈററുകളാണു്'' അമ്മാവൻ പറഞ്ഞു. ''നമ്മൾ പെട്ടെന്നു് അവിടെയെത്തും''.

അവിടെ, പൂന്തോട്ടത്തിലെ പടിവാതിലിനു മുകളിലായി ഒരു വൈദ്യുതവിളക്കുണ്ടായിരുന്നു. വീടിൻെറ മുൻഭാഗം ശരിക്കു കാണുന്നതിനു് അതു സഹായിച്ചു. ഒരു രണ്ടുനിലകെട്ടിടം. ഭിത്തികൾ ഭാഗികമായി വള്ളിച്ചെടികളാൽ മറയ്ക്കപ്പെട്ട ആ വീടിൻെറ ഒന്നാംനിലയിലെ ജനലിനു മുകളിലായി ''ബെഗ്ഗ്ഫ്രീഡ് വില്ലാ'' എന്നു് എഴുതി വച്ചിരുന്നു. പഴയ വൃക്ഷങ്ങളുള്ള തോട്ടത്താലും പൈൻവൃക്ഷങ്ങൾ നിറഞ്ഞ ഒരു വനത്താലും അവിടവിടെയായി ഉണ്ടായിരുന്ന നീരുറവകളാലും ആ വീട് ചുററപ്പെട്ടിരുന്നു.

റൂഡി മുമ്പോട്ടോടി. ഞങ്ങൾ പൂന്തോട്ടം കടന്നു് വീടിൻെറ പടിക്കലെത്തി. അവിടെ ഞങ്ങളുടെ അമ്മായി കാത്തുനിന്നിരുന്നു.

"അമ്മേ", ഹാൻസ് വിളിച്ചു. അവൻ വേഗത്തിൽ ഗോവണിപ്പടികൾ കയറിച്ചെന്നു് അമ്മയെ സ്നേഹത്തോടെ കെട്ടിപ്പിടിച്ചു. അതിനുശേഷം അമ്മായി ഞങ്ങളുടെ അടുത്തുവന്നു് തൻെറ മകനെ ആലിംഗനം ചെയ്ത അതേ സ്നേഹത്തോടെ ഞങ്ങളേയും ആശ്ലേഷിച്ചു. ആ സന്ദർഭത്തിൽ എനിക്കനുഭവപ്പെട്ടതു വിവരിക്കുക പ്രയാസമാണു്. എന്നാൽ ആദ്യം മുതൽ എന്നെ സന്തോഷിപ്പിച്ച എന്തോ ഒന്നു് ആ സ്ത്രീയിൽ ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം തന്നെ സൂര്യപ്രകാശംപോലെ മനോഹരവും ആശ്വാസകരവുമായിരുന്നു.

സ്വീകരണമുറിയിൽവച്ച് അമ്മായിയെ കൂടുതൽ അടുത്തു നിരീക്ഷിക്കുവാൻ എനിക്കു സാധിച്ചു. അമ്മായിക്കു് അമ്മാവനേ

ക്കാം ഉയരം നന്നേ കുറവാണ്. വൃത്തിയുള്ള വസ്ത്രം നന്നായി ധരിച്ചിരിക്കുന്നു. അതിനു മുകളിലായി വെണ്മയേറിയ ഒരു മുന്നാരത്തുണി (apron) ധരിച്ചിട്ടുണ്ട്. ഈ വസ്ത്രധാരണം ഒരു കൊച്ചു പെൺകുട്ടിയുടെ പ്രതീതി ഉളവാക്കി. അവരുടെ മുഖത്ത് സന്തോഷവും ഉന്മേഷവും നിറഞ്ഞുനിന്നു. എങ്കിലും വൈവാഹികജീവിതത്തിൻേറയും മാതൃത്വത്തിൻേറയും തുടർച്ചയായി ചെയ്യുന്ന അദ്ധ്വാനത്തിൻേറയും രഹസ്യമായ അനേകം ത്യാഗങ്ങളുടേയും നേരിയ ക്ഷീണം അവരുടെ മുഖത്തു കാണാൻ കഴിഞ്ഞു. ജീവനും പ്രകാശവുംകൊണ്ട് അവരുടെ കണ്ണുകൾ തിളങ്ങി. മാതൃസ്നേഹത്തിൻെറ ശ്രേഷ്ഠമായ ഒരു കഥ ആക്കും ആ കണ്ണുകളിൽ വ്യക്തമായി വായിക്കാം. അവരെ സംബന്ധിച്ചതെല്ലാം അവരുടെ വിശുദ്ധിയെ വെളിപ്പെടുത്തുവാൻ പോരുന്നവയായിരുന്നു. അതുതന്നെയാണ് പരിശുദ്ധിയും യുവത്വവും സൗന്ദര്യവുമുള്ളവളായി പ്രത്യക്ഷപ്പെടുവാൻ അവരെ സഹായിച്ചതു്. ആ നിമിഷത്തിൽ അതു് എന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞില്ല. പക്ഷെ അതു് എന്തോ വളരെ പരിശുദ്ധമായിരിക്കണമെന്നു് എനിക്കു സ്വാഭാവികമായി തോന്നി. കാരുണ്യവതിയും ഉത്തമയുമാണെങ്കിലും എൻെറ അമ്മയ്ക്കു് അതില്ലെന്നും ഞാൻ മനസ്സിലാക്കി. പിന്നീട് അതിൻെറ കാരണം ഞാൻ കണ്ടുപിടിച്ചു. ഹാൻസിൻെറ അമ്മ ദൈവത്തെ അവരുടെ ആത്മാവിൽ അചഞ്ചലമായ ധൈര്യത്തോടും അതേ വിശ്വാസത്തോടുംകൂടെ സംവഹിച്ചിരുന്നു. അവർ എല്ലാ ദിവസവും വി. കർബ്ബാന സ്വീകരിക്കും. ദൈവത്തിൻെറ അവർണ്ണനീയമായ സ്നേഹവും നന്മയും അവരുടെ ഹൃദയത്തിൽ വസിച്ചിരുന്നു. തന്മൂലം ആ സന്തോഷം തൻെറ ഭർത്താവിലേയ്ക്കും കുട്ടികളിലേയ്ക്കും അവർ വ്യാപിപ്പിക്കുകയും ചെയ്തിരുന്നു.

ഞങ്ങൾ ബാഗും ഓവർകോട്ടും സ്വീകരണമുറിയിൽ വച്ചിട്ട് ഞങ്ങളുടെ ഘനമേറിയ ബൂട്ട്സ് ഊരി, ഘനം കുറഞ്ഞ ചൂടുള്ള ചെരിപ്പുകളിട്ടു. പിന്നീട് ഊട്ടുമുറിയിലേയ്ക്കു ചെന്നു. അവിടെ അത്താഴം ഒരുക്കിവച്ചിരുന്നു. പൂത്താലത്തിൽ പർവ്വതപ്രദേശത്തെ മനോഹരമായ പൂക്കൾ കൊണ്ടുണ്ടാക്കിയ ഒരു പൂച്ചെണ്ടും ഉണ്ടായിരുന്നു.

''ജോണി എവിടെ?'' ഹാൻസ് ഉടനെ ചോദിച്ചു. അവൻ തൻെറ കുഞ്ഞനുജനായ നവാഗതനെ ഇതുവരെ കണ്ടിട്ടില്ല. ഹെൻറിക്കമ്മാവൻ അവനെ കൊണ്ടുവരാനായി എഴുന്നേററു. അപ്പോഴേയ്ക്കും അമ്മായി കുഞ്ഞിനേയും കൊണ്ടവിടെ വന്നു. കൊച്ചുജോണി വിടർന്ന കണ്ണുകളോടെ തുറിച്ചുനോക്കി. അവൻെറ കൊച്ചു വിരലുകൾ കൊണ്ടു് അമ്മയുടെ വസ്ത്രത്തിൽ തിരുകിപ്പിടിച്ചുകൊണ്ടിരുന്നു. കുഞ്ഞിൻെറ നെററിയിൽ കുരിശടയാളം വരച്ചപ്പോൾ ഹാൻസിൻെറ മുഖം ചുവന്നു. അവൻ ഞങ്ങളുടെ സാന്നിദ്ധ്യം മൂലം അല്പം അന്ധാളിച്ചു. കാരണം ഞങ്ങൾ കുടുംബത്തിൽ മതപരമായ കാര്യങ്ങളിൽ

അത്ര ഉത്സുകരല്ലെന്ന് അവനറിയാമായിരുന്നു. അവൻ കുഞ്ഞിനെ ചുംബിച്ചുകൊണ്ട് കൈയിലെടുത്തു. പക്ഷെ ജോണി അവൻെറ സർവ്വശക്തിയോടുംകൂടി കരയുവാൻ തുടങ്ങി. അതുകൊണ്ട് അമ്മായിക്ക് അവനെ തൊട്ടിലിൽ കൊണ്ടുപോയി കിടത്തേണ്ടി വന്നു.

ഭക്ഷണത്തിനു മുമ്പുള്ള പ്രാത്ഥനയും പുതുമയായായിരുന്നു, എനിക്കും ഓട്ടോയ്ക്കും. ഇവിടെയുള്ള എല്ലാത്തിലും ഒരു ആദ്ധ്യാത്മിക അന്തരീക്ഷം വ്യക്തമായി ഞാൻ കണ്ടു. ഭക്ഷണം ആരംഭിച്ചു കഴിഞ്ഞാൽ പിന്നെ അതിൽ എന്തെങ്കിലും ഔപചാരികതയോ ആഡംബരത്വമോ ഒന്നുമില്ലായിരുന്നു. വിയന്നായിലെ ഞങ്ങളുടെ ജീവിതത്തെപ്പററിയുള്ള എല്ലാ വിവരങ്ങളും ഞങ്ങൾ അവരോടു പറഞ്ഞു. ഓട്ടോ തൻെറ നർമ്മരസത്താൽ അവരെ സന്തോഷിപ്പിക്കുകയും ചെയ്തു. അവർ അതിനു പകരമായി ഫ്രംപ്മെസിനെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ഹാൻസിനെ വിവരിച്ചു കേൾപ്പിച്ചു. അടുക്കളയിൽനിന്നു് തിരിച്ചുവന്ന ഓരോ അവസരത്തിലും അമ്മായി ഞങ്ങളുടെ കൂടെയിരിക്കുകയും ഞാൻ അവരോടു സംസാരിക്കുകയും ചെയ്തു.

ഏതാണ്ട് അര മണിക്കൂർ കഴിഞ്ഞപ്പോൾ അമ്മാവൻ ഇളയ കുട്ടികളെ ഉറങ്ങാൻ പറഞ്ഞയച്ചു. എല്ലാവക്കും കൈകൊടുത്തിട്ട് അവർ അവരവരുടെ മുറികളിലേയ്ക്കു പോയി.

പെൺകുട്ടികൾ രണ്ടും ഒരേ മുറിയിലായിരുന്നു. റൂഡി ഒരു വിദ്യാത്ഥിയായിരുന്നതുകൊണ്ട്, അവനു തനിച്ച് ഒരു മുറി ഉണ്ട്. അതിൽ അവൻ അഭിമാനംകൊണ്ടു. എനിക്കും ഹാൻസിനും ഓട്ടോയ്ക്കുംകൂടി വിയന്നായിലെപ്പോലെ, ഒരു വലിയമുറി കിട്ടി. അമ്മായി അതു വളരെ മുൻകരുതലോടു കൂടിയാണ് ഏപ്പാടുചെയ്തതു്. ഞങ്ങൾ അത്രമാത്രം പരിചയപ്പെട്ടതുകൊണ്ട്, മറിച്ചായാൽ ഞങ്ങൾ അതിഷ്ടപ്പെടുമായിരുന്നില്ല.

മററുള്ളവർ ഉറങ്ങാൻ പോയപ്പോഴും ഞങ്ങൾ അമ്മാവനോടു വത്തമാനംപറഞ്ഞുകൊണ്ടിരുന്നു. അമ്മായിയാകട്ടെ ചായ തയ്യാറാക്കി. ഹാൻസ് ധൃതിയിൽ എഴുന്നേററു.

''ഞാൻ അമ്മയോട്ട് അല്പം സംസാരിക്കുവാൻ അടുക്കളയിലേയ്ക്കു പോവുകയാണ്.'' അവനു് ഇതുവരെയായിട്ടും അവരോടു തനിച്ചു സംസാരിക്കുവാൻ ഒരവസരം ലഭിച്ചിരുന്നില്ല.

ഏതാനും മിനിററുകൾക്കു ശേഷം ഓട്ടോ ചുമയ്ക്കുവാൻ തുടങ്ങി. ഓവർകോട്ടിൻെറ പോക്കററിൽ സൂക്ഷിച്ചിരുന്ന തുവാല എടുക്കുവാൻ അവൻ പുറത്തേയ്ക്കു പോയി. അവൻ തിരിച്ചുവന്നപ്പോൾ അല്പം അസ്വസ്ഥനായിരുന്നു. എന്തോ കുഴപ്പമുണ്ടെന്നു ഞാൻ ഉടനെ മനസ്സിലാക്കി. പിന്നീട് ഞങ്ങൾ മുറിയിലേയ്ക്കു പോയപ്പോഴും ഹാൻസ് പുറത്തായിരുന്നു. ഓട്ടോ എന്നോടു പറഞ്ഞു:

''ഫ്രീററ്സ്, ഹാൻസ് അടുക്കളയിൽ കരയുകയായിരുന്നു. പുറത്തേയ്ക്കു പോയപ്പോഠം ഞാനതു കണ്ടു. അവൻെറ അമ്മയുടെ ദേഹത്തു ചാരിനിന്ന് അവൻ കരഞ്ഞു. എന്തായിരിക്കും സംഭവിച്ചതു്?''

ഉടനെ ഹാൻസ് കടന്നുവന്നു. അതിനെപ്പററി ഒന്നും പറയരുതെന്ന് ഓട്ടോയെ ഓർമ്മപ്പെടുത്തുവാൻ എനിക്കു കഴിഞ്ഞില്ല. പറയാതിരിക്കുവാൻ മാത്രം അവൻ വിവേകിയായിരിക്കുമെന്നു ഞാൻ പ്രത്യാശിച്ചു. എന്നാൽ ഞങ്ങഠം ലൈററണച്ച് ഉറങ്ങാൻ പോയപ്പോഠം, ഓട്ടോ അല്പം ഭയത്തോടുകൂടി ചോദിച്ചു:

''ഹാൻസ്, നീ ഞങ്ങളോടുകൂടെ വിയന്നായിൽ സന്തോഷവാനായല്ലേ ജീവിക്കുന്നതു്?'' അവൻ എന്താണ് അർത്ഥമാക്കിയതെന്ന് എനിക്കറിയാമായിരുന്നു. അവൻ മിണ്ടാതിരിക്കുമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ താമസിച്ചുപോയി. ഹാൻസ് കിടക്കയിൽ തിരിഞ്ഞുകിടന്നു.

''എന്താണ് അങ്ങനെ വിചാരിക്കുവാൻ കാരണം?''

''ഇല്ല, ഒന്നുമില്ല .....പക്ഷേ അടുക്കളയിൽവച്ചു നീ കരയുന്നതു കണ്ടു.'' അവൻ അതു പുറത്താക്കിക്കഴിഞ്ഞു. ഇനി ഒന്നും ചെയ്യാൻ കഴിയുകയില്ല. ഹാൻസിൽ അതു് എന്തു വികാരമാണുളവാക്കിയതെന്ന് എനിക്കു് ഊഹിക്കുവാൻ സാധിച്ചു. തീർച്ചയായും അതു് അവനെ വേദനിപ്പിക്കും.

''എന്താണ്, നീ ഒളിച്ചുനോക്കുകയായിരുന്നോ?'' അവൻ പെട്ടെന്നു ചോദിച്ചു.

''അല്ല'' ഓട്ടോ അല്പം നീരസഭാവത്തിൽ പറഞ്ഞു ''എനിക്കു് എൻെറ തുവാല എടുക്കുന്നതിനു പുറത്തേയ്ക്കു പോകേണ്ടിവന്നു. ഞാൻ അടുക്കളയുടെ സമീപത്തുകൂടെ കടന്നുപോയി......കതകു് പകുതി തുറന്നിരുന്നു; എനിക്കു് നിൻെറ കരച്ചിൽ കേഠക്കാതിരിക്കുവാൻ കഴിഞ്ഞില്ല. പക്ഷേ...എന്താണു കുഴപ്പം ഹാൻസ്?''

''ഓ, ഒന്നുമില്ല. അതു്......ഞാൻ സന്തോഷത്താൽ കരഞ്ഞതാണ്.''

''എന്നാലും, എന്തിനു്?''

''ഓ നിങ്ങഠംക്കു മനസ്സിലാവില്ല '' അതു പറഞ്ഞുകൊണ്ടു് അവൻ ഭിത്തിക്കു നേരെ തിരിഞ്ഞുകിടന്നു. നയമില്ലാത്ത ചോദ്യങ്ങഠം അവനെ വേദനിപ്പിച്ചു എന്നു് എനിക്കു മനസ്സിലായി.

''ഇനി മിണ്ടാതിരിക്കു്.'' ഞാൻ ഓട്ടോയെ താക്കീതുചെയ്തു. ''വീണ്ടുവിചാരമില്ലാതെ പെരുമാറാതെ.''

ഞങ്ങഠം കുറെ സമയത്തേക്കു് ഒന്നും മിണ്ടിയില്ല. പിന്നീടു് ശിശുസഹജമായ ലാളിത്യത്തോടുകൂടി ഹാൻസ് വീണ്ടും ഞങ്ങളുടെ നേരെ തിരിഞ്ഞു പറഞ്ഞു:

"ദയവുചെയ്തു് ഇതിനെപ്പററി ആരോടും പറയരുതു്."

തൻെറനയരാഹിത്യത്തിനു പരിഹാരം ചെയ്യാൻ ശ്രമിച്ചുകൊണ്ടു് ഓട്ടോമഹാമനസ്സതയോടെ പറഞ്ഞു:

"ഹാൻസ് നീ ഒട്ടും ഭയപ്പെടേണ്ടാ. ഞങ്ങൾ ആരോടും പറയുകയില്ല. നിനക്കു് ഞങ്ങളുടെ വാക്കു വിശ്വസിക്കാം."

ഹാൻസ് മറുപടി ഒന്നും പറഞ്ഞില്ല. എങ്കിലും ഓട്ടോ അപ്പോഴും അസ്വസ്ഥനായിരുന്നു. ഇതെല്ലാം എങ്ങനെ ഹാൻസിനെ വ്രണപ്പെടുത്തിയെന്നു് അവനു മനസ്സിലായി. പക്ഷെ അവൻെറ സ്വാഭാവികവും ബാലസഹജവുമായ ദയ അതിനൊരു പ്രതിവിധി കണ്ടുപിടിച്ചു. അല്പസമയം മടിച്ചതിനു ശേഷം അവൻ എണീററിരുന്നു് വളരെ ആത്മാർത്ഥതയോടെ പറഞ്ഞു:

"ഹാൻസ്, നിൻെറ അമ്മ എത്ര നല്ല ആളാണു്..."

അതു് ഓട്ടോയുടെ യഥാർത്ഥസ്വഭാവം വ്യക്തമാക്കുന്ന പ്രസ്താവന തന്നെ ആയിരുന്നു. ആ വാക്കു പറഞ്ഞതിനു് ഞാനവനെ കെട്ടിപ്പിടിച്ചു് ആലിംഗനം ചെയ്തേനേ. കുറെ ദിവസങ്ങൾക്കു ശേഷം ഞങ്ങൾ തനിച്ചായപ്പോൾ, എന്തിനാണു കരഞ്ഞതെന്നു് ഹാൻസ് എന്നോടു പറഞ്ഞു. വിയന്നായിൽ വച്ചു് ശുദ്ധതയ്ക്കു വേണ്ടിയും, വിശ്വാസത്തിനുവേണ്ടിയുമുള്ള കഠിനയുദ്ധത്തിൽ പലപ്പോഴും അവൻ വളരെയേറെ വിഷണ്ണനായിത്തീർന്നിട്ടുണ്ടു്. എന്നാൽ വിശുദ്ധിയും വിശ്വാസവും കാത്തുസൂക്ഷിച്ചുവെന്നു് ഇപ്പോൾ അവൻെറ അമ്മയോടു തീർച്ചപറയുവാൻ അവനു സാധിച്ചപ്പോൾ, സന്തോഷാധിക്യത്താൽ കരയാതിരിക്കുവാൻ അവനു കഴിഞ്ഞില്ല.

അടുത്ത ദിവസം രാവിലെ ഓട്ടോ എന്നെ വിളിച്ചുണർത്തി; രാത്രിയിലെ ഉടുപ്പും പാൻറും ധരിച്ചു് അവൻ എൻെറ കിടക്കയ്ക്കരുകിൽ നിന്നുകൊണ്ടു് എൻെറ കൈ പിടിച്ചു കലുക്കി ശബ്ദമുണ്ടാക്കി.

"എഴുന്നേല്ക്കു, ഫ്രിററ്സ്, എഴുന്നേല്ക്കു. പർവ്വതങ്ങൾ കണ്ടോ! ജനലിനടുത്തേയ്ക്കു വരിക!"

അവൻ ജനലിനടുത്തേയ്ക്കു ചെന്നു് കണ്ണാടിച്ചില്ലിലൂടെ മഞ്ഞുകാലത്തിലെ ആ പ്രഭാതം നിരീക്ഷിച്ചു. ഹാൻസ് വസ്ത്രം ധരിക്കുകയായിരുന്നു. ഓട്ടോയുടെ പ്രസരിപ്പുകണ്ടു് അവൻ ചിരിച്ചു. ഞാൻ വേഗത്തിൽ വസ്ത്രമണിഞ്ഞു് ജനലിനടുത്തേയ്ക്കു ചെന്നു. അതു് യഥാർത്ഥത്തിൽ ആകർഷകമായ ഒരു കാഴ്ചതന്നെ. ഞങ്ങളുടെ മുമ്പിൽ ഗംഭീരമായ സ്റ്റൂബൈ താഴ്‌വര മഞ്ഞുമൂടി കിടന്നിരുന്നു. അവിടെയുള്ള നദി വിദൂരതയിൽ, ഒരു രജതരേഖയായി കാണപ്പെട്ടു. ഇടത്തുവശത്തു ഫുംപ്മെസിലെ ധാരാളം വീടുകൾ ഉണ്ടായിരുന്നു. താഴ്‌വരയുടെ എതിർവശത്തു് കറുത്തു്, വലിയ ഭിത്തിപോലെ ഗംഭീരമായ പർവ്വതം ഉയർന്നു നിന്നിരുന്നു. അതിൻെറ

ഉച്ചിയിൽ സൂര്യൻെറ ആദ്യകിരണങ്ങരം മഞ്ഞുതൊപ്പിയിട്ട കൊട്ടമുടിക്ക് സ്വർണ്ണനിറം പൂശി.

ഞങ്ങളുടെ സമീപം സ്ഥിതിചെയ്തിരുന്ന വലിയ പർവ്വതശിലകളിലേയ്ക്ക് എൻെറ ശ്രദ്ധ തിരിഞ്ഞു. പൈൻ മരങ്ങളുള്ള വനത്തിൽ നിന്നും മേച്ചിൽസ്ഥലങ്ങരം വരെ എത്തിനിന്നിരുന്ന വൃക്ഷങ്ങളെ പ്രത്യേകം തിരിച്ചറിയുവാൻ എനിക്കു സാധിക്കുമായിരുന്നു.

''ആ മലയുടെ പേരെന്താണ്?'' മുഖം കഴുകിക്കൊണ്ടിരുന്ന ഹാൻസിനോടു ഞാൻ ചോദിച്ചു. അവൻ ജനലിൻെറ അടുത്തുവന്ന് പുറത്തേയ്ക്കു നോക്കി.

''അതാണ് സെർലസ്,''

''സെർലസോ? പക്ഷെ, അതു ചിത്രത്തിൽ കണ്ട മലയിൽ നിന്നും വളരെ വ്യത്യസ്തമായിരിക്കുന്നല്ലോ?'' മനസ്സിൽ പെട്ടെന്ന് ഒരു ഞെട്ടലോടെ ഞാൻ അഭിപ്രായപ്പെട്ടു.

''ശരിയാണ്! മലയുടെ മറുഭാഗത്തു നിന്നുകൊണ്ടാണ് ആ പടമെടുത്തതു്.''

അപ്പോരം അതാണ് പ്രസിദ്ധമായ സെർലസ്സ്! അതിൻെറ ചിത്രം തന്നെ ഹാൻസിനു വളരെ വിലപ്പെട്ടതായിരുന്നു. അത്ഭുതവും ബഹുമാനവും കലർന്ന് നിശബ്ദമായി ആ പർവ്വതനിരയുടെ നേരെ ഞാൻ നോക്കിനിന്നു.

ഹാൻസ് ഓരോ കൊട്ടമുടിയും പേരുപറഞ്ഞു് പരിചയപ്പെടുത്തി. റോട്ടെവാൻറ്, കെസ്സെൽസ്പിററ്സെ, വാസൻവാൻഡ്, ഷ്നൈഡർസ്പിററ്സെ, പിന്നിസ്കേഗൽ, കിൻക്ഡാക് ..പിന്നെ പതിനൊന്നാമത്തെ കൊട്ടമുടി....പന്ത്രണ്ടാമത്തേതു്..

''അതെ, പതിന്നാലാമത്തേതും, പതിനഞ്ചാമത്തേതും.....'' ചെവികരം പൊത്തിപ്പിടിച്ചുകൊണ്ടു് ഓട്ടോ പറഞ്ഞു. ''മതി, മതി, ഇത്രയധികം പേരുകരം ഓക്കാൻ എനിക്കു വയ്യ.''

അവനെ സംബന്ധിച്ചിടത്തോളം പേരുകരംക്ക് ഒരത്ഥവുമില്ലായിരുന്നു. സുന്ദരമായ ആ പ്രകൃതിദൃശ്യം ആസ്വദിച്ച് കണ്ണുകരം നിറയ്ക്കുക മാത്രമാണ് അവൻെറ ആഗ്രഹം. ഓരോ പ്രാവശ്യം നോക്കിയപ്പോഴും പുതുതായി എന്തെങ്കിലും അവൻ കണ്ടുപിടിക്കുകയും ചെയ്തു.

ആദ്യനിരീക്ഷണം അവസാനിച്ചപ്പോരം ഞങ്ങരം വസ്ത്രം മാറി പ്രഭാതഭക്ഷണത്തിനായിപ്പോയി. അപ്പോരം അമ്മായി കാപ്പിയും അപ്പവും വെണ്ണയും കൊണ്ടുവന്നു. അമ്മാവൻ അപ്പോഴേയ്ക്കും തടി യറക്കുന്ന തൻെറ മില്ലിലേയ്ക്കു പൊയ്ക്കഴിഞ്ഞിരുന്നു. അവിടെ അദ്ദേഹം താഴ്വരയിലുള്ള എല്ലാ മനുഷ്യർക്കും വേണ്ടി വളരെയധികം ജോലികരം ചെയ്തിരുന്നു. ഹാൻസ് വേഗം പ്രഭാതഭക്ഷണം കഴിച്ചു.

''ഞാൻ തോട്ടത്തിലുണ്ടായിരിക്കും. ഭക്ഷണത്തിനു ശേഷം അവിടേയ്ക്കു വരിക'' എന്നുപറഞ്ഞു് വാതിൽ അടച്ചശേഷം അവൻ വളരെവേഗം പുറത്തേയ്ക്കു പോയി.

കുറച്ചുസമയവുംകൂടി ഞങ്ങൾ അമ്മായിയും മററു ബന്ധുക്കളുമൊരുമിച്ചു് വർത്തമാനം പറഞ്ഞിരുന്നു. പിന്നീടു് കോട്ടും ബൂട്ട്സും ഗ്ലൗസ്സും ധരിച്ചു ഞങ്ങൾ പൂന്തോട്ടത്തിലേക്കു പോയി. അവിടെയും വീടിനു പുറകിലായി കണ്ണെത്താത്ത ദൂരത്തിൽ ഭീമാകാരമായ മലകൾ കാണാമായിരുന്നു. ത്രികോണാകൃതിയിലുള്ള പർവ്വതശൃംഗങ്ങൾ ആകാശത്തിൻെറ പശ്ചാത്തലത്തിലാണു കണ്ടതു്. പർവ്വതസാനുക്കൾക്കിടയിൽ നിർമ്മലമായ, വെള്ളനിറമുള്ള മഞ്ഞുവയലുകൾ നീണ്ടുകിടക്കുന്നതും ഞങ്ങൾ കണ്ടു.

ഹാൻസ് പുറത്തുപോയിക്കഴിഞ്ഞിരുന്നു. അപ്പോൾ കുറച്ചകലെ നിന്നുകൊണ്ടു് അവൻ വിളിക്കുന്നതു കേട്ടു. ഒരു കുന്നിൻെറ നിറുക മുതൽ വീടുവരെ നീണ്ടുകിടന്നിരുന്ന മൈതാനത്തിൻെറ അങ്ങേയററത്താണു് അവൻ നിന്നിരുന്നതു്. എങ്ങനെ അവനവിടെ ചെന്നു പററി? ''സ്കി'' ധരിച്ചാണു് അവിടെ എത്തിയതെന്നു് എനിക്കു മനസ്സിലായി. തെന്നിത്തെന്നി അവൻ താഴോട്ടിറങ്ങുകയും മിന്നൽ വേഗത്തിൽ പുൽത്തകിടിയും കടന്നു് ഒരു വളവു തിരിഞ്ഞു് ഞങ്ങളുടെ സമീപം പെട്ടെന്നെത്തുകയും ചെയ്തു. പുൽത്തകിടിയിലൂടെ പറക്കുന്ന പക്ഷിയേപ്പോലെ ലാഘവത്തോടും പ്രൗഢിയോടുംകൂടി വന്ന ആ യുവാവിൻെറ രൂപം അത്യാകർഷകമായിരുന്നു. സമർത്ഥമായ ചലനങ്ങളാൽ എല്ലാ അപകടങ്ങളും ഒഴിവാക്കുവാൻ അവനു സാധിച്ചു. സമതലത്തിലെത്തിയപ്പോൾ അവൻ നിവർന്നുനിന്നു. സ്കി അതിശീഘ്രം മഞ്ഞിൽക്കൂടി പാഞ്ഞുപോയപ്പോൾ ഒരു ശീല്ക്കാരശബ്ദം കേൾക്കാമായിരുന്നു. ഹാൻസ് ഞങ്ങളുടെ മേൽ ചാടിവീഴുവാൻ പോവുകയാണോ എന്നു് ഒരു നിമിഷത്തേക്കു തോന്നിപ്പോയി. എന്നാൽ ഞങ്ങളെ സമീപിക്കുന്നതിനു കുറച്ചകലെയായി അവൻ പെട്ടെന്നു വന്നുനിന്നു. അവൻ ദീർഘമായൊന്നു നിശ്വസിച്ചശേഷം മുടി പിറകിലേയ്ക്കു് ഒതുക്കിവച്ചു് പുഞ്ചിരിയോടെ ഞങ്ങളെ അഭിവാദ്യംചെയ്തു.

സ്കിയിൽ യാത്രചെയ്യുന്നതു് വളരെ സുഖകരമായിരിക്കണമെന്നു ഞാൻ വിചാരിച്ചു. എനിക്കതു പഠിക്കണം. അതു് എളുപ്പമാണെന്നു തോന്നി. വാസ്തവത്തിൽ പ്രതീക്ഷിച്ചതിലും വിഷമമായിരുന്നു അതു്. ഓട്ടോയും സ്കിയിൽ യാത്രചെയ്യുന്നതിൽ ഉൽസുകനായിരുന്നു.

''ഹാൻസ്, എനിക്കും അതു പഠിക്കണം, എന്നെ സഹായിക്കുമോ?'' ഓട്ടോ അഭ്യർത്ഥിച്ചു.

''തീർച്ചയായും.'' മന്ദസ്മിതത്തോടെ ഹാൻസ് മറുപടി പറഞ്ഞു.

''എന്നാൽ ഞങ്ങളുടെ കൈവശം സ്കി ഇല്ലല്ലോ?'' ഞാൻ ഇടയ്ക്കു കയറിപ്പറഞ്ഞു.

ഹാൻസ് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: ''നമുക്കിങ്ങനെ ചെയ്യാം. നീ അപ്പച്ചൻെറ സ്കിയും, ഓട്ടോ റൂഡിയുടെ സ്കിയുമെടുക്കുക. വേഗം വരൂ, ഉടനെ നമുക്കു പരിശീലനം ആരംഭിക്കാം.''

''ബലേഭേഷ്'' ഓട്ടോ വീട്ടിലേയ്ക്കു് ഓടിപ്പോയപ്പോൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഞാനും അവനെ അനുഗമിച്ചു. ഹാൻസ് പുറത്തു കാത്തുനിന്നു. ഹെൻറിക്കമ്മാവൻെറ സ്കി അമ്മായിയോട് ആവശ്യപ്പെട്ടു ഉടനെ തന്നു. റൂഡി അവൻേറതു് ഓട്ടോയ്ക്കും കൊടുത്തു.

''ഇന്നു മുഴുവനും ഇതു് ഉപയോഗിച്ചോ; ഇന്നു് എനിക്കതാവശ്യമില്ല.'' അവൻ ഔദാര്യത്തോടെ പറഞ്ഞു.

വീടിൻെറ മുൻവശത്തുള്ള മഞ്ഞുവിരിച്ച മൈതാനത്തിൽ അന്നു മുഴുവനും ഞങ്ങൾ പരിശീലനത്തിൽ വ്യാപൃതരായി. ഫ്രംപ് മെസ് സന്ദർശിക്കുവാൻപോലും ഞങ്ങൾ മറന്നുപോയി. ഹാൻസ് വളരെ ക്ഷമയോടും സാമർത്ഥ്യത്തോടും കൂടി ഞങ്ങൾക്കു പരിശീലനം നല്കി. വൈകുന്നേരമായപ്പോഴേയ്ക്കും ഞങ്ങൾ വല്ലാതെ ക്ഷീണിച്ചു. പക്ഷെ, ഇപ്പോൾ തനിച്ചു് എഴുന്നേററു നില്ക്കുന്നതിനും ചെറിയ മലഞ്ചരിവുകളിൽക്കൂടി തെന്നിയിറങ്ങുന്നതിനും ഞങ്ങൾക്കു സാധിച്ചു. ക്രിസ്റ്റിലീപ്പ് (Christy Leap) ചാടുവാൻ ഓട്ടോ പരിശ്രമിക്കുകപോലും ചെയ്തു.

പിറേറദിവസം രാവിലെ ഞങ്ങൾ പരിശീലനം തുടർന്നു. റൂഡി അവൻെറ ''സ്കി'' ഓട്ടോയ്ക്കു വായ്പകൊടുത്തിരുന്നു, അവനതു് ഉപയോഗിക്കുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും. അതെടുക്കുവാൻ ഓട്ടോ ആദ്യം വിസമ്മതിച്ചതാണു്. എന്നാൽ റൂഡി വളരെ നിർബ്ബന്ധിച്ചതുമൂലം അവസാനം ഓട്ടോ സമ്മതിച്ചു.

വൈകുന്നേരം ഞങ്ങൾ വീട്ടിൽ തന്നെ കഴിച്ചു. അന്നു് ക്രിസ്തുസിൻെറ തലേനാളായിരുന്നതുകൊണ്ടു് ധാരാളം ജോലി ചെയ്തു തീർക്കുവാനുണ്ടായിരുന്നു. റൂഡിയും ഞാനും കൂടി ക്രിസ്മസ് ട്രീയുടെ പണി ഏററു. ഹാൻസും ഓട്ടോയും കൂടിയായിരുന്നു പുൽക്കൂടു ശരിയാക്കുന്നതു്. അതു് ചെറിയ ഒരു കാര്യമായിരുന്നില്ല. വലിയ പർവ്വതം മുഴുവൻ പുല്ലുകൊണ്ടു മൂടണം. പുൽക്കൂട്ടിലും ആട്ടിടയന്മാരുടെ ഗുഹയിലും ലൈററു പിടിപ്പിക്കണം. അതിനുശേഷം തടിയിൽ കൊത്തിയുണ്ടാക്കിയ ഏകദേശം നൂററിഅൻപതോളം രൂപങ്ങൾ ക്രമത്തിൽ വയ്ക്കണം. ഓട്ടോ അവൻെറ കർത്തവ്യങ്ങളിൽ അതീവശ്രദ്ധയോടെ വ്യാപൃതനായി. ആ വീട്ടിലെ മതപരമായ അന്തരീക്ഷം ശ്വസിച്ചപ്പോൾ എങ്ങനെ അവൻെറ ആത്മാവു് വിടരുകയായിരുന്നുവെന്നു ഞാൻ കണ്ടു.

ആറുമണിയോടുകൂടി അമ്മായി ഒഴികെ ഞങ്ങളെല്ലാവരും (വിശുദ്ധകുർബ്ബാനയുടെ) വാഴ്‌വിൽ സംബന്ധിക്കുവാൻ പള്ളിയിലേയ്ക്കു പോയി. പിന്നീട് കുമ്പസാരിക്കുവാനുള്ള കൊച്ചുകുട്ടികളുടെ കൂടെ അമ്മാവൻ പള്ളിയിൽ നിന്നു. ഹാൻസും ഓട്ടോയും ഞാനും പുറത്തിറങ്ങി. ഉടനേതന്നെ അവർ രണ്ടുപേരും വലത്തോട്ടു തിരിഞ്ഞു നടക്കാൻ തുടങ്ങി.

“നിങ്ങൾ ആ വഴിയിൽക്കൂടി എങ്ങോട്ടാണ്?'' ഞാൻ ചോദിച്ചു.

“സ്വലേഷ്യൻകാരുടെ അടുത്തേയ്ക്ക്'' ഹാൻസ് പറഞ്ഞു. ''എൻെറ കുമ്പസാരക്കാരൻ അവിടെയാണ്.''

“ഫ്രിററ്സ്, ഞാനും കുമ്പസാരിക്കുവാൻ പോവുകയാണ്'' ഓട്ടോ എൻെറ ചെവിയിൽ മന്ത്രിച്ചു.

''എങ്കിൽ ഞാൻ തനിയെ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളാം'' ഇടത്തോട്ടു തിരിഞ്ഞുകൊണ്ടു ഞാൻ പറഞ്ഞു.

ഞാൻ മാത്രം കുമ്പസാരിക്കുവാൻ പോകാതിരിക്കുന്നതു മോശമായിപ്പോയി എന്നെനിക്കു തോന്നി. എന്നാൽ എനിക്കതിനു് ആഗ്രഹം തോന്നിയില്ല. കൂടാതെ ഒരു കപടഭക്തനാകുവാൻ ഞാൻ ആഗ്രഹിച്ചുമില്ല.

സമയം സന്ധ്യയായി. രാത്രി വളരെ സുന്ദരമായിരുന്നു. പടിഞ്ഞാറെ ചക്രവാളത്തിലുയന്ന അമ്പിളിക്കല അതിൻെറ മങ്ങിയ പ്രകാശം പർവ്വതങ്ങളിൽ പരത്തി. മേഘപാളികൾ രജതരേഖകളാൽ മനോഹരമായിരുന്നു. ഒരു നേർത്ത (മൂടൽ) മഞ്ഞു് മലകളെ മൂടുപടമണിയിച്ചു. നേരിയ ചന്ദ്രികയും ഒരായിരം നക്ഷത്രങ്ങളും അവയുടെ പ്രകാശരശ്മികൾ കുന്നുംപുറങ്ങളിൽ പതിച്ചു. ഞാൻ മെല്ലെ വീട്ടിലേയ്ക്കു മടങ്ങി, ഒരു വളഞ്ഞവഴിയിലൂടെ. എല്ലാം എന്നെ ഹഠാദാകർഷിച്ചു. നക്ഷത്രനിബിഡമായ ആ രാത്രിയുടെ സൗന്ദര്യം ഞാൻ ആസ്വദിക്കയായിരുന്നു.

ഏതാണ്ട് ഏഴു മണിക്കുശേഷം ഞങ്ങൾ എല്ലാവരും വീണ്ടും വീട്ടിൽ ഒരുമിച്ചുകൂടി. അത്താഴസമയത്തു് രണ്ടു തിരികൾ മേശപ്പുറത്തു കത്തിച്ചിരുന്നു. ഭക്ഷണം കഴിഞ്ഞപ്പോൾ എല്ലാവരും എണീററു. അമ്മാവൻ ക്രിസ്തുസിനെ സംബന്ധിച്ച സുവിശേഷഭാഗം വായിച്ചു. ആ വാക്യങ്ങളുടെ ശക്തിയാൽ ഒരു വലിയ വാതിൽ തുറക്കുന്നതായും അതിലൂടെ ഭൂമിയിൽ സന്മനസ്സുള്ളവക്ക് ക്രിസ്തുസ്സിൻെറ സന്തോഷവും സമാധാനവും കടന്നുവരുന്നതായും എനിക്കനുഭവപ്പെട്ടു.

അതിനുശേഷം അലങ്കരിച്ച ക്രിസ്തുസ്സ് ട്രീ പ്രകാശിച്ചിരുന്ന മുറിയിലേയ്ക്കു ഞങ്ങൾ പോയി. പുൽക്കൂട്ടിലെ ദീപങ്ങൾ ഉജ്ജ്വലശോഭയോടെ മിന്നിത്തിളങ്ങി. ഞങ്ങളെ പ്രതീക്ഷിച്ച്

ക്രിസ്മസ്സ് സമ്മാനങ്ങൾ മേശപ്പുറത്തു് ഇരിപ്പുറപ്പിച്ചിട്ടുണ്ടായിരുന്നു. എന്തു് ഹൃദയംഗമവും പാവനവുമായ സന്തോഷമാണു് ക്രിസ്മസ്സ് ആ വീടിനു നൽകിയതു്! ഓട്ടോയുടെയും എൻെറയും സന്തോഷം പൂർണ്ണമാക്കാൻവേണ്ടി ഓരോ ജോഡി പുത്തൻ 'സ്ലി'യും, അതിനാവശ്യമുള്ള ഉപകരണങ്ങളും ഞങ്ങൾക്കു ലഭിച്ചു.

എല്ലാവരും അവരവൎക്കു കിട്ടിയ സമ്മാനങ്ങൾ കൗതുകത്തോടു കൂടി പരിശോധിച്ചുകഴിഞ്ഞപ്പോൾ, മാഗ്ഗരററ് ഹാർപ്പുപയോഗിച്ചു് ''ഹോളി നൈററ്'' എന്ന ഗീതം ആലപിച്ചു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ഒന്നിച്ചു ചൊല്ലി ഞങ്ങൾ ചടങ്ങുകൾ അവസാനിപ്പിക്കുകയും ചെയ്തു. പാതിരാ കർബ്ബാനയ്ക്കു മുമ്പു് ഏതാനും മണിക്കൂർ ഉറങ്ങുവാൻ കുട്ടികളെ പറഞ്ഞയച്ചു. ഹാൻസും ഞാനും ഉറങ്ങിയില്ല. ഞാൻ മാതാപിതാക്കൾക്കു് ഒരെഴുത്തെഴുതി. അർദ്ധരാത്രിക്കു് അല്പം മുൻപു് രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് പള്ളിമണികൾ അവയുടെ സന്തോഷവാർത്തയുമായെത്തി. പാതിരാകർബ്ബാനയ്ക്കു സമയവുമായി.

ഞാനൊഴികെ എല്ലാവരും വിശുദ്ധകർബ്ബാന സ്വീകരിച്ചു. ഞാൻ പള്ളിയുടെ പിൻപിൽ നിന്നു. പക്ഷെ വളരെക്കാലംകൂടി ആദ്യമായി എൻെറ ഹൃദയം വളരെ ചെറുതെങ്കിലും ഹൃദയസ്പർശിയായ ഒരു പ്രാത്ഥന ഉരുവിട്ടു. എൻെറ കസിൻ ഹാൻസിനെപ്പോലെ അല്പമെങ്കിലും ആയിത്തീരുന്നതിനുള്ള അനുഗ്രഹത്തിനായിട്ടാണു് ഞാൻ യാചിച്ചതു്.

ആ ക്രിസ്മസ്സ് ദിനങ്ങളിൽ എൻെറ അവസ്ഥയേയും ഹാൻസുമായുള്ള ബന്ധത്തേയും കുറിച്ചു് ഞാൻ ശാന്തമായി ചിന്തിച്ചു. വർഷാരംഭത്തിൽ ഞാൻ വായിച്ച അവൻെറ പദ്യശകലം ഹാൻസിൻെറ ആന്തരികസ്ഥിതിയെ വെളിപ്പെടുത്തുന്നതായിരുന്നു. അതു് എന്നെ ഹഠാദാകർഷിച്ചു. എന്തെന്നു് എനിക്കു് അറിഞ്ഞുകൂടെങ്കിലും ഒരു ശക്തി സാവധാനം ദൃഢതയോടുകൂടി എൻെറ ആത്മാവിനെ സ്വായത്തമാക്കുവാൻ ശ്രമിക്കുന്നതായി എനിക്കനുഭവപ്പെട്ടു. ഇതുവരെ സാഹസികമായി ഞാനതിനോടെതിരിട്ടു. ഹാൻസിനെ ഞങ്ങളുടെ വശത്തേയ്ക്കു കൊണ്ടുവരുവാൻ സകല അടവുകളും പയററിനോക്കി. പക്ഷേ, ഞങ്ങൾ ഒരിടത്തും എത്തിയില്ലെന്നു മാത്രമല്ല, ഹാൻസു് കൂടുതൽ ശക്തനായി ഉന്നതങ്ങളിൽത്തന്നെ നിൽക്കുകയും ചെയ്തു. അവസാനം എൻെറ എല്ലാ എതിർപ്പുകളേയും ജയിച്ചുകൊണ്ടു് ഹാൻസിൻെറ സ്വഭാവവൈശിഷ്ട്യവും ആകർഷണീയമായ വ്യക്തിത്വവും എന്നെ കീഴ്പ്പെടുത്തുകയാണുണ്ടായതു്.

ഹാൻസിനു് ആ ആകർഷണീയശക്തി എങ്ങനെ ഉണ്ടായി എന്നു് എനിക്കു സാവധാനം മനസ്സിലാക്കുവാൻ കഴിഞ്ഞു. അവൻ എപ്പോഴും ശ്രേഷ്ഠവും നിർമ്മലവും അന്തസ്സുററതുമായ കാര്യങ്ങൾ മുറുകെ പിടിക്കുകയും അതിനുവേണ്ടി പോരാടുകയും ചെയ്തിരുന്നു

എന്നതായിരുന്നു അതിന്റെ രഹസ്യം. ഞാനും ആ ആദർശത്തി നായി ആഗ്രഹിച്ചു. നല്ലവനും കലീനത്വമുള്ളവനും നിർമ്മലനും ആയിത്തീരുവാൻ ഞാൻ കൊതിച്ചു...പക്ഷേ, അതിനാവശ്യമായ ഉൾക്കരുത്ത് എനിക്കില്ലായിരുന്നു. ഹാൻസിനതെവിടെനിന്നു കിട്ടി? ഉത്തരം ഞാൻ ശരിയായി ഗ്രഹിച്ചു. കത്തോലിക്കാമത ത്തിന്റെ വിശ്വസ്തമായ അഭ്യസനത്തിൽനിന്നാണ് അവനതു ലഭി ച്ചത്. അത് അംഗീകരിക്കാതിരിക്കുവാൻ ആവുംവിധം ഞാൻ പരിശ്രമിച്ചു. അവനെതിരെ എനിക്കുണ്ടായിരുന്ന ഏക ആവലാതി അതുമാത്രമായിരുന്നു.

മതത്തിന്റെ നുകത്തിനു കീഴിൽ കുഞ്ഞുന്നത് ഭീരുത്വമായി ഞാൻ വിചാരിച്ചു. കലീനനും നിർമ്മലനുമായിരിക്കുവാൻ ഞാനാ ഗ്രഹിച്ചു, എന്നാൽ പരസഹായം കൂടാതെ, എന്റെ സ്വന്തം പരി ശ്രമത്താൽ മാത്രം. മതപരമായ കാര്യങ്ങളിൽ നിഷ്പക്ഷനായിത്ത ന്നെയിരിക്കാനും, എന്നാൽ അതേസമയം ഹാൻസിനെപ്പോലെ നല്ല സ്വഭാവഗുണമുള്ള ഒരു ചെറുപ്പക്കാരനായിരിക്കാനും ഞാനി ച്ഛിച്ചു.

ആരേയും വശത്താക്കാൻ കഴിവുള്ള മതത്തിന്റെ സ്വാധീന ശക്തിക്കെതിരായി ഞാൻ, അന്തരാത്മാവിൽ എങ്ങനെ പട വെട്ടി ക്കൊണ്ടിരുന്നുവെന്ന് ഹാൻസ് ശ്രദ്ധിച്ചു. എന്നാൽ സൂക്ഷ്മമേറിയ നയത്താൽ ഹാൻസ് അകന്നുതന്നെ നിന്നു ഹാൻസിന്റെ പക്ഷ ത്താക്കുന്നതിന് അവൻ ഒരിക്കലും എന്നിൽ സമ്മർദ്ദം പ്രയോഗി ച്ചില്ല. മാത്രമല്ല, എന്റെ പെരുമാററം ഉളവാക്കിയ വേദനയ്ക്കോ, സംഭ്രമത്തിനോ എതിരായി ഒരു പ്രകടനമോ വാക്കോ പ്രവൃത്തിയോ അവനിൽനിന്നും ഒരിക്കലും ഉണ്ടായതുമില്ല. വിയന്നായിൽ വന്ന പ്പോഴ് എങ്ങനെ ആത്മാർത്ഥതയും ആരോഗ്യവും ഉള്ളവനായിരുന്നോ, അതുപോലെതന്നെ യാതൊരു മാററവുമില്ലാതെ അവൻ തുടർന്നു. എന്നെ വിശ്വസിച്ച് എല്ലാ ഹൃദയരഹസ്യങ്ങളും അവൻ എന്നോടു പറഞ്ഞു. എന്നാൽ ഒരിക്കലും എന്റെ ആത്മാവിന്റെ അവസ്ഥ യെപ്പററി സൂചിപ്പിക്കപോലും ചെയ്തില്ല. പിന്നീട് എന്നോടു പറ ഞ്ഞതനുസരിച്ച്, അവൻ ചെയ്തത് ദിവസവും എനിക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രമായിരുന്നു.

നേരേ മറിച്ച്, ഓട്ടോ ഹാൻസിന്റെ സ്വാധീനത്തിൽ പെട്ടു; ഒരു കൊച്ചുകുട്ടിയുടെ നിഷ്ക്കളങ്കതയോടും, ആത്മാർത്ഥതയോടും കൂടി. ഹാൻസ് ചെയ്തതെല്ലാം നന്മയായിരുന്നു, അവന്റെ കാഴ്ച യിൽ. വി. കർബ്ബാന, കുമ്പസാരം, പള്ളിതാരോഹണം, സ്ക്കീസ് എല്ലാം. എല്ലാ സായാഹ്നത്തിലും കുടുംബാംഗങ്ങൾ സമ്മേളിച്ച് ജപമാല എത്തിച്ചിരുന്നു. എന്നാൽ ഞാൻ മാത്രം അതിൽ പങ്കെടു ത്തില്ല. ആ പ്രാർത്ഥന എന്താണെന്ന് ഓട്ടോ ഹാൻസിനോടുചോദിച്ചു. ഹാൻസതു വിവരിച്ചുകൊടുത്തു. അതിനുശേഷം അവൻ ഒരു കൊന്ത

ചാങ്ങി ദിവസേന എല്ലാവരും ചൊല്ലുന്ന ജപമാലയിൽ പങ്കു കൊള്ളുവാൻ തുടങ്ങി.

ദിവസങ്ങൾ ആനന്ദദായകങ്ങളായി കടന്നുപോയി. എല്ലാ ദിവസവും കാലത്തും, മിക്കപ്പോഴും ഉച്ചതിരിഞ്ഞും മഞ്ഞു കിടക്കുന്ന സ്ഥലങ്ങളിലേയ്ക്കു് സ്കീ അഭ്യസിക്കുന്നതിനു് പതിവായി ഞങ്ങൾ പോയിരുന്നു. ആദ്യമാദ്യം വീടിന്റെ മുമ്പിലായിരുന്നു പരിശീലനം. പിന്നീടു് കൂടുതൽ ധൈര്യമായപ്പോൾ മീറേഡറി ലേയും ഫ്രോണബൻ വഴി ഷ്ളിക്കറിലേയും വിശാലമായ മൈതാനങ്ങളിലേയ്ക്കും ഞങ്ങൾ പോവുകയുണ്ടായി.

ഒരിക്കൽ ഇങ്ങനെ സ്കീ വിനോദത്തിൽ മുഴുകിയിരുന്ന അവസരം. നിർമ്മലവും മനോഹരവുമായ മഞ്ഞു് സൂര്യപ്രകാശവും ചൂടും തട്ടി പ്രതിബിംബിച്ചു. കൽക്കോഗൽ പർവ്വതനിരകളിലെ കൊടുമുടികൾ കഥകളിലുള്ള രൂപങ്ങൾപോലെ, താഴ്വരയ്ക്കുചുററും മനോഹരമായ ഒരു കിരീടമുണ്ടാക്കി. മഞ്ഞു മൂടിയ വയലുകളിൽ സൂര്യൻ വെണ്മയുള്ള പ്രകാശം പരത്തി. ആൽപ്സിലെ അത്ഭുതകരമായ ലോകം അതിന്റെ പ്രതാപത്തിലും ഗാംഭീര്യത്തിലും ഒരു സ്വപ്നലോകമായി എനിക്കു തോന്നി. എന്നാൽ അതിന്റെ പിന്നിൽ അങ്ങകലെ മൂടൽമഞ്ഞുകൊണ്ടു് ആവരണം ചെയ്യപ്പെട്ട. കെട്ടിടങ്ങളുടെ ഒരു കറുത്ത കൂമ്പാരമായി, നഗരജീവിതത്തിലെ ശബ്ദത്തിലും ബഹളത്തിലും മുങ്ങിയ ആ വലിയ പട്ടണം ഞാൻ ഭാവന ചെയ്തു. ഒരു ഞെട്ടലോടുകൂടി എനിക്കു ബോദ്ധ്യമായി, അതു് എന്റെ ആത്മാവിന്റെ പ്രതിഛായ ആണെന്നു്.

ഹാൻസിന്റെ പിരി എന്റെ പിന്നിൽ ഞാൻ കേട്ടു. തിരിഞ്ഞപ്പോൾ, തന്നെ മഞ്ഞുകൊണ്ടു മൂടാനുള്ള ഓട്ടോയുടെയും റൂഡിയുടെയും പരിശ്രമങ്ങൾക്കെതിരെ അവൻ നിലത്തു കിടന്നുരുളുന്നതാണ കണ്ടതു്. ആ വിനോദങ്ങളിൽ പങ്കു കൊള്ളാതിരിക്കുവാൻ എന്റെ മനസ്സു് അനുവദിച്ചില്ല. മഞ്ഞിലേയ്ക്കു ചാടിക്കയറി ഹാൻസിനെ മഞ്ഞുകൊണ്ടു് എറിയാൻ തുടങ്ങി. കണ്ണിമയ്ക്കുന്ന നിമിഷത്തിനുള്ളിൽ, ഓട്ടോ എന്റെ മീതെ ചാടി, കാലുകൾ കൊണ്ടു് എന്നെ തറപററിച്ചു. ഞാൻ നിലത്തു വീണു റൂഡി കവിളുകളിൽ മഞ്ഞു കൊണ്ടുതേച്ചു. പൊടുന്നനെ, ഹാൻസ് ആക്രമണം തുടങ്ങി. ശബ്ദകോലാഹലത്താൽ മുഖരിതമായ ഒരു മൽപ്പിടുത്തമായിരുന്നു അതു്. കമിഴ്ന്നടിച്ചു വീണ ഞങ്ങൾ മഞ്ഞിൽ കിടന്നു് ഉരുണ്ടു. ഓരോരുത്തരും പരസ്പരം ആക്രമിച്ചു. ശ്വാസം നിലയ്ക്കുന്ന വരെ പൊരുതി. അവസാനം വസ്ത്രത്തിലെ പൊടിയും തട്ടി എഴുന്നേററു. സ്കീ ഉപയോഗിച്ചു് വീട്ടിലേയ്ക്കു തിരിച്ചു.

ഓട്ടോ പറഞ്ഞു: ''അതു വളരെ കേമമായിരുന്നു. ഇനിയും ഇതുപോലെ വേണം''.

''ഫ്രീററ്സ്, അതു് എങ്ങനെയുണ്ടു്?'' ഹാൻസ് എന്നോടു ചോദിച്ചു.

''എനിക്കതു വളരെ ഇഷ്ടമായി. പരിപൂർണ്ണമായി അനുകൂലി ക്കുന്നു. എപ്പോഴം വേണമെങ്കിലും ആകാം'' ഞാൻ മറുപടി നല്കി.

31-ാംതീയതി ഉച്ചഊണിനുശേഷം ഞങ്ങൾ മെഡ്രാററ്സിലേ ക്കു് പോയി. ദേവാലയത്തിനു മുമ്പിൽ ഞങ്ങൾ ചെന്നപ്പോഴ്, അവിടെ കുറെ സമയം താമസിച്ചശേഷം, സ്ക്കീ അഴിച്ചുമാററി കുത്തനെ ചരിഞ്ഞുകിടന്ന പടികൾ കയറി സമീപത്തുള്ള വീട്ടി ലേയ്ക്കു ചെന്നു. മെഡ്രാററ്സ് ദേവാലയത്തിലെ കപ്യാരായ ഒരു പ്രശസ്ത ശില്പിയുടെ വീടായിരുന്നു അതു്. ആ ശില്പിയെ സന്ദർശി ച്ച് അഭിവാദനങ്ങളർപ്പിക്കുന്നതിനായിരുന്നു ഞങ്ങൾ കയറിയതു്. അല്പം തുറന്നിരുന്ന അടുക്കളയുടെ വാതിലിലൂടെ അകത്തു കടക്കുന്ന തിനുള്ള സ്വാതന്ത്ര്യം ഞങ്ങൾ വിനിയോഗിച്ചു. ഞാനും ഓട്ടോയും സാധാരണയായി കാണാത്ത അത്ഭുതകരമായ കാഴ്ചകൾ കണ്ടു് ആശ്ചര്യപ്പെട്ടു് അല്പനേരം നിന്നുപോയി. കരിപുരണ്ടു് ഇരുളടഞ്ഞ മതിലുകളുള്ള ആ മുറിയിൽ വീതി കൂടിയതും ഉയരം കുറഞ്ഞതുമായ ഒരടുപ്പ് ഒരുവശത്തു്; മറുവശത്തു് ഉത്തരത്തിൽനിന്നും തൂങ്ങിക്കിട ക്കുന്ന പിച്ചളകൊണ്ടുള്ള പാത്രങ്ങൾ...ഇവയെല്ലാം പഴയകാല ചരി ത്രത്തിലെ ഒരു ദൃശ്യംപോലെ അനുഭവപ്പെട്ടു.

ഹാൻസ് വേറൊരു ചെറിയ മുറിയുടെ വാതിലിൽ സാവധാ നം മുട്ടിക്കൊണ്ടു് ആ മുറിയിൽ പ്രവേശിച്ചു. ജനാലയ്ക്കു സമീപം കുറെ മരക്കഷണങ്ങൾ കിടന്നിരുന്നു. പണിക്കോപ്പുകളുമായി സ ന്തോഷവദനനായി ഇരിക്കുന്ന ഒരു ശില്പിയെ അവിടെ കണ്ടു. മാന്യ മായ പുഞ്ചിരിയോടെ അദ്ദേഹം സൂക്ഷിച്ചു നോക്കി.

''ജോൺ, ദൈവം നിങ്ങളോടുകൂടെ,'' ഹാൻസ് അഭിവാദ്യം ചെയ്തു. വൃദ്ധൻ ഹാൻസിനെ തിരിച്ചറിഞ്ഞു. ''ഇതു് ഹാൻസ് മോളല്ലെങ്കിൽ പിന്നെ ആരാണു്!'' അദ്ദേഹം പണിയായുധങ്ങൾ താഴെവച്ചു് കൈകൾ തുടച്ചു് ഞങ്ങളെ അഭിവാദനം ചെയ്തു. നിമി ഷങ്ങൾക്കകം ഞങ്ങൾ സജീവസംഭാഷണത്തിലേർപ്പെട്ടു. അദ്ദേഹ ത്തിന്റെ ചുററുമിരുന്നു് കരകൗശല കലയെപ്പററി കൂടുതൽ അറിയു ന്നതിന് ചോദ്യങ്ങൾ ചോദിച്ചു. തലേ ആഴ്ചയിൽ പണി പൂർത്തി യാക്കിയ കുറെ കൊത്തുരൂപങ്ങൾ അദ്ദേഹം ഞങ്ങളെ കാണിച്ചു. ആട്ടിടയർ, രാജാക്കന്മാർ, പലതരം മൃഗങ്ങൾ, ഒട്ടകങ്ങൾ, ആടു കൾ, കഴുതകൾ-ഇവയെല്ലാം. ഈ രൂപങ്ങൾ ഭംഗിയായി കൊത്തി, എണ്ണച്ചായത്തിൽ പെയിൻറുചെയ്തു് വളരെ കോമളമാക്കിത്തീർത്തി രുന്നു. ഒരു ആട്ടിടയന്റെ തല കൊത്തിയുണ്ടാക്കുന്നതു് വളരെ കൗതുകത്തോടെ ഞങ്ങൾ സൂക്ഷിച്ചു കണ്ടു. ഒരു സാധാരണ തടിക്ക ഷണത്തിൽ നിന്നും ആദ്യം തല, പിന്നീടു കണ്ണുകൾ, മൂക്കു്, താടി ഇതെല്ലാമുണ്ടായി. ഓട്ടോയ്ക്കു് അവന്റെ ആശ്ചര്യം പ്രകടിപ്പിക്കാ തിരിക്കാൻ കഴിഞ്ഞില്ല.

''ഹൊ! യഥാർത്ഥ കലയെന്താണെന്നു് ഇപ്പോൾ എനിക്കു മന സ്സിലായി.'' ആശ്ചര്യഭരിതനായി അവൻ പറഞ്ഞു.

അവന്റെ ഉൽഘോഷം കേട്ട് ഞങ്ങൾ ചിരിച്ചുപോയി. അവനതിൽ അല്പം പരിഭവംതോന്നി.

ഞങ്ങൾ യാത്രപറഞ്ഞപ്പോൾ, ആ വിനീതനായ കലാകാരൻ സന്ദർശകരുടെ ലിസ്റ്റിൽ ഒപ്പിടുവാൻ ഞങ്ങളോടാവശ്യപ്പെട്ടു. നൂറു കണക്കിനൊപ്പുകൾ ആ ബുക്കിലുണ്ടായിരുന്നു. ഞങ്ങൾ നാലുപേരും ഒപ്പിട്ടു. വൃദ്ധനായ കപ്യാരെ കൈകൊടുത്ത് അഭിവാദ്യംചെയ്ത ശേഷം ഞങ്ങൾ അദ്ദേഹത്തോടു യാത്രപറഞ്ഞു.

താഴെയിറങ്ങിയശേഷം 'സ്കി' തോളിലേററി, ഒരുമണിക്കൂർ വളരെ സന്തോഷപ്രദമായി ചെലവഴിക്കുവാൻ സഹായിച്ച വൃദ്ധനോട്, കൈ വീശി, വിടവാങ്ങി. അപ്പോൾ സൊൺന്നസ്റ്റയിനു പോകുവാൻ ഹാൻസ് ഞങ്ങളെ ക്ഷണിച്ചു.

''എന്തിന്?'' ആകാംക്ഷയോടുകൂടി ഓട്ടോ ചോദിച്ചു,

''സ്കി ജംബ് കാണുവാൻ.''

''ഹൗ! കൊള്ളാം അതു നല്ല കാര്യമാണ്'' നിർദ്ദേശം താല്പര്യപൂർവ്വം സ്വാഗതംചെയ്തുകൊണ്ട് റൂഡി പറഞ്ഞു.

എന്താണ് സ്കിജംബ് എന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും ഞാനനുഗമിച്ചു. ഞങ്ങൾ വനത്തിലൂടെ മലയുടെ അടിവാരത്തേയ്ക്കു നടന്നു. വൃക്ഷങ്ങൾക്കിടയിലൂടെ ക്രമേണ ചരിഞ്ഞു മിനുസമായ ഒരു പാതയായിരുന്നു അത്. ഇവിടെയായിരുന്നു മെഡ്റാററ്സിലെ സ്കിജംബ്.

''നിങ്ങൾ അവിടെ നിന്നോളു'' പാതയുടെ ഒരു വശത്തേയ്ക്ക് കൈ ചൂണ്ടിക്കൊണ്ട് ഹാൻസ് പറഞ്ഞു.

ഹാൻസ് എന്താണുദ്ദേശിച്ചതെന്ന് അപ്പോൾ മാത്രമാണ് ഓട്ടോയ്ക്കു മനസ്സിലായത്.

''നീ ആ വഴിയിലൂടെ ഇറങ്ങിവരാൻ പോവുകയാണോ?'' ആ ചെരിവിലേയ്ക്കു നോക്കിക്കൊണ്ട് അവൻ ഹാൻസിനോടു ചോദിച്ചു.

''ഞാൻ ചാടാൻ പോവുകയാണ്.''

ഓട്ടോ അവന്റെ കൈയ്ക്കു പിടിച്ചു. അവനു പേടിതോന്നി. ''അങ്ങനെ ചെയ്യരുത്. പിന്നെ നിന്റെ ഒരെല്ലുപോലും ബാക്കി കിട്ടുകയില്ല.''

ഹാൻസ് ചിരിച്ചു ''അതു് അത്ര വിഷമമല്ല. പക്ഷേ കാഴ്ചയിൽ വാസ്തവത്തിലുള്ളതിൽ അല്പം കൂടുതൽ ബുദ്ധിമുട്ടുള്ളതായി അതു കാണപ്പെടുന്നുവെന്നുമാത്രം.''

അവൻ റൂഡിയോടൊപ്പം കയറുവാൻ തുടങ്ങി. ഞങ്ങൾ നോക്കിക്കൊണ്ടു നിന്നു. പകുതി വഴി ചെന്നപ്പോൾ റൂഡി നിന്നു.

അതു് ചാട്ടത്തിൻെറ ദൂരം അളക്കാനുള്ള അടയാളമാണു്. ഹാൻസ് മുകളിൽ നിന്നും കൈ വീശി. സ്വീകരം ശരിക്കാണോ എന്നുറപ്പു വരുത്തി, അവൻ ആ ചരിവിനു പിറകിൽ മറഞ്ഞു. ആ സമയത്തു് എനിക്കും അല്പം ആശങ്ക തോന്നി. ഓട്ടോ വളരെയധികം ചഞ്ചല ചിത്തനായി. ഹാൻസ് പുറത്തു വരുന്ന സ്ഥലത്തേയ്ക്കു് ഞങ്ങൾ സൂക്ഷിച്ചുനോക്കി നിന്നു. പെട്ടെന്നു് ഹാൻസ് മിന്നൽവേഗത്തിൽ ഭൂമിയിൽനിന്നും പൊങ്ങിവരുന്നപോലെ കാണപ്പെട്ടു. കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു് മലയുടെ മുകളിൽനിന്നു് അസ്ത്രം പോലെ അവൻ മുൻപോട്ടു കുതിച്ചു. കുറേനേരം അവൻ വായുവിൽ ആയിരുന്നു. പിന്നെ ആ പാതയിൽ വന്നു തൊട്ടു് വേഗത്തിൽ കീഴോട്ടു പാഞ്ഞു. ഓട്ടോ ഭയപ്പെട്ടുപോയി. ഹാൻസ് ഞങ്ങളുടെ സമീപത്തുകൂടി മിന്നൽവേഗത്തിൽ കടന്നുപോയി. ചെരുവിൻെറ അവസാനം എത്തുവോളം അല്പംകൂടി മുൻപോട്ടാഞ്ഞിരുന്നു. അവിടെനിന്നും മുന്നോട്ടുപോയി അവൻ പെട്ടെന്നു നിന്നു.

"മുപ്പത്തിയഞ്ചു്" റൂഡി മുകളിൽനിന്നും വിളിച്ചുപറഞ്ഞു.

ഓട്ടോ വിവർണ്ണനായിപ്പോയി. ഞാനും അല്പം വികാരാധീനനായി. ഹാൻസ് അല്പംപോലും അസ്വസ്ഥനായിരുന്നില്ല. ചാട്ടത്തിൻെറ നീളം കാണുവാനായി ഹാൻസ് പിൻപോട്ടു നോക്കി. അവൻെറ കണ്ണുകൾ സന്തോഷത്താൽ പ്രകാശിച്ചു. തൻെറ മികച്ച പ്രകടനത്തിൽ ബോധവാനായിട്ടെന്നപോലെ അവൻ നിവർന്നു നിന്നു. ചുണയും വീര്യവും പ്രസരിക്കുന്ന ഒരു വിജിഗീഷുവിനേപ്പോലെ അവൻ കാണപ്പെട്ടു.

"നമ്മുടെ സഹപാഠികൾ ഇതു കാണുവാൻ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്തു നന്നായിരുന്നു." ഇതാണു് എൻെറ മനസ്സിലുദിച്ച ആദ്യത്തെ ചിന്ത. പിന്നീടു് അതു ഞാൻ അവനോടു പറയുകയും ചെയ്തു. അവനതത്ര കാര്യമാക്കിയില്ല. "അവരുണ്ടെങ്കിൽ ഞാൻ ചാടുമായിരുന്നെന്നു വിചാരിക്കുന്നില്ല." അവൻ പറഞ്ഞു.

തിരിച്ചു വരുന്നവഴിക്കു് ഞാൻ ഒന്നുംതന്നെ സംസാരിച്ചില്ല. എൻെറ ചിന്തകളിൽ ഞാൻ വ്യാപൃതനായിരുന്നു. വാസ്തവത്തിൽ ഹാൻസാണു് ക്ലാസ്സിലേക്കും ഏററം ധീരനായ കുട്ടി. വിശുദ്ധിയും വിശ്വാസവും കാത്തുസൂക്ഷിക്കുന്നതിൽ മാത്രമല്ല എല്ലാ കാര്യത്തിലും അവൻ ധീരനാണു്. എവിടെനിന്നാണവനു് തുറന്നതും ആത്മാർത്ഥത നിറഞ്ഞതുമായ ഈ സ്വഭാവം ലഭിച്ചതു്? എവിടെനിന്നു് ഈ ആകർഷകത്വവും പൗരുഷവും? അവൻെറ പ്രത്യേകതകളാണവ. എൻെറ ശ്രമംകൊണ്ടു് ഈ നന്മകൾ എനിക്കും ലഭിക്കുകയില്ലേ? തീർച്ചയായും ഈ ഗുണങ്ങൾ ലഭിക്കുവാൻ അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുകയും കുമ്പസാരിക്കുകയും ആവശ്യമില്ല... അഥവാ അതാവശ്യമാണോ...? എൻെറ വഴി ഇടറാതെ പിൻചെല്ലു

ന്നതിനു് ഈ പർവ്വതവാസികളുടെ അജയ്യമായ ഇച്ഛാശക്തി സമ്പാദിക്കണമെന്നുള്ളതു് വാസ്തവമാണു്. മററുള്ളവരുടെ വാക്കുകളും മാതൃകയുമല്ല ഞാൻ ശ്രദ്ധിക്കേണ്ടതു്.

ഞങ്ങരം വീട്ടിൽ ചെന്നപ്പോരം ഉച്ച കഴിഞ്ഞുവന്ന ഒരു എഴുത്തു് അമ്മായി എനിക്കു തന്നു. അഡ്രസ്സു് ടൈപ്പു ചെയ്തിരുന്നതുകൊണ്ടു് കൈയെഴുത്തുനോക്കി ആരുടേതാണെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എഴുത്തു പൊട്ടിച്ചു. ഒപ്പു കണ്ടപ്പോരം വെറുപ്പു തോന്നി. അതു് ബർണറിൻേറതായിരുന്നു.

"പ്രിയ ഫ്രിററ്സു്,

പുതുവർഷത്തിൻെറ ഭാവുകങ്ങരം ആശംസിക്കാൻ ഒന്നുരണ്ടു വാക്കുകരം. വിശുദ്ധ നാടായ 'ടിറോളി'ൽ നിനക്കു സുഖമല്ലേ? മലകളും ഗ്രാമങ്ങളും ജനങ്ങളും അവരുടെ ആചാരമര്യാദകളും മററും നിന്നെ ആകർഷിച്ചിരിക്കണം. എനിക്കതു നന്നായിട്ടറിയാം. നിൻെറ നല്ല കസിൻ ഹാൻസു്...അടുത്ത വർഷത്തേയ്ക്കു ശക്തി സംഭരിക്കുകയായിരിക്കും. കൊള്ളാം. അതു് അവനു് ആവശ്യമായി വരും. അടുത്ത വർഷം അവനു എളുപ്പമായിരിക്കുവാൻ പോകുന്നില്ല. നമുക്കു് അവനെ ജയിക്കണം. എനിക്കു പല പുതിയ പ്ലാനുമുണ്ടു്. അതുകൊണ്ടു് സൂക്ഷിക്കുക. അവിടത്തെ ഭക്തിയിലൊന്നും പെട്ടുപോകരുതു്. അതു വളരെ സാംക്രമികമാണു്; ഞാൻ പറഞ്ഞേക്കാം. നിന്നെ അച്ചന്മാരുടെ ഒരു സംരക്ഷകനായി ഒന്നു വിഭാവനം ചെയ്യൂ. കൈയിൽ കൊന്തയുമായി നിലത്തു മുട്ടു കുത്തുന്ന നിന്നെ ഞാൻ ഭാവനയിൽ കാണുകയാണു്......മനോഹരമായ കാഴ്ച. അല്ലേ?

തമാശയെല്ലാം പോകട്ടെ. നിൻെറ കസിനെ സ്വാധീനിക്കുവാൻ മറക്കരുതു് എന്നാണെനിക്കു പറയുവാനുള്ളതു്. ഈ അവധിക്കാലത്തു നിനക്കു് വളരെയേറെ സന്ദർഭം ലഭിക്കും. അവിടെവച്ചു കളമൊരുക്കുക, ഭംഗിയായി. അതിനുശേഷം എല്ലാ ഉത്തരവാദിത്വവും ഞാൻ എടുത്തുകൊള്ളാം. ഇപ്രാവശ്യം അവൻ രക്ഷപ്പെടുകയില്ല.

പട്ടണത്തിലെ പല ആനന്ദങ്ങളും അവിടെ നിനക്കുണ്ടാവില്ല എന്നതു വാസ്തവം. മാററിവയ്ക്കുക എന്നു പറഞ്ഞാൽ ഉപേക്ഷിച്ചു എന്നർത്ഥമില്ല. പിന്നീടു് പ്രതികാരബുദ്ധിയോടുകൂടിത്തന്നെ പകരം വീട്ടാം.

എനിക്കിവിടെ പ്രത്യേക വിശേഷമൊന്നുമില്ല. ഞാൻ എൻെറ സമയം എങ്ങനെ വിനിയോഗിക്കുന്നുവെന്നു് നിനക്കു മനസ്സിലാക്കാം. നല്ല വിശേഷത്തിനുവേണ്ടി ഞാൻ കാത്തിരിക്കുകയാണു്. അവധി കഴിഞ്ഞു വിയന്നായിൽ തിരിച്ചുവരുമ്പോരം നിനക്കു

മനസ്സിലാകും ടൈറോളീസ്കാർ എത്ര മണ്ടന്മാരും വിവേകശൂന്യരുമാണെന്ന്. പുറമെ ഭയാനകം, അകമേ ശൂന്യം.

നിന്റെ ആത്മാർത്ഥസ്നേഹിതൻ

കർട്ട് ബർണർ.''

ബർണറിന്റെ എഴുത്ത് ഞാൻ മൂന്നു പ്രാവശ്യം വായിച്ചു. പിന്നെ അതു തുണ്ടുതുണ്ടായി കീറി തീയിലിട്ടു. അതിനെപ്പററി ഹാൻസിനോട് ഒരു വാക്കുപോലും പറഞ്ഞില്ല. അതിനെപ്പററി എന്ത് ചിന്തിക്കണം—അതിനെ അവഗണിക്കണമോ, അതോ ഗൗരവമായിട്ടെടുക്കണമോ—എന്നതിനൊരു രൂപവുമുണ്ടായില്ല. അതിന്റെ അർത്ഥം ഞാൻ ഗ്രഹിച്ചു. ഏതു വിധേനയും ഹാൻസിനെ വഴി തെററിക്കാനുള്ള ബർണറിന്റെ ദൃഢവും പൈശാചികവുമായ തീരുമാനം. ഉദ്ദേശ്യം സാധിച്ചല്ലാതെ അയാൾ പിന്മാറുകയില്ലെന്ന് എനിക്കു ശരിക്കറിയാമായിരുന്നു. ഒരു നിമിഷത്തേയ്ക്കു ഞാൻ വിചാരിച്ചുപോയി, ഹാൻസ് പരാജിതനായേക്കുമെന്ന്. അവൻ സ്വയം രക്ഷിക്ക മാത്രമല്ലേ ചെയ്യുന്നതു്? സാവധാനം അവന്റെ ശക്തി ക്ഷയിക്കുകയില്ലേ?

എന്റെ സംശയങ്ങൾക്കുത്തരം വളരെ അപ്രതീക്ഷിതമായിട്ടാണു ലഭിച്ചതു്. ഉത്സാഹഭരിതനായി ഓട്ടോ എന്നോടു പറഞ്ഞു: അടുത്ത വർഷം അവനും ഹാൻസും കൂടി ഇൻസ്റ്റിററ്യൂട്ടിൽ മാതാവിന്റെ സൊഡാലിററി സ്ഥാപിക്കുവാൻ പോവുകയാണെന്ന്. ഈ ദിവസങ്ങളിൽ അവരതു രൂപ്പാൻ ചെയ്തുകഴിഞ്ഞിരുന്നു. ഓട്ടോ സാവധാനത്തിലും നിശ്ശബ്ദമായും, എന്നാൽ തീക്ഷ്ണമായും താഴത്തെ മൂന്നു ക്ലാസ്സുകാരോടുകൂടി പ്രവർത്തിക്കും. 8-ാം സ്റ്റാൻഡാർഡു മുതൽ ഹാൻസിനായിരിക്കും ഉത്തരവാദിത്വം.

''നിങ്ങൾ എങ്ങനെ ഇതു ചെയ്യും'' ഞാൻ അവനോടു ചോദിച്ചു.

''നിങ്ങൾക്കു കാണാം. എനിക്കു പരിപൂർണ്ണ വിശ്വാസമുള്ളവരെ മാത്രമേ സൊഡാലിററിയിൽ പ്രവേശിപ്പിക്കുകയുള്ളു. ആരംഭത്തിൽ ഞങ്ങൾക്കധികം ആളുകളാവശ്യമില്ല ഹാൻസ് ഈ ആശയം എന്റെ തലയിൽ അടിച്ചുകയററിയിട്ടുണ്ട്. എണ്ണമല്ല, ഗുണമാണ് പ്രധാനം''.

''പക്ഷെ എന്താണ് സൊഡാലിററി എന്നു നിനക്കറിയാമോ?'' ഓട്ടോ തനിക്കറിയാവുന്ന മട്ടിൽ തലയൊന്ന് ഉയർത്തിപ്പിടിച്ചുകൊണ്ട് ഗാംഭീര്യത്തോടെ പറഞ്ഞു ''അതു് ഇൻസ്റ്റിററ്യൂട്ടിലെ വിദ്യാർത്ഥികൾക്കായുള്ള ഒരു ഡാൻസിംഗ് ക്ലബ്ബാണ്. പ്രോട്ടസ്റ്റൻറുകാർക്കും യഹൂദന്മാർക്കും അതിൽ പ്രവേശനമുണ്ടായിരിക്കും''.

ഞാൻ പൊട്ടിച്ചിരിച്ചു. ''നീ വിഷമിക്കേണ്ട. എന്തുകൊണ്ടാണ് അതു മാതാവിൻെറ സൊഡാലിററി എന്നു വിളിക്കുന്നതെന്നു ഹാൻസു പറഞ്ഞോ എന്നറിയാൻ ചോദിച്ചതാണ്''.

''തീർച്ചയായും. ഞങ്ങളുടെ കുമ്പസാരക്കാരനായ സലേഷ്യൻ വൈദികനോട് ഇതിനെപ്പററി ഹാൻസ് സംസാരിച്ചു. അവനെനിക്കെല്ലാം വിശദീകരിച്ചുതന്നു. എപ്പോഴാണിതു തുടങ്ങുന്നതെന്നും ഞങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. എല്ലാം നിശ്ചയിച്ചിരിക്കുകയാണ്. മാത്രമല്ല, ഹാൻസും ഞാനും കൂടിയാണതു ചെയ്യുവാൻ പോകുന്നതു്''.

ഓട്ടോയെ വിട്ട് ഞാൻ ഞങ്ങളുടെ മുറിയിലേയ്ക്കു പോയി. ഒരു സോഫായിലിരുന്നു ഞാൻ ചിന്തിക്കുവാൻ തുടങ്ങി. ഒരുവശത്ത് ബർണറിൻെറ എഴുത്ത്, ഏതുവിധേനയും ഹാൻസിനെ വഴി തെററിക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി. മറുവശത്ത് സൊഡാലിററി സ്ഥാപിക്കാനുള്ള ഹാൻസിൻെറ പരിപാടികൾ. എനിക്കു തെററിപ്പോയി. ഹാൻസ് സ്വയരക്ഷ മാത്രമല്ല നോക്കുന്നതു്. ധൈര്യപൂർവ്വം ആക്രമിക്കാൻ അവൻ തീരുമാനിച്ചിരിക്കുന്നു. ഞങ്ങളുടെ ക്ലാസ്സിൽ മാത്രമല്ല ഇൻസ്റ്റിററ്യൂട്ടിൽ മുഴുവനും കത്തോലിക്കാതത്വം മുറുകെ പിടിക്കുന്ന ഒരു ഗ്രൂപ്പിനെ രൂപീകരിക്കുവാനാണ് അവൻെറ തീരുമാനം. ഇപ്പോൾത്തന്നെ എൻെറ അനുജനെ അവൻ കീഴടക്കിക്കഴിഞ്ഞു. തൻെറ ഹൃദയം മുഴുവനും ഓട്ടോ പുതിയ പരിപാടിയിൽ നിക്ഷേപിച്ചിട്ടുണ്ട്. അവൻെറ നേതാവിനെ അവസാനംവരെ അവൻ അനുകരിക്കുകയും ചെയ്യും.

ഇതിൻെറയെല്ലാം അനന്തരഫലം അറിയുന്നതിനുള്ള ആഗ്രഹം എന്നിലുണ്ടായി. നിഷ്പക്ഷനിരീക്ഷകൻെറ ഭാഗമാണു ഞാനെടുത്തതു്. അതേസമയം രണ്ടു പാർട്ടികളുടേയും വിശ്വസ്തനുമാണ്. ഹൃദയപൂർവ്വം ഹാൻസിനു ഞാൻ വിജയം നേർന്നു. എന്നാൽ ആത്മാർത്ഥമായി അവനോടു ചേർന്നുനിന്നു പ്രവർത്തിക്കുന്നവനായിരുന്നില്ല. മതം എൻെറ വ്യക്തിത്വത്തെ മുരടിപ്പിക്കുമെന്നു ഞാൻ ഭയപ്പെട്ടു. വാസ്തവത്തിൽ അതാണ് എനിക്കു ശരിയായ സ്വാതന്ത്ര്യം തരാൻ കഴിവുള്ളതു്; ഞാനതു മനസ്സിലാക്കിത്തുടങ്ങിയിരുന്നു. എങ്കിലും ഞാനതിനെതിരായിപൊരുതി, സത്യം കാണുവാൻ ഞാൻ വിസമ്മതിച്ചു. എൻെറ ദൈവമേ! വീണ്ടും ഞാൻ എൻെറ ആത്മാവിൽ ഒരു സംഘട്ടനം നടത്തുകയായിരുന്നു.

ഞാനെഴുന്നേററ് ജനാലയുടെ അടുത്തേയ്ക്കു നീങ്ങി. അകലെ കാണുന്ന പർവ്വതങ്ങൾക്കു മുകളിൽ ഒരായിരം നക്ഷത്രങ്ങൾ മിന്നിപ്രകാശിച്ചുകൊണ്ടിരുന്നു. ഭൂമിയിലെ പാറകൾ തകർന്നു കഷണങ്ങളാകാം. മനുഷ്യൻെറ ചെയ്തികൾ പൊടിപടലമായി മാറാം. അപ്പോഴും ആകാശത്തുള്ള ലക്ഷക്കണക്കിനു നക്ഷത്രങ്ങൾ, നിത്യത്വം മുതൽ ദൈവം അവയ്ക്കൊരുക്കിയിരിക്കുന്ന വഴികളിലൂടെ നീങ്ങിക്കൊണ്ടിരിക്കും.

എൻെറ ഹൃദയത്തിൻെറ അഗാധതയിൽ സമാധാനത്തിനും ആശ്വാസത്തിനും വേണ്ടി വേദന നിറഞ്ഞ ഒരു കരച്ചിലുയർന്നു. എന്നാൽ പ്രൗഢഗംഭീരവും നിശ്ശബ്ദവുമായ രാത്രിയുടെ നിശ്ചലത്വം മാത്രമായിരുന്നു എനിക്കു ലഭിച്ച മറുപടി. പഴയ പോരാട്ടങ്ങളെയും പുതിയ പരാജയങ്ങളെയും അഭിമുഖീകരിക്കുവാൻ പുത്തനാണ്ടിലേക്കു വീണ്ടും എന്നെന്നത്തെ എറിയണമോ? എൻെറ ബലഹീനത ജയിക്കുവാനും, പ്രൗഢനും നിർമ്മലനും ഗുണവാനുമായ ഒരു പുതിയ മനുഷ്യനാകുവാനും എനിക്കു സാധിക്കുകയില്ലേ?

ഗോവണിപ്പടികളിൽ ധൃതിയിലുള്ള കാൽപ്പെരുമാററം ഞാൻ കേട്ടു.

''ഫ്രിററ്സ്, അത്താഴം തയ്യാറായി''.

അതു് ഓട്ടോ ആയിരുന്നു. ഞാൻ തനിച്ചാണ് എന്നു മനസ്സിലാക്കിയ അവൻ അടുത്തു വന്നു് എൻെറ കൈപിടിച്ചുകൊണ്ടു പറഞ്ഞു.

''ഫ്രിററ്സ്, നവവത്സരത്തിൻെറ മംഗളാശംസകൾ''.

ഞാനും സ്നേഹപൂർവ്വം കൈ കൊടുത്തുകൊണ്ടു്. ''വളരെ നന്ദി, ഓട്ടോ. നിനക്കും മംഗളാശംസകൾ'' എന്നു പറഞ്ഞു.

വാസ്തവത്തിൽ അവൻ വളരെ സന്തോഷചിത്തനായിരുന്നു. ഉത്സാഹത്താൽ അവൻെറ കണ്ണുകൾ മിന്നിത്തിളങ്ങി.

''ഞാൻ പറഞ്ഞതോർത്തോളൂ, ഫ്രിററ്സ്. ഹാൻസും ഞാനും ഈ വർഷം എല്ലാം കെങ്കേമമാക്കാൻ പോകയാണ്''.

അവൻെറ തോളിൽ കൈയിട്ടുകൊണ്ടു് ഞങ്ങൾ അത്താഴം കഴിക്കാൻ താഴേയ്ക്കിറങ്ങി. അന്നു് വി. സിൽവസ്റ്ററിൻെറ ദിനവും വർഷാവസാനവും കൊണ്ടാടുന്ന പ്രത്യേക ആഘോഷാവസരമായിരുന്നു.

## അദ്ധ്യായം അഞ്ച്

# പിടുത്തം മുറുകുന്നു

ജനുവരി രണ്ടാംതീയതി. വീണ്ടും ഞങ്ങളുടെ കമ്പാർട്ടുമെൻറിലുള്ള ജനലിൽക്കൂടി വിയന്നയിലെ വിളക്കുകളിൽനിന്നു വരുന്ന പ്രകാശത്തെപ്പററി ഞങ്ങൾ ചിന്തിച്ചു. ദീർഘമായ ആ രാത്രിയിൽ ഞങ്ങൾ ക്ഷീണിതരായിരുന്നതിനാൽ പരസ്പരം എന്തെങ്കിലും സംസാരിക്കുവാൻപോലും ഉത്സുകരായിരുന്നില്ല. അവധി തീർന്നുവെന്നും, ക്ലാസ്സിലെ പരിപാടികളുടെ വിരസത വീണ്ടും ആരംഭിക്കാൻ പോകുന്നുവെന്നുമുള്ള ചിന്ത ഞങ്ങൾക്കു വിഷമകരമായി ത്തോന്നി.

ഞങ്ങളുടെ തീവണ്ടി സാവധാനം സ്റ്റേഷനെ സമീപിച്ചുകൊണ്ടിരുന്നപ്പോൾ, ക്രിസ്മസ് അവധിക്കാലം വെറുമൊരു പകൽക്കിനാവായിരുന്നു എന്ന് ഒരു നിമിഷം ഞാൻ ചിന്തിച്ചുപോയി. എൻെറ മുമ്പിലതാ ആ വലിയ പട്ടണം: അതിൻെറ വശീകരിക്കുന്ന ആകർഷണങ്ങളോടും, ത്രസിക്കുന്ന ജീവിതത്തോടും, വിളക്കുകളുടേയും നിറങ്ങളുടേയും ധാരാളത്വത്തോടും, വിജൃംഭണങ്ങളോടും സന്തോഷങ്ങളോടുംകൂടി. പർവ്വതനിരകളുടെ ശാന്തതയും ഗാംഭീര്യവും അങ്ങകലെ ഞങ്ങൾ വിട്ടുപോന്നിരുന്നു.

പിറേറദിവസം കാലത്തു് പതിവുപോലെ പുസ്തകങ്ങളും അടുക്കിപ്പിടിച്ചു് ഞങ്ങരം ഇൻസ്റ്റിററ്യൂട്ടിലേക്കു നടന്നു. അന്നു് എനിക്കു നന്നേ ഉറക്കക്ഷീണവും അസന്തുഷ്ടിയുമാണു് അനുഭവപ്പെട്ടതു്. ഓട്ടോയും ഹാൻസും സജീവമായ സംഭാഷണത്തിൽ ഏർപ്പെട്ടു. ഓട്ടോയുടെ മനസ്സിലുണ്ടായിരുന്ന ആശയം അവനെ ഉന്മേഷഭരിതനാക്കി. ഉടനെ, സാധിക്കുമെങ്കിൽ അന്നുതന്നെ, പുതിയ സൊഡാലിററിയിലേയ്ക്കു് അംഗങ്ങളെ ചേക്കുന്നതിനുള്ള പരിപാടി ആരംഭിക്കുവാൻ അവൻ ആഗ്രഹിച്ചു. ഹാൻസു് ഒന്നിലധികം പ്രാവശ്യം അവനെ ഉപദേശിക്കേണ്ടി വന്നു, ധൃതി കൂട്ടാതിരിക്കുവാൻ. കാര്യങ്ങളെല്ലാം യഥാക്രമം തീരുമാനിക്കുന്നതിനുമുമ്പു്, യാതൊന്നും വെളിപ്പെടുത്താതിരിക്കേണ്ടതു് വളരെ ആവശ്യമായിരുന്നു. അല്ലെങ്കിൽ പി. യു. ജി. ഐ യുടെ കടകവിരുദ്ധങ്ങളായ പ്രവത്തനങ്ങരം പുതിയ ഈ സംരംഭത്തെ മുളയിൽത്തന്നെ പിഴുതുകളഞ്ഞേക്കാം. എൻെറ നേരേ തിരിഞ്ഞു് ഹാൻസു് ചോദിച്ചു:

''ഫ്രിററ്സ്, ഓട്ടോ സൊഡാലിററിയിൽ ചേരാൻ ആഗ്രഹിക്കുന്നെന്നു് നിൻെറ അപ്പച്ചനോടൊന്നു പറയാമോ? നമുക്കദ്ദേഹത്തിൻെറ അനുവാദം വാങ്ങിക്കണം. അദ്ദേഹമറിയുന്നതാണു് ഉത്തമം. അങ്ങനെയാണെങ്കിൽ പിന്നീടു് നമുക്കു ബുദ്ധിമുട്ടുണ്ടാവുകയില്ല''.

''എന്തിനു്?'' ഓട്ടോ ഇടയ്ക്കു കയറിപ്പറഞ്ഞു. ''എനിക്കതിനു് ഒരനുവാദവും ആവശ്യമില്ല. ഞാൻ സൊഡാലിററിയിൽ എങ്ങനെയായാലും ചേരും''.

''അതു സാരമാക്കാനില്ല, ഓട്ടോ''. ഞാൻ അവനെ ഉപദേശിച്ചു. ''ഹാൻസു് പറഞ്ഞതു ശരിയാണു്. അപ്പച്ചൻ അറിയുന്നതാണു നല്ലതു്. ഇന്നു രാത്രിതന്നെ ഞാൻ അദ്ദേഹത്തോടു പറയാം.''

''പക്ഷേ അപ്പച്ചൻ എനിക്കു് അനുവാദം തരുമോ? ഫ്രിററ്സ്! ദയവായി ഒന്നു പരിശ്രമിക്കു!'' ഓട്ടോ ആശങ്കയോടെ നെററി ചുളിച്ചു.

''ഓട്ടോ, നീ ബുദ്ധിമുട്ടാതിരിക്കു. നിനക്കാവശ്യമായ അനുവാദം കിട്ടുന്ന കാര്യം ഞാനേററു''.

അതു പറഞ്ഞപ്പോരം അവൻ തൽക്കാലത്തേയ്ക്കു സംതൃപ്തനായി. എന്നാൽ ആ ദിവസംതന്നെ മൂന്നു പ്രാവശ്യം അനുവാദം അപ്പച്ചനിൽ നിന്നും വാങ്ങിക്കുവാൻ എന്നെ അവൻ നിർബന്ധിച്ചു.

ബർണർ ക്ലാസ്സിൻെറ വാതുക്കൽ ഞങ്ങളെ പ്രതീക്ഷിച്ചു നിന്നിരുന്നു.

ഞങ്ങരം ഹസ്തദാനം ചെയ്തപ്പോരം ''നമസ്കാരം ഏഗ്ഗർ, നമസ്കാരം മോരം'' എന്നു് അവൻ പറഞ്ഞു. ഹാൻസു് അകത്തു പോയപ്പോരം ബർണർ എന്നോടു ചോദിച്ചു.

"നിനക്കു് എൻെറ എഴുത്തു കിട്ടിയോ?"

"ഉവ്വ്, നവവത്സരാശംസകൾക്കു് നന്ദി. അതുതന്നെ നിനക്കും നേരുന്നു".

"ടൈറോൾ എന്ന വിശുദ്ധസ്ഥലം നിനക്കിഷ്ടപ്പെട്ടോ?" എന്നു് അവജ്ഞയോടുകൂടെ ചോദിച്ചുകൊണ്ടു് അവൻ കണ്ണിറുമ്മി.

"ഞങ്ങൾക്കു് അതു നല്ല രസമായിരുന്നു" ഒഴിഞ്ഞുമാറുന്ന വിധം ഞാൻ പറഞ്ഞു.

പരിഹാസ്യമായ ചിരിയിൽ അവൻെറ അധരങ്ങൾ ചുരുണ്ടു.
"ഓ, ശരി! എനിക്കു് അതു വിചാരിക്കാൻ കഴിയും. പ്രഭാത ഭക്ഷണത്തിനു് കാപ്പിയും കുർബ്ബാനയും. ഉച്ചയ്ക്കു് കട്ട്ലെററും അഞ്ചു് "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയും; അത്താഴത്തിനു് പുഡിംഗും കൊന്തയും അല്ലേ? എനിക്കു് ഇക്കാര്യത്തിൽ നല്ല അറിവുണ്ടു്.

"മോളിൻെറ കാര്യങ്ങളെപ്പററി എൻെറ മനസ്സിൽ എല്ലാം വളരെ വ്യക്തമാണു്. അതുസംബന്ധിച്ചതെല്ലാം ശരിയായി ഞാൻ പ്ലാൻ ചെയ്തിട്ടുണ്ടു്. എന്നാലും നമ്മുടെ സമയം ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുകയും സൂക്ഷത്തോടുകൂടി മുന്നോട്ടു പോവുകയും വേണം" എന്നു് അവൻ തുടർന്നു പറഞ്ഞു.

ക്ലാസിനു മണി അടിച്ചു.

"നമുക്കു് പിന്നെ കാണാം". ഞാൻ പറഞ്ഞു. പിന്നീടു് ഞങ്ങളുടെ സ്ഥാനങ്ങളിലേക്കു് പോകുകയും ചെയ്തു.

ഒരുമണിക്കു് ബർണർ എൻെറ കൂടെ താഴെ വന്നു. ഓട്ടോയും ഹാൻസും വാതിൽക്കൽ കാത്തു നിന്നിരുന്നു.

"മോൾ, ഫ്രിററ്സ് എൻെറകൂടെ വരുകയാണു്; ഞങ്ങൾക്കു കുറച്ചു ജോലിയുണ്ടു്. നീയതു കാര്യമാക്കുകയില്ലെന്നു കരുതുന്നു".

"ഒരിക്കലുമില്ല" ഹാൻസു് ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു.

"ഓ ഒരു കാര്യം. നവവത്സരാശംസകൾ നൽകുവാൻ മറന്നു പോയി" ബർണർ ഉപചാരം നടിച്ചു പറഞ്ഞു. കൈയ്യറ മാററി മോതിരത്താൽ അലങ്കരിച്ച കൈ ഹാൻസിനു നീട്ടി, ഹസ്തദാനത്തിനു്.

"വളരെ നന്ദി. നിനക്കും ഞാനതാശംസിക്കുന്നു".

ഹാൻസു് ബർണറിനെപ്പററി വലുതായൊന്നും വിചാരിച്ചില്ല. അവൻ ബർണറിനെ ഒരു സുഖപ്രിയനും ബുദ്ധിയില്ലാത്തവനും നിരുപദ്രവകാരിയുമായി കണക്കിലെടുത്തു. ബർണറിൻെറ വഴി

പിഴച്ച ആലോചനകളെപ്പററി അവന് അല്പം പോലും സംശയമില്ലായിരുന്നു.

ആ ദുഷിച്ചവൻ, താൻ ആഗ്രഹിച്ച് ഇരയ്ക്ക്, കാപട്യത്തോടെ ഹസ്തദാനം ചെയ്യുന്നതു നോക്കി നിൽക്കുവാൻ എനിക്കു സങ്കടം തോന്നി. എൻെറ ഏക ആശ്വാസം ഹാൻസ് വളരെവേഗം വഞ്ചിക്കപ്പെടുകയില്ല എന്നതു മാത്രമായിരുന്നു. എനിക്ക് അറിയാമായിരുന്നിടത്തോളം അതിൻെറ ഏററവും വലിയ ദൂഷ്യഫലം കിട്ടുവാനുള്ള സാദ്ധ്യത ബർണറിനാണ്.

ഹാൻസ് ഓട്ടോയുടെകൂടെ വീട്ടിലേക്കും ഞങ്ങൾ ഞങ്ങളുടെ വഴിക്കും പോയി. നിലത്തുനിന്ന് കണ്ണുയർത്താതെ ബർണർ തൻെറ കൈയ്യുറ ഇട്ടു. ''നല്ല കൊച്ചനാണ് ആ ദമാറ്'' അവൻ ആത്മഗതം ചെയ്തു. ''എൻെറ കെണിയിൽനിന്നും അവൻ രക്ഷപെടുകയാണെങ്കിൽ എനിക്കു ഭ്രാന്തു പിടിക്കും''.

കാൽമണിക്കൂറിനുള്ളിൽ ബർണറിൻെറ പ്ലാൻ മുഴവനും ഞാൻ മനസ്സിലാക്കി. ആരംഭത്തിൽ എല്ലാം സുരക്ഷിതമാണ് എന്ന മിഥ്യാ ധാരണ ഹാൻസിനു കൊടുക്കേണ്ടിയിരുന്നു. ആദ്യത്തെ ആഴ്ചകളിൽ അവനുമായി ഏതെങ്കിലുംവിധത്തിൽ ഇടപെടുവാൻ ആരേയും അനുവദിക്കുകയില്ല. പിന്നീട് ക്ലബ്ബിലെ ഒരംഗം, സാഹിത്യസംഘം രൂപീകരിക്കണം. അതിൽ എല്ലാ പാർട്ടിയിൽപെട്ടവരും നേരത്തേതന്നെ പേരു കൊടുത്തിരുന്നു. ഞാൻ അതിൽ ചേരുകയും ഹാൻസിനെ അതിൽ ചേർക്കുന്നതിനു പരിശ്രമിക്കുകയും വേണം. ബർണർ വളരെ ശാന്തനായി അവനെ സമീപിച്ച് കെണിവയ്ക്കുവാൻ ഈ അവസരം ഉപയോഗിക്കും.

''നീ അവൻെറ കസിനാകയാൽ പരസ്യമായി ഈ പരിപാടിയിൽ പങ്കെടുക്കാൻ കഴിയുകയില്ല. നിൻെറ നിലപാട് ഞാൻ മനസ്സിലാക്കുന്നു. മററു പോംവഴികൾ ഞാൻ കണ്ടുപിടിക്കാം. സംഘത്തിലേയ്ക്ക് അവനെ ആകർഷിക്കുക മാത്രമാണ് നീ ചെയ്യേണ്ടതു്. എപ്പോഴാണ് ആരംഭിക്കേണ്ടതെന്ന് ഞാൻ അറിയിക്കാം. അടുത്ത ടേമിൻെറ ആരംഭത്തിൽ ആയിരിക്കുമതു്, ഫെബ്രുവരി പകുതിയോടുകൂടി. അതുവരെയും മറെറന്തെങ്കിലും അവസരങ്ങളുണ്ടോയെന്ന് നമ്മൾ സൂക്ഷിച്ചുകൊണ്ടിരിക്കണം.''

ഞങ്ങൾ റോഡിൽക്കൂടി താഴോട്ടു നടന്നപ്പോൾ മററു കാര്യങ്ങളേക്കുറിച്ചു സംസാരിച്ചു. ഞങ്ങൾ പിരിയുന്ന സമയം, കോസ്മോസിനിമായിൽ വൈകുന്നേരം അവനൊന്നിച്ചു പോകുവാൻ എന്നെ ക്ഷണിച്ചു. ''നീ ഇതുവരെ 'ഉപവസിക്കുക'യായിരുന്നു. ഇപ്പോൾ അതിനു പകരംവീട്ടണം. The Blue Light എന്ന മനോഹരമായ ചിത്രമാണ് അവർ കാണിക്കുന്നതു്. ഞാൻ അതു നേരത്തെ കണ്ടിട്ടുണ്ട്.''

ഞാൻ വളരെ ക്ഷീണിതനാണെന്ന പറഞ്ഞ് ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു.

''ഉച്ച കഴിഞ്ഞു' ഉറങ്ങിക്കോ! അതു വളരെ എളുപ്പമാണ്. പക്ഷേ നീ ആ ഫിലിം കാണണം. പരിശോധകർ (Censors) അതു പ്രദർശനത്തിൽ നിന്നും പിൻവലിക്കാൻ പോവുകയാണെന്ന കേട്ടു. അതുകൊണ്ടു് വൈകുന്നതിനു മുമ്പു കാണണം.''

''ഇല്ല'' എന്ന പറയുവാൻ ഞാൻ വളരെ ഭീരുവായിരുന്നു; അതുകൊണ്ടു് ഒടുവിൽ സമ്മതിച്ചു.

''7.45 ന് നിന്നെ കൊണ്ടുപോകുവാൻ കാറുംകൊണ്ടു് ഞാൻ വരും. ഹോർളിൻെറയും ലിക്റ്റൻസ്റ്റൈൻ തെരുവിൻെറയും കവലയിൽ കാത്തുനില്ക്കും. ഇപ്പോൾ ടിക്കററെടുക്കുവാൻ പോകുകയാണ്. നിൻെറ കസിനെ കൊണ്ടുവരാൻ സാധിക്കാത്തതു് എന്തുകഷ്ടം.''

ലഞ്ചിനുശേഷം ഞങ്ങളുടെ സാമാനങ്ങൾ എല്ലാം അഴിച്ച് ശരിയാക്കിവച്ചു. അതിനു ശേഷം കുറച്ചുനേരത്തേയ്ക്കു് ഉറങ്ങാനായി പോയി. അത്താഴത്തിനു ശേഷം ഞാൻ അപ്പച്ചൻെറ കൂടെ ഇരുന്നു. ഹാൻസും ഓട്ടോയും മുറിയിലേയ്ക്കു പോയി. പുറത്തോട്ടു പോയപ്പോൾ ഓട്ടോ അപേക്ഷാരൂപത്തിൽ നോക്കി.

''ഒരു നിമിഷം എനിക്കു തരാമൊ, അപ്പച്ചാ?'' ഞാൻ ചോദിച്ചു.

''എന്താണു കാര്യം?'' അദ്ദേഹം പത്രം താഴെവച്ചു് അന്വേഷിച്ചു.

''ഓട്ടോയെപ്പററിയാണ്. അവൻ ഒരു സംഘടനയിൽ ചേരാൻ ആഗ്രഹിക്കുന്നു. അതിനവന് അപ്പച്ചൻെറ അനുവാദം വേണം.''

''ഏതു സംഘടന?''

''മാതാവിൻെറ സൊഡാലിററി. അതു് ഭാഗികമായി സാംസ്കാരികവും, ഭാഗികമായി മതപരവുമാണ്. ഈ സംഘടനയിൽ ജനങ്ങളുമായി ഇടപഴകുവാനും, നാടകം അഭിനയിക്കുവാനും, നല്ല സ്നേഹിതരെ തിരഞ്ഞെടുക്കുവാനും അവർ പഠിക്കുന്നു. അതിൻെറ ഡയറക്ടർ ഒരു വൈദികനാണ്.''

''ശരി, ഞാൻ ഓർമ്മിക്കുന്നു. എൻെറ ചെറുപ്പകാലത്തും ഇതുപോലെ ഒന്നു് ഇൻസ്റ്റിററ്യൂട്ടിൽ ഉണ്ടായിരുന്നു. പക്ഷെ ഓട്ടോ ഇതിൽ ചേരുന്നതിനെപ്പററി എങ്ങനെയാണ് ചിന്തിക്കാനിടയായതു്?''

''ഹാൻസ് ഇപ്പോൾത്തന്നെ അതിൽ അംഗമാണ്. ഓട്ടോയും അവനോടു ചേർന്നു പ്രവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നു. എൻെറ അഭി

പ്രായം അതു് അനുവദിക്കാമെന്നാണു്. അവൻ ഇപ്പോൾ ഏഴാം സ്റ്റാൻഡാർഡിലാണു്. കുറെയെല്ലാം സ്വന്തമായി പ്രവർത്തിക്കാൻ അവനാരംഭിക്കാം. എങ്ങനെയായാലും അവൻ ഹാൻസിന്റെ കൂടെ പോകുന്നതാണു നല്ലതു്. അവൻ നല്ല കൂട്ടുകെട്ടിലാണെന്നു് അപ്പച്ചനു തീർച്ചയാക്കാം.''

അപ്പച്ചൻ കുറച്ചുസമയം ആലോചിച്ചു. ''ശരി, ഹാൻസ് അതിലുള്ളതുകൊണ്ടു്, എനിക്കു വിരോധമൊന്നുമില്ല. പക്ഷേ ഇങ്ങനെയുള്ള വൈദികസംഘടനകളോടു് എനിക്കു വലിയ താത്പര്യമില്ല. അച്ചന്മാർ കുട്ടികളെ നല്ല ഭക്തന്മാരും മധുരമുള്ളവരുമായി വളർത്തും. വളരുമ്പോൾ അതെല്ലാം അപ്രത്യക്ഷമാകുകയും അവർ കുറേക്കൂടി ബോധമുള്ളവരാകുകയും ചെയ്യും.''

ഞങ്ങൾ കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ ക്രിസ്മസ് അവധിയെക്കുറിച്ചു് അദ്ദേഹത്തോടു പറയേണ്ടിയിരുന്നു. ഏകദേശം ഏഴരമണിയായപ്പോൾ ഞാൻ എഴുന്നേററു പറഞ്ഞു, ''അപ്പച്ചാ ഞാൻ ഒരു സിനിമയ്ക്കു പോവുകയാണു്. ഉച്ചയ്ക്കു കുറച്ചു സമയം ഉറങ്ങിയതുകൊണ്ടു് നല്ല ഉന്മേഷം തോന്നുന്നു.''

''എന്തു സിനിമ? എന്താണതിന്റെ പേരു്?'' അദ്ദേഹം ചോദിച്ചു.

''സെൻട്രൽ സിനിമാക്കമ്പനിക്കാരുടെ ''ദി എക്സ്പെഡീഷൻ ടു ഹിമാലയാസ്'' ആണു് അവർ കാണിക്കുന്നതു്.''

''ശരി, ഗേററിന്റെ താക്കോൽ ഒന്നും എടുക്കണ്ടാ; ഞാൻ ഇന്നു താമസിച്ചേ കിടക്കുന്നുള്ളു.''

''അപ്പച്ചാ, പോയിവരട്ടെ.''

''കൊള്ളാം, നന്നായി ഉല്ലസിക്കുക.''

ഞാൻ എന്റെ മുറിയിലേക്കു പോയി. ഓട്ടോ മറുപടിക്കു് ആകാംക്ഷാഭരിതനായി കാത്തിരിക്കുകയായിരുന്നു.

''അനുവദിച്ചോ?'' അവൻ ചോദിച്ചു.

''ഉവ്വ്.''

അവൻ സന്തോഷംകൊണ്ടു് മതിമറന്നു. ഹാൻസിന്റെ കൈയ്ക്കു പിടിച്ചു് അവനെ കിടക്കയിലേയ്ക്കു തള്ളിയിട്ടു. എന്നിട്ടു് എന്റെ അടുക്കൽ വന്നു് ''നന്ദി ഫ്രിററ്സ്'' എന്നു പറഞ്ഞു. അവൻ വ്യക്തമായി എന്നെ നോക്കിക്കൊണ്ടു ചോദിച്ചു:

''ഫ്രിററ്സ് നീ ഞങ്ങളുടെ കൂടെ ചേരുമോ?''

ഞാൻ അതു കേൾക്കാത്ത ഭാവം നടിച്ചുകൊണ്ടു് എന്റെ കോട്ടു് എടുക്കുവാനായി തിരിഞ്ഞു. എന്നിട്ടു് ''ഞാൻ ഒരു സിനിമയ്ക്കു പോകുകയാണു്'' എന്നു പറഞ്ഞു.

ഓട്ടോ എനിക്കു വാതിൽ തുറന്നുതന്നു; ഒരു പരിചാരകൻെറ വിധത്തിൽ തല കുമ്പിട്ട് ആചാരംചെയ്തു. ഞാൻ പോക്കററിൽ നിന്നു് ഒരു നാണയം എടുത്തു് അവനു കൊടുത്തു. ഞങ്ങരം രണ്ടു പേരും ഹാർദ്ദമായി ചിരിച്ചു. അതിനുശേഷം ഞാൻ റോഡിലേയ്ക്കു നടന്നു.

ഞാൻ വീടു വിട്ട ആ നിമിഷം എൻെറ ചുണ്ടിലെ സന്തോഷം മരവിച്ചു. എൻെറ അപ്പച്ചനോടു കള്ളംപറഞ്ഞു. എന്നാൽ ഇനി തിരിച്ചു പോകാൻ സമയം അതിക്രമിച്ചിരിക്കുന്നു. ബർണർ കാറുംകൊണ്ടു് പറഞ്ഞ സ്ഥലത്തു് ഉണ്ടായിരുന്നു, എന്നെ കോസ്മോ സിനിമയിലേയ്ക്കു് കൊണ്ടുപോകുവാൻ. കോസ്മോ സിനിമാക്കാരുടെ ആ പടമോ, വളരെ കൊല്ലങ്ങളായി വിയന്നായിൽ കാണിച്ചിട്ടുള്ളതിൽ വച്ചു് ഏററം വഷളായതു്. ഞാൻ പരിശുദ്ധനും പ്രൗഢനും ആയിരിക്കുവാൻ ആഗ്രഹിച്ചു ..എൻെറതന്നെ കഴിവു് ഉപയോഗിച്ചു്. . . .

കുറെ ആഴ്ചകരം കടന്നുപോയി. കുറേശ്ശെയായി, നഷ്ടപ്പെട്ട എൻെറ പ്രസന്നത ഞാൻ തിരിച്ചെടുത്തു. എന്നെ മെച്ചപ്പെടുത്തുന്ന കാര്യം ഞാൻ മാററിവച്ചു. ആ സെമസ്റ്റർ കഴിയാറായി. പഠന കാര്യങ്ങളെപ്പററി വളരെ ശ്രദ്ധിച്ചതുകൊണ്ടു് വ്യക്തിപരമായ പ്രശ്നങ്ങളെപ്പററി ചിന്തിച്ചതേയില്ല. സ്വയം നിയന്ത്രണം തല്ക്കാലത്തേക്കെങ്കിലും സാദ്ധ്യമല്ലെന്നു് ഞാൻ സ്വയം വാദിച്ചു. പഠിത്തം വലിയ പ്രയത്നം ആവശ്യപ്പെടുന്നുണ്ടു് എന്ന കാരണത്താൽ ഞാൻ ഒഴിവുകഴിവു പറഞ്ഞു. എന്നാൽ എൻെറ മനസ്സാക്ഷിയുടെ സ്വരം നിശ്ശബ്ദമാക്കാൻ എനിക്കു സാധിച്ചില്ല. ഞാൻ അധമവികാരങ്ങളുടെ അടിമയാണെങ്കിൽ മതകാര്യങ്ങളിലുള്ള ''സ്വാതന്ത്ര്യം'' കൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? ലജ്ജയും കോപവും കൊണ്ടു് ഉച്ചത്തിൽ നിലവിളിക്കാൻ തോന്നി. മതത്തിൻെറ നൂലാമാലകളുണ്ടായിട്ടും ഹാൻസ് എന്നെക്കാരം സ്വതന്ത്രനല്ലേ? പലപ്പോഴും ഞാൻ എന്നോടു പറഞ്ഞിരുന്നു ''ഇന്നു മുതൽ ഗൗരവമായി ഞാൻ ആദർശത്തിനു വേണ്ടി പ്രയത്നിക്കുവാൻ പോകുകയാണു്'' എന്നു്. എന്നാൽ ഈ തീരുമാനങ്ങരം അധികം നീണ്ടുനിന്നില്ല; മാത്രമല്ല എൻെറ മനസ്സിൻെറ ദൗർബല്യത്തെ ജയിക്കുവാനുള്ള കരുത്തും അവസ്സിലില്ലാതെപോയി.

പിന്നീടുള്ള ആഴ്ചകളിൽ ഹാൻസിനു് ധാരാളം ജോലിയുണ്ടായിരുന്നു. ചെയ്ത എല്ലാ പ്രവൃത്തികളിലും ഹൃദയവും ആത്മാവും മുഴുവൻ അവൻ സമർപ്പിച്ചു. ധാരാളം സമയം സൊഡാലിററിക്കു വേണ്ടി അവൻ ചെലവഴിച്ചു കാര്യങ്ങളെല്ലാം അവൻ എന്നെ അറിയിച്ചുകൊണ്ടിരുന്നു. ആദ്യമായി, ഹാൻസിനു് ഇൻസ്ബ്രൂക്കിൽവച്ചു് പരിചയമുണ്ടായിരുന്ന ഒരു ഈശോസഭാ വൈദികനുമായി അവൻ സമ്പർക്കത്തിലേർപ്പെട്ടു. വി. 'കനീഷ്യൻെറ ഭവന'

ത്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അങ്ങളുടെ സമാപന ത്തിലെ മതാദ്ധ്യാപകൻെറ അംഗീകാരം ലഭിച്ചാൽ സഖ്യാംഗ ങ്ങൾക്ക് പരിശീലനം നൽകാമെന്നദ്ദേഹം ഏററു.

ഡോക്ടർ ഷ്ളിററ്സറെ സമീപിച്ച് തൻെറ ഉദ്ദേശ്യങ്ങൾ ഹാൻസ് അദ്ദേഹത്തെ അറിയിച്ചു. ആ ഇൻസ്റ്റിററ്യൂട്ടിൽ സൊഡാ ലിററി ഉണ്ടായിരിക്കേണ്ടതിൻെറ പ്രാധാന്യം എത്രമാത്രമാണെന്നും അവൻ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു ഇതുവഴി കുട്ടികളെ, പ്രത്യേകിച്ച് താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവരെ, സ്വാധീനിച്ച് മതപഠനത്തിൽ കൂടുതൽ ഉൽസുകരാക്കാമെന്നും അദ്ദേ ഹത്തെ ധരിപ്പിച്ചു. അതുവരെ ഉണ്ടായിരുന്നപോലെ സർവ്വതന്ത്ര മായ സ്വാതന്ത്ര്യം മേലിൽ പ്രതിയോഗികൾക്ക് ഉണ്ടായിരിക്കയു മില്ല.

ഡോക്ടർ ഷ്ളിററ്സർ ഇതിനോടു പൂർണ്ണമായി യോജിച്ചു. തൻേറതായ വൈഷമ്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. കുട്ടികളെ ഇതിനേക്കുറിച്ചു ബോദ്ധ്യപ്പെടുത്തുക അത്ര എളുപ്പമുള്ള കാര്യമല്ല. പോരെങ്കിൽ അവരെ നയിക്കുന്നതിന് അദ്ദേഹത്തിന് സമയവും ഉണ്ടായിരുന്നില്ല.

സഖ്യാംഗങ്ങളെ തെരഞ്ഞെടുക്കുന്ന ജോലി താൻതന്നെ ഏറെറ ടുത്തുകൊള്ളാമെന്നും അവരെ നയിക്കുന്നതിന് ഒരു ഈശോസഭാ വൈദികൻ ഉണ്ടായിരിക്കുമെന്നും അവൻ പറഞ്ഞു. വളരെ ഉത്സാഹ ത്തോടും ആത്മവിശ്വാസത്തോടും കൂടി തൻെറ കർമ്മപരിപാടി അവതരിപ്പിച്ചപ്പോൾ അത് പരീക്ഷിച്ചുനോക്കുവാൻ നല്ലവനായ ഡോ. ഷ്ളിററ്സർ അവനെ അനുവദിച്ചു.

എല്ലാം ക്രമത്തിലായിക്കഴിഞ്ഞിരുന്നു. ഈ സമയം ഓട്ടോയും അലസനായിരുന്നില്ല. അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ വളരെ ഉത്സാഹവും കഴിവും അവൻ പ്രകടിപ്പിച്ചു വളരെ വിവേകത്തോ ടും സാമർത്ഥ്യത്തോടും കൂടിയാണ് അവനതു ചെയ്തത്. ശരിയായ കത്തോലിക്കാജീവിതം നയിക്കുന്ന എന്നു ബോദ്ധ്യമുള്ളവരെ മാത്രമേ സഖ്യത്തിൽ ചേർത്തുള്ളു. താൻ തിരഞ്ഞെടുത്തവർ ഞായറാ ഴ്ചകളിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നുണ്ടോ എന്നറിയുവാൻ ചിലപ്പോഴൊക്കെ അവരെ സന്ദർശിക്കുകയും ചെയ്തിരുന്നു. കൂടാതെ എല്ലാം ക്രമത്തിലാകുന്നതുവരെ ഒരു രഹസ്യവും പുറത്താക്കുകയി ല്ലെന്ന് അവരെക്കൊണ്ട് പ്രതിജ്ഞ ചെയ്യിക്കയും ചെയ്തു.

ഹാൻസിനെ സംബന്ധിച്ചിടത്തോളം കാര്യം കൂടുതൽ വിഷമ കരമായിരുന്നു. നാലുമുതൽ എട്ടാം സ്റ്റാൻഡാർഡ് വരെയുള്ള ക്ലാസ്സുക ളിൽനിന്നും ജനുവരി അവസാനമായപ്പോഴേയ്ക്കും ഇരുപതോളംപേരെ ഏകോപിപ്പിച്ചു. ഇതിനിടയിൽ സൊഡാലിററിക്കായി ഒരു സെൻററും, കപ്പേളയും, ലൈബ്രറിയും ഈശോസഭാ വൈദികനായ

ഫാദർ ബോളേ (Bohle) തയ്യാറാക്കിക്കഴിഞ്ഞിരുന്നു. അങ്ങനെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

ഫെബ്രുവരി രണ്ടിന് സഖ്യാംഗങ്ങൾ ആദ്യമായി സമ്മേളിച്ചു. പിന്നീടുള്ള പൊതുസമ്മേളനങ്ങൾക്കു തീയതിയും പ്രവേശനത്തിനുള്ള വ്യവസ്ഥകളും അവർ നിശ്ചയിച്ചു. പ്രീഫെക്റ്ററായി ഹാൻസിനെ അവർ തിരഞ്ഞെടുത്തു. അതിനുശേഷം അവരുടെ നിയമങ്ങളേയും ആനുകൂല്യങ്ങളേയും കുറിച്ച് ഫാദർ ബോളേ ചുരുക്കമായി പറഞ്ഞു. ഡോ. ഷ്ളിററ്സറിൻെറ കാർമ്മികത്വത്തിൽ കപ്പേളയിൽ നടന്ന വി. കർബ്ബാനയുടെ ആശീർവാദത്തോടുകൂടി പരിപാടികൾ സമാപിച്ചു.

സൊഡാലിററി ഒരു യാഥാർത്ഥ്യമായിത്തീർന്നുകഴിഞ്ഞു. അതിൻെറ അസ്ഥിവാരം നന്നായി ഉറപ്പിക്കുന്നതിന് ഏതാനും ചെറിയ കാര്യങ്ങൾകൂടി ക്രമപ്പെടുത്തേണ്ടിയിരുന്നു. എങ്കിലും പിറേറദിവസംതന്നെ ആ വാർത്ത പുറത്താക്കാമെന്ന് അവർ തീരുമാനിച്ചു. ഹാൻസിൻെറ നേതൃത്വത്തിൽ ഒരു പ്രതിനിധിസംഘം പുതിയ സംഘടനയെപ്പററി അറിയിക്കുവാൻ, ഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടറെ സമീപിച്ചു. ഡയറക്ടർ പുതിയ സംഘടനയ്ക്ക് അദ്ദേഹത്തിൻെറ അംഗീകാരം നൽകുകയും, ആ സ്ഥാപനത്തിലെ സംഘടനകളുടെ പട്ടികയിൽ അതിൻെറ പേരു ചേർക്കുകയും ചെയ്തു

അടുത്ത ദിവസങ്ങളിലെ പ്രധാന വാർത്ത X–ാംസ്റ്റാൻഡാർഡിലെ മോളിൻെറ നേതൃത്വത്തിൽ 'കറുപ്പന്മാർ' ഒന്നിച്ചുകൂടി ഒരു പുതിയ പാർട്ടി രൂപീകരിച്ചു എന്നതായിരുന്നു. ഇതു് ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു കൃത്രിമമായ സമാധാനത്തിൻെറ അന്തരീക്ഷം പെട്ടെന്ന് ഇല്ലാതായി. പി. യു. ജി. ഐ. ഒരു അടിയന്തരയോഗം വിളിച്ചുകൂട്ടി. അവർ വളരെ രോഷാകുലരായിരുന്നു. പരസ്യമായി അതേപ്പററി അവർക്കൊന്നും ചെയ്യാൻ സാധിക്കയില്ല. എതിർപ്രചരണങ്ങളും ഭീഷണികളും വഴി അതിനെ തകർക്കുക എളുപ്പമായിരുന്നു; എങ്കിലും ഇപ്പോൾ വളരെ വൈകിപ്പോയി. റൂട്ട്മെയർ കോപാക്രാന്തനായി. ''ഈ വലിയ പ്രകോപനം'' എന്നാണയാൾ സൊഡാലിററിയുടെ ആരംഭം വിശേഷിപ്പിച്ചതു്. ശക്തമായ ആക്രോശങ്ങൾ അവനിൽനിന്നും പുറപ്പെട്ടു. ഹാൻസിനെ എല്ലാ തരത്തിലും ചീത്ത വിളിക്കുകയും ക്ലാസ്സിൽ അവൻെറ മുഖത്തു നോക്കി ചില 'സത്യ'ങ്ങൾ പറയുവാൻ തീരുമാനിക്കുകയും ചെയ്തു എങ്കിലും ഹാൻസു് ശാന്തനായി നിലകൊണ്ടു. ഒരു നിമിഷത്തിനകം ആവേശഭരിതരായ ഒരു കൂട്ടം അവരെ വളഞ്ഞു

''ഓ വലിയ ധീരൻ!'' റൂട്ട്മെയർ പരിഹാസരൂപത്തിൽ ആക്രോശിച്ചു. ''നീ സൂത്രത്തിൽ ആ ഭക്തസംഘടന സ്ഥാപിച്ചതിനു് അഭിനന്ദനങ്ങൾ. എത്ര വീരോചിതമായ ദൂഷണം!''

''വളരെ നന്ദി'' ഹാൻസ് മറുപടി പറഞ്ഞു. ''മറെറന്തെങ്കിലും പറയുവാനുണ്ടോ?''

''ഉണ്ട്, നീ ഒരു ഭീരുവാണ്, ഞങ്ങളുടെ പിറകിൽക്കൂടി ഈ സൂത്രങ്ങറം പ്രയോഗിക്കുന്നതുകൊണ്ട്'''.

''ഈ പ്രശംസ ഞാൻ നിനക്കുതന്നെ തിരിച്ചുതരുന്നു''.

''ഓ, അതുവ്വോ? ഒരു ധീരനായി നിന്നെത്തന്നെ വിചാരിക്കുന്നു അല്ലേ? പക്ഷെ ഞാനാവർത്തിക്കുന്നു: നീ ഒരു ഭീരുവാണ്'''.

ഹാൻസ് ചുററും നോക്കിയശേഷം ക്ലാസ്സിനെ മുഴുവൻ ശാന്തമായി സംബോധന ചെയ്തു. ''എൻെറ പ്രവൃത്തികളുടെ റിപ്പോർട്ട് ക്ലാസ്സിനെ ബോധിപ്പിക്കേണ്ടതിൻെറ ആവശ്യം എന്താണ്? ക്ലാസ്സിൻെറ അഭിമാനം ഞാൻ ക്ഷതപ്പെടുത്തി എന്ന് ആരെങ്കിലും വിചാരിക്കുന്നു എങ്കിൽ അയാറം കൈ പൊക്കുക''.

ക്ലാസ്സിലാകെ മൂകമായ നിശ്ശബ്ദത. തെല്ലു സംശയത്തോടെ നാലഞ്ചുപേർ കരമുയർത്താൻ തുടങ്ങി. പക്ഷെ പിന്തുണയില്ലെന്നു കണ്ടപ്പോറം അവർ പിന്മാറി.

ഹാൻസ് റൂട്ട്മെയറിനോടു പറഞ്ഞു: ''നീതന്നെ കാണുക. നീയല്ല, ക്ലാസ്സാണ് തീരുമാനമെടുക്കേണ്ടതു്. മിണ്ടാതെ പോകാൻ ഞാൻ നിന്നെ ഉപദേശിക്കയാണ്''.

റൂട്ട്മെയർ ചുററുമൊന്നു നോക്കി. കോപംകൊണ്ടവൻെറ കണ്ണു ചുവന്നു. അവൻെറ ആത്മനിയന്ത്രണം മുഴുവൻ നഷ്ടപ്പെട്ടു. ''എടാ പന്നീ'' അവൻ അലറി. എന്നിട്ട് ഹാൻസിൻെറ മുമ്പിൽ കാക്കിച്ചൊരു തുപ്പു തുപ്പി.

ഒരു നിമിഷത്തേയ്ക്കു് ഹാൻസിൻെറ മുഖവും ദേഷ്യംകൊണ്ടു ചുവന്നു. അവൻ മുഷ്ടി ചുരുട്ടി. പക്ഷെ അവൻ തന്നെത്തന്നെ നിയന്ത്രിച്ചു.

''വളരെ ഉപകാരം'' അവൻ പറഞ്ഞു. ''എനിക്കുവേണ്ടി ഏററവും നല്ല പ്രചരണമാണ് നീ നടത്തുന്നതു്''.

''അങ്ങനെ പറയു മോനേ'' ആരോ ഒരാറം വിളിച്ചു പറഞ്ഞു.

ഒരു വാക്കുപോലും ഉച്ചരിക്കാതെ റൂട്ട്മെയർ പിന്മാറി. അവൻെറ കമ്പനിയിൽപ്പെട്ടവർ ഈ നടപടിയിൽ അവനെ കുററപ്പെടുത്തി.

കുറെക്കഴിഞ്ഞു്, പുറത്തു നിന്നൊരച്ചനാണ് സൊഡാലിററിയുടെ ഡയറക്ടർ എന്നു മനസ്സിലായി. ഉടനെ പി. യു. ജി. ഐ. സാവധാനം ചലിക്കാൻ തുടങ്ങി. മുതിർന്ന ക്ലാസ്സുകളിൽ നിന്നൊരു പ്രതിനിധിസംഘം അതിനെ പ്രതിഷേധിക്കുവാൻ ഡോക്ടർ ഷ്ളിററ്സറെ സമീപിച്ചു. ഇൻസ്റ്റിററ്യൂട്ടിലെ ചാപ്പ്ലയിനു കൊടു

ക്കേണ്ട സ്ഥാനം ഒരപരിചിതനു നൽകിയതുകൊണ്ടു് സ്ഥാപനത്തിൻെറ പേരു പോലും ചീത്തയായി എന്നവർ വാദിച്ചു. ഡോക്ടർ ഷ്ളിററ്സറോടവർ സഹതപിക്കാനും മറന്നില്ല. ഇത്തരത്തിലുള്ള വിചാരശൂന്യത അതു് ആക്ഷേപിക്കലെല്ലെങ്കിൽത്തന്നെ അദ്ദേഹം അനുവദിക്കയില്ലെന്ന പ്രത്യാശയും അവർ പ്രകടിപ്പിച്ചു.

ഡോക്ടർ ഷ്ളിററ്സറിനു് അല്പമായിപ്പോലും അവരുടെ ഉദ്ദേശമറിഞ്ഞുകൂടായിരുന്നു. ഈ സ്നേഹഭാവവും വ്യക്തിപരമായ താല്പര്യവും മററും അദ്ദേഹത്തെ സ്പർശിച്ചു വികാരഭരിതനായി അദ്ദേഹം അതിനു നന്ദി പറഞ്ഞു. ''നിങ്ങടം വിഷമിക്കേണ്ട കാര്യമൊന്നുമില്ല. നേരത്തേതന്നെ എൻെറ അഭിപ്രായമാരാഞ്ഞതാണു്. ധാരാളം ജോലിത്തിരക്കുള്ളതുകാരണം എനിക്കതു ബുദ്ധിമുട്ടാണു്. വളരെ വിജയകരമായിരുന്ന ആദ്യത്തെ സമ്മേളനത്തിൽ ഞാനും സംബന്ധിച്ചിരുന്നു. ഈ സ്ഥാപനത്തിൽ നിന്നുതന്നെ ഇത്രയധികം അംഗങ്ങളെ കണ്ടപ്പോഠം വാസ്തവത്തിൽ ഞാനത്ഭുതപ്പെട്ടുപോയി. എങ്കിലും എന്നോടു കാണിക്കുന്ന ഈ താല്പര്യത്തിനും പരിഗണനയ്ക്കും ഞാൻ പ്രത്യേകം നന്ദിയുള്ളവനാണു്. ഈ വയസ്സനോടു് ഇത്രയും ബഹുമാനവും പരിഗണനയും കാണിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.''

അങ്ങനെ ദൗത്യസംഘത്തിനു്, ഇളിഭ്യരും ഭഗ്നാശരുമായി മടങ്ങേണ്ടിവന്നു. സൊഡാലിററി സുസംഘടിതമായി നിലകൊള്ളുകയും ചെയ്തു.

ഫെബ്രുവരി രണ്ടാംവാരത്തിലൊരു ദിവസം ബർണർ ഞങ്ങളുടെ വീട്ടിൽ വന്നു. ഉടനേതന്നെ ഹാൻസിനെപ്പററി സംസാരിക്കാൻ തുടങ്ങി.

''നമ്മുടെ സകല പ്രതീക്ഷകളും തകർന്നു. ക്ലാസ്സിലുള്ളവർ ഭിന്നിച്ചു നിൽക്കുന്നതുകൊണ്ടു് സാഹിത്യസംഘത്തിൻെറ ആശയവുമായി മുമ്പോട്ടു പോകാൻ എനിക്കു സാദ്ധ്യമല്ല. എങ്ങനെയായാലും മോളൊട്ടു ചേരാനും പോകുന്നില്ല. കാരണം അവനു് സൊഡാലിററിയിൽത്തന്നെയുണ്ടു് ഇഷ്ടംപോലെ ജോലി.''

''ഇനി എന്താ അടുത്ത പരിപാടി'' ഞാൻ ചോദിച്ചു.

അവൻ അല്പസമയത്തേയ്ക്കു ചിന്താമഗ്നനായിരുന്നു. എന്നിട്ടു് അക്ഷമനായി പറഞ്ഞു: ''ഈ ഒളിച്ചുകളികൊണ്ടു ഞാൻ മടുത്തു. ഇനി ആദ്യത്തെ അവസരം ഞാനുപയോഗിക്കാൻ പോകുകയാണു്. മററുള്ളവരെ ഏല്പിച്ചാൽ അവരെല്ലാം കുഴപ്പത്തിലാക്കും. പക്ഷെ അവനെ എൻെറ കൈയിൽ ഒരിക്കൽ കിട്ടിയാൽ പിന്നെയവൻ രക്ഷപെടാൻ പോകുന്നില്ല. വിജയംവരെയുള്ള ഒരു പൊരുതലാണിതു്. അതിനുവേണ്ടി എല്ലാം കളയാൻ ഞാൻ തയാറാണു്.''

ഞാനവൻെറ നേരെ നോക്കി. ആകെ കലിതുള്ളിയിരിക്കുന്നു. മുന്നോട്ടു പോകുന്നതിൽ നിന്നും അവനെ പിന്തിരിപ്പിക്കുവാനായി ബലഹീനമായ ഒരു ശ്രമം ഞാൻ നടത്തി.

''എടാ, നിനക്കിതുകൊണ്ടെന്തുകിട്ടാനാണ്? നിന്നെയവനൊരിക്കലും ശല്യപ്പെടുത്താറില്ലല്ലോ. അവനെ സമാധാനത്തിൽ വിടൂ.''

ബർണർ പരിഹാസമായി പുഞ്ചിരിച്ചിട്ടു പറഞ്ഞു: മററുള്ളവരേപ്പോലെ നീയും നട്ടെല്ലില്ലാത്തവനാണ്. നിനക്കിതൊക്കെ പിള്ളേരുകളിയാണ്. പക്ഷേ മോളിന്......അതു വേറെ കാര്യം. അതുകൊണ്ടുതന്നെ അവനെ വശീകരിക്കണം. മററുള്ളവരെ കിട്ടാൻ വലിയ പ്രയാസമൊന്നുമുണ്ടായില്ല. എന്നാൽ മോളെൻെറ വലയിൽ വീഴുന്നദിവസം അതിൻെറ മുമ്പേ പോയതിനെപ്പററിയെല്ലാം ഞാൻ ചിരിക്കാൻ പോകയാണ്, നിസ്സാരങ്ങളെന്നവണ്ണം.

ഫെബ്രുവരിമാസത്തിൽ ഞങ്ങളുടെ ചരിത്രാദ്ധ്യാപകനായിരുന്ന ഡോക്ടർ വാക്കർ (Walker) നവീകരണത്തെപ്പററി വിശദീകരിക്കുയായിരുന്നു. അന്നത്തെ സഭയുടെയും വൈദികരുടെയും അവസ്ഥയെ ഏററവും കറുത്ത നിറങ്ങളിൽ അദ്ദേഹം ചിത്രീകരിച്ചു. റോമൻ സഭയുടെ ഏകാധിപത്യത്തെ വെല്ലുവിളിക്കുകയും മനുഷ്യൻെറ മഹത്വം പുന:സ്ഥാപിക്കുകയും സ്വാതന്ത്ര്യത്തിൻെറ പ്രചാരകനായി ശോഭിക്കുകയും ചെയ്ത ഒരു ധീരനായിരുന്നു ലൂതർ, അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ.

അദ്ധ്യാപക സമ്മേളനത്തിന് ഒരാഴ്ച മുമ്പ് ഡോക്ടർ വാക്കർ ആ പാഠം ക്ലാസ്സിൽ ചോദിച്ചു. ഹാൻസിൻെറ മുറ വന്നു. അവൻ ആരംഭിച്ചപ്പോൾ എല്ലാവരും കാതോർത്തിരുന്നു. നവീകരണത്തിൻെറ കാരണം, പ്രാധാന്യം എന്നിവയെപ്പററി ആധികാരികമായി അവൻ സംസാരിച്ചു. അതിനു വേണ്ട അറിവുകളും വസ്തുതകളും അവൻ ശേഖരിച്ചിരുന്നു. ഞങ്ങളെല്ലാവരും ആശ്ചര്യപ്പെട്ടു. പഠിപ്പിച്ചതിൽ നിന്നും വളരെ വിഭിന്നമായിരുന്നു അവൻെറ ഉത്തരം. ഡോ: വാക്കർ പഠിപ്പിച്ചതിനു കടകവിരുദ്ധമായി ഒന്നിലധികം പ്രാവശ്യം അവൻ പറഞ്ഞു. വസ്തുതകളും ഉദ്ധരണികളും വഴി അവനതു തെളിയിക്കയും ചെയ്തു.

ഡോ: വാക്കറുടെ മുഖഭാവം നിമിഷംതോറും മാറിക്കൊണ്ടിരുന്നു. അവസാനം അദ്ദേഹം പൊട്ടിത്തെറിച്ചു. ''മതി, നിൻെറ അധികപ്രസംഗം. നിനക്കിഷ്ടമുള്ളതു പറയാമെന്നാണോ ഭാവം. ക്ലാസ്സിൽ പഠിപ്പിച്ചതു പഠിക്കുകയാണു വേണ്ടതു്. മനസ്സിലായോ?'' ഇതു പറഞ്ഞുകൊണ്ടു മാർക്കുബുക്കിനായി അദ്ദേഹം ഡസ്ക്കിലേയ്ക്കു തിരിഞ്ഞു.

ഹാൻസ് എന്റെ സമീപമായിരുന്നു ഇരുന്നിരുന്നതു്. അവൻ കുനിഞ്ഞു് എന്നോടു പതുക്കെപ്പറഞ്ഞു:

''എല്ലാം ചുരുക്കെഴുത്തിൽ (short hand) എഴുതിക്കൊള്ളൂ.''

ഞാൻ പെൻസിലും കടലാസുമെടുത്തു തയാറായി. അതു് രസകരമാകാൻ പോവുകയാണു്. പ്രൊഫസർ വീണ്ടും തിരിഞ്ഞു് രൂക്ഷമായി ഹാൻസിനെ നോക്കി.

''നിന്റെ ഔദ്ധത്യത്തിനുള്ള ഉത്തരം റിപ്പോർട്ടിൽ നിനക്കു കാണാം.''

എല്ലാം ഞാൻ കുറിച്ചെടുക്കുന്നുണ്ടായിരുന്നു.

''സർ, അങ്ങയുടെ അഭിപ്രായങ്ങളോടു യോജിക്കുവാൻ ഞാൻ കടപ്പെട്ടവനല്ല.'' ഹാൻസ് സാവധാനം, വ്യക്തമായിട്ടാണു പറഞ്ഞതു്; എനിക്കു കുറിച്ചെടുക്കുവാൻ സാവകാശം തരുന്നതിനുവേണ്ടി. ''അങ്ങു ക്ലാസിൽപഠിപ്പിച്ചതു് ഞാൻ നന്നായി പഠിച്ചിട്ടുണ്ടു്. ഞാൻ എന്റെ അഭിപ്രായം രൂപീകരിക്കുവാനായി കുറെയെല്ലാം സ്വന്തമായി വായിച്ചു. അക്കാരണത്താൽ മോശമായ ഒരു റിപ്പോർട്ടു തരുവാൻ അങ്ങേയ്ക്കു് ഒരവകാശവുമില്ല.''

ഡോക്ടർ വാക്കർ കോപാക്രാന്തനായി. ''ഇതാണിതിന്റെ അതിരു്. ഇവിടെ വന്നു് ഞാനെന്താണു ചെയ്യേണ്ടതെന്നു പറയുക! ഈ ധിക്കാരത്തിനു് നിന്റെ പേരു് കറുത്ത ലിസ്റ്റിൽ (Black list) എഴുതും.''

ഹാൻസ് ശാന്തനായി പറഞ്ഞു: ''സർ, ഞാൻ പ്രതിഷേധിക്കുന്നു. കാരണം ഞാൻ ധിക്കാരം കാണിച്ചിട്ടില്ല.''

ഡോ. വാക്കർ ബ്ളാക്ക് ലിസ്റ്റു് തുറന്നു് ഹാൻസിന്റെ പേരു് അതിൽ എഴുതി. എന്നിട്ടെഴുന്നേററു് ആത്മനിയന്ത്രണം വിട്ടു് അട്ടഹസിച്ചു:

''ഇരിക്കവിടെ, വിഡ്ഢി.'' ഇങ്ങനെ പെരുമാറുവാൻ കത്തനാരന്മാരിൽനിന്നാണോ നീ പഠിച്ചതു്? ഞാൻ നിന്നെ ഭയപ്പെടുന്നുവെന്നാണോ നിന്റെ വിചാരം? ചരിത്രത്തിനു നിനക്കു് ഏററവും കുറച്ചു കിട്ടുന്നതു്. പാസ്മാർക്കാണു്, ഈ ക്ലാസ് മുഴുവന്റെയും മുമ്പിൽവച്ചാണു് ഇതു ഞാൻ പറയുന്നതു്.''

ഹാൻസ് അപ്പോഴും നിൽക്കുകയായിരുന്നു. ''സർ, ഒരിക്കൽ കൂടി ഞാൻ അതിനെ പ്രതിഷേധിക്കുന്നു.''

''പ്രതിഷേധം, പ്രതിഷേധം''. ഡോ: വാക്കർ കോപംകൊണ്ടു് അലറി. ''ഇതാ വാതിൽ തുറന്നിട്ടിരിക്കുന്നു. വേണമെങ്കിൽ പോയി ഡയറക്ടറോടു പ്രതിഷേധിക്കൂ.''

ആരും പ്രതീക്ഷിക്കാത്ത വിധത്തിൽ, ഹാൻസ് ശാന്തനായി, ചുരുക്കെഴുത്തുമെടുത്തു പുറത്തേക്കു പോയി. പ്രൊഫസർ സ്തംഭിച്ചു നിന്നു. അദ്ദേഹത്തിൻെറ വിഷമിച്ച കണ്ണുകൾ അവനെ പിന്തുടന്നു. എന്തുചെയ്യണമെന്നറിയാതെ അദ്ദേഹം കുഴഞ്ഞു. അല്പനേരത്തേയ്ക്കു് മേശപ്പുറത്തേയ്ക്കുറ്റുനോക്കി. ചരിത്രം അദ്ദേഹത്തെ ആ നിമിഷം വീർപ്പുമുട്ടിക്കുകയായിരുന്നു. തുടർന്നു്, കഴിഞ്ഞ ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരുന്ന ഭാഗം കാണുന്നതുവരെ വികാരത്തോടെ പുസ്തകത്തിൻെറ ഏടുകൾ മറിച്ചു.

ക്ലാസു തീരാറായപ്പോഴേയ്ക്കും, ഒന്നും സംഭവിച്ചിട്ടില്ലാത്തവിധം ഹാൻസ് കയറിവന്നു് അവൻെറ സ്ഥാനത്തിരുന്നു. മണിയടിച്ചയുടനെ ഡോ: വാക്കർ സാധാരണയിൽ കൂടുതൽ ധൃതിയിൽ പുറത്തേയ്ക്കു പോയി. അന്തരീക്ഷം കൂടുതൽ വിജ്റുംഭിതമായി. ആ കേസ് ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

നിമിഷത്തിനുള്ളിൽ എല്ലാവരും ഹാൻസിനു ചുററും കൂടി.

''ഡയറക്ടർ എന്തു പറഞ്ഞു?''

''എല്ലാം ഭംഗിയായി നടന്നു. എൻെറ ചുരുക്കെഴുത്തു് (ഷോർട്ട് ഹാൻഡ് നോട്ട്) അദ്ദേഹത്തിനു കൊടുത്തു. അതിൽനിന്നും എന്തു തീരുമാനിക്കണമെന്നു് അദ്ദേഹത്തിനറിയാം.''

''എന്തു്? ചുരുക്കെഴുത്തു നോട്ടോ?'' എല്ലാവർക്കും ആശ്ചര്യമായി.

ഹാൻസ് എൻെറ നേർക്കു വിരൽ ചൂണ്ടി.

''ഞാൻ അതു കൃത്യമായി കുറിച്ചെടുത്തിട്ടുണ്ടു്.'' ഞാൻ പറഞ്ഞു.

''എൻെറ ദൈവമേ! വാക്കർ ഇതിനു പകരംവീട്ടാൻ പോകുകയാണു്.''

റൂട്ട്മേയർ എനിക്കൊരു തള്ളുതന്നു.

''നീ എന്തിനാണതെഴുതിയതു്?''

''അവൻ എന്നോടാവശ്യപ്പെട്ടു.''

''മോറം തന്നെ?''

''അതെ. വാക്കർ അദ്ദേഹത്തിൻെറ നോട്ടുബുക്കെടുക്കാൻ പോയപ്പോൾ മോറം എന്നോടു പറഞ്ഞു, കുറിച്ചെടുക്കാൻ.''

''എന്തു്? അവനെ ആർക്കും നിലയ്ക്കുനിർത്താൻ കഴിവില്ലേ?'' റൂട്ട്മെയർ മുറുമുറുത്തു.

എല്ലാവരും നിശ്ശബ്ദരായി ഇതിന്റെ അവസാനം കാണുവാൻ കാത്തിരുന്നു. വിശ്രമസമയം ഡയറക്ടർ എന്നെ മുറിയിലേയ്ക്കു വിളിച്ചു. അവിടെ അപ്പോൾ ഡോ: വാക്കർ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖം ചെമ്പരത്തിപ്പൂ പോലെ ചെമന്നിരുന്നു.

"ഈ ചുരുക്കെഴുത്ത് നിന്റേതാണോ?" ഡയറക്ടർ ചോദിച്ചു.

"അതേ, സർ."

"എന്തിനാണിതെഴുതിയത്?"

"ഡോക്ടർ വാക്കർ പുസ്തകത്തിനായിപ്പോയപ്പോൾ ഇതെഴുതിയെടുക്കുവാൻ മോഹം എന്നോടു പറഞ്ഞു."

"നീ ആത്മാർത്ഥമായി എല്ലാം എഴുതിയെടുത്തിട്ടുണ്ടോ?"

"ഉണ്ട്. സർ, അവസാനത്തെ ഒരു വാചകം മാത്രം പൂർത്തിയാക്കുവാൻ എനിക്കു സാധിച്ചില്ല. അത് ഏതാണ്ടിതുപോലെയായിരുന്നു: "വേണമെങ്കിൽ പോയി ഡയറക്ടറോടു പ്രതിഷേധിക്കൂ."

"എഗ്ഗർ, നീ കേട്ടതു മുഴുവൻ ആത്മാർത്ഥമായി എഴുതിയെടുത്തുവെന്ന് എനിക്കുറപ്പു തരാമോ?"

"തരാം സർ," ഞാൻ ഉറപ്പിച്ചു പറഞ്ഞു.

ഡോ: വാക്കർ തന്റെ ചുണ്ടുകൾ കടിക്കുന്നതു ഞാൻ കണ്ടു. അദ്ദേഹം ആദ്യത്തേതിലും വളരെയധികം ലജ്ജിതനായി.

ആ ദിവസം മുതൽ ആ സംഗതിയെപ്പററി യാതൊന്നും ഞങ്ങൾ കേട്ടില്ല. വൈകുന്നേരം, തന്നെ ഓഫീസിലേയ്ക്കു വിളിച്ചതും, അവിടെവെച്ച് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ഡോ: വാക്കർ തന്നെ അരമണിക്കൂർ നേരം പരീക്ഷിച്ചതുമായ വിവരങ്ങൾ ഹാൻസ് എന്നോടു പറഞ്ഞു.

അവസാനം, ഞങ്ങൾക്കു റിപ്പോർട്ടുകൾ കിട്ടുന്ന ദിവസം വന്നു. ഹാൻസിന് അതു കിട്ടിയ നിമിഷത്തിൽ തന്നെ അവന്റെ മാർക്കു അറിയുന്നതിനു വേണ്ടി എല്ലാവരും അവന്റെ ചുററും കൂടി. എനിക്ക് വ്യക്തമായി വായിക്കുവാൻ കഴിഞ്ഞു. ചരിത്രം: വളരെ നല്ലത്.

എന്നാൽ ടേർമിനൽ അവധി കഴിഞ്ഞ് ആദ്യത്തെ ചരിത്ര ക്ലാസിനു വന്നപ്പോഴാണ് ഞങ്ങൾക്കു ശരിയായ ആശ്ചര്യം തോന്നിയത്. ഡയറക്ടർ ക്ലാസ്സിൽ വന്നു പറഞ്ഞു, വേറൊരു സ്ഥാപനത്തിലേയ്ക്ക് തന്നെ മാററുന്നതിന് ഡോ. വാക്കർ ആവശ്യപ്പെട്ടിരിക്കുന്നു എന്ന്. ഡോ: ഗാപ്പ് (Gapp) എന്നു പേരുള്ള ചെറുപ്പക്കാരനും വളരെ നല്ലവനുമായ ഒരദ്ധ്യാപകനാണു ഞങ്ങളുടെ പുതിയ പ്രൊഫസ്സർ. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ വളരെ ആനന്ദകരമായിരുന്നു. സഭയ്ക്കോ വിശ്വാസത്തിനോ എതിരായി ഒരു വാക്കുപോലും വിമർശനമായി അദ്ദേഹം പറഞ്ഞില്ല.

ക്ലാസ്സുകഴിഞ്ഞപ്പോഠം ഞങ്ങളെല്ലാവരും ഉത്സാഹപൂർവ്വം മുററത്തു് ഓടിക്കൂടി. ബർണർ എന്നെ അടുത്തേയ്ക്കു വിളിച്ചു.

''ഞാൻ പറയട്ടെ, നമുക്കിപ്പോഠം സുന്ദരമായ അവസരമാണു് കിട്ടിയിരിക്കുന്നതു്. ഹാൻസിൻെറ മേലുള്ള എൻെറ ജോലി ഞാൻ ആരംഭിക്കുവാൻ പോകയാണു്. നീ വളരെ വിവേകത്തോടെ പെരുമാറണം. ഒരു വാക്കുപോലും പുറത്തുപോകുവാൻ അനുവദിക്കരുതു്. എന്താ മനസ്സിലായോ ?''

''ശരി'' വെറുപ്പോടുകൂടി ഞാൻ പറഞ്ഞു.

''നിൻെറ അഭിമാനത്തിൻെറ വാഗ്ദാനം.'' കൈനീട്ടിപ്പിടിച്ചുകൊണ്ടു് അവൻ പറഞ്ഞു.

എൻെറ മുഖം ചുവന്നു. ''എനിയ്ക്കു പങ്കെടുക്കുവാൻ പററുകയില്ല.'' ആശങ്കയോടുകൂടി ഞാൻ പ്രതിഷേധിച്ചു.

''ആവശ്യമില്ല; നിശബ്ദനായിരുന്നാൽ മതി.'' വളരെ ലജ്ജയോടുകൂടി ഞാൻ സമ്മതിച്ചു. ബർണർ തൃപ്തനായി.

''ഇപ്പോഴാണു് നമ്മുടെ അവസരം. വരൂ.''

ഞങ്ങഠം മുററത്തുകൂടി ഹാൻസിൻെറ അടുത്തേയ്ക്കു നടന്നു. ''ക്ഷമിക്കണം മോഠം! ആവശ്യമില്ലാത്ത ഉപചാരമെല്ലാം നമുക്കുപേക്ഷിക്കാം. സത്യത്തിൽ ഇതുപോലെ ഒന്നു് ഇതിനുമുമ്പു് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. അനുമോദനങ്ങഠം.''

''വളരെ ഉപകാരം. എന്നാൽ അതത്ര ഉത്തേജജനകമായിരുന്നില്ല. ഡോക്ടർ വാക്കറുടെ മാററത്തിനു് ഞാനല്ല കാരണക്കാരൻ. ആരും തന്നെ അതു് ആഗ്രഹിച്ചിരുന്നില്ല.''

''ശരിയാണു്.'' ബർണർ ഇടയ്ക്കുകയറിപറഞ്ഞു. ''തന്നത്താൻ ഒരു മാററം ചോദിക്കുന്നതിനുമാത്രം സൽബുദ്ധി അദ്ദേഹത്തിനുണ്ടായതു നന്നായി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇവിടെ സംഗതികഠം കൂടുതൽ ചൂടായിക്കൊണ്ടാണിരുന്നതു്. എൻെറ ജിജ്ഞാസ ക്ഷമിക്കൂ. എവിടെ നിന്നാണു നിനക്കു നവീകരണത്തെപ്പററിയുള്ള ആ വിവരങ്ങളെല്ലാം കിട്ടിയതു്?''

''നിനക്കു് ഇഷ്ടമാണെങ്കിൽ ഞാൻ ആ പുസ്തകം തരാം''. ഹാൻസുപറഞ്ഞു. ''അതു് ഗ്രിസ്സാറിൻെറ ''ലൂതർ'' എന്ന പുസ്തകമാണു്. എല്ലാം അതിൽ വളരെ നന്നായി വിവരിച്ചിട്ടുണ്ടു്.''

അതേപ്പററി താൻ വളരെ ഉത്സുകനാണെന്നു് ബർണർ നടിച്ചു.

"വളരെ നന്ദി. വിരോധമില്ലെങ്കിൽ ക്ലാസ്സുകഴിയുമ്പോൾ പുസ്തകം വാങ്ങാൻ ഞാൻ നിൻെറ കൂടെ വരാം. അവിടെ നി ന്നും ഞാൻ ട്രാമിൽ വീട്ടിലേയ്ക്കു പോന്നോളാം."

ഉച്ചകഴിഞ്ഞു് ഞങ്ങൾ വീട്ടിലേയ്ക്കു നടന്നപ്പോൾ ബർണർ ടിറോളിനെയും മലകളെയും മഞ്ഞുകാലത്തെ കായികാഭ്യാസങ്ങ ളെയും പററി സംസാരിച്ചു. സാവകാശം ഹാൻസു് ആ വിഷ യത്തെപ്പററി വളരെ ഉത്സാഹപൂർവ്വം വിവരിച്ചു. ഞങ്ങൾ വീട്ടി ലെത്തിയപ്പോൾ ബർണർ പറഞ്ഞു:

"എന്തൊരു കഷ്ടം. നാം പെട്ടെന്നിവിടെയെത്തി. മണിക്കൂ റോളം തുടർച്ചയായി ആ വിഷയത്തെപ്പററികേൾക്കാൻ എനിക്കി ഷ്ടമാണു്. ജൂലൈയിൽ വീട്ടിൽനിന്നു് എല്ലാവരും അവധിയ്ക്കാ യി ടിറോളിലേക്കുപോകും. ആ സമയത്തേയ്ക്കു് എല്ലാം അറിയുവാൻ എനിക്കാഗ്രഹമുണ്ടു്.

"നാം വീണ്ടും കാണും" ഹാൻസു പറഞ്ഞു "ആവശ്യമുള്ള എ ല്ലാ വിവരങ്ങളും ഞാൻ തരാം."

"നല്ല കാര്യം" വളരെ തൃപ്തിയോടുകൂടി ബർണർ പറഞ്ഞു. ഒരു നിമിഷംകഴിഞ്ഞു്, "എൻെറ അഭിപ്രായത്തിൽ നമ്മുടെ ക്ലാസിലെ പാർട്ടികൾ തമ്മിലുള്ള വിഭജനം വളരെ ബുദ്ധിശൂന്യമായ ഒരു കാ ര്യമാണു്. കുറച്ചുകൂടുതൽ യോജിപ്പുണ്ടായിരുന്നെങ്കിൽ നമുക്കുപര സ്പരം കൂടുതൽ സഹായിക്കാമായിരുന്നു."

"നീ പറയുന്നതു ശരിയാണു്." ഹാൻസ് സമ്മതിച്ചു. "ഇതു തന്നെ ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടു്."

ഈ സമയംകൊണ്ടു് ഞങ്ങൾ ഞങ്ങളുടെ വീടിൻെറ മുൻപിലെ ത്തി. ബർണർ പറഞ്ഞു, അവൻ പുറത്തുനിൽക്കാമെന്നു്. എന്നാൽ അമ്മയും ഞാനും അകത്തേയ്ക്കു വരുന്നതിനു് അവനെ നിർബ്ബന്ധിച്ചു. ഞങ്ങളുടെ കൂടെ അവൻ അകത്തേയ്ക്കു കടന്നുവന്നു. ഹാൻസ് ആ പുസ്ത കം പായ്ക്കുചെയ്തു് അവനുകൊടുത്തു. അവിടെ നിന്നു പോകുന്നതിനു മുൻപു് ബർണർ ഉപകാരം പറയുകയും ഹാൻസിനു കൈ കൊടുക്കുക യും ചെയ്തു. അവനെ വാതിൽക്കൽ വരെ അനുഗമിച്ചതിനുശേഷം ഞാൻ തിരിച്ചുപോന്നു. ഹാൻസ് അവൻെറ പുസ്തകങ്ങൾ അടുക്കി വയ്ക്കുകയായിരുന്നു.

"ഫ്രിററ്സ്, ആ ബർണർ ഞാൻ വിചാരിച്ചതിലും നല്ലവ നാണു്."

"അങ്ങനെ തോന്നുന്നു." അശ്രദ്ധമായവിധത്തിൽ ഞാൻ ഉത്തരം പറഞ്ഞു. എൻെറ സംഭ്രമം മറയ്ക്കുന്നതിനു് ഞാൻ പുറംതിരിഞ്ഞു.

ആ ദിവസംമുതൽ ബർണർ ഹാൻസിനെ കൂടെക്കൂടെ സന്ദർശി ച്ചു. ഹാൻസിനോടു് അതേപ്പററി സംസാരിക്കുവാനായി 'ലൂതർ'

ഏന്ന ആ പുസ്തകം മുഴവൻ അവൻ വായിച്ചു. വിശ്രുദ്ധവാര അവധി കഒ രണ്ടാഴ്ച മുമ്പ് ഞങ്ങളെ രണ്ടുപേരെയും അവൻ വീട്ടിലേയ്ക്കു ക്ഷണിച്ചു. കാരണം അവൻെറ അമ്മയ്ക്കും ഹാൻസിനെ പരിചയപ്പെട ണമെന്നുണ്ടായിരുന്നു.

എന്നാൽ ഹാൻസിനു് ഈ ക്ഷണം അത്ര സന്തോഷപ്രദമായിരുന്നില്ല. ബർണറുടെ പെട്ടെന്നുള്ള സ്നേഹസ്വഭാവം അവനു് അരോചകമായിത്തോന്നി. എങ്കിലും ക്ഷണം നിരസിക്കുന്നതിനുള്ള യാതൊരു കാരണവും ഹാൻസിനില്ലായിരുന്നു. അതുകൊണ്ടു് ഞങ്ങൾ പോകുകതന്നെ ചെയ്തു.

ബർണറുടെ അമ്മ കുറെ സമയം ഞങ്ങളുമായി സംഭാഷണം നടത്തി. ചായകൊണ്ടുവരുവാൻ ആവശ്യപ്പെട്ടശേഷം ഞങ്ങളെ ബർണറിൻെറ മുറിയിലാക്കി അവർ പോയി.

ഒന്നു രണ്ടുമിനിട്ടു കഴിഞ്ഞപ്പോൾ, വാതിൽതുറന്നു് ഹെൽമ പ്രവേശിച്ചു. ബർണർ എണീററുനിന്നു.

''എൻെറ സഹോദരി'' അവൻ ഹാൻസിനോടു പറഞ്ഞു. ''ഞാൻ അവളോടു് നിന്നെപ്പററി പറഞ്ഞു. പരിചയപ്പെടാൻ അവൾക്കു് ആഗ്രഹമുണ്ടു്.''

ഹാൻസും എണീററുനിന്നു.

ഹെൽമയും ഹാൻസും പരസ്പരം കൈകൊടുത്തു. ''ഞാൻ നിങ്ങളുമൊത്തു് ഇവിടെയിരിക്കുന്നതിൽ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടോ?'' അവൾ ഞങ്ങളുടെ മൂന്നുപേരുടെയും നേരെനോക്കി ഒരുകുസൃതിച്ചിരിയോടെ ചോദിച്ചു.

ബർണർ ഞങ്ങളുടേനേരെ തിരിഞ്ഞു. ''നിങ്ങൾക്കു ബുദ്ധിമുട്ടില്ലെങ്കിൽ......''

ഞങ്ങൾക്കതിൽ വിഷമമൊന്നുമില്ലായിരുന്നു. ഹെൽമ അരികത്തിരുന്നു. സ്വാഭാവികമായ സന്തോഷത്തോടും ആകർഷകത്വത്തോടുംകൂടി സംസാരം ആരംഭിച്ചു. എങ്കിലും ഹാൻസിനെ അപ്പോഴും ഔപചാരികമായിട്ടാണവൾ സംബോധനചെയ്തതു്. ഒരിക്കൽ അവളവനെ മിസ്റ്റർമോഃ എന്നുകൂടി വിളിക്കയുണ്ടായി.

ബർണർ ഇടയ്ക്കുകയറിപ്പറഞ്ഞു. ''ദയവായി, ഈ ഔപചാരികത്വമെല്ലാം കളയൂ.''

ഹാൻസിൻെറ കൈവശമുള്ള ഡോക്ടർ ഡെഫ്നറുടെ ചിത്രങ്ങളെപ്പററി ഞാൻ അവളോടുപറഞ്ഞു. ഉത്സാഹപൂർവ്വം അവൾ ചോദിച്ചു. ''അതെപ്പോഴെങ്കിലും എനിക്കു കാണാനൊക്കുമോ? വലിയ സന്തോഷമായിരിക്കുമതു്.''

''തീർച്ചയായും'' ഹാൻസുപറഞ്ഞു നാളെ ഞാനതു് കർട്ടിൻെറ കൈയിൽ കൊടുത്തയയ്ക്കാം.''

അപ്പോഴേയ്ക്കും വേലക്കാരി ചായകൊണ്ടുവന്നു. അത്യാഹ്ളാദകരമായ ഒരു വൈകുന്നേരമായിരുന്നു അതു്. ആ സന്ദർശനം അത്ര സന്തോഷപ്രദമാകുവാൻ ഹെൽമ വളരെ സഹായിച്ചു.

ക്രിസ്മസ്സിനു മുമ്പു് ഞാൻകണ്ട സുന്ദരിയും സന്തോഷവതിയുമായ പെൺകുട്ടിയായിരുന്നു അവളപ്പോഴും.

രണ്ടുമണിക്കൂർ കഴിഞ്ഞു് ഞങ്ങൾ വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ഹാൻസു പറഞ്ഞു' 'എനിക്കുതോന്നുന്നതു്, ഹെൽമ അവളുടെ സഹോദരനേക്കാൾ വളരെ നല്ലവളാണെന്നാണു്.''

''അതെന്താ?''

''എനിക്കറിഞ്ഞുകൂടാ; അവൾ സ്വതന്ത്രമായും ആത്മാർത്ഥമായും സംസാരിക്കുന്നു അവളുടെ സഹോദരനാകട്ടെ, വളരെ കൃത്രിമമായിട്ടും. നീയതു സൂക്ഷിച്ചില്ലേ?''

അടുത്തദിവസം ക്ലാസ്സിൽ പോയപ്പോൾ ഹാൻസ് ആൽബവും കൊണ്ടുപോയി. ബർണർക്കു കൊടുത്തു. എന്നാൽ അതുകുറെ വലുതായിരുന്നതിനാൽ ബർണറിൻെറ ബാഗിൽകൊള്ളാതെവന്നു. ''ഒരു കാര്യം ചെയ്യു്'' ബർണർ പറഞ്ഞു. ''ഹെൽമയുടെ ബാഗ് വലുതാണു്. നമുക്കു് ഇതവൾക്കു കൊടുക്കാം. അവൾക്കുതന്നെ അതുകൊണ്ടുപോവുകയും ചെയ്യാം. പക്ഷെ അവളുടെ ക്ലാസ്സ് പതിനൊന്നിനുതീരും. അതുകൊണ്ടു് ആൽബം വിശ്രമസമയത്തു് അവൾക്കു് കൊടുക്കാനാവില്ല.''

''സാരമില്ല'' ഞാൻ പറഞ്ഞു. ''എൻെറ അനുജൻെറ ക്ലാസ്സും പതിനൊന്നു മണിക്കു തീരും. അവൻ അതവൾക്കു കൊടുത്തുകൊള്ളും.''

വിശ്രമസമയം ആൽബം ഞങ്ങൾ ഓട്ടോയെ ഏല്പിച്ചു, അതു് ഹെൽമയ്ക്കുകൊടുക്കുവാൻ അവൻ സമ്മതിച്ചു,

അന്നു വൈകുന്നേരം തന്നെ ഇംഗ്ളീഷ്ക്ലാസ്സിൻെറ സമയം സന്തോഷമഗ്നനായി ബർണർ അടുക്കൽ വന്നു.

''എനിക്കവനെ കിട്ടിക്കഴിഞ്ഞു'' സംതൃപ്തിയോടെ കൈ തിരുമ്മിക്കൊണ്ടു് അവൻ പറഞ്ഞു.

''എന്തു സംഭവിച്ചു ?'' ഞാനുടനെ ചോദിച്ചു.

''ഹെൽമയ്ക്കു് ഹാൻസിനെക്കുറിച്ചു് ഭ്രാന്തുപിടിച്ചിരിക്കുകയാണു്. അവൻ അല്പം അനുകൂലമായ പ്രതികരണം കാണിച്ചാൽ

മതി, ആക്കും അവരെ വേർതിരിക്കാനാവില്ല. സംഗതികളെല്ലാം വളരെ ഭംഗിയായി പോകുന്നു. എന്തു പറയാനാണ്! ഞാൻ ഉച്ചതിരിഞ്ഞു വീട്ടിലെത്തിയതേയുള്ള, അപ്പോൾ അതാ ഹെൽമ, വികാരാധീനയായി സംസാരിക്കുവാൻ തുടങ്ങി. നിറുത്താതെ. ഹാൻസിൻെറ സഹോദരന്മാരേയും നിങ്ങളുടെ ക്രിസ്മസ്സ് അവധിയേയും വിനോദയാത്രയേയും മററും പററി......... നമ്മുടെ പഞ്ചാര ഹാൻസുമായി അവൾ ഭ്രാന്തുപിടിച്ച പ്രേമത്തിലാണ്.''

എനിക്കു വലിയ ഉത്സാഹം തോന്നിയില്ല.

''പക്ഷേ ഇക്കാര്യങ്ങൾ അവൾക്കെങ്ങനെ അറിയാൻ കഴിഞ്ഞു?''

''നിൻെറ അനുജൻ ഓട്ടോയുമൊത്താണ് അവൾ വീട്ടിലേയ്ക്കു പോയത്. വഴിക്ക് ഫ്ളംപ്മെസിലെ താമസത്തെപ്പററിയുള്ള എല്ലാക്കാര്യങ്ങളും അവൻ പറഞ്ഞിട്ടുണ്ടാവും.''

''അവൾക്കവനെപ്പററിയുള്ള ചിന്തയേയുള്ളു. മാത്രമല്ല, എളുപ്പം അവനെ ഉപേക്ഷിക്കുകയുമില്ല.''

എനിക്കു ദേഷ്യം വന്നു. ഓട്ടോ അവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ അവൻെറ മുഖത്തടിച്ചേനേ.

ഈ വൃത്തികെട്ടവനുവേണ്ടി അവൻെറ പ്ലാനനുസരിച്ച പ്രവർത്തിക്കുക...... ഓട്ടോ ഒന്നും ചിന്തിച്ചുകാണില്ല......

ഹെൽമയുടെ വികാരങ്ങൾ ഹാൻസ് മനസ്സിലാക്കിയതായി കണ്ടില്ല. ആകസ്മികമെന്നവ്യാജേന ഹെൽമ പലപ്പോഴും അവനെ കണ്ടുമുട്ടും. അപ്പോഴെല്ലാം ഫ്ളംപ്മെസിനേയും, പർവ്വതങ്ങളേയും അതുപോലുള്ള വിഷയങ്ങളേയും പററി സംസാരിക്കും. ചിലപ്പോൾ അവൾ സ്ഥാപനത്തിൽനിന്നും ഞങ്ങളുടെ വീടുവരെ ഹാൻസിൻെറ കൂടെപ്പോരുകയും ചെയ്യുമായിരുന്നു.

ക്ലാസ്സിൽ ചീത്തയായ കെട്ടുകഥകൾ പരത്തുന്നതിൽ പി. യു. ജി. ഐ. അമാന്തിച്ചില്ല.

''ഹന്നാൻ വെള്ള സഹോദര''ന്മാരുടെ നേതാവായ'വല്യച്ചൻ' അവസാനം ഒരു പ്രേമഭാജനത്തെ കണ്ടെത്തി എന്നതായിരുന്നു വാർത്ത.

ഇക്കാര്യം ഒരു ദിവസം ഞാൻ ഹാൻസിനോടു പറഞ്ഞു.

''യഥാർത്ഥത്തിൽ അവൾ എന്നെ സ്നേഹിക്കുന്നുവെന്ന് നീ കരുതുന്നുണ്ടോ?''

"എന്നു ഞാൻ കരുതുന്നില്ല എന്നാൽ ഒരു കാര്യം ശരിയാണ്. നിന്റെ പടങ്ങളിലും ടൈറോളിന്റെ കാര്യങ്ങളിലും അവയ്ക്കു താത്പര്യമാണ്. എന്നുവെച്ച് അവൾ നിന്നെ പ്രേമിക്കുന്നു എന്ന നിഗമനത്തിലേയ്ക്കു ചാടിക്കൂടാ. കൂടാതെ, തീയുടെ കാര്യത്തിലെന്ന പോലെ സ്നേഹത്തിനു രണ്ടുകാര്യങ്ങൾ വേണം. ഒന്നു തീ കൊളുത്താനും മററതു കത്താനും: വേണ്ടേ?"

ഹാൻസ് ചിരിച്ചു. പക്ഷെ, ആ ചിരി ഉപരിതലത്തിൽ മാത്രമാണെന്നു് എനിക്കു മനസ്സിലായി. അവനു വിഷമമുണ്ടായിരുന്നു.

"ശരിയാണ്'' അവൻ സാവധാനം പറഞ്ഞു. "അതുകൂടാതെ അവളൊരു നല്ല പെൺകുട്ടിയുമാണ്. നമ്മുടെ ക്രിസ്മസ് അവധിക്കാലത്തെപ്പററി പറഞ്ഞപ്പോൾ അവളാകെ ഉത്സാഹഭരിതയായിരുന്നു. അതു വെറും അഭിനയമല്ല; വളരെവേഗം അതു് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.''

ഞാൻ സ്തംഭിച്ചുപോയി. കാരണം ഹാൻസ് തന്നെയാണ് ഞങ്ങളുടെ ക്രിസ്മസ് അവധിയെപ്പററി അവളോടു പറഞ്ഞിരുന്നതു്.

ആ ദിവസം മുതൽ മുമ്പിലത്തേതിലധികമായി ഹാൻസിനെ ഹെൽമയോടൊപ്പം കണ്ടുതുടങ്ങി. സംഗതികളെല്ലാം ക്രമമായിത്തന്നെയാണ് നടന്നതു്. എനിക്കു നല്ലവണ്ണമറിയാമായിരുന്നു, ഹെൽമ ഒരു പൊവ്വുള്ള പെൺകുട്ടിയാണെന്നു്. പക്ഷെ, ബർണർ വച്ച കെണിയിൽ ഹാൻസ് സാവധാനം വഴതിവീണുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം എന്നെ വിഷമിപ്പിച്ചു. എങ്കിലും എന്റെ അഭിമാനവാക്ക് ആ ദ്രോഹിക്കു കൊടുത്തിരുന്നതിനാൽ എനിക്കു ഒന്നും പറയാനും സാദ്ധ്യമല്ലായിരുന്നു.

ആ രാത്രിയിൽ വളരെയധികം സമയത്തേയ്ക്കു് എനിയ്ക്കു് ഉറങ്ങുവാൻ സാധിച്ചില്ല. ഹാൻസ് ഹെൽമയെ പ്രേമിച്ചാൽ എല്ലാം നഷ്ടപ്പെട്ടുപോകുമെന്നു് ഞാൻ ഭയന്നു.

ഈസ്റ്റർ അവധിക്കാലത്തു് ഞങ്ങളുടെ ഒരമ്മാവനോടുകൂടി നോയെ ബ്രൂക്കിൽ ഏതാനും ദിവസങ്ങൾ ചിലവഴിക്കുന്നതിനു് ഹാൻസും ഞാനുംകൂടി പോയി. അതു് സന്തോഷകരമായ സമയമായിരുന്നു. ആ പ്രദേശത്തു് വളരെ വലിയ പർവ്വതങ്ങളൊന്നുമില്ല. അല്ലെങ്കിൽ, അങ്ങനെയാണ് ഹാൻസ് വിചാരിച്ചതു്. ലെയിത്താ പർവ്വതനിരകൾ അവന്റെ അഭിപ്രായത്തിൽ ഒന്നുമല്ലായിരുന്നു; വെറും ചെറിയ കുന്നുകൾ മാത്രം. അമ്മയുടെ സഹോദരനായ ആ അച്ഛനു് ഏഴു മക്കളാണുണ്ടായിരുന്നതു്. ഞങ്ങളിൽനിന്നും വ്യത്യസ്തമായി, അവരെല്ലാവരും തന്നെ നല്ല തീക്ഷ്ണതയുള്ള കത്തോലിക്കരായിരുന്നു. ഹാൻസ് അവരോടൊപ്പം വളരെ ഉല്ലാസവാനായി കാണപ്പെട്ടു. ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥനകൾ എപ്രകാരം

അവനെ ആനന്ദിപ്പിച്ചുവെന്ന് എനിക്കു കാണുവാൻ കഴിഞ്ഞു. അവൻ ദിവസവും കർബ്ബാനയ്ക്കു പോയിരുന്നു. അടുത്തുള്ള കുന്നുകളിൽ ഉല്ലാസയാത്രയ്ക്കു പോകുകയോ അല്ലെങ്കിൽ ഞങ്ങളുടെ കുടുംബസ്നേഹിതനായ ഒരു ഡോക്ടറെ സന്ദർശിക്കുകയോ ഞങ്ങളുടെ പതിവായി. ഡോക്ടർക്കും പല കുട്ടികളുണ്ടായിരുന്നു. ആ വീട്ടിൽ സ്വരങ്ങളുടെ എത്ര മധുരമായ പല്ലവി: പേരുകളുടെ എന്തു നീണ്ട പട്ടിക: ''എഡിത്ത്, ആൻഷി, റിച്ചാർഡ്, മിമി, ആൽഫ്രഡ്, മേരി ലൂയിസ് ......''

ഇത്തരം ശബ്ദകോലാഹലങ്ങളും, ഇത്രയധികം ആളുകളും ഉള്ള ജീവിതം ഞങ്ങൾക്ക് പരിചിതമല്ലായിരുന്നു. അതുകൊണ്ടുതന്നെ അത് ഞങ്ങൾക്ക് വളരെ ആഹ്ലാദകരമായി. സമയം കടന്നുപോയി. ഘനമേറിയ ഹൃദയത്തോടെ അവിടെ നിന്നു യാത്രപറയുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി. ബുധനാഴ്ച വൈകുന്നേരം ഞങ്ങൾക്ക് വിയന്നായിൽ മടങ്ങിയെത്തേണ്ടിയിരുന്നു.

ചൊവ്വാഴ്ച, ഹാൻസിന് ഒരു പോസ്റ്റുകാർഡ് കിട്ടി. ആ സമയം ഡോ. ബൗംത്താസറിന്റെ (അതായിരുന്നു ആ അമ്മാവന്റെ പേര്) കുട്ടികളുമൊരുമിച്ച് അവൻ പുറത്തു നിൽക്കുകയായിരുന്നു. ഞാനാ കാർഡു വാങ്ങി, അവനുകൊടുക്കുവാൻ. ജിജ്ഞാസ അടക്കാൻ കഴിയാതെ, വഴിക്കുവെച്ച് ഞാനതു് വായിച്ചു.........

''എന്റെ പ്രിയപ്പെട്ട മോൻ,

എനിക്കയച്ച മനോഹരമായ കാർഡിനു് ഹൃദയംഗമമായ നന്ദി. സന്തോഷപൂർണ്ണമായ ഈസ്റ്ററിന്റെ മംഗളാശംസകൾ ദയവായി സ്വീകരിച്ചാലും. വിയന്നായിലേയ്ക്കു മടങ്ങിവരുന്നതു് എത്രമാത്രം ആകാംക്ഷയോടെയാണ് ഞാൻ പ്രതീക്ഷിക്കുന്നതു് എന്ന് അങ്ങേക്ക് ഊഹിക്കുവാൻ പോലും കഴിയുകയില്ല, അങ്ങയെപ്പററി മാത്രമാണ് എപ്പോഴും എന്റെ വിചാരം. അങ്ങും എന്നെപ്പററി ചിന്തിക്കുന്നുവെന്നു് എനിയ്ക്കു തീർച്ചയുണ്ടു്, ശരിയല്ലേ?

വീണ്ടും നാം കണ്ടുമുട്ടുന്നതുവരെ

അങ്ങയുടെ സ്നേഹമുള്ള

എച്ച്''

''എച്ച്'' അതാരായിരിക്കും?

എന്റെ മനസ്സിൽ ഒരു സംശയമുദിച്ചു.

ഹാൻസ് തോട്ടത്തിൽ നിൽക്കുന്നതു ഞാൻ കണ്ടു. ഒരു പഴയ ടൈറൊളീസ് നാടോടിഗാനമാലപിച്ചുകൊണ്ടു് തന്റെ കൂടെ ഉണ്ടായിരുന്നവരെ അവൻ രസിപ്പിക്കുകയായിരുന്നു. പാട്ട് അവ

സാനിച്ചപ്പോരം പോസ്റ്റ് കാർഡ് അവൻെറ കൈയിൽ കൊടുത്തു. അതവൻ വായിച്ചു. ഉടനെ ലജ്ജാഭരിതനായിത്തീരുന്നതു ഞാൻ കണ്ടു.

''ഹലോ! പ്രേമലേഖനമാണോ?'' എൻെറ കസിൻ റിച്ചാർഡ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

എല്ലാവരും ചിരിച്ചു, ഹാൻസിനെ നോക്കി. അവൻ ആ കാർഡ് പോക്കററിലിട്ടു. ഞങ്ങളെ നോക്കി തികച്ചും സന്തോഷവാനായി പുഞ്ചിരിച്ചു.

''അവരം എങ്ങനെയാണിരിക്കുന്നതു്?'' ആൽഫ്രഡ് ഒരു സംശയമുന്നയിച്ചു.

ഹാൻസ് ഈ തമാശയിൽ പങ്കുകൊണ്ടു. ഞങ്ങളുടെ ഓരോരുത്തരുടേയും മുഖത്തു് സൂക്ഷ്മപരിശോധന നടത്തുന്നതുപോലെ ചുററും നോക്കി. അവനല്പം അസ്വസ്ഥനാണെന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. അവസാനം മേരിലൂയിസിൻെറ നേരേ വിരൽ ചൂണ്ടി ഇങ്ങനെ പറഞ്ഞു: ''മുഴവനും ഇവളെപ്പോലെയല്ല, എങ്കിലും ഇവരംക്കു് അവളോടു് വളരെയധികം സാമ്യമുണ്ടു്.''

ഞങ്ങളെല്ലാവരും ഹൃദയംഗമമായി ചിരിച്ചു. മേരിലൂയിസ് തീർച്ചയായും ഹെൽമയോടു് സാദൃശ്യമുള്ളവളാണെന്നു് പെട്ടെന്നു് എനിക്കു തോന്നി.

# അദ്ധ്യായം ആറ്

# അഗാധഗർത്തത്തിൻെറ വക്കിൽ

മെയ്മാസാരംഭത്തിൽ പുതിയ അംഗങ്ങളെല്ലാം സൊഡാലിററിയിൽ ഔപചാരികമായി സ്വീകരിക്കപ്പെട്ടു. അവർ പരിശുദ്ധകന്യകയ്ക്ക്, തങ്ങളെ സമർപ്പിച്ചു. ആ ചെറുതരു സാവധാനം ഭംഗിയായി വളരുകയായിരുന്നു. മുപ്പത്തെട്ടുപേർ താഴ്ന്നക്ലാസ്സുകളിൽ നിന്നും, ഇരുപത്തിനാലുപേർ ഉയർന്ന ക്ലാസ്സുകളിൽ നിന്നുമായി അങ്ങനെ ഇൻസ്റ്റിട്യൂട്ടിലെ 62 പേർ അതിൽ അംഗങ്ങളായി. ഓട്ടോയാണ് ജൂണിയേഴ്സിൻെറ പ്രീഫെക്ടായി തിരഞ്ഞെടുക്കപ്പെട്ടത്.

ഓട്ടോയുടേയും ഹാൻസിൻേറയും കൂടെ ഞാനും സ്വീകരണാഘോഷങ്ങളിൽ പങ്കെടുത്തു. ആ അവസരത്തിൽ മാത്രമാണ് ഒരു വസ്തുത എനിക്ക് മനസ്സിലായത്: ഈ മനോഹരമായ പ്രവർത്തനം എത്ര നിശബ്ദമായും വേഗത്തിലുമാണ് വ്യാപിക്കുന്നതെന്ന്. ഹൃദയത്തിൽ സന്തോഷത്തോടും കണ്ണുകളിൽ പ്രകാശിക്കുന്ന പരിശുദ്ധിയോടും കൂടി മറിയത്തിൻെറ കൊടിക്കീഴിൽ അണിനിരന്ന ആ കുട്ടികളെല്ലാംതന്നെ ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നാണെന്ന വസ്തുത എനിക്ക് അവിശ്വസനീയമായിതോന്നി.

ജൂണിയേഴ്സിൻെറ യൂണിഫോറം വളരെ ഹൃദ്യമായിരുന്നു: തങ്ങൾക്ക് പ്രചോദനം നൽകിയ ദൃഢമായ ഇച്ഛാശക്തിയുടേയും ഹൃദയവും മനസ്സും തമ്മിലുള്ള ഐക്യത്തിൻേറയും അടയാളം. നീണ്ട കടുംനീല പാൻറ്സും തൂവെള്ള ഷർട്ടും സൊഡാലിററി ബാഡ്ജ് കുത്തിയ ടൈയും ധരിച്ചിരുന്ന അവർ ഭംഗിയേറിയ ഒരു ദൃശ്യമായി പ്രത്യക്ഷപ്പെട്ടു.

എന്നാൽ സീനിയറംഗങ്ങൾക്ക് നിശ്ചിതമായ ഒരു യൂണിഫോറം ഇല്ലായിരുന്നു. അവർക്ക് ഐക്യത്തിൻെറ ബാഹ്യമായ അടയാളം ആവശ്യവുമായിരുന്നില്ല. ഉന്മേഷപൂർണ്ണമായ ആദ്ധ്യാത്മിക യുദ്ധത്തിൽ സുശക്തവും പരിപക്വവുമാക്കപ്പെട്ട ഇച്ഛാശക്തിയായിരുന്നു അവരെ ഒന്നിപ്പിച്ച ഘടകം.

മറിയത്തിൻെറ സംരക്ഷണയിൽ ക്രിസ്തുവിനോടും അവിടുത്തെ സഭയോടും വിശ്വസ്തരായിരുന്നുകൊള്ളാമെന്ന് അൾത്താരയുടെ മുമ്പിൽ നിന്ന് വാഗ്ദാനം ചെയ്തപ്പോൾ തങ്ങളേറെറടുക്കുന്ന ചുമതല പ്രധാനവും ഗംഭീരവുമാണെന്ന് അവർക്ക് ബോദ്ധ്യമായിരുന്നു. ഞാൻ ബർണറേയും P. U. G. I യേയും പററി ഓർത്തു. തങ്ങൾക്കെതിരെ ബലവത്തും അജയ്യവുമായ ഒരു ശക്തി ഉയരുകയാണെന്നും അതിനെ ചെറുത്തു നിൽക്കുക അസാദ്ധ്യമാണെന്നുമുള്ള വസ്തുത അവർ മനസ്സിലാക്കിയോ എന്തോ?

ഓട്ടോ ആയിരുന്നു അൾത്താരയിലേക്ക് ആദ്യം പോയതു്. നീണ്ട പാൻറ്സിട്ടപ്പോൾ ഉള്ളതിൽ കൂടുതൽ പൊക്കം അവനു തോന്നിച്ചു. ദൃഢവും വ്യക്തവുമായ സ്വരത്തിൽ അവൻ പ്രതിജ്ഞാവാചകം ഉച്ചരിച്ചു. അതിനുശേഷം സംഘടനയുടെ കൊടി കൈകളിലെടുത്തപ്പോൾ ആ കണ്ണുകൾ സന്തോഷവും ഉത്സാഹവും കൊണ്ടു് തിളങ്ങുന്നതു് ഞാൻ കണ്ടു. ''ഈ കൊടിയാണു് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നതു്, അതിനെ ഞാനൊരിക്കലും വഞ്ചിക്കുകയില്ല. എന്തെന്നാൽ ഞാൻ ദൈവത്തോട് വിശ്വസ്തത വാഗ്ദാനം ചെയ്തിട്ടുണ്ടു്.''

തുടർന്നു വന്ന ഏതാനും ആഴ്ചകളിൽ ഹാൻസിനെ പ്രതി ഞാൻ വേദന നിറഞ്ഞ എത്ര മണിക്കൂറുകൾ കടത്തിവിടേണ്ടിവന്നു എന്ന് അവനു് ഊഹിക്കുവാൻ കഴിഞ്ഞോ, ആവോ? അവനിൽ നടക്കുന്ന സംഘട്ടനം ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു. സുന്ദരിയും വശ്യയുമായ ഹെൽമ അവനെ ബന്ധനസ്ഥനാക്കിയിരുന്നു. പ്രേമത്തിൻെറ സ്വർണ്ണത്താക്കോൽ കൊണ്ടു് അവൾ അവൻെറ ഹൃദയ കവാടത്തിൽ മുട്ടി. അതു് ഇളകി വശായി. ഹാൻസ് ഇക്കാര്യം അറിയുന്നതിനു മുൻപു തന്നെ ആ നുഴഞ്ഞു കയററക്കാരി കോട്ടക്കകത്തു കടന്നു കഴിഞ്ഞു. ആദ്യമായി പ്രേമത്തിൻെറ സുശക്തമായ വശ്യത അവനനുഭവപ്പെട്ടു. അവനതിനു് കീഴടങ്ങി. ആ ചെറുനാളം ജ്വാലയായി വളന്നു.

ഹാൻസ്സ് അസാധാരണമായ വിധം പരിസരബോധമുള്ളവ നും സംസാരത്തിൽ ശ്രദ്ധാലുവും ആയിത്തീൎന്നു. അവൻ ഹെൽമ യെപ്പററി സംസാരിക്കുകയോ അവളെ വല്ല സ്ഥലത്തും വച്ച് കാ ണുകയോ ഉണ്ടായില്ല. അവൻ ഉന്മേഷവാനും ധാരാളം സംസാരി ക്കുന്നവനുമാകാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ അവൻെറ പെ രുമാററത്തിൽ ഒരസ്വസ്ഥതയും ഉറപ്പില്ലായ്മയും ഏതൊരാൾക്കും കാണാമായിരുന്നു.

മെയ്മാസ മദ്ധ്യത്തിൽ ഒരു ദിവസം വൈകുന്നേരം തീരെ അപ്രതീക്ഷിതമായി അവൻ എന്നോടു പറഞ്ഞു ''ഞാൻ 'സെൻ ട്രൽ സിനിമ'യിൽ പോകുകയാണ്.''

''എന്താണ് പടം?'' ഞാൻ തിരക്കി.

''The Fourteenth Company എന്ന യുദ്ധ ചിത്രമോ അതുപോ ലുള്ള എന്തോ ആണ്. വിശേഷിച്ചൊന്നും ഉണ്ടെന്നു തോന്നുന്നി ല്ല. ഇടക്ക് സിനിമക്ക് പോകുന്നതിനൊരാഗ്രഹം.''

''ഞാനും കൂടി വരാൻ ആഗ്രഹിക്കുന്നോ?''

''വേണ്ട, വേണ്ട.'' പെട്ടന്നവൻ മറുപടി പറഞ്ഞു. ''നിനക്ക് നാളത്തേക്കു ധാരാളം ജോലിയുണ്ട്. മാത്രമല്ല, തനിച്ചുപോകാ നാണെനിക്കിഷ്ടം.''

''എങ്കിൽ നിൻെറ ഇഷ്ടംപോലെ.''

എൻെറ മനസ്സിൽ ഭയജനകമായ ഒരു സംശയമുയൎന്നു. ഹെൽമ യുടെ കാര്യങ്ങളെല്ലാം ബർണറുടെ ചതിയായിരുന്നോ? ഈ വൈ കുന്നേരം ഹാൻസ്സ് എന്തു ചെയ്യാൻ പോകുന്നു? ഞാൻ അസ്വസ്ഥ നായി. ഹാൻസ്സ് പോയ ഉടൻ തന്നെ ഞാൻ എൻെറ തൊപ്പിയു മെടുത്തു് അവനെ പിന്തുടരുവാൻ തയ്യാറായി. അവൻ തെരുവി ലെത്തിയപ്പോൾ ഞാൻ നടയിറങ്ങി. അവൻ കാണാതിരിക്കു വാനായി ആൾക്കൂട്ടത്തിൽപ്പെടുവാൻ ഞാൻ ശ്രമിച്ചു. എൻെറ കണ്ണുകൾ ഹാൻസിൻെറ പിന്നാലെ പൊയ്ക്കൊണ്ടിരുന്നു ഹാൻസ്സ് ''Stock Exchange'' (സ്റ്റോക്ക്എക്സ്ചേയ്ഞ്ച്) ലേക്ക് തിരിയു ന്നതു് ഞാൻ കണ്ടു. സുരക്ഷിതമായ ദൂരത്തിൽ ഞാനവനെ അനുഗ മിച്ചു. ആ തെരുവിൻെറ അവസാനത്തിൽ അവൻ ആരേയോ, എന്തിനേയോ പ്രതീക്ഷിക്കുന്നതുപോലെ നിന്നു. അവിടെ നിന്ന് ഇടത്തോട്ടൊരാംഗ്യം കാണിച്ചതിനുശേഷം വേഗം അങ്ങോട്ടു നടന്നു. ഞാൻ അവനെ പിൻതുടൎന്നു. ഏതാനും വാര ചെന്നപ്പോൾ ബർ ണറുടെ കാർ അവിടെ കിടക്കുന്നതുകണ്ടു. ഹാൻസ്സ് കാറിൽ കയറി. ഞാൻ നിന്നു. എൻെറ ഹൃദയമിടിപ്പ് ഇടയ്ക്കു നിന്നതു പോലെ തോന്നി. എൻെറ തൊട്ടടുത്തു് ഒരു ടാക്സി കിടന്നി രുന്നു. ഞാൻ അതിൽ കയറി. ഡ്രൈവറോടു പറഞ്ഞു. ''വളവു തിരിഞ്ഞു് ഇടത്തു വശത്തുകൂടി പോകുന്ന ആ കാറിൻെറ പിന്നാ ലെ പോകുക.''

ഡ്രൈവർ കാർ സ്റ്റാർട്ടുചെയ്തു. ഡോ. ബർണറിന്റെ കാർ അപ്പോഠ ഞങ്ങളെ കടന്നു പോയി. ''അതു തന്നെ കാർ'' ഡ്രൈവറെ ഞാൻ കാണിച്ചുകൊടുത്തു. അയാഠ തല കുലുക്കി. വണ്ടി വേഗം തിരിച്ചു. റിങ്ങ് അവന്യൂവിൽ കൂടി അത്രയധികം അകലത്തിലല്ലാതെ രണ്ടു കാറുകളും മുന്നോട്ടു നീങ്ങി.

'ക്രിസ്ത്യാനികളുടെ സഹായമായ മറിയ'ത്തിന്റെ പേരിൽ അറിയപ്പെടുന്ന നഗരഭാഗത്തുകൂടെ ഞങ്ങഠ പോയി. അതിനുശേഷം ഗ്ലർട്ടൽസിൽ കൂടി പട്ടണത്തിന്റെ പുതിയ ഭാഗങ്ങളിലേക്ക്. ഇതുപോലുള്ള കാര്യങ്ങളിൽ പരിചിതനാണ് എന്റെ ഡ്രൈവർ എന്ന് എനിക്കു മനസ്സിലായി. റോഡിൽ ഗതാഗതം കുറയുമ്പോഠ അയാഠ കുറെ ദൂരെ നിൽക്കും. വാഹനങ്ങഠ വളരെ കൂടുതലുള്ളപ്പോഠ വളരെ അടുത്തു്. ഏതാണ്ടോറടി ദൂരത്തിൽ അനുഗമിക്കും.

മുമ്പിലുള്ള കാറിലായിരുന്നു എന്റെ ശ്രദ്ധ മുഴുവനും. എത്ര നേരം അങ്ങനെ പോയി എന്നെനിക്കൊരു രൂപവുമില്ല. കാറുകഠ നിന്നപ്പോഠ ഞാനല്പം പരിഭ്രമിച്ചു. ഞങ്ങളെവിടെയായിരുന്നു? ജനലിൽകൂടി നോക്കിയപ്പോഠ സെൻട്രൽ സിനിമയുടെ പ്രവേശന കവാടം ധാരാളം വൈദ്യുത ദീപങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. ധാരാളം പരസ്യങ്ങളും പ്രകാശധോരണിയും.

യാത്രാസമയം കാറിനുള്ളിലെ ലൈററു ഞാൻ നേരത്തെ തന്നെ കെടുത്തിയിരുന്നു. എല്ലാം വ്യക്തമായി കാണുവാൻ. ആരും എന്നെ കാണുകയുമില്ല ഡോ. ബർണറിന്റെ ഡ്റൈവർ പുറത്തിറങ്ങി കാറിന്റെ വാതിൽ തുറന്നു. പുഞ്ചിരിച്ചുകൊണ്ടു് ഹെൽമയും അവളുടെ പിറകെ ഹാൻസും പുറത്തിറങ്ങി. അവർ എന്തോ ഡ്റൈവറോടു പറഞ്ഞു. അയാഠ തലകുലുക്കിക്കൊണ്ടു് വാച്ചു നോക്കി. പിന്നീടു്, ടിക്കററു വിൽക്കുന്ന സ്ഥലത്തേക്കു് ഹെൽമായും ഹാൻസും നടന്നു. കാർ തിരിച്ചു പോവുകയും ചെയ്തു. എന്തുവേണം എന്നറിയുവാനായി എന്റെ ഡ്റൈവർ എന്നെ നോക്കി, നിർദ്ദേശങ്ങഠക്കായി. സ്റ്റാർട്ടു് ചെയ്യാതിരിക്കാൻ അടയാളം കാണിച്ചു ഞാൻ പുറത്തേക്കിറങ്ങി കൂലി കൊടുത്തു.

ഹാൻസു് സെൻട്രൽ സിനിമായിലേക്കാണു് പോയതു് എന്നുള്ളതു് ശുഭോദർക്കമായിരുന്നു. ഒന്നുമല്ലെങ്കിൽ അവൻ എന്നെ വഞ്ചിച്ചിട്ടില്ല. പതിച്ചിരിക്കുന്ന പരസ്യത്തിൽ ഞാൻ ശ്രദ്ധിച്ചു. ''The Fourteenth Company—മഹായുദ്ധത്തിലെ അവിസ്മരണീയമായ ഒരു നിശാസംഘട്ടനം—മരണത്തിനു മുമ്പിൽ ധീരതയുടെ കരളലിയിക്കുന്ന രംഗങ്ങഠ''

അകത്തേക്കു് കടക്കണമോ? അതപകടകരമാണെന്നു തോന്നി. ഹാൻസും ഹെൽമയും എന്നെ കണ്ടേക്കും. സാവധാനം വാറിങ്കർ സ്ട്രീററുകടന്നു് ഞാനൊരു ട്രാമിൽ കയറി. അരമണിക്കൂറു

കൊണ്ടു് ഞാനെന്റെ മുറിയിലെത്തി. പഠനം തുടരാൻ ശ്രമിച്ചു. പുസ്തകങ്ങൾ അപ്പോഴും മേശപ്പുറത്തു് തുറന്നു കിടന്നിരുന്നു.

അല്പം കഴിഞ്ഞു് ഓട്ടോ കടന്നു വന്നു. "കൊള്ളാം, കൊള്ളാം, മൂന്നാം തവണ റെഡററ്സ്സിയുടെ മാർച്ച് മൂളുകയും വിരലുകൾ കൊണ്ടു് മേശമേൽ താളം പിടിക്കുകയും മേൽക്കൂരയിലേക്കു് വിസ്മയപ്പോലെ നോക്കിയിരിക്കുകയും ചെയ്യും. ഇതാണോ നിന്റെ പഠനം''?

''എന്നെ സമാധാനമായി വിടൂ. പഠിക്കുവാനുള്ള ചുററുപാടല്ല എനിക്കിപ്പോൾ.''

ഓട്ടോ എന്റെ മേശയുടെ അരികിലേയ്ക്കടുത്തു വന്നു. ''ഫ്രിററ്സ്, നിനക്കെന്തു പററി? '' വീണ്ടും ചഞ്ചലനായി കൂട്ടിച്ചേർത്തു. ഒരു പക്ഷേ..........ഹാൻസ്?''

ആശ്ചര്യത്തോടുകൂടി ഞാനവനെ നോക്കി. "നീ അങ്ങനെ പറഞ്ഞതെന്താണു്?''

''അല്പം വിചിത്രമായി ഈ ദിവസങ്ങളിൽ അവൻ പെരുമാറുന്നു. അതു നീ സൂക്ഷിച്ചില്ലേ? കഴിഞ്ഞ രാത്രിയിൽ അവൻ അവനല്ലെന്നു തോന്നി. അവൻ കരയുകയായിരുന്നെന്നു എനിക്കു് തോന്നുന്നു.''

അപ്പോൾ അതാണു സംഗതി. എന്താണു് സംഭവിച്ചതെന്നു ഇപ്പോൾ കൃത്യമായി എനിക്കു് മനസ്സിലായി. പാവപ്പെട്ട ഹാൻസ് തന്റെ ഏററവും വിലപ്പെട്ട നിധി—തന്റെ ആത്മാവിന്റെ വിശുദ്ധി—കാത്തു സൂക്ഷിക്കുവാൻ സാഹസികമായി സമരം ചെയ്യുകയാണു്.

പർവ്വതത്തിൽ നിന്നുള്ള വെള്ളിവെളിച്ചം കൊടുങ്കാററിന്റെ ശക്തിയാൽ മങ്ങുവാൻ ആരംഭിക്കുന്നു. എങ്കിലും സ്വച്ഛവും നിർമ്മലവുമായി അതു പ്രകാശിച്ചുകൊണ്ടിരുന്നു. കറുത്തു്, ഭീകരമായ നിഴലുകൾ, ആ ദീപനാളത്തിനു് ചുററും സമ്മർദ്ദം ചെലുത്തുവാൻ തുടങ്ങിയിരിക്കുന്നു.

ഹാൻസ് ഉഗ്രയുദ്ധം ചെയ്യുകയാണു്. ആറുമാസം മുമ്പു് അവൻ ഈ സമരത്തിൽ പരാജിതനാകുന്നതിൽ ഞാൻ സന്തോഷിച്ചേനേ. എന്നാൽ ഇപ്പോൾ ആ ദീപം പൊലിഞ്ഞാൽ, ആദർശത്തിൽ എത്തിച്ചേരുവാനുള്ള എന്റെ എല്ലാ ആശകളും തകരും എന്നു ഞാൻ ഭയപ്പെട്ടു. ഞാൻ നഷ്ടധൈര്യനായി; പരിശ്രമത്തിൽ നിന്നും പിന്മാറുവാൻ ഞാൻ തയ്യാറായിരുന്നു.

വേണ്ടതുപോലെ ഹാൻസിനു് മുന്നറിയിപ്പുകൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല. ബർണറിനു് കൊടുത്തിരുന്ന വാഗ്ദാനം

ലംഘിക്കുവാൻ എനിക്കൊരു ബുദ്ധിമുട്ടും തോന്നിയില്ല. എന്നാൽ ഇതു ചെയ്യുവാൻ എനിക്കു സാധിക്കുന്നുമില്ല. കാരണം, എന്നെപ്പററി അവന് വളരെയധികം അറിയാം. അവൻെറ കൈകളിൽ ഒരു തടവുകാരനാണു് ഞാൻ.

അടുത്ത പ്രഭാതത്തിൽ ഹാൻസ് എന്നത്തേക്കാളും പ്രയാസവും അസ്വസ്ഥതയും ഉള്ളവനായിക്കാണപ്പെട്ടു ക്ലാസ്സു സമയത്തു് അവൻ ഏകാഗ്രതയില്ലാത്തവനായിരുന്നു. പലപ്രാവശ്യം വിവർണ്ണനാകുന്നതും ചുണ്ടുകൾ കടിച്ചമർത്തുന്നതും ഞാൻ കണ്ടു. പൊരിഞ്ഞ ഒരു സമരം അവൻെറ ആത്മാവിൽ നടന്നിരുന്നുവെന്നതു് വ്യക്തം.

വൈകുന്നേരം എൻെറ വീടിൻെറ മുമ്പിൽ വച്ചു് ബർണററെ ഞാൻ കണ്ടുമുട്ടി. ഞാൻ കടയിൽ നിന്നും വരികയായിരുന്നു. എന്നോടു സംസാരിക്കുവാൻ അവൻ ആഗ്രഹിച്ചു.

''കേൾക്കു ഫ്രിററ്സ്'' വികാരത്തോടുകൂടി അവൻ പറഞ്ഞു. ''നിനക്കിപ്പോൾ സമയമുണ്ടോ? വീട്ടിൽ മോൾ ഉണ്ടോ?''

''ഇല്ല അവൻ പട്ടണത്തിൽ പോയിരിക്കുകയാണു്.''

''നല്ല കാര്യം, ഞാൻ നിന്നോടൊത്തു് അങ്ങോട്ടു വരട്ടെ?''

''വരൂ''. ഞങ്ങൾ വീട്ടിൽ കടന്നു. നേരേ ഞങ്ങളുടെ മുറിയിലേയ്ക്കു് പോയി. കാലിന്മേൽ കാൽവച്ചുകൊണ്ടു് കൈചുരുട്ടി വിജയഭാവത്തിൽ അവൻ എൻെറ നേരേ നോക്കി.

''എന്തു സംഭവിച്ചു എന്നു നിനക്കൂഹിക്കാമോ?'' അവൻ പറഞ്ഞു.

താല്പര്യമില്ലാത്തവനേപ്പോലെ പ്രത്യക്ഷപ്പെടുവാൻ ഞാനൊരു ശ്രമം നടത്തി.

''എന്തു സംഭവിച്ചു?''

''ഇന്നലെ വൈകുന്നേരം നമ്മുടെ പ്രിയപ്പെട്ട ഹാൻസ് ഹെൽമയെ സിനിമയ്ക്കുകൊണ്ടുപോയി.''

''അങ്ങനെയാണോ? പക്ഷേ അതിൽ കുഴപ്പമൊന്നുമില്ലല്ലോ''

''കൊള്ളാം, കൊള്ളാം. ഇപ്പോൾത്തന്നെ നമുക്കത്രയും കിട്ടിക്കഴിഞ്ഞു.''

അവൻ പുഞ്ചിരിച്ചു. ''ഇപ്പോഴാണു ഞാൻ രംഗത്തു പ്രത്യക്ഷപ്പെടുന്നതു്. നമുക്കിനി പടപ്പേൽതല്ലുന്നതു നിറുത്താം. ഫ്രിററ്സ്, നീ ഹെൽമക്കു് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. അവളൊരു സ്വപ്നലോകത്തിലാണു ജീവിക്കുന്നതെന്നു തോന്നുന്നു. അതവ

സാനിക്കണം. അവരം അവനെ കുരുക്കിലാക്കി നമ്മുടെ കെണിയിൽ വീഴിക്കണം. പക്ഷെ എനിക്ക് അതിനൊരു സഹായം വേണം.'' ചുണ്ടു കടിച്ചുകൊണ്ട് അവൻ പറഞ്ഞു.

''എന്തിന്?'' ഞാൻ ചോദിച്ചു.

അവൻ എന്നെ തീക്ഷ്ണമായി നോക്കി. ''പച്ചയ്ക്കു പറഞ്ഞാൽ ഹെൽമയെ ഒന്നു മെരുക്കിയെടുക്കാൻ; ചില കാര്യങ്ങരം ആ പെണ്ണിനെ 'പഠിപ്പിക്കാൻ' ഇന്നു രാവിലെ ഞാൻ തന്നെ ഒന്നു പരിശ്രമിച്ചുനോക്കി. എന്നാൽ അവരം രോഷാകുലയായി. ഞാൻ ആ നിമിഷത്തിൽ നിറുത്തിയില്ലെങ്കിൽ അപ്പച്ചൻെറയടുത്തുപോയി പറയുമെന്നു എന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഞാൻ എന്തു ചെയ്യും; അവളുടെ സഹോദരനായതുകൊണ്ട് അതിൽ കൂടുതൽ ഒന്നും ചെയ്യുവാൻ എനിക്കു സാധിക്കുകയില്ല. അതാണു സ്ഥിതി. അവരം നിന്നോട്ട് അങ്ങനെ പെരുമാറുകയില്ലെന്നു ഉറപ്പുതരാം. പെൺകുട്ടികരം സാധാരണ അവരുടെ സഹോദരന്മാരോടു മാത്രമേ ഇങ്ങനെ പെയ്യാറുള്ളു. നിൻെറ കാര്യത്തിൽ ഇങ്ങനെയൊരു കുററാരോപണത്തിൻെറ പ്രശ്നമേയില്ല.''

''ഇല്ല.'' നിശ്ചയത്തോടെ ഞാൻ തലകുലുക്കി. ''ഹാൻസിനെ വശീകരിച്ചു നിൻെറ കുരുക്കിലാക്കുവാൻ ഹെൽമയെ ഞാനുപദേശിക്കുവാനോ? നിൻെറ സഹോദരിയെ നശിപ്പിക്കുവാനാണ് നീയാഗ്രഹിക്കുന്നത്. ബർണർ! നീ ചീഞ്ഞുനാറുന്നവനാണ്''

പുച്ഛരസം കലന്ന ഒരു മന്ദഹാസം അവൻെറ മുഖത്തു നിഴലിച്ചു.

''അത്ര കാര്യമാക്കാതെ മനുഷ്യാ. ഇവിടെ ഒരു പ്രശ്നരംഗം ഞാൻ ഇഷ്ടപ്പെടുന്നില്ല...ശരി. നിന്നെ വിശ്വസിക്കാൻ കൊള്ളുകയില്ലെന്ന് ഈയിടെയായി ഞാൻ മനസ്സിലാക്കിയിരുന്നു...അക്കാര്യം പോകട്ടെ. ഹെൽമയെ റൂട്ട്മെയർ പഠിപ്പിച്ചുകൊള്ളും. നീ അത്ര നിഷ്കരുണം ചെയ്യുമായിരുന്നില്ല, ശരിയാണ്. അല്പമൊന്നു നിറുത്തിയിട്ട് അവൻ തുടന്നു. ''ഒരു കാര്യം. ഇതെപ്പററി ഒരുവാക്കു മിണ്ടിപ്പോകരുത്. മനസ്സിലായോ? ഒരക്ഷരം മിണ്ടിപ്പോയാൽ എനിക്കും ചിലതു പറയാനുണ്ടാകും...ഞാൻ മുന്നറിയിപ്പു തരുന്നു''

ഞാൻ എന്തുപറയാനാണ്? നിലത്തുനോക്കി ഞാൻ കോപത്തോടെ മുഷ്ടിചുരുട്ടി. ബർണർ പുഞ്ചിരിച്ചുകൊണ്ട് തൊപ്പിയെടുത്തു.

''വരൂ, പടിവരെ എൻെറ കൂടെ വരൂ. നാം തമ്മിൽ അല്പംപോലും അഭിപ്രായവ്യത്യാസം ഉണ്ടെന്നു് നിൻെറ മാതാപിതാക്കന്മാർ അറിയരുത്.''

ഞാൻ അവനോടൊന്നിച്ച് പുറത്തേക്കുപോയി. സ്വാഭാവിക മായ മര്യാദയോടും സ്നേഹഭാവത്തോടും കൂടിത്തന്നെ എൻെറ മാതാ പിതാക്കന്മാരോടു അവൻ യാത്ര പറഞ്ഞു സ്വീകരണമുറിയിൽ വച്ച് എനിക്കു കൈ നീട്ടിക്കൊണ്ടു പറഞ്ഞു. ''പിന്നെക്കാണാം...''

ഞാൻ പല്ലുകടിച്ചുകൊണ്ട് ഒരക്ഷരംപോലും പറയാതെ തിരി ഞ്ഞു നടന്നു. എന്നാൽ അവൻ എൻെറ കൈയ്യ് കടന്നു പിടിച്ചുകൊ ണ്ടു പറഞ്ഞു ''ഇല്ല, ഇല്ല. ഈ കാര്യം അത്ര എളുപ്പമായിരിക്കുക യില്ല നീ ഈ രഹസ്യം സൂക്ഷിക്കുമെന്ന് എനിക്കു ബോധ്യപ്പെ ടണം. മോളിൻെറ കാര്യം പുറത്തായാൽ നിൻെറ മാതാപിതാക്ക ളോട് നിന്നെപ്പററി ചില കാര്യങ്ങാം ഞാൻ പറയും. എനിക്ക തിനു തെളിവുണ്ട്......''

എനിക്കെന്തു ചെയ്യുവാൻ സാധിക്കും? ഞാൻ കോപംകൊണ്ടു ചുവന്നു ജ്വലിച്ചു. ''ഞാനൊരക്ഷരം പറയുകയില്ല '' ഞാൻ വാക്കു കൊടുത്തു. ''പക്ഷേ നീയും ഞാനുമായുള്ള ബന്ധം എന്നന്നേക്കു മായി അവസാനിച്ചിരിക്കുന്നു.''

''അതുകൊള്ളാം'' പരിഹാസ്സപുരസ്സരം അവൻ കൂട്ടിച്ചേർത്തു. ''മിസ്റ്റർ എഗ്ഗർ, പിന്നീടു കാണാം''

അവൻ നടന്നകന്നു, ഞാൻ നിരാശനായി സ്വീകരണമുറിയി ലേക്കു തിരിച്ചുപോന്നു. അവിടെ ഓട്ടോയും അവൻെറ ഒരു കൂട്ടുകാ രനുമുണ്ടായിരുന്നു, ഞാൻ അകത്തു പ്രവേശിച്ചപ്പോാം എന്നെക്ക ണ്ടു് അവർ ഇളിഭ്യരായി.

''നിങ്ങാം ഇവിടെ എന്തെടുക്കുകയാണ്?''ആശങ്കയോടെ ഞാൻ ചോദിച്ചു.

''അതൊരു രഹസ്യമാണ്'' പെട്ടെന്നു ഓട്ടോ പറഞ്ഞു. താത്പര്യമായി ഒന്നു പുഞ്ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു. ''നിങ്ങ ളുടെ രഹസ്യങ്ങളെല്ലാം ബാലിശങ്ങളാണ്''

ഞാൻ ആ ഹാാം കടന്ന് ഞങ്ങളുടെ മുറിയിലേക്കുപോയി. കിടക്കയിൽ കയറിക്കിടന്നു. ഇനി എന്തുചെയ്യണം? ഹാൻസിനെ ഇരുളിൽ ഉപേക്ഷിക്കണമോ? അതോ അവനോടെല്ലാം പറയണ മോ? അങ്ങനെ പറഞ്ഞാൽ അവൻ അതു നന്നായി പരിഗണിക്കും; വേണ്ടതുചെയ്യും. പക്ഷേ ബർണർ വന്ന് എൻെറ മാതാപിതാ ക്കന്മാരോടു പറയും... ഓ. അതു പാടില്ല. അവർ ഒരിക്കലും അതറി യരുത്...ഒരിക്കലുമരുത്. ബർണർ എത്രമാത്രം പൈശാചിക ദീർ ഘദൃഷ്ടിയോടെയാണ് എല്ലാം ആസൂത്രണം ചെയ്തതെന്ന് ഇപ്പോാം മാത്രമാണ് എനിക്കു മനസ്സിലായതു്. അവൻെറ കൈവശം വേണ്ട തെളിവുകളുണ്ട്. എൻെറ എഴുത്തുകളും ചെറിയ കുറിപ്പുകളും. എനിക്ക് അവനെതിരായി യാതൊരു തെളിവുമില്ല. അവനെതി രായി എന്തെങ്കിലും പറയാൻ മുതിന്നാൽ അവനതു എളുപ്പം നി ഷേധിക്കാം. ഞാൻ കുഴപ്പത്തിലാവുകയും ചെയ്യും.

അടുത്ത രാത്രി എൻെറ ജീവിതത്തിലെ ഏററവും വിഷമം പിടിച്ച ഒന്നായിരുന്നു. കിടക്കയിൽ കിടന്നു് അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും ഞാൻ പിടഞ്ഞു. അറിയാതെതന്നെ എൻെറ കണ്ണുകഠം ഹാൻസിൻെറ നേർക്കു തിരിഞ്ഞു. അവൻ ഒരഗാധഗത്തത്തിലേക്കു നീങ്ങുകയായിരുന്നു, അതേപ്പററി സംശയംപോലുമില്ലാതെ. എനിയ്ക്കതു കാണാൻ കഴിഞ്ഞു. പക്ഷെ സഹായിക്കുവാൻ കഴിയുമായിരുന്നില്ല. ഉദ്വേഗത്തോടെ ഒരു കൂട്ടം പ്ലാനുകളും ആശയങ്ങളും എൻെറ മനസ്സിൽ വീണ്ടും വീണ്ടും പൊന്തിവന്നു. ഞാൻ ഒരേ ശ്വാസത്തിൽ കരയുകയും പ്രാത്ഥിക്കുകയും ബർണ്ണറെ ശപിക്കുകയും ചെയ്തു. പാതിരാത്രി കഴിഞ്ഞപ്പോഴാണു് അല്പം ഉറക്കം കിട്ടിയതു്.

അടുത്ത ദിവസം രാവിലെ ഭയങ്കരമായ തലവേദനയോടെ ഞാൻ കിടക്കയിൽ തന്നെ കിടന്നു. ഉച്ചയായപ്പോഠം എഴുന്നേററു് ഹാൻസിനോടുകൂടി കായികാഭ്യാസ ക്ലാസ്സിനു പോയി. അത്ഭുതമെന്നു പറയട്ടെ, അവൻ വീണ്ടും പഴയ ഹാൻസുതന്നെ. വളരെനാളായി കണ്ടിട്ടില്ലാത്തതുപോലെ അന്നവൻ സംസാരപ്രിയനും സന്തോഷവാനുമായിരുന്നു.

അവൻെറ കണ്ണുകളിൽ വീണ്ടും തിളങ്ങുന്ന സുന്ദരമായ പ്രകാശവും സരളതയുമുണ്ടായിരുന്നു......എങ്കിലും ആന്തരികമായ ഒരു സംഘട്ടനം പ്രശാന്തവും പ്രസന്നവുമായ അവൻെറ മുഖത്തു നിഴലിച്ചു. കഴിഞ്ഞ ആഴ്ചകളിലെ മനശ്ചാഞ്ചല്യമോ സന്നിഗ്ദ്ധതയോ ആയിരുന്നില്ല, മറിച്ചു് നിയന്ത്രിതവും പരിപക്വവുമായ ഒരുതരം തീരുമാനമായിരുന്നു അതു്.

ഇൻസ്റ്റിട്യൂട്ടിലേക്കുള്ള വഴിയുടെ പകുതി ആയപ്പോഠം അവൻ തിരിഞ്ഞു എൻെറ നേരെ നോക്കി. ''ഫ്രിററ്സ്, ഇന്നലെ നീയും ബർണ്ണറുമായുണ്ടായ എല്ലാ കാര്യങ്ങളും ഞാനറിഞ്ഞു.''

എൻെറ മുഖം വിളറി. ഞാൻ നില്ക്കുന്നസ്ഥലം ചുററുന്നതായി എനിക്കുതോന്നി. എൻെറ പ്രതികരണം കണ്ടു് ഹാൻസ് എന്നെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

'ഫ്രിററ്സ്, നീ വിഷമിക്കേണ്ട. നിനക്കെന്തെല്ലാം തരണം ചെയ്യേണ്ടിയിരുന്നുവെന്നു് എനിക്കൂഹിക്കുവാൻ കഴിയും. എന്നാൽ അതെല്ലാം ഇപ്പോഠം കഴിഞ്ഞു. വരൂ, നമുക്കു് ബർണ്ണറുമായി രമ്യപ്പെടാം. ഒരു വിധത്തിൽ, ഇതെല്ലാം സംഭവിച്ചതിൽ ഞാൻ സന്തോഷവാനാണു്.''

ഞങ്ങഠം തുടന്നു നടന്നു. ഞാനപ്പോഴും അസ്വസ്ഥനായിരുന്നു. ''പക്ഷെ ഹാൻസു്! നിനക്കെന്താണറിയാവുന്നതു്?''

ഹാൻസ് പോക്കററിൽനിന്നും ഒരു കഷണം കടലാസ്സെടുത്തു. ഞങ്ങഠം ഇന്നലെ മുറിക്കകത്തു കടന്നുവന്നപ്പോഠം ഓട്ടോയും അവൻെറ കൂട്ടുകാരനുംകൂടി ഞങ്ങളെ കളിപ്പിക്കുവാൻവേണ്ടി കട്ടിലിനടിയിൽ

ഒളിച്ചിരിക്കുകയായിരുന്നുവത്രെ. എന്നാൽ ബർണർ പറയുന്നതു കേട്ടപ്പോൾ അവർ സംഭ്രാന്തരായി. കട്ടിലിനടിയിൽത്തന്നെ അനങ്ങാതിരുന്നു. അവർ എല്ലാം കേട്ടു ...അതു് അവരിൽ എന്തൊരു പ്രതികരണം ഉളവാക്കിയിരിക്കണം! അതിനുശേഷം ഓട്ടോ എല്ലാം എഴുതിവച്ചു. അതായിരുന്നു ആ കടലാസ്സുകഷണം.

ഞാൻ അമ്പരന്നുപോയി. ഒരു വാക്കുപോലും ശബ്ദിക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഹാൻസ് എൻെറ കൈയ്യു് പിടിച്ചു പറഞ്ഞു: "ഫ്രിററ്സ്, ആ ദുഷ്ടനെ ഉപേക്ഷിച്ചതിൽ നീ ബുദ്ധിപൂർവ്വം പ്രവർത്തിച്ചു. നീ മൗനം ദീക്ഷിക്കേണ്ടിയിരുന്നുവെന്നു് എനിക്കു നല്ലവണ്ണം മനസ്സിലായി. നോക്കൂ, എനിക്കും എന്നെപ്പററിത്തന്നെ ലജ്ജിക്കുവാൻ കാരണങ്ങളുണ്ടു്. നിനക്കറിയാവുന്നതുപോലെ, ഞാൻ ഹെൽമയെ സിനിമയ്ക്കുകൊണ്ടുപോയി എന്നുള്ളതു സത്യമാണു്. അതിൽ തെറെറാന്നുമില്ലെങ്കിലും ഈ കടലാസുകഷണം എൻെറ കണ്ണുകൾ തുറന്നു. ഞാൻ അപകടം നിറഞ്ഞ പാതയിലൂടെ അന്ധമായി സഞ്ചരിക്കുകയായിരുന്നുവെന്നു് എനിക്കിപ്പോൾ മനസ്സിലായി......ഇതിനെപ്പററി ഒരു വാക്കുപോലും ഓട്ടോയോ നമ്മളോ പുറത്തുപറയുകയില്ല."

"അപ്പോൾ ബർണറുടെ കാര്യമോ?" ഞാൻ ആശങ്കയോടുകൂടി ചോദിച്ചു. കാരണം, അവൻ എന്നെപ്പററി പറയുമെന്നു് എനിക്കു ഭയമായിരുന്നു.

ഹാൻസ് നെററിചുളിച്ചു് തിടുക്കത്തിൽ ഉത്തരംപറഞ്ഞു. "അവൻ വാ തുറക്കുകയില്ല. അതുറപ്പിച്ചോളൂ. ഞാൻ അക്കാര്യം നോക്കിക്കൊള്ളാം."

കായികാഭ്യാസം കഴിഞ്ഞപ്പോൾ ഹാൻസ് ബർണറെ കാത്തു അവിടെ നിന്നു.

"നമസ്കാരം ഹാൻസ്" ആ ദ്രോഹി അഭിവാദ്യം ചെയ്തു. അവൻ എന്നെ മുഴുവനായി അവഗണിച്ചു. "എൻെറകൂടെ വരൂ" എന്നുപറഞ്ഞുകൊണ്ടു് ഹാൻസ് പെട്ടെന്നു് ഗോവണിപ്പടിയുടെ നേരെ തിരിഞ്ഞു. ഞങ്ങളവനെ അനുഗമിച്ചു. ബർണർ ചോദ്യരൂപേണ എൻെറ നേരെ നോക്കി. ഞാൻ അക്ഷോഭ്യനായിരുന്നു. ഞങ്ങൾ ഒരു ക്ലാസ്സുമുറിയിൽ കയറി. ഹാൻസ് വാതിലടച്ചു. അതിനുശേഷം ബർണറുടെ നേരെതിരിഞ്ഞു.

"ഇന്നലെ നീ ഫ്രിററ്സുമായി സൂത്രത്തിൽ ആലോചിക്കാൻ ശ്രമിച്ച എല്ലാററിൻേറയും വിശദാംശങ്ങൾ എനിക്കറിയാം"

ബർണർ ഷോക്കേററപോലെയായി. അവൻ എൻെറ നേരെ ദേഷ്യപ്പെട്ടൊന്നുനോക്കി. പക്ഷെ പെട്ടെന്നു സ്വയം നിയന്ത്രിച്ചുകൊണ്ടു് സുസ്മേരവദനനായി പറഞ്ഞു. "അങ്ങനെയാണോ? ആരോ

നിന്നെ കളിപ്പിക്കയല്ലെന്നു നിനക്കു തീർച്ചയാണോ? നിനക്കെന്താണറിയാവുന്നതെന്നു കേൾക്കാൻ എനിക്കു താല്പര്യമുണ്ട്."

"മിണ്ടരുത്", ഹാൻസ് പെട്ടെന്നു പറഞ്ഞു. അവൻ വളരെ പണിപ്പെട്ട് സ്വയം നിയന്ത്രിക്കുന്നതായി എനിക്കു കാണാൻ കഴിഞ്ഞു. എന്നിട്ടു തുടർന്നു: "ആദ്യമായി എനിക്കു നിന്നെ അറിയിക്കുവാനുള്ളത്, ഫ്രിററ്സ് എന്നോട് യാതൊന്നും ഇതേപ്പററി പറഞ്ഞിട്ടില്ല എന്നതാണ്. തികച്ചും യാദൃച്ഛികമായിട്ടാണു നീ പറഞ്ഞത് കേൾക്കാനിടയായത്. ഭാഗ്യത്തിന് അതിനു രണ്ടു സാക്ഷികളുണ്ട്. അവരുടെ തെളിവിൻെറ ഒരു പകർപ്പ് ഇവിടെ ഉണ്ട്. വായിച്ച് നീ തന്നെ തീരുമാനിക്കുക."

ബർണർ ക്ഷണത്തിൽ ഹാൻസിൻെറ കൈയിൽനിന്ന് ആ കടലാസ്സുവാങ്ങി ധൃതിയിൽ വായിച്ചു. വായിച്ചയുടനെ ക്രോധം കൊണ്ടു് മുഖം വിവർണ്ണമായി. അവൻ ദേഷ്യപ്പെട്ടു ഒരു പ്രാക്കു പ്രാകി.

"അതിഥികളുടെ മേൽ ചാരവൃത്തി നടത്താൻ പററിയ ഒന്നാന്തരം ഒരു വീടാണ് നിൻേറതു്."

"അപ്പോൾ ഇതു നിങ്ങളുടെ സംഭാഷണവുമായി യോജിക്കുന്നുണ്ട് ഇല്ലേ? എന്നാൽ ശ്രദ്ധിച്ചുകേട്ടോളൂ. ഒന്നാമതു്, നീ എൻെറ പിടിയിലാണ്. എനിക്കിവിടെ നിനക്കെതിരായ തെളിവുമുണ്ട്. ഫ്രിററ്സിനെപ്പററി നിനക്കറിയാവുന്നതു് എന്തെങ്കിലും പുറത്തു പറയാൻ മുതിർന്നാൽ, അതേ നാണയത്തിൽ ഈ കടലാസ്സുകൊണ്ട് ഞാനതിനു മറുപടിനല്കും. രണ്ടാമതായി, ഒരു കാര്യം വ്യക്തമായി മനസ്സിലാക്കുക. നീയോ റൂട്ട്മേയറോ നിൻെറ ഗ്രൂപ്പിലുള്ള ആരെങ്കിലുമോ ഹെൽമയുമായി ഏതെങ്കിലും വിധത്തിൽ ഇടപെട്ടാൽ, ഞാൻ നേരെ നിൻെറ അപ്പച്ചൻെറ അടുത്തുപോയി ഈ കടലാസ്സു അദ്ദേഹത്തെ കാണിക്കും. എന്നോടുകൂടി ആ രണ്ടു സാക്ഷികളും വരികയും ചെയ്യും. മൂന്നാമതായി, എനിക്കെതിരായുള്ള നിൻെറ ആലോചനകളെപ്പററി ഞാനൊന്നും പുറത്തുപറയുകയില്ല. എന്നാൽ ദൈവഗത്യാ, നിന്നെപ്പററി എന്താണ് ചിന്തിക്കേണ്ടതെന്ന് എനിക്കിപ്പോളറിയാം. നീ ചീഞ്ഞുനാറുന്ന ഒരു പുഴുവാണ്"

"എന്ത്?" ബർണർ അലറി.

അപ്പോൾ ഹാൻസ് തൻെറ എതിരാളിയുടെ നേരെ തലയുയർത്തി നിന്നു. അവൻെറ കണ്ണുകൾ തീ തുപ്പുന്നതുപോലെ തോന്നി. അവൻെറ ശരീരമാകെ ക്ഷോഭംകൊണ്ടു വിജൃംഭിച്ചു. എനിക്കു പേടി തോന്നി. ബർണറും ഭയപ്പെട്ടു പിന്നോട്ടുമാറി.

"നിറുത്തു" ഇടിവെട്ടുംപോലെ ഹാൻസ് അട്ടഹസിച്ചു. "ഞാനാണ് ഇപ്പോൾ സംസാരിക്കുന്നത്. നിൻെറ സഹോദരിയായ ഹെൽമയെ നിന്നിൽനിന്നു രക്ഷിക്കുവാൻ ഞാൻ നിർബന്ധി

തനായിരിക്കുകയാണു് എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു് നിനക്കറിയാമോ?''

ബർണർ അസ്വസ്ഥതയോടെ അതു കേട്ടുകൊണ്ടു നിന്നു. നിലത്തു നിന്നു കണ്ണുകളുയർത്താൻപോലും തുനിയാതെ അവൻ പിറുപിറുത്തു:

''രക്ഷിക്കുക...ഓഹോ! നീ എന്താണുദ്ദേശിക്കുന്നതെന്നെനിക്കറിയാം......''

പെട്ടെന്നു, ഹാൻസിന്റെ ശക്തമായ മുഷ്ടി അവന്റെ മുഖത്താഞ്ഞു പതിച്ചു. അവൻ കറങ്ങി വീണു. തലചെന്നു മേശമേലിടിച്ചു; നേരേ നില്ക്കാൻ ശ്രമിച്ചിട്ടു് സാധിച്ചില്ല; വേച്ചു വേച്ചു താഴെ വീണു.

ഒരു നിമിഷം ഹാൻസ് നിലത്തു കിടക്കുന്ന ബർണറെ ഉഗ്രമായി നോക്കി. പെട്ടെന്നു് സ്വപ്നത്തിൽ നിന്നുണർന്നപോലെ എന്റെ നേരേ തിരിഞ്ഞു.

''ഫ്രിററ്സ്, നമുക്കു പോകാം.''

ബർണറിന്റെ നേരേ ഒന്നു തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ ഹാൻസ് വാതില്ക്കലേക്കു നടന്നു. ബർണർ അപ്പോഴും തറയിൽ തന്നെ കിടക്കുകയായിരുന്നു. അവന്റെ വസ്ത്രം മുഴുവൻ പൊടി പുരണ്ടിരുന്നു. കണ്ണുകൾ നിറഞ്ഞിരുന്നു. തലയിൽ നിന്നും മുഖത്തുനിന്നും ചോര വടിച്ചുകളഞ്ഞുകൊണ്ടവൻ അലറി:

''എടാ പന്നി!''

ഞാൻ വാതിൽ കൊട്ടിയടച്ചു. പുറത്തിറങ്ങിയപ്പോൾ ഹാൻസിന്റെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. വികാരക്ഷോഭത്താൽ അവന്റെ ശരീരമാകെ ഇളകി. ഒരക്ഷരം മിണ്ടാതെ, വേഗമവൻ ഗോവണിയിറങ്ങി. താഴെ വാതില്ക്കലെത്തിയപ്പോൾ പെട്ടെന്നു നിന്നു. എന്റെ കൈയ്ക്കു മുറുകെ പിടിച്ചു.

''ഓ, ഫ്രിററ്സ്, ഇപ്പോഴത്തെ എന്റെ ഹൃദയവികാരങ്ങൾ നിനക്കറിയാൻ സാധിച്ചിരുന്നെങ്കിൽ.....വാസ്തവത്തിൽ ഞാൻ നാശഗർത്തത്തിന്റെ വക്കിലായിരുന്നു. ദൈവം എന്നോടുക്ഷമിക്കട്ടെ''. ഭിത്തിയിലേക്കു ചാരി നിന്നുകൊണ്ടു് അവൻ പൊട്ടിക്കരഞ്ഞു. അതധികം നീണ്ടുനിന്നില്ല. ഞാനവനെ ആശ്വസിപ്പിക്കാനും ശാന്തനാക്കാനും ശ്രമിച്ചു. കുറച്ചു കഴിഞ്ഞു് ഞങ്ങൾ റോഡിലേക്കു നടന്നു.

വീട്ടിലേക്കുള്ള വഴിക്കു ഞങ്ങളൊരു വാക്കുപോലും സംസാരിച്ചില്ല. പക്ഷെ ഇപ്പോഴെനിക്കൊരു കാര്യം മനസ്സിലായി: എത്രവലിയ അപകടത്തിലേക്കാണു് താൻ ഓടി അടുത്തിരുന്നതെന്നു് ഹാൻസിനു് ആ ദിവസം വരെ അറിവില്ലായിരുന്നുവെന്നു്.

ഞങ്ങൾ മുറിയിൽ തനിച്ചായപ്പോൾ ഹാൻസ് പറഞ്ഞു:

''ഈ ദിവസം ഞാനൊരിക്കലും മറക്കില്ല ഫ്രിററ്സ്''

സ്നേഹപൂർവ്വം ഞാനവൻെറ കൈപിടിച്ചു. ഇപ്പോഴവൻ അപകടത്തിൽ നിന്നും രക്ഷപെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കികൊണ്ടു് ഞാൻ പറഞ്ഞു:

''ദൈവത്തിനു് കൃതജ്ഞത പറയൂ, ഹാൻസ്''

''അതേ തീർച്ചയായും. അവിടുത്തോടുള്ള കൃതജ്ഞതകൊണ്ടു് എൻെറ ഹൃദയം നിറഞ്ഞിരിക്കുകയാണു്.''

അവൻെറ കണ്ണുകൾ ഒരു പുത്തൻ ചൈതന്യംകൊണ്ടു് തിളങ്ങി.

അടുത്ത മൂന്നു ദിവസത്തേക്കു് ബർണർ ക്ലാസ്സിൽ വന്നില്ല. വീണ്ടും ക്ലാസ്സിൽ വന്നപ്പോൾ, നെററിയിലുള്ള മുറിവു് മററുള്ളവർ കാണാത്ത വിധത്തിലാണു് മുടി ചീകിയിരുന്നതു്.

ഹാൻസും ഞാനും പിന്നീടവനെ ശ്രദ്ധിക്കാനേ പോയില്ല. എൻെറ നേരേ അവൻ പ്രതികാരത്തിനു മുതിരുമോയെന്നു് ഉള്ളിലെനിക്കു ഭയമുണ്ടായിരുന്നു. എന്നാൽ ആഴ്ചകൾ കടന്നുപോയിട്ടും അവൻ ആ കാര്യങ്ങളെപ്പററി മിണ്ടുകപോലും ചെയ്തില്ല.

എനിക്കു് പൂർണ്ണധൈര്യമായി. ദൈവത്തിനു് ഞാൻ ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകാശിപ്പിച്ചു. കാരണം, ഇപ്രാവശ്യം ഞാനും ഒരു വലിയ ഗർത്തത്തിൽ നിന്നും രക്ഷിക്കപ്പെട്ടു.

ആ സംഭവം കഴിഞ്ഞു് പൊതു സ്ഥലങ്ങളിൽ വെച്ചു മാത്രമേ ഹാൻസ് ഹെൽഗയെ കണ്ടിരുന്നുള്ളു. ക്ലാസ്സിനുശേഷം പലപ്പോഴും അവൻ വീടുവരെ അവളെ അനുഗമിച്ചിരുന്നു. ഇതു ബർണറിനൊരു താക്കീതായി ഉപകരിച്ചു. യഥാർത്ഥത്തിൽ അവളപ്പോഴും ഹാൻസിൽ അനുരക്തയായിരുന്നു. ഹാൻസിൻെറ പെട്ടെന്നുണ്ടായ ഈ തണുത്ത പെരുമാററത്തെ പലപ്പോഴും അവൾ കുററപ്പെടുത്തി. അവളുടെ ഈ കുററപ്പെടുത്തലിനെ ഹാൻസ് കളിയാക്കി ചിരിക്കയും അവർ എപ്പോഴും നല്ല കൂട്ടുകാരായിരിക്കുമെന്നു അവൾക്കു് ഉറപ്പു് നല്കുകയും ചെയ്തു. അതുമതിയായിരുന്നു അവളെ തൃപ്തയാക്കാൻ.

എൻെറ അനുജൻ ഓട്ടോ ആ ദിവസം കാര്യങ്ങൾ മനസ്സിലാക്കിയപ്പോൾ, കൂടുതൽ പക്വതയും ഗൗരവവുമുള്ളവനായിത്തീർന്നു. സംഭാഷണമദ്ധ്യേ അവനൊരിക്കലും അക്കാര്യം സൂചിപ്പിച്ചില്ല. തനിക്കെന്തെങ്കിലും അറിയാമെന്നുള്ളതിനു് യാതൊരു സൂചനയും അവനെനിക്കു പോലും നല്കിയില്ല.

അങ്ങനെ, ജൂണിലെ അവസാനത്തെ ആഴ്ചകൾ, കൊടുങ്കാററിനു ശേഷം വരുന്ന പ്രകാശമാനമായ ദിവസം പോലെ കടന്നുപോയി. എനിക്കും ഹാൻസിനുമിടക്കു മതിലുപോലെയാതൊന്നുമില്ലായിരുന്നു. ഞങ്ങൾ രണ്ടു സഹോദരന്മാരെപ്പോലെ വർത്തിച്ചു. അതേ സമയം ഏററവും നല്ല സ്നേഹിതരേപ്പോലെയും. കഴിഞ്ഞുപോയ ആഴ്ചകളിലെ സംഭവങ്ങൾ എൻെറ മനസ്സിലുണ്ടായിരുന്ന സംശയങ്ങളും മുൻവിധികളും നിശ്ശേഷം നീക്കിക്കളഞ്ഞു. സ്വപരിശ്രമത്താൽ മാത്രം നിർമ്മലനും ആദർശവാനുമാകുവാൻ സാധിക്കുകയില്ലെന്ന് എനിക്കിപ്പോൾ നന്നായി ബോദ്ധ്യപ്പെട്ടു. ഹാൻസിനും ഒററയ്ക്കു അതു സാദ്ധ്യമായിരുന്നില്ല. ദുഷ്പ്രവണതകളെ ജയിച്ച്, ആദർശങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള ഏകമാർഗ്ഗം സ്വമേധയാ, സന്തോഷത്തോടുകൂടി ദൈവനിയമങ്ങൾക്ക് വിധേയനാവുകയെന്നതാണെന്നു എനിക്കു മനസ്സിലായി. ഞാൻ വീണ്ടും പ്രാർത്ഥിക്കാൻ ആരംഭിച്ചു.

പക്ഷേ അവസാന തീരുമാനമെടുക്കേണ്ട ഘട്ടം വന്നപ്പോൾ ഞാൻ വല്ലാതെ ചഞ്ചലചിത്തനായി. കാരണം, അതിൻെറ അർത്ഥം ഒരു നല്ല കുമ്പസാരം വഴി എൻെറ പഴയ ജീവിതത്തിൻെറ കണക്കു് തീർക്കുകയെന്നതായിരുന്നു. അതെന്നെ ഭയപ്പെടുത്തി. ഇതു് ടേമിൻെറ അവസാന ഘട്ടമാണു്; അതുകൊണ്ടു് വളരെ ജോലിത്തിരക്കുണ്ടു്, എന്നും മററുമുള്ള ഒഴിവുകഴിവുകൾ കൊണ്ടു് എൻെറ മനസ്സാക്ഷിയെ നിശബ്ദമാക്കുവാൻ ഞാൻ ശ്രമിച്ചു. അങ്ങനെ അവസാനതീരുമാനം ഞാൻ മാററിവെച്ചുകൊണ്ടിരുന്നു.

## അദ്ധ്യായം ഏഴ്

# വിജയവും ബലിയും

ഒരു പഴയ എഞ്ചിൻ അതിൻെറ അന്തിമലക്ഷ്യത്തിലേക്ക് ഞരങ്ങി നീങ്ങുന്നതുപോലെ, ആ വർഷം അതിൻെറ അന്ത്യത്തിലേക്ക് സാവധാനം അടുക്കുകയായിരുന്നു. ഞങ്ങൾ പരീക്ഷകളിൽ വിജയികളായി. അതിനു ശേഷം ക്ലാസ്സുകളിലെല്ലാം അസ്വസ്ഥതയുടെ ഒരാഴ്ചയാണുണ്ടായത്. നിയന്ത്രണമില്ലാത്ത ക്ഷമയില്ലായ്മ, അശ്രദ്ധ, സ്വപ്നങ്ങൾ..... പക്ഷെ അവധിക്കാലത്തിൻെറ ഉന്മാദപൂർണ്ണമായ ബഹളത്തിന് വഴികൊടുത്തുകൊണ്ട്, ഒരു ദിവസം എല്ലാം അപ്രത്യക്ഷമായി.

അടുത്തപ്രഭാതത്തിൽ, ഞാനും ഹാൻസും ഓട്ടോയും ഫൊരാബ്ളേർഗ് എക്സ്പ്രസ്സിൽ കയറി. വേനൽക്കാലത്തെ പച്ചവിരിച്ച വയലുകളിൽക്കൂടി അതിവേഗം ഓടി, അകലെയുള്ള കുന്നിൻ പ്രദേശത്തേയ്ക്ക് ഞങ്ങളെ ആ തീവണ്ടി ഒരിക്കൽക്കൂടി കൊണ്ടുപോയി. ഹൈൻറിക്കമ്മാവൻ അവധിക്കാലം ഫ്രംപ്മെസിൽ ചെലവഴിക്കുന്നതിന് വീണ്ടും ഞങ്ങളെ ക്ഷണിച്ചിരുന്നു.

ഞങ്ങളുടെ കഴിഞ്ഞ പ്രാവശ്യത്തെ സന്ദർശനത്തിലേതുപോലെ തന്നെ അമ്മാവൻ ഞങ്ങളെ ഇൻസ്ബ്രൂക്കിൽ കാത്തുനിന്നു.

ഇത്തവണയും ഈസൽ മുതൽ സ്റ്റബൈറോം വരെയുള്ള വഴിമുഴുവൻ ഞങ്ങൾ നടന്നു. എന്നാൽ ഇപ്രാവശ്യത്തെ വഴി മഞ്ഞുകാലരാത്രിയിലെ മരം കോച്ചുന്ന, തണുപ്പിലും ഇരുട്ടിലും പൊതിഞ്ഞ മഞ്ഞുവയലുകളിൽക്കൂടി ആയിരുന്നില്ല. മറിച്ച്, ഇരുവശങ്ങളിലും തലകുനിച്ച് ഞങ്ങൾക്ക് സ്വാഗതമരുളിക്കൊണ്ട് നിന്നിരുന്ന ചോളവയലുകളിൽ കൂടി ആയിരുന്നു. അസ്തമനസൂര്യൻെറ ചെങ്കതിരുകൾ പച്ചയണിഞ്ഞ വനവൃക്ഷങ്ങളെകുളിപ്പിച്ചു. വനത്തിനപ്പുറത്ത് മലകളുടെ ഒരു ശൃംഖല ഉയന്നു. ചിലത് അസ്തമനസൂര്യൻെറ ശോഭയിൽ തിളങ്ങി; മററുള്ളവ അപ്പോഴേയ്ക്കും സന്ധ്യാനിഴലുകളിൽ മറഞ്ഞു കഴിഞ്ഞിരുന്നു.

ആ സന്ധ്യക്കു തന്നെ, വീട്ടിൽ നിന്നും അധികം അകലെയല്ലാതെ, പൈൻ വൃക്ഷങ്ങൾക്കിടയിൽ സ്ഥിതിചെയ്തിരുന്ന കുടിലിനുപുറത്ത്, ഞാനും ഹാൻസും പോയി ഇരുന്നു. ദീർഘമായ യാത്ര കഴിച്ചിരുന്നെങ്കിലും ഞങ്ങൾക്ക് ക്ഷീണം തോന്നിയില്ല. ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ അടുക്കലേക്കു തിരിച്ചുവന്നതും പർവ്വതത്തിലെ ശുദ്ധവായു വീണ്ടും ശ്വസിച്ചതും ഞങ്ങളുടെ ശരീരത്തിൻെറയും മനസ്സിൻെറയും അസ്വാസ്ഥ്യം വിസ്മരിക്കുന്നതിനു സഹായിച്ചു.

കറുത്ത ആകാശത്തിൻെറ പശ്ചാത്തലത്തിൽ ചന്ദ്രൻ ഫ്രോണോബെന്നിനു മുകളിൽ പ്രകാശിച്ചു. വയലുകളും മലകളും ചന്ദ്രൻെറ വെള്ളിവെളിച്ചത്തിൽ മുങ്ങി. ഒരു നിശ്ശബ്ദത ആ താഴ്‌വരയിൽ മുററി നിന്നു. സമാധാനപൂർണ്ണമായ ആ രാത്രിയുടെ സൗന്ദര്യത്തിലും വശ്യതയിലും ഞങ്ങൾ പൂർണ്ണമായി നിമഗ്നരായി. അകലെ ഒരരുവിയുടെ അവ്യക്തമായ മർമ്മരശബ്ദം മാത്രമേ കേൾക്കാനുണ്ടായിരുന്നുള്ളു. ഈ അവസരത്തിലാണ് ഹാൻസ്, ലജ്ജകലന്ന സന്തോഷത്തോടെ, തൻെറ വലിയ രഹസ്യം എന്നെ അറിയിച്ചത്. പ്രപഞ്ചത്തെ ധ്യാനിച്ചുകൊണ്ടിരുന്ന അവൻെറ കണ്ണുകൾ പെട്ടെന്ന് എൻെറ നേരേ തിരിഞ്ഞു. ആത്മവശത്തിൻെറ ജ്വാലയും വിജയത്തിൻെറ പ്രകാശവും അവയിൽ തിളങ്ങി. അവൻ സംസാരിച്ചപ്പോൾ അല്പം അസ്വസ്ഥനായിരുന്നു. "ഫ്രിററ്സ്," അവൻ പറഞ്ഞു, "പല ആഴ്ചകളായി ഞാൻ ധ്യാനിക്കുകയും എന്നിൽ തന്നെ സമരംചെയ്യുകയുമായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ എൻെറ മാർഗ്ഗം വ്യക്തമായി കാണുന്നു. ഞാൻ ഒരു വൈദികനാകാൻ പോവുകയാണ്."

ഞാൻ ആശ്ചര്യപ്പെട്ടുപോയി. "നീ ഒരു വൈദികനോ?" പെട്ടെന്നു ഞാൻ അത്ഭുതസ്തബ്ധനായി പറഞ്ഞു. ദൈവത്തിൻെറ മഹത്വത്തിൻെറ ഇരിപ്പിടമായ വിശുദ്ധസ്ഥലത്ത് അനാവശ്യമായി കടന്നു ചെല്ലുന്ന ഒരുവൻെറ പ്രതീതി എനിക്കുണ്ടായി.

"ഹെൽമയുടെ കാര്യമോ?" ഞാൻ ചോദിച്ചു.

"നാളെ ഞാനവൾക്കു് എഴുതും. അവൾ ഈ ത്യാഗം ചെയ്യേണ്ടിവരും. അതു പ്രയാസമുള്ള കാര്യമായിരിക്കാം. എന്നാൽ സാവധാനം അവൾ എന്നെ മറന്നുകൊള്ളും."

അവൻെറ ഓരോവാക്കിലും, വലിയ ത്യാഗം വെളിപ്പെടുത്തുന്ന നിയന്ത്രിതമായ വികാരം ഉണ്ടായിരുന്നു. തൻെറ ദൈവവിളി അവൻ സ്വതന്ത്രമായി തെരഞ്ഞെടുക്കുകയാണെന്നു് എനിക്കു മനസ്സിലായി. അവൻ ലോകത്തെ ഉപേക്ഷിച്ചതു് ഭീരുത്വം കൊണ്ടായിരുന്നില്ല. എന്തെന്നാൽ, തങ്ങളെത്തന്നെ കീഴടക്കേണ്ടതെങ്ങനെയെന്നറിയാവുന്നവരുടെകൂട്ടത്തിലായിരുന്നു അവൻ. യൗവ്വനത്തിൻെറ ആരംഭത്തിൽത്തന്നെ തൻെറ നാഥനെ ശുശ്രൂഷിക്കുന്നതിനും അവിടുത്തേയ്ക്കു വേണ്ടി തൻെറ ജീവൻ സമർപ്പിക്കുന്നതിനും വേണ്ടി ഉത്സാഹത്തോടും സന്തോഷത്തോടും കൂടി അവൻ പോവുകയായിരുന്നു. തനിക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കാൻ പോകുന്നതുകൊണ്ടു് അവൻെറ ഔദാര്യമുള്ള സ്വഭാവം സ്വാഭാവികമായി ആനന്ദിച്ചു.

ലജ്ജകൊണ്ടു് ഞാൻ എൻെറ കണ്ണുകൾ താഴ്ത്തി. ഞാനായിരുന്നു ഭീരുവും അടിമയുമെന്നു് ഒരിക്കൽകൂടി എനിക്കുതോന്നി.

പിറേറന്നു കാലത്തു് ബാഗും പുറത്തുതൂക്കി ഞാൻ മലകളിലേക്കു് ഒരു വിനോദയാത്ര പുറപ്പെട്ടു. എനിക്കു് എന്നെത്തന്നെ നേരിട്ടു് അഭിമുഖീകരിക്കേണ്ടിയിരുന്നു. എന്നേയ്ക്കുമായി ഒരു തീരുമാനമെടുക്കുകയും വേണ്ടിയിരുന്നു വനത്തിൽക്കൂടിയും പുൽമേടുകളിൽ കൂടിയും വളഞ്ഞു തിരിഞ്ഞു കടന്നുപോയിരുന്ന വഴികളിൽ കയറി ലക്ഷ്യമില്ലാതെ ഞാൻ നടന്നു. ഓരോ വശത്തും എന്നെ വലയം ചെയ്തിരുന്ന മഹത്വത്തിൻേറയും സൗന്ദര്യത്തിൻേറയുമായ ആ ലോകത്തേപ്പററി ഞാൻ ബോധവാനായിരുന്നേയില്ല. ഉച്ചയോടുകൂടി അവസാനത്തെ പുൽത്തകിടിയും കടന്നു് ഒരു വലിയ പർവ്വതത്തിൻെറ ഉച്ചിയിൽ, പാറക്കെട്ടുകളുള്ള സ്ഥലത്തു ഞാൻ എത്തി. അവിടെ മുകളിൽ ഒരു കുരിശു സ്ഥാപിച്ചിരുന്നു. ആളുകൾ അതിനെ കാററുകളുടെ കുരിശു് (Cross of the winds) എന്നാണു വിളിച്ചിരുന്നതു്. എനിക്കു മുകളിലായി നീലാകാശവും കൊടുങ്കാററുകളാഞ്ഞടിച്ചിരുന്ന കൊടുമുടികളും ഞാൻ കണ്ടു. അവിടെ കുരിശിൻെറ അടുത്തു നിന്നപ്പോൾ, കഴിഞ്ഞവർഷങ്ങളിലെ അലസത മുഴുവൻ എൻെറ ആത്മാവിൽ നിന്നും താഴെ വീഴുന്നതായി എനിക്കു തോന്നി: ഈയാംപാററതിന്നു ദ്രവിച്ച ഒരുടുപ്പുപോലെ.

വർഷങ്ങളായി "ഉവ്വ്" എന്ന ആ ഒററ വാക്കുച്ചരിക്കുവാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. എന്നാൽ ആ നിമിഷത്തിൽ ഞാൻ തീരുമാനമെടുത്തു. ഏറെറടുക്കുന്നതിനു വിമുഖതകാണിച്ചിരുന്ന കാര്യം പ്രാവർത്തികമാക്കുവാൻ ഞാൻ ഉറച്ചു.

SACRED HEART ...

ഹാൻസിനേപ്പോലെ അന്തസ്സും അഭിമാനവും ധീരതയും ഉള്ളവനാകുവാൻ ഞാനാഗ്രഹിച്ചു. എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്നും ഞാൻ പറഞ്ഞു: "ഉവ്വ്."

എല്ലാ അവയവങ്ങളും ക്ഷീണിച്ച്, എന്നാൽ സന്തോഷത്താൽ തുടിക്കുന്ന ഹൃദയത്തോടെ ഞാൻ വീട്ടിലേക്കു മടങ്ങി. മുറിയിൽ ഹാൻസിനെ ഞാൻ കണ്ടു. അവൻ ഒരെഴുത്തെഴുതുകയായിരുന്നു.

''ഹലോ, നീ ഇന്ന് എവിടെയായിരുന്നു?'' അവൻ അന്വേഷിച്ചു. ഞാൻ സർലസ് ചൂണ്ടിക്കാണിച്ചു. അല്പസമയത്തെ മൗനത്തിനുശേഷം ഞാൻ അവൻെറ മേശയുടെ സമീപത്തേക്കു അടുത്തുനിന്നിട്ട് പതുക്കെപ്പറഞ്ഞു: "ഹാൻസ്, നിനക്ക് എനിക്കു വേണ്ടി കുറച്ചു സമയം ചിലവഴിക്കാൻ കഴിയുമോ?'' എഴുതിക്കൊണ്ടിരുന്ന എഴുത്തു മാററിവച്ചിട്ട് അവൻ എൻെറ കണ്ണിലേക്കു നോക്കി.

"നിനക്ക് എൻെറ കൂടെ സലേഷ്യൻ ആശ്രമം വരെവരാമോ? ഞാൻ കുമ്പസാരിക്കാൻ ആഗ്രഹിക്കുന്നു.''

അപ്രതീക്ഷിതമായ ഈ വാർത്ത അവനെ ഒരു സെക്കൻറു നേരം അത്ഭുതപ്പെടുത്തി. എന്നിട്ട് എൻെറ കൈയ്യു പിടിച്ചുകൊണ്ട് ചോദിച്ചു. ''ഫ്രിററ്സ്, നീ ഗൗരവമായി പറയുകയാണോ?''

ഞാൻ തലയാട്ടി. ഏതോ വലിയ ഒരു ഭാരം മാറിക്കിട്ടിയതു പോലെ അവൻ ദീർഘനിശ്വാസം ചെയ്തു. ''നമുക്കുടനെ പോകാം.'' അവൻ പറഞ്ഞു.

ഉടനെ തന്നെ, ഗ്രാമം കടന്ന് സലേഷ്യൻ ആശ്രമത്തിലേക്കു ഞങ്ങൾ പോയി. ഹാൻസ് നേരേ അവൻെറ കുമ്പസാരക്കാരനു എന്നെ പരിചയപ്പെടുത്തി. ഞാൻ അസ്വസ്ഥനായിരുന്നു. വളരെ വർഷങ്ങളായി കൂദാശകൾ അയോഗ്യമായിട്ടാണ് സ്വീകരിച്ചിരുന്നതെന്ന് എനിക്ക് അംഗീകരിക്കേണ്ടിയിരുന്നു. എങ്കിൽ മാത്രമേ, ഒരു നല്ല കുമ്പസാരം കഴിക്കുവാൻ സാധിക്കുമായിരുന്നുള്ളു.

ഹാൻസ് മുറിയിൽ നിന്നും പുറത്തുപോയി. ''ഞാൻ പള്ളിയിൽ കാത്തുനിൽക്കാം'' അവൻ പറഞ്ഞു.

കുറച്ചു സമയത്തേക്ക് എനിക്ക് ഒന്നും സംസാരിക്കുവാൻ സാധിച്ചില്ല. തൊണ്ടയിലെന്തോ തറച്ചതുപോലെ. അവസാനം വിക്കിവിക്കിപറഞ്ഞു. ''അച്ചാ, ദയവായി എന്നെ സഹായിക്കണം.'' ഉടനെ തന്നെ അച്ചൻ എൻെറ സ്ഥിതിമനസ്സിലാക്കി. എന്നോടു ചില ചോദ്യങ്ങൾ ചോദിച്ചു എനിക്ക് ''അതേ'' എന്നോ "അല്ല'' എന്നോ മാത്രമേ പറയാനുണ്ടായിരുന്നുള്ളു. എൻെറ കഥ മുഴുവൻ മനസ്സിലാക്കിയപ്പോൾ അദ്ദേഹം എന്നെ ഉപദേശിച്ചു,

പിറേറ ദിവസം ഒരു പൊതു കുമ്പസാരത്തിനു് ഒരുങ്ങണമെന്നു്. അദ്ദേഹം മിക്കവാറും എല്ലാം മനസ്സിലാക്കി. എങ്കിലും, ബോധപൂർവ്വം അതു് ചെയ്യുന്നതു നന്നായിരിക്കും എന്നു പറഞ്ഞു. എൻെറ സന്തോഷവും വളരെ കൂടുതലായിരിക്കും. ആ ആശയം ഇഷ്ടമാണോ എന്നദ്ദേഹം ചോദിച്ചു. ഞാൻ പരിപൂർണ്ണമായി സമ്മതിച്ചു.

ഇതോടുകൂടി ഒന്നാമത്തേതും ഏററവും പ്രധാനപ്പെട്ടതുമായ ചുവടു് എടുത്തു കഴിഞ്ഞിരുന്നു ഇനി തിരിച്ചു പോവുക സാദ്ധ്യമായിരുന്നില്ല. വാസ്തവത്തിൽ ആരാണങ്ങനെ ചിന്തിക്കപോലും ചെയ്യുക? വലിയ സന്തോഷത്തോടെ ഹാൻസുമൊത്തു ഞാൻ വീട്ടിലേക്കു മടങ്ങി. "നീ ഓട്ടോയോടു് ഒരു വാക്കുപോലും പറയരുതു്." ഞാൻ ഹാൻസിനോടു പറഞ്ഞു. "ഞാൻ അവനെ ആശ്ചര്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണു". നാളെ കഴിഞ്ഞു്—ഞായറാഴ്ച—ഞാൻ നിങ്ങളെല്ലാവരോടും കൂടി കർബാനക്കും കുർബാന സ്വീകരണത്തിനും പോകും. അപ്പോഠം അവനു മനസ്സിലാകും, എന്താണു സംഭവിച്ചതെന്നു്."

ഹാൻസിനു് പ്ലാൻ ഇഷ്ടപ്പെട്ടു. "ഫ്രിററ്സ്, എനിക്കും ഒരു ആശയമുണ്ടു്." അവൻ കൂട്ടിച്ചേർത്തു. "ഞാൻ ഒരു വൈദികനാകാൻ ആഗ്രഹിക്കുന്നു എന്ന വിവരം നാളെകഴിഞ്ഞു എൻെറ മാതാപിതാക്കളെ അറിയിക്കാൻ പോകുകയാണു്. ആ ദിവസമാണു് നീ കുമ്പസാരിക്കുന്നതും. നമുക്കു രണ്ടുപേർക്കും അതു് മറക്കാനാവാത്ത ഒരു ദിവസമായിരിക്കും. അതുകൊണ്ടു് നാളെ ഞാൻ സ്റ്റോക്കുനിലും വില്ലറിലും പോയി *എഡൽവൈസിൻെറ കുല കൊണ്ടുവരാം. ഏററം വലുതും മനോഹരവുമായ പൂക്കഠം അവിടെയാണു് വളരുന്നതു്. നമുക്കു രണ്ടുപേർക്കും ഈ പൂക്കഠം പുതിയ ജീവിതത്തിൻെറ അടയാളമായിരിക്കും."

അടുത്ത ദിവസം എന്നെ സ്വതന്ത്രനായി വിടുവാൻ അവൻ ആഗ്രഹിക്കുന്നുണ്ടെന്നു് ഉടനെ എനിക്കു മനസ്സിലായി. ഞാൻ സമ്മതിച്ചു. അന്നു വൈകുന്നേരംതന്നെ യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം—തുണികഠം, ബൂട്ട്സ്, ബാഗ്, ബാക്കിയെല്ലാം—അവൻ പൂർത്തിയാക്കി. സാധാരണയിൽ നേരത്തെതന്നെ അന്നവൻ കിടക്കാൻ പോയി. എൻെറ കുമ്പസാരത്തെപ്പററി പിന്നെ ഒരു വാക്കും പറഞ്ഞതുമില്ല.

പിറെറദിവസം രാവിലെ ഏഴന്നേററപ്പോഠം ഹാൻസ് ഒരുങ്ങി നില്ക്കുന്നതായിട്ടാണു് ഞാൻ കണ്ടതു്. അവൻ ബാഗിൻെറ ചരടു വലിച്ചുകെട്ടുകയായിരുന്നു. അതിനുശേഷം അവൻ എൻെറ കട്ടിലിൻെറ അരികിൽവന്നു. ഞങ്ങഠം കൈകൊടുത്തു. "ഫ്രിററ്സ്,

---

* ഉയൻന്ന പവ്വതശിഖരങ്ങളിൽ വളരുന്ന അതിമനോഹരവും അമൂല്യവുമായ ഒരു പൂവു്. അതു് പരിശുദ്ധിയെ സൂചിപ്പിക്കുന്നു.

പിന്നീടുകാണാം. ഞാൻ ആദ്യത്തെ ബസ്സിനു 'നോയെസ്റ്റിഫി (Neustiff)നു പോകുകയാണ്. അവിടെച്ചെന്നു് ഞാൻ കർബ്ബാന കാണും.'' എന്നിട്ടവൻ പതുക്കെക്കൂട്ടിച്ചേർത്തു. ''നിനക്കുവേണ്ടി''. ഞാൻ സ്നേഹപൂർവ്വം അവനു് കൈകൊടുത്തു.

ആ ദിവസത്തെ എൻെറ പെരുമാററം ഓട്ടോയെ അത്ഭുതപ്പെടുത്തി. കളികളിലൊന്നും ഏർപ്പെടാതെ സ്വന്തം ചിന്തയിൽ മുഴുകി തോട്ടത്തിൽ ദീർഘനേരം ഞാൻ ഇരിക്കുന്നതു് അവൻ കണ്ടു. ഒടുവിൽ അവൻ ചോദിച്ചു: ''ഫ്രിററ്സ്, എന്താണു കുഴപ്പം?നിനക്കെന്താ ഭ്രാന്തുപിടിച്ചോ? അങ്ങനെ വല്ലതുമുണ്ടെങ്കിൽ തക്കസമയത്തന്നെ അറിയിക്കണേ'' എന്നു പറഞ്ഞു്, വയലിലേക്കു് അതിവേഗം ഓടിപ്പോയി.

സന്ധ്യയായപ്പോൾ ഞാൻ പള്ളിയിൽപ്പോയി സക്രാരിയുടെ മുമ്പിൽ മുട്ടുകുത്തി, എല്ലാപാപങ്ങൾക്കും മാപ്പപേക്ഷിച്ചു. അവയുടെ വൃത്തിഹീനതയും അർത്ഥമില്ലായ്മയും ഞാൻ മനസ്സിലാക്കി. പഴയജീവിതത്തിൻെറ ഓർമ്മ എന്നിൽ വലുതായ ലജ്ജയുളവാക്കി. എന്നാൽ അതോടുകൂടി ഒരു പുതിയ മനുഷ്യനാകുവാൻ, ദൈവാനുഗ്രഹംകൊണ്ടു്, നിഷ്ക്കളങ്കനും അന്തസുള്ളവനും ആയിത്തീരുവാൻ ഞാൻ ആഗ്രഹിച്ചു.

ഞാൻ വൈദികൻെറ അടുത്തുപോയി എൻെറ ഹൃദയം അദ്ദേഹത്തിനു് വെളിപ്പെടുത്തി. ഞാൻ ധൂർത്തപുത്രനായിരുന്നു. വളരെക്കൊല്ലങ്ങളായി ഞാൻ അന്ധകാരത്തിൽ തപ്പിത്തടയുകയുമായിരുന്നു, പിതൃഭവനത്തിൻെറ പ്രകാശം എന്നെ പാപാന്ധകാരത്തിൽനിന്നും സ്വതന്ത്രനാക്കിയിരിക്കുന്നു.

''നിൻെറ പാപങ്ങൾ ഞാൻ മോചിക്കുന്നു.'' കരുണയോടും ധാരണയോടും കൂടി വൈദികൻ പാപമോചനവാക്കുകൾ ഉച്ചരിച്ചു. പ്രസാദവരവും ഒരു പുതിയ ജീവനും എൻെറ ആത്മാവിൽ കടന്നുവന്നു. അവസാനം ഞാൻ സ്വതന്ത്രനും ശുദ്ധീകരിക്കപ്പെട്ടവനും സന്തോഷവാനും ആയിത്തീർന്നു. എത്രനാൾ ദൈവാനുഗ്രഹത്തോടുമത്സരിച്ചു്, എൻെറ നില ദൈവത്തിനെതിരായി ഞാനെടുത്തതാണു്! ഇതാണു് സ്വാതന്ത്ര്യത്തിൻെറ മണിക്കൂർ! അവിടെ മുട്ടുകുത്തി, എൻെറ മുഖം കൈപ്പത്തിയിൽ ഒതുക്കി, ദേവാലയത്തിൻെറ നിശബ്ദതയിൽ ഞാൻ കരഞ്ഞു. എൻെറ ഹൃദയം ആനന്ദാധിക്യത്താലും സന്തോഷംകൊണ്ടു. പൊട്ടിപ്പോകുന്നതുപോലെ തോന്നി.

മുമ്പു് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്തവിധം ആനന്ദതുന്ദിലനായിരുന്ന ഞാൻ പാടശേഖരങ്ങളിലൂടെ വീട്ടിലേക്കു് നടന്നു. മനോഹരമായ സൂര്യപ്രകാശത്തിൽക്കുളിച്ച പ്രകൃതി എന്നെനോക്കി പുഞ്ചിരിക്കുന്നതായി എനിക്കു് തോന്നി. കാററത്തുലയുന്ന പൂക്കൾ എന്നോടു് ഇങ്ങനെ കുശലം പറയുന്നതായും എനിക്കനുഭവപ്പെട്ടു: ''നിനക്കിതു് മുമ്പേതന്നെ ആകാമായിരുന്നു.''

ഞാൻ വീടിനോട്ട് സമീപിച്ചപ്പോഠം ഒരു വൈദികൻ വഴിയിലൂടെ വരുന്നതു് ഞാൻ കണ്ടു. എനിക്കു് അല്പം മുമ്പിലായി അദ്ദേഹം തോട്ടത്തിൽ പ്രവേശിച്ചു്, നേരെ വീട്ടിലേക്കു നടന്നു. ഞാൻ അദ്ദേഹത്തെ അനുഗമിച്ചു. പ്രവേശനകവാടത്തിനടുത്തു് റൂഡിയും ഓട്ടോയും അവരുടെ അമ്പും വില്ലും ഉപയോഗിച്ചു് കളിച്ചുകൊണ്ടിരുന്നു.

''അച്ചാ, സ്തുതി'' കൈകൊട്ടിക്കൊണ്ടു് റൂഡി വൈദികനെ സ്വാഗതം ചെയ്തു.

''നിന്റെ അപ്പച്ചൻ വീട്ടിലുണ്ടോ?'' അദ്ദേഹം ചോദിച്ചു.

''ഇല്ലല്ലോ അച്ചാ, അപ്പച്ചൻ അറപ്പുമില്ലിലാണു്'' തെക്കോട്ടു് വിരൽ ചൂണ്ടിക്കൊണ്ടു് റൂഡി പറഞ്ഞു.

''പോയി അദ്ദേഹത്തെ വിളിക്കൂ. എനിക്കു് അദ്ദേഹവുമായി അല്പം സംസാരിക്കാനുണ്ടു്. അപ്പോഴേക്കും ഞാൻ എന്റെ നമസ്കാരം ചൊല്ലാം.''

''അച്ചൻ ദയവായി അകത്തുവരണം.'' ആദരവോടെ അദ്ദേഹത്തിനു് കതകു് തുറന്നുകൊടുത്തുകൊണ്ടു് റൂഡി പറഞ്ഞു. എന്നിട്ടു് അടുക്കളഭാഗത്തേക്കു് നോക്കി അവൻ ഉച്ചത്തിൽ വിളിച്ചു. ''അമ്മേ, നോയെസ്റ്റിഫിലെ വികാരിയച്ചൻ വന്നിരിക്കുന്നു.'' പിന്നീടു്, കുട്ടികഠം രണ്ടുപേരും കൂടി അറപ്പുമില്ലിലേക്കു് ഓടിപ്പോയി.

വിശേഷമറിഞ്ഞ എന്റെ അമ്മായി പുറത്തുവന്നു അച്ചനെ വളരെ ഹാർദ്ദമായി അഭിവാദ്യംചെയ്തു. അച്ചനോടു് അകത്തുവരുവാൻ അവർ അഭ്യർത്ഥിച്ചു. എന്നെ അച്ചനു് പരിചയപ്പെടുത്തിയിട്ടു് ചായ തയ്യാറാക്കുവാനായി അവർ അകത്തേക്കു് പോയി. വൈദികൻ മുറിയിലങ്ങോട്ടുമിങ്ങോട്ടും മനശ്ചാഞ്ചല്യത്തോടെ ഉലാത്തുവാൻ തുടങ്ങി.

''നീ ഹാൻസിന്റെ കസിനാണു് അല്ലേ? ഇന്നു് രാവിലെ നിന്നെപ്പററി അവൻ എന്നോടു സംസാരിച്ചു.''

''അതയോ? അവൻ അങ്ങയുടെ വീട്ടിൽ വന്നായിരുന്നോ?''

''ഉവ്വ്. ഞങ്ങഠം നല്ല സുഹൃത്തുക്കളാണു്. ഞാനവനെ വളരെ ചെറുപ്പം മുതൽ അറിയും. ഇന്നു് രാവിലെ ഞാൻ അവനു് ദിവ്യകാരുണ്യം കൊടുത്തു. പിന്നീടു് ഞങ്ങഠം ഒന്നിച്ചാണു് പ്രഭാതഭക്ഷണം കഴിച്ചതു്.''

''നിങ്ങഠം രണ്ടുപേരും ഉററ സുഹൃത്തുക്കളായിരുന്നു അല്ലേ?''

''അതെ അച്ചാ, ഓരോദിവസവും കൂടുതൽക്കൂടുതൽ നന്നായിട്ടു്. ഇപ്പോഠം മുമ്പത്തേക്കാഠം നന്നായിട്ടു്''. അച്ചൻ ഒരു നിമിഷം എന്നെ നോക്കി. എന്നിട്ടു് അദ്ദേഹത്തിന്റെ കണ്ണുകഠം തറയിൽ ഉറപ്പിച്ചു.

''അതേ, മുമ്പത്തേക്കാൾ നന്നായിട്ട്.....'' ഭൂതകാലസ്മാണകളിൽ തങ്ങിനില്ക്കുന്നതുപോലെ അദ്ദേഹം എന്റെ വാക്കുകൾ സാവധാനം ആവർത്തിച്ചു. 'എന്താണ് അദ്ദേഹത്തിന്റെ മനസ്സിൽ നടക്കുന്നത്?'' ഞാൻ ആത്മഗതം ചെയ്തു.

അപ്പോൾ ഒരു ട്രേയിൽ ചായയും ബിസ്ക്കററുമായി അമ്മായി വീണ്ടും മുറിയിലേക്ക് കടന്നുവന്നു. ''അച്ചാ, ഹാൻസ് അച്ചന്റെ വീട്ടിൽ വന്നായിരുന്നോ?''

''ഉവ്വ്, മിസ്സിസ് മോറം, ദിവ്യകാരുണ്യം സ്വീകരിക്കുവാൻ ഇന്ന് രാവിലെ അവൻ വന്നു. കാപ്പികുടിച്ചിട്ടില്ലാതിരുന്നതിനാൽ എന്റെ കൂടെ കാപ്പികുടിക്കുവാൻ ഞാനവനോടാവശ്യപ്പെട്ടു.''

''അപ്പോൾ അവൻ ദിവ്യകാരുണ്യം സ്വീകരിക്കുവാനാണ് പോയത്.'' എന്റെ അമ്മായി വ്യക്തമായ സംതൃപ്തിയോടെ പറഞ്ഞു. ''കുസൃതി! അവനൊരു വാക്കുപോലും എന്നോടുപറഞ്ഞില്ല പോകുന്നതിനുമുമ്പ് കാപ്പികുടിക്കാഞ്ഞതെന്താണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി.''

''അതെ, അതെ'' വൈദികൻ അല്പം അസ്വസ്ഥനായി പറഞ്ഞു. ''തങ്ങളുടെ അസാന്നിദ്ധ്യത്തിൽ മക്കൾ ചെയ്യുന്നതെന്തെല്ലാമെന്ന് മാതാപിതാക്കൾ അറിഞ്ഞിരുന്നെങ്കിൽ.''

വേഗം അദ്ദേഹം ക്ഷീണിക്കുവാൻ ആരംഭിച്ചു. അദ്ദേഹം വികാരഭരിതനാണെന്ന് എനിക്കു കാണുവാൻ കഴിഞ്ഞു. അല്പസമയത്തിന്ശേഷം എന്റെ അമ്മാവൻവന്നു; സാധാരണയുള്ള പരിചയ ഭാവത്തിൽ വൈദികനെ അഭിവാദ്യം ചെയ്തു. അച്ചാ, സ്വാഗതം! അങ്ങയെ ഇവിടെ കാണുന്നത് വളരെ സന്തോഷം.''

''മോറം, പ്രധാനപ്പെട്ട ഒരു കാര്യം എനിക്ക് നിങ്ങളോട് പറയുവാനുണ്ട്.'' വൈദികൻ പറഞ്ഞു.

എന്റെ അമ്മാവൻ അദ്ദേഹത്തെ ഓഫീസുമുറിയിലേക്കാനയിച്ചു. വളരെ സമയത്തേക്ക് അവർ അവിടെ ആയിരുന്നു. അതിനുശേഷം അമ്മാവൻ പുറത്തുവന്നു. എന്നാൽ, എന്റെ ദൈവമേ, എന്തൊരു കാഴ്ച! അദ്ദേഹത്തിന്റെ മുഖം വിളറിമരവിച്ചുപോയിരുന്നു. പല്ലുകൾ മുറുക്കെ കടിച്ചുപിടിച്ചിരുന്നു. കണ്ണുകൾ ചുവന്ന് വീർത്തുമിരുന്നു. വളരെ ഇടറിയസ്വരത്തിൽ അദ്ദേഹം അമ്മായിയെ വിളിച്ചു. അവർ അകത്തേക്ക് പോയി. വാതിലുകൾ അടച്ചു. ഭയാനകമായ ഒരു സംശയം എന്റെ മനസ്സിൽ ഉടലെടുത്തു. ഓ, ദൈവമേ, എന്തായിരിക്കും സംഭവിച്ചത്? ഒരുപക്ഷെ ഹാൻസ്... അത് പേടിപ്പിക്കുന്ന ഒരു വിചാരമായിരുന്നു. അത് സഹിക്കാനാവാതെ ഓഫീസിനടുത്തേക്ക് ഞാൻ പാഞ്ഞുചെന്ന് കതകിൽ മുട്ടി. അതു തുറന്നു. ''അമ്മാവാ'' വിറയ്ക്കുന്ന സ്വരത്തിൽ ഞാൻ ചോദിച്ചു. ''ഹാൻസിന് എന്തുപററി?''

അദ്ദേഹം തന്റെ കണ്ണുകൾ എന്നിൽ ഉറപ്പിച്ചു. അദ്ദേഹത്തിന്റെ ചുണ്ടുകൾ വേദനാജനകമായി വിറച്ചു. എന്റെ തോളിൽ കൈവച്ചുകൊണ്ടു് അദ്ദേഹം ഹൃദയവേദനയോടെ പറഞ്ഞു ''മലമുകളിൽവച്ചു് ഹാൻസിനു് ഒരപകടം പററി.'' അതോടെ അനിയന്ത്രിതമായ ഒരു വിലാപം ശക്തനായ ആ മനുഷ്യന്റെ ചുണ്ടുകളിൽനിന്നും പുറപ്പെട്ടു.

''അവൻ മരിച്ചോ?'' ഞാൻ നിലവിളിച്ചു.

''ഉവ്വ്'' അദ്ദേഹംതലകുലുക്കി. എന്റെ ഹൃദയം മിക്കവാറും സ്തംഭിച്ചുപോയി. ഒരു വാക്കുപോലും ഉച്ചരിക്കാനാവാതെ യാന്ത്രികമായി മുറിയിലേക്കു് ഞാൻ നടന്നു. ഞാൻ കിടക്കയിലേക്കു് മറിഞ്ഞു് പൊട്ടിക്കരഞ്ഞു.

അങ്ങനെ എത്രസമയം കിടന്നുവെന്നു് എനിക്കറിവില്ല. എണീററപ്പോൾ വളരെ വൈകിയിരുന്നു. ഒരു ചെറിയ സ്യൂട്ട് കേസിൽ ഹാൻസിന്റെ സാധനങ്ങൾ അവിടെ ഉണ്ടായിരുന്നു. മേശപ്പുറത്തു് അവന്റെ പുസ്തകങ്ങളും തലേദിവസം എഴുതുവാൻ തുടങ്ങിയ കത്തും കിടന്നിരുന്നു.

''പ്രിയ ഹെൽമാ,

ഞാനെഴുതുന്നതിൽ നീ അത്ഭുതപ്പെട്ടേക്കും. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം എനിക്കു് നിന്നോട്ട് പറയുവാനുണ്ടു്. അതു കഴിയുന്നതും വേഗംതന്നെ ചെയ്യാൻ ആഗ്രഹിക്കുന്നു. എനിക്കതു് വലിയകാര്യമാണെങ്കിലും അതു നിന്നെ വളരെ വേദനിപ്പിക്കുമെന്നു് എനിക്കറിയാം...''

ഇത്രയും ഹാൻസിന്റെ വാക്കുകളാണു്. വിറയ്ക്കുന്ന കൈകളോടെ പേനയെടുത്തു ഞാൻ കൂട്ടിച്ചേർത്തു.

''പ്രിയ ഹെൽമാ,

വളരെ സങ്കടകരമായ ഒരു വാർത്തയാണു് നിനക്കു ഞാൻ എഴുതുന്നതു്. ഹാൻസിനു് പർവ്വതത്തിൽവച്ചു് ഒരപകടം പററി. ഏററം വേദനാജനകമായതുതന്നെ സംഭവിച്ചു. അവൻ മരിച്ചുപോയി. അവൻ ഈ എഴുത്തിൽ നിന്നോട്ട് പറയാൻ ആഗ്രഹിച്ചതെന്താണെന്നു് പിന്നീടു ഞാൻ പറയാം. എനിക്കും സങ്കടമുണ്ടു്. ഹെൽമാ, ഇതു് ഞങ്ങൾക്കും എത്രവലിയ ആഘാതമാണെന്നു് നിനക്കു് ഊഹിക്കാമല്ലോ?'

എന്നു്,

ഫ്രിററ്സ് എഗ്ഗർ.

ഇത്രയും എഴുതിക്കഴിഞ്ഞു്, ഞാൻ തല കുമ്പിട്ടിരുന്നു് ഹാൻസിനു് എന്തു സംഭവിച്ചിരിക്കുമെന്നു് ചിന്തിക്കാൻ ശ്രമിച്ചു. സാഹസികതകൊണ്ടോ ലാഘവബുദ്ധികൊണ്ടോ ആയിരിക്കയില്ല

ഹാൻസ് മരിച്ചതു്. വിവേകവും സൂക്ഷ്മതയുമുള്ളവനായ ഒരു പർവ്വതാരോഹണക്കാരനായിരുന്നു ഹാൻസ്. തീർത്തും അപ്രതീക്ഷിതമായ അപകടമായിരിക്കണം അവനു നേരിട്ടതു്. എങ്കിലും ഈ അപകടത്തിനുപിന്നിൽ ദൈവപരിപാലനയുടെ കൈ എനിക്കു കാണാൻ കഴിഞ്ഞു. ഒരു പുരോഹിതനാകാൻ വേണ്ടി ഹാൻസ് സർവ്വതും ഉപേക്ഷിക്കാൻ തീരുമാനിച്ചിരുന്നു. ശ്രേഷ്ഠമായ ആഗ്രഹങ്ങൾ ഏററം മഹത്തരവും സുന്ദരവുമായ ത്യാഗംകൊണ്ടു് മുദ്രിതമാക്കാൻ അവനു സാധിച്ചു—അവൻെറ പരിശുദ്ധമായ യുവജീവൻ കൊണ്ടു്.

ഏഴുമണിക്കു് അല്പംമുമ്പു്, നോയെസ്റ്റിഫ്ൽ നിന്നുള്ള ഒരു വാൻ ഞങ്ങളുടെ പടിക്കൽ വന്നുനിന്നു. അച്ചൻ അതിൽനിന്നും പുറത്തിറങ്ങി. അറക്കമില്ലിലെ പെറുപ്പക്കാരായ രണ്ടു ജോലിക്കാരുടെ സഹായത്താൽ, തുണിയിൽ പൊതിഞ്ഞ ശരീരം അദ്ദേഹമെടുത്തു. പൂന്തോട്ടത്തിലൂടെ കടന്നു് വീട്ടിൽ പ്രവേശിച്ചു.

ബഹുമാനത്തോടും അല്പം ചഞ്ചലിപ്പോടും കൂടി ശവശരീരം വെച്ചിരുന്ന മുറിയിൽ ഞങ്ങൾ കടന്നു. മേശപ്പുറത്തു രണ്ടുതിരികൾ കത്തിക്കൊണ്ടിരുന്നു. പകുതി മടക്കിയ തുണികൊണ്ടു് പൊതിയപ്പെട്ട ഹാൻസിൻെറ ശരീരം മുറിയുടെ മദ്ധ്യത്തിൽ കിടത്തിയിരുന്നു വിളറിമരവിച്ചതായിരുന്നു ആ ശരീരം. എഡൽവൈയ്സിൻെറ പുതിയ, ഭംഗിയുള്ള ഒരു കുല അവൻെറ കൈയിൽ പിടിച്ചിരുന്നു. മററു കുടുംബാംഗങ്ങളുടെ പിന്നിലായി ഞാനും ഓട്ടോയും നിന്നു. മാതാപിതാക്കൾ തങ്ങളുടെ മകൻെറ അരികിലായി മുട്ടുകുത്തി. റൂഡിയും മററു കുട്ടികളും അവരോടുചേൎന്നു.

ഓട്ടോ പെട്ടെന്നു് എൻെറ തോളിൽ തലവെച്ചു് വിങ്ങിക്കരയാൻ തുടങ്ങി. എനിക്കെൻെറ കണ്ണീർ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അവൻെറ തലയിൽ മൃദുലമായി തലോടിക്കൊണ്ടു് ഞാൻ പറഞ്ഞു ''ധൈര്യമായിരിക്കു, ഓട്ടോ''

അവൻ കരച്ചിൽ നിറുത്തിയില്ല. ''സെഡാലിററിയിൽ ഇനി ഞാനൊററക്കേയുള്ളു.'' ആശയററപോലെ അവൻ പറഞ്ഞു.

അവൻെറ കൈപിടിച്ചു് ഞാൻ അവൻെറ ചെവിയിൽ മന്ത്രിച്ചു. ''ഇല്ല ഓട്ടോ, ഇനി ഞാൻ ഹാൻസിൻെറ സ്ഥാനമെടുക്കും. നമുക്കൊരുമിച്ചു ജോലിചെയ്യാം.'' ഞാൻ പറഞ്ഞതു് ഗൗരവമായിട്ടാണെന്നു് മനസ്സിലാക്കിക്കൊണ്ടു് കണ്ണീരിനിടയിലൂടെ അവനെന്നെ നോക്കി. എൻെറ കൈയിൽ മുറുക്കിപ്പിടിച്ചുകൊണ്ടു് അംഗീകാരമെന്നപോലെ അവൻ തലകുലുക്കി.

പള്ളിമണികൾ ഉച്ചത്തിൽ മുഴങ്ങി, ഞങ്ങളെ പ്രാൎത്ഥിക്കാനായി ക്ഷണിച്ചുകൊണ്ടു്. അമ്മാവൻ കുട്ടികൾക്കൊരു അടയാളം

കൊടുത്തു. ഞങ്ങളെല്ലാം മുട്ടുകുത്തി. മുറിയിലെ നിശബ്ദതയിൽ, തുറന്ന ജനലിലൂടെ, വെളിയിലെ പക്ഷികളുടെ കളകൂജനം ഞങ്ങൾ കേട്ടു.

എത്ര പ്രശാന്തനായിട്ടാണ് ഹാൻസ് കാണപ്പെട്ടതു്. വിളറിയ നെററിത്തടവും അടഞ്ഞകണ്ണുകളും കൈയിൽ ഒരു ജപമാലയും എഡൽവൈസ്സും...അവനിൽ പരിശുദ്ധിയുടെ പരിവേഷം സ്ഫുടമായി കാണാമായിരുന്നു.

എല്ലാവരും ഹാൻസിൻെറ ശരീരത്തിനുചുററും പ്രാർത്ഥനാനിരതരായി കഴിഞ്ഞുകൂടിയപ്പോൾ, പള്ളിമണിയുടെ പ്രതിധ്വനി ആകാശത്തിൽ മുഴങ്ങിയപ്പോൾ, അസ്തമനസൂര്യൻെറ കിരണങ്ങൾ തുറന്നജന്നാലുകളിലൂടെ കടന്നുവന്നുകൊണ്ടിരുന്നു. മുദ്ദലമായ ആ പ്രകാശധോരണിയിൽ ഹാൻസിൻെറ വെളുത്തുതണുത്ത മുഖം കൂടുതൽ പ്രശോഭിതമായി. ഓട്ടോ എൻെറ കൈയിൽ അമർത്തി ബഹുമാനത്തോടെ ഹാൻസിനെ ചൂണ്ടിക്കാട്ടി. ഒന്നും പറയാതെ അകലെയുള്ള പർവ്വതങ്ങളെ ഞാൻ നോക്കി.

വനങ്ങളാൽ ആവൃതമായ ആ പർവ്വതസാനുക്കൾ സായാഹ്നസൂര്യൻെറ കിരണങ്ങളാൽ പൊതിയപ്പെട്ടിരുന്നു. ആൽപ്സ് പർവ്വതനിരകളുടെ ഉച്ചിയിൽ ഉജ്ജ്വലശോഭയുള്ള ഒരു പ്രകാശബിന്ദു തെളിഞ്ഞുമിന്നി. അതാണ് ആ ഗിരിദീപം.



# സമരവും വിജയവും

248.4
VEI